Δ2У7M73
32F81.1

MURUGAN BINDING
WORKS,
NO. 3, ... MULIER STREET,
ELEPHANT GATE, MADRAS-1.

M73 32F81.1
...SWARAN PILLAI
...athirstha.
Pt.1.

MUL
061852

DOCTRINA·VIM·PROMOVET INSITAM

Madras University Library.

Call Number Δ2y7M73. 32 F81·1.

Accession Number 61852

Available for loan from

This book should be returned on or before
the date last marked below.

-8 APR 1955

O. 61

# സ്വാമി രാമതീർത്ഥൻ.

(സ്വാമികളുടെ ജീവചരിത്രവും പ്രസംഗങ്ങളും അടങ്ങിയതു്.)

MADRAS UNIVERSITY RESEARCH INSTITUTE 24 MAR 1931

ഗ്രന്ഥകർത്താ,

വടയാററുകോട്ട, കേ. പരമേശ്വരൻപിള്ള.

UNIVERSITY LIBRARY MADRAS

പ്രകാശകൻ,

കേ. ജി. പരമേശ്വരൻപിള്ള.

"ശ്രീരാമവിലാസം" പ്രസ്സ്—കൊല്ലം.

[പകർപ്പവകാശം പ്രകാശകനിൽ]

൨-ാം പതിപ്പ്—കാപ്പി ൧൦൦൦.

1103.

61852
Δ2y7M73
32F81·1

# അവതാരിക.

---

സ്വാമി രാമതീർത്ഥൻ എന്ന നാമശ്രവണത്തിൽ, പ്രസ്തുത പുസ്തകം ആ മഹാത്മാവിന്റെ അയനങ്ങളെയോ അപദാനങ്ങളെയോമാത്രം പ്രതിപാദിക്കുന്നതാണെന്നു തോന്നാമെങ്കിലും, പ്രാധാന്യേന വേദാന്തതത്വങ്ങളെ അധികരിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്. ഈക്കാലത്തു വേദാന്തത്തെ സാധാരണ ലൌകികന്മാർ അത്ര സൽകരിക്കുന്നില്ല. അവരുടെ അഭിപ്രായം അതു തിക്തകംകഷായംപോലെ കയ്ക്കുന്ന ഒരു നീരസവിഷയമാണെന്നാകുന്നു. "വേദാന്തം പറഞ്ഞുകൊണ്ടിരുന്നാൽ കാര്യ്യനടപ്പില്ല" എന്നു പലപ്പോഴും പലരും പറയുന്നുണ്ടാവും; അതിന്റെ അർത്ഥം, വേദാന്തമെന്നതു്, നമ്മുടെ ലൌകികജീവിതരീതിക്കു് അല്പവും യോജിക്കാത്ത, ആത്മീയതത്വപ്രസ്താവങ്ങൾ മാത്രം അടങ്ങിയ, മുനിവൃത്തിക്കിണങ്ങിയ, മോക്ഷപ്രസംഗമാകയാൽ സംസാരികൾ അതിനെ സ്വീകരിക്കാൻ പാടില്ലെന്നായിരിക്കാം. ഈ അഭിപ്രായം തെല്ലും ശരിയല്ലെന്നും നിർബാധമായും നിർദ്ദോഷമായും ജീവിതത്തെ നയിക്കാൻ ആഗ്രഹിക്കുന്ന ഏതൊരുത്തനും അനുകരിച്ചേ കഴിയൂ എന്നുള്ള ഒരു ഉത്തമതത്വശാസ്ത്രമാണു വേദാന്തമെന്നും സ്വാമി രാമതീർത്ഥൻ ഈ ഗ്രന്ഥത്തിൽ സയുക്തികം സമർത്ഥിച്ചിട്ടുണ്ടു്.

മനുഷ്യനു പൂർണ്ണമായ ജീവിതസ്വാതന്ത്ര്യം നൽകുന്നതിനു്—അഥവാ, അവന്റെ വ്യാമൂഢങ്ങളായ മനഃസ്ഥിതികളെ നിരാകരിച്ചു പരമാർത്ഥബോധമുദിപ്പിക്കുന്നതിനു—വേണ്ട പാഠങ്ങളാണു വേദാന്തഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്നതു്. മനുഷ്യരുടെ മനസ്സു വികാസശക്തിയുള്ള അവസ്തുവായ ഒരു തത്വമാണെന്നും, വികാരം വിചാരം വിജ്ഞാനം എന്നീ മുപ്പിരിച്ചരടുകൊണ്ടു ലോകത്തോടു മനുഷ്യനെ ബന്ധിക്കുന്ന ചൈതന്യരൂപമായ ഒരു യന്ത്രമാണു മനസ്സെന്നും സംസ്കാരത്താൽ അതിനെ പരമാത്മതത്വം നിഴലിക്കുന്ന ഒരു നിർമ്മലദർപ്പണപാളിയാക്കിച്ചെയ്യാമെന്നും ആ അവസ്ഥയിൽ മനുഷ്യനു് ആത്മാനന്ദാനുഭൂതി നിത്യമായി ഉണ്ടാകുമെന്നും വേദാന്തം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

നാശമില്ലാത്ത സുഖമേതു്? അതിനെ സമ്പാദിക്കുന്ന മാർഗ്ഗമേതു്? ഈ ചോദ്യങ്ങൾക്കു് ഉത്തരംകിട്ടുന്നതിനു പൂർവ്വകാലങ്ങളിൽ ജീവിച്ചിരുന്ന ബുദ്ധിമാന്മാർ നടത്തിയ പര്യ്യവേഷണത്തിന്റെ ഫലമായിട്ടായിരിക്കാം വേദാന്തശാസ്ത്രം ഉദിച്ചതു്, അതായതു് ആയുസ്സും ആരോഗ്യവും ഐശ്വര്യ്യവും സമ്പാദിച്ചു സംസാരസുഖത്താൽ മന

സ്സിനെ ഉല്ലസിപ്പിച്ചു സുഖിക്കണമെന്നു മനുഷ്യർ ആഗ്രഹിച്ചു. എന്നാൽ അപ്രകാരമുള്ള ഉല്ലാസമാകട്ടെ, സുഖമാകട്ടെ, നിലനില്ക്കുന്നതല്ലെന്നും ദേഹത്തിനു ജീർണ്ണത്വവും ആയുസ്സിനു നാശവും ഉണ്ടെന്നും ഉള്ള വസ്തുത അനുഭവത്താൽ അവനു ബോധപ്പെട്ടു. അതുവഴി ശരീരത്തിൽ അനാശിയായ വസ്തു ഏതാണെന്ന് അവൻ ചിന്തിക്കാൻ തുടങ്ങി; ഈ ആത്മാനാത്മചിന്തനം ഒടുവിൽ പ്രപഞ്ചാനിത്യത്വത്തെയും ആത്മനിത്യത്വത്തെയും സ്ഥാപിക്കാൻ പര്യാപ്തമായി ഭവിക്കയും ചെയ്തു. ഈ സ്ഥാപനമാണു വേദാന്തശാസ്ത്രത്തിന്റെ മുഖ്യസിദ്ധാന്തം.

കുട്ടികൾ മിന്നാമിനുങ്ങിനെ തീയാണെന്നു വിചാരിക്കുന്നു. മൃഗങ്ങൾ, മൃഗതൃഷ്ണയിൽ ജലമുണ്ടെന്നു ഭ്രമിക്കുന്നു. ശലഭങ്ങൾ അഗ്നിയെ ആഹാരസാധനമെന്നു വ്യാമോഹിക്കുന്നു. ഇതെല്ലാം പരമാർത്ഥബോധമില്ലായ്മയുടെ ഫലമാണെന്നു സ്പഷ്ടമാണ്. ഇതുപോലെ മനുഷ്യരും അജ്ഞത്വത്താൽ അനിത്യവസ്തുക്കളെ ആശ്രയിച്ചു സുഖത്തിനു പരിശ്രമിക്കുകയാണെന്നു വേദാന്തം പറയുന്നു. എത്രസമ്പത്തുണ്ടായാലും എന്തെല്ലാം സുഖസാമഗ്രികൾ തികഞ്ഞാലും മനുഷ്യനു ദുഃഖമൊഴിഞ്ഞിരിക്കാൻ സാധിക്കുന്നില്ല. അടിക്കടി അവന്റെ ഇഷ്ടത്തിന് ഓരോ ഭംഗങ്ങൾ നേരിട്ടുകൊണ്ടുതന്നെയിരിക്കും. അതുകൊണ്ടു ദുഃഖഭാജനമായ ശരീരത്തെയോ ശരീരസുഖത്തെയോ ഗണിക്കാതെ ആത്മനിർവൃതിക്കുള്ള മാർഗ്ഗങ്ങളെ അന്വേഷിച്ച് അതിൽ പ്രവർത്തിച്ചിരിക്കണമെന്നത്രേ വേദാന്തമതം. ബുദ്ധിമാന്മാരായ വിവേകികൾ, ലോകവ്യവഹാരത്തിൽ ഏർപ്പെട്ടിരുന്നാലും പ്രലോഭനങ്ങളിൽ അകപ്പെടാതെ, അനിത്യസുഖങ്ങളെ ആശ്രയിക്കാതെ, അഭിമാനാദികൾക്ക് അടിമപ്പെടാതെ, നിർദ്ദോഷമായും സ്വതന്ത്രമായും ജീവിതത്തെ നയിക്കണമെന്നും നിത്യസുഖത്തിനുള്ള ഏകമാർഗ്ഗം അതുതന്നെയാണെന്നും വേദാന്തം ശാസിക്കുന്നു.

എന്നാൽ വേദാന്തശാസ്ത്രത്തിന്റെ ഈ അനുശാസനങ്ങളെ, സാധാരണജനങ്ങൾ മാനിച്ചുകാണുന്നില്ല. അവർ സംസാരവലയിൽ കുടുങ്ങിനട്ടുങ്ങി കണ്ണീരും കൈയുമായിട്ടാണു കഴിഞ്ഞുകൂടുന്നത്- അതെന്തുകൊണ്ടാണെന്ന് ഒരു ചോദ്യത്തിന് അവകാശമുണ്ട്. നിശ്ചയമായി വേദാന്തശാസ്ത്രതത്വങ്ങൾ അവർക്കു മനസ്സിലാക്കാൻ സാധിക്കായ്കകൊണ്ടാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. തത്വമസ്യാദി മഹാവാക്യങ്ങളെക്കൊണ്ടും മററും വേദാന്തരഹസ്യങ്ങൾ ഉള്ളടക്കിവച്ചിരിക്കയാണ്. അങ്ങനെ മിക്കവാറും "ശ്ലോകത്തിൽ കഴിച്ചുകൂട്ടി"യിരിക്കുന്ന ഈ മഹാശാസ്ത്രം, ശരിക്കു വ്യാഖ്യാനിച്ചു സാധാരണജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു പ്രയോജനകരമാക്കണമെന്നുള്ള അഭിപ്രായം സ്വാമി രാമതീർത്ഥനുണ്ടായിരുന്നുവെന്നു അദ്ദേഹ-

ത്തിന്റെ പ്രസംഗങ്ങളിൽ ഏതൊന്നുവായിച്ചാലും സ്പഷ്ടമാകും. തക്ക ഉദാഹരണങ്ങളാലും ലളിതമായ പ്രതിപാദനരീതികൊണ്ടും ആ മഹാനുഭാവൻ, വേദാന്തത്തിന്റെ ഏററവും ഉള്ളറയിൽ പൊതിഞ്ഞുസൂക്ഷിച്ചിരുന്ന തത്വരത്നങ്ങളെപ്പോലും അവിടവിടെ വെളിപ്പെടുത്തി അജ്ഞാനാന്ധകാരം അല്പംപോലുംഅടുക്കാതെ തടുത്തിട്ടുണ്ട്. കിംബഹുനാ, വേദാന്തത്തിന് ഇതിലധികം വിസ്തൃതമായോ വിശദമായോ ഇനിയൊരു വ്യാഖ്യാനം ഉണ്ടാകാനില്ല; അത്ര രമണീയവും ലളിതവുമായിട്ടാണു സ്വാമികളുടെ പ്രതിപാദനം.

ഇപ്പുസ്തകം ആകെ നാലുഖണ്ഡങ്ങളായി തിരിച്ചിരിക്കുന്നു. ആദ്യഖണ്ഡത്തിൽ സ്വാമികളുടെ ജീവചരിത്രസംക്ഷേപമാണ് അടങ്ങിയിരിക്കുന്നത്. മഹാന്മാരുടെ ജീവചരിത്രം വായിക്കുന്നത് പ്രയോജനകരമാണെന്നുള്ള വസ്തുത, ഒരിക്കൽ ഈ ജീവചരിത്രസംഗ്രഹം വായിക്കുന്ന ഏതൊരുത്തനും ബോധപ്പെടാതെയിരിക്കയില്ല. രണ്ടും മൂന്നുംഖണ്ഡങ്ങൾ തികച്ചും അദ്ദേഹത്തിന്റെ പ്രസംഗങ്ങളാണ്. പ്രസംഗവിഷയങ്ങൾ മിക്കതും പരിഷ്കാരത്തിന്റെ അഗ്രകോടിയിൽ പരിലസിക്കുന്ന അമേരിക്കയിലും യൂറോപ്പിലുമുള്ള പണ്ഡിതകേസരികളുടെ മദ്ധ്യത്തിൽവച്ച് അവരുടെ അഭിനന്ദനത്തിനു പാത്രമാകത്തക്കവണ്ണം നടത്തിയവയാണെന്നറിയുമ്പോൾ അവയുടെ വൈശിഷ്ട്യം ഏറെക്കുറെ അനുമാനിക്കാമല്ലോ. പ്രസംഗവിഷയങ്ങൾ, ഓങ്കാരം, മായ, സമാധിനിലവിടാതെയുള്ള കുടുംബജീവിതം, ആനന്ദം എവിടെയിരിക്കുന്നു ഇത്യാദി വിശിഷ്ടവിഷയങ്ങളെ അധികരിച്ചുള്ളവയാണ്. നാലാംഖണ്ഡത്തിൽ "യമനെ കബളിപ്പിക്കാനൊരുമ്പെട്ടതു" "എന്റെകാശു" എന്നു തലക്കെട്ടുള്ള രണ്ടുചെറുകഥകളടങ്ങിയിരിക്കുന്നു. ആകപ്പാടെ ഈ ഗ്രന്ഥം ഉൽകൃഷ്ടസാദ്ധ്യത്തിനു പര്യാപ്തമായിട്ടുണ്ടെന്നുള്ളതു നിരാക്ഷേപമാകുന്നു.

ഗ്രന്ഥകാരൻ എന്റെ വത്സലശിഷ്യനാകയാൽ ഗ്രന്ഥത്തിലെ ഗദ്യരീതിയെക്കുറിച്ച് എനിക്കു തോന്നുന്ന അഭിനന്ദനത്തെ പ്രശംസാരൂപേണ പ്രസ്താവിക്കാൻ ഞാനൊരുങ്ങുന്നില്ല. പല ഉൽകൃഷ്ടഗ്രന്ഥങ്ങൾ രചിച്ച്, സാഹിത്യകാരപരിഷത്തിന്റെ യഥാർത്ഥബഹുമാനത്തിനു പാത്രീഭൂതനായ ഈ യുവാവ് മേലും ഏവംവിധങ്ങളായ ഉൽകൃഷ്ടഗ്രന്ഥങ്ങൾ ലോകോപകാരകമാക്കാൻ തന്റെസാഹിത്യശ്രമത്തെ വിനിയോഗിക്കുമാറാകട്ടെ എന്നു ഞാൻ ആശംസിച്ചുകൊള്ളുന്നു.

കൊല്ലം
൧൧൦൯-൫-൫൫൦൫ } കാവുങ്ങൽ നീലകണ്ഠപ്പിള്ള.

MADRAS

ഒന്നാംപതിപ്പിന്റെ

# മുഖവുര.

---

മഹാത്മാവായ സ്വാമി രാമതീൎത്ഥന്റെ പ്രസംഗപരമ്പരകളാണു്, വേദാന്തവിഷയത്തിൽ എനിക്കു തീവ്രമായ അഭിനിവേശം ആദ്യമായി അങ്കുരിപ്പിച്ചതു്. അതുഹേതുവാൽ ഇജ്ജനത്തിന്റെ ജീവിതഭാവി പവിത്രയശോമാത്രശരീരനായ അപ്പുണ്യപുരുഷനു കടപ്പെട്ടിരിക്കുന്നു. ആ കടപ്പാടിനെപ്പാലിച്ചു എന്ന ചാരിതാൎത്ഥ്യകോടിയിലെത്താനുള്ള മാൎഗ്ഗങ്ങൾ രണ്ടാണു്; മഹാനുഭാവനായ സ്വാമികളുടെ പരിശുദ്ധാദൎശങ്ങളെ ജീവിതചൎയ്യയിൽ കലൎത്തുക, കേരളീയോപകാരാൎത്ഥം മലയാളത്തിൽ പകൎത്തുക ഇവയാകുന്നു. വിശ്രമസങ്കേതരഹിതമായ പ്രഥമപഥത്തിൽ സശ്രദ്ധം മനുഗമനം ചെയ്തുവരുന്നു. ദ്വിതീയമാൎഗ്ഗത്തിൽ ഒന്നാമത്തെ വിശ്രമസ്ഥാനത്തിൽ ഇതാ എത്തിക്കഴിഞ്ഞു! കൃച്ഛ്രസാദ്ധ്യമായ പ്രസ്തുതയാത്രയിൽ ഇവിടെവച്ചു് എനിക്കു സിദ്ധിക്കുന്ന സജ്ജനപ്രോത്സാഹനമാണു്, ഈ മാൎഗ്ഗത്തിൽ ഇനി എന്നെ മുമ്പോട്ടു നയിക്കേണ്ടതു്. അതിന്നിടയായാൽ അടുത്ത സങ്കേതത്തിൽവച്ചും ഈദൃശമായ അഭിമുഖസന്ദൎശനത്തിനു നമുക്കു സംഗതിയാകും.

സ്വാമികളുടെ ജീവചരിത്രവും ഇന്നാട്ടിലും, അന്യനാടുകളിലും നടത്തിയിട്ടുള്ള ഗംഭീരപ്രസംഗങ്ങളും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ജീവചരിത്രം സാരസംഗ്രഹം മാത്രം ചെയ്തെഴുതിയിട്ടുള്ളതാണു്. പ്രസംഗങ്ങൾ ശരിതൎജ്ജമയാകുന്നു. സ്വതന്ത്രസ്വാതന്ത്ര്യനും വിശാലമതിയും സന്യാസിവൎയ്യനുമായ സ്വാമികളുടെ ഗംഭീരാശയങ്ങൾക്കു വൈകല്യം സംഭവിക്കരുതെന്നുള്ള ഔചിത്യബുദ്ധിയാണു ശരിതൎജ്ജമയ്ക്കു് എന്നെ അനുശാസിച്ചതു്. തന്നിമിത്തം പല ഭാഗത്തും വാക്യഭംഗി മുതലായ സാഹിത്യമൎയ്യാദകളെ അവഗണിച്ചിട്ടുണ്ടെന്നു വന്നേയ്ക്കാം. ആ കുറവിനെ കാൎയ്യബോധമുള്ള സജ്ജനങ്ങൾ ക്ഷമിക്കാതിരിക്കയില്ല; ഇത്രയുംകൊണ്ടു മൂലത്തിലെ ആശയങ്ങൾ ഈ തൎജ്ജമയിൽ, കണ്ണാടിയിലെന്നപോലെ പ്രതിഫലിക്കുന്നുണ്ടെന്നു ഗ്രന്ഥകാരൻ അഭിമാനിക്കുന്നതായി അൎത്ഥമാക്കേണ്ടാ.

ഉൽകൃഷ്ടപണ്ഡിതനും പ്രൌഢകവിയും അനവധി വിശിഷ്ടഗ്രന്ഥങ്ങൾ രചിച്ചു സാഹിത്യലോകത്തിൽ അഭിലഷണീയമായ

മാന്യസ്ഥാനത്തെ അലങ്കരിച്ചു പോരുന്ന പ്രസിദ്ധഭാഷാഭിമാനിയുമായ എന്റെ വന്ദ്യഗുരുഭൂതൻ ശ്രീമാൻ കാവുങ്ങൽ നീലകണ്ഠപ്പിള്ള അവർകൾ ഈ പുസ്തകത്തിലെ സാഹിത്യസ്ഖലിതങ്ങളെ ചൂണ്ടിത്തന്നും ആശയവൈകല്യങ്ങളെ മൂലഗ്രന്ഥം വച്ച് ഒത്തുനോക്കിപ്പരിഹരിച്ചും ശിഷ്യവാത്സല്യത്തോടെ സഹായിച്ചതിനും പുറമേ, ഗ്രന്ഥത്തിന്റെ അവതാരണഭാരം അനുഗ്രഹബുദ്ധ്യാ സ്വയം നിർവഹിക്കുകയും ചെയ്തതിന് ഇജ്ജനത്തിന്റെ കടപ്പാട് അവർണ്ണനീയമാകുന്നു;

ഈ ചുരുങ്ങിയ മുഖവുരയോടുകൂടി "സ്വാമി രാമതീർത്ഥ"നെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ!

കൊല്ലം
൨൬-൧. ൧൧൦൧.

സഹൃദയവിധേയനായ
ഗ്രന്ഥകർത്താ.

ഓം

# സ്വാമി രാമതീർത്ഥൻ.

---

## പുസ്തകം ഒന്നു്

## സ്വാമികളുടെ സംക്ഷിപ്തചരിത്രം

---

ധർമ്മത്തിന്റെ താഴ്ച്ചയും അധർമ്മത്തിന്നു് ഉയർച്ചയും സംഭവിക്കുമ്പോൾ ലോകം അധോമാർഗ്ഗത്തിലേക്കു വ്യതിചലിക്കുന്നു. താദൃശഘട്ടങ്ങളിലാണു ലോകാനുഗ്രഹനിരതന്മാരായ മഹാത്മാക്കളുടെ അവതാരം ഭവിക്കുന്നതു്. ഭാരതചരിത്രം ഒന്നുമാത്രം സൂക്ഷ്മാവലോകനം ചെയ്യുന്നതായാലും ഇതിന്റെ വാസ്തവം അനായാസേന വെളിപ്പെടുന്നതാണു്; അനാദികാലംമുതൽ ഏതാവൽപര്യന്തം പാവനചരിതന്മാരായ പലേ പുണ്യാത്മാക്കൾ ഭാരതത്തെ അലങ്കരിച്ചു ലോകത്തെ അനുഗ്രഹിച്ചിട്ടുണ്ടു്. അപ്രകാരമുള്ള അപൂർവ്വപുരുഷന്മാരിൽ ഒരാളാണു് സ്വാമി രാമതീർത്ഥൻ.

പഞ്ചാബദേശീയനും ശ്രീരാമഭക്തശിരോമണിയുമായ ശ്രീമൽ തുളസീദാസരെക്കേട്ടിട്ടില്ലാത്ത കേരളീയർ അധികംപേർ ഉണ്ടെന്നു തോന്നുന്നില്ല. സാക്ഷാൽ വാല്മീകിരാമായണത്തെപ്പോലും പലേ ഘട്ടങ്ങളിലും അതിശയിക്കുന്നുണ്ടെന്നു് അഭിജ്ഞന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ള സുപ്രസിദ്ധമായ 'തുളസീദാസരാമായണ'ത്തിന്റെ പ്രണേതാവത്രേ അദ്ദേഹം. ആ മഹാത്മാവിന്റെ ജന്മത്താൽ പരിശുദ്ധീകൃതമായ ബ്രാഹ്മണകുലത്തിൽ ൧൮൭൩-ൽ സ്വാമി രാമതീർത്ഥൻ അവതരിച്ചു. പ്രസ്തുതകുടുംബം ഗുജറൻവാലാജില്ലയിൽ ചേർന്ന മുറോളിവാലാ എന്ന ഗ്രാമത്തിലാകുന്നു. സ്വാമികളുടെ ജനനം ദീപാളിയുടെ അടുത്തദിവസത്തിലായിരുന്നു. ആ ദിവസത്തെ പഞ്ചാബികൾ ഒരു പുണ്യദിനമായി കരുതിപ്പോരുന്നു.

സ്വാമികളുടെ ബാല്യകാലത്തെ നാമം രാമൻ എന്നാണു്. രാമന്റെ ജാതകകർമ്മം നടത്തിയ ജ്യോത്സ്യകുശലന്മാർ, "ഈ ശിശു ഒരുകാലത്തു ലോകോത്തരമായ പ്രസിദ്ധിയും പ്രശസ്തിയുംനേടു"മെന്നു ദീർഘദർശനം ചെയ്തിട്ടുണ്ടു്. രാമൻ ജനിച്ചു ചില ദിവസങ്ങൾ കഴിയുംമുമ്പു് അവന്റെ മാതാവു സ്വർഗ്ഗതിയെ പ്രാപിച്ചു. തന്മൂലം മാതൃലാളനത്തിനെന്നല്ല സ്തന്യപാനത്തിനുപോലും രാമന്നു

തികച്ചും ഭാഗ്യമുണ്ടായില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അഥവാ, നശ്വരമായ ശരീരത്തിൻെറ പോഷണത്തിനു സർവ്വപ്രധാനമായ മാതൃക്ഷീരത്തെ, ഭാവിയിൽ സർവ്വസംഗപരിത്യാഗിയാകാനിരിക്കുന്ന രാമനു, ശിശുപ്രായത്തിൽതന്നെ ഈശ്വരൻ നഷ്ടപ്പെടുത്തിയതായിരിക്കാം. അതേ, രാമൻെറ പരിത്യാഗപരിശീലനത്തിന് ഒരു പ്രാഥമികപരീക്ഷണമായിരുന്നു അതു്. ബാല്യത്തിലേ ഉള്ള പരിശീലനം ഭാവിയിൽ പ്രതീക്ഷാതീതമായ ഫലത്തെ ചെയ്യുന്നതായിരിക്കും. ജ്യേഷ്ഠസഹോദരനായ ഗുരുദാസരുടെ സംരക്ഷണയിലാണു് രാമൻ വളർന്നുവന്നതെന്നറിയുന്നു.

മഹാനുഭാവന്മാരായ പുണ്യപുരുഷന്മാരുടെ ചരിത്രത്തിൽ, അവരുടെ ജനനത്തെയും വളർച്ചയെയും സംബന്ധിച്ച സാമാന്യവിവരങ്ങളും ശാരീരികമായ പ്രവൃത്തികളും അവശ്യം ശ്രദ്ധേയങ്ങളല്ല. ഇത്രാമത്തെ വയസ്സിൽ ഇന്നതുചെയ്തു എന്നിങ്ങനെയുള്ള വിവരണങ്ങളും അനാവശ്യമാണു്. അവരുടെ പാവനമായ ജീവിതോദ്ദേശ്യത്തെയും ആദർശശുദ്ധിയെയും വെളിപ്പെടുത്തുന്ന സംഭവങ്ങളും ജ്ഞാനാമൃതബിന്ദുക്കൾ തുളിക്കുന്ന അപൂർവ്വവചസ്സുകളും അനുകരണീയങ്ങളായ വിചാരപരമ്പരകളുമത്രേ ഗണനീയങ്ങൾ. ഭാരതീയമഹാത്മാക്കളിൽ അനിതരദേശമഹത്സാധാരണങ്ങളായ ചില വൈശിഷ്ട്യങ്ങൾ തെളിഞ്ഞു കാണാമായിരിക്കും. ഭൌതികശരീരസംബന്ധമായ ഔൽകൃഷ്ട്യം ജനസമൂഹത്തിന് അഭിലഷണീയമല്ല. ആത്മധർമ്മാഭ്യാസത്താൽ സമ്പാദിതമായ യശഃശരീരം പിൽക്കാലത്തിലും ജനസമുദായത്തിനു ഫലവിതരണം ചെയ്യുന്നു. എന്താണു ഭാരതീയമഹാത്മാക്കളിൽ കാണപ്പെടുന്ന പ്രത്യേകവൈശിഷ്ട്യം? പാശ്ചാത്യരാജ്യങ്ങളിൽ, നെപ്പോളിയനെപ്പോലുള്ള രണവീരന്മാർക്കു സിദ്ധിക്കുന്ന പ്രഖ്യാതി, ആത്മസംസ്കരണത്തിൽ വിദഗ്ദ്ധനായ ഒരു മഹാനു ലഭിക്കുന്നതല്ല. ഇന്ത്യയിലാണെങ്കിൽ, രണശൂരത്വം ഒരാളിൻെറ ശാശ്വതമായ കീർത്തിക്കു പര്യാപ്തമാകുന്നില്ല. വിക്രമാദിത്യൻ, അശോകൻ തുടങ്ങിയുള്ള ചക്രവർത്തികൾ, കേവലം ആയോധനവിദഗ്ദ്ധന്മാർ മാത്രമായിരുന്നെങ്കിൽ അവരുടെ പേരുകൾ ഇന്നും നിലനിൽക്കുമായിരുന്നില്ല. അവർ ധർമ്മത്തെ അറിഞ്ഞു ധർമ്മത്തെപ്പറഞ്ഞു ധർമ്മത്തെപ്രവർത്തിച്ചുകൊണ്ടാണു ചരിത്രലോകത്തിൽ അവർ ഇന്നും യശശ്ശരീരന്മാരായി ജീവിക്കുന്നതു്. സാമ്രാജ്യലോഭത്താൽ യുദ്ധക്കളത്തിൽ മരിക്കുന്നവനല്ല, ധർമ്മത്തെ പുലർത്താനായി ജീവിതത്തെ ബലികഴിക്കുന്നവനാണു രാജാവു്. രാജാവായാലും സന്യാസിയായാലും ആത്മീയമാർഗ്ഗത്തിൽ അമോഘമായി സഞ്ചരിക്കുന്നവനത്രേ വലിയവൻ. അപ്രകാരമുള്ള മഹാന്മാരുടെ പേരുകളാൽ ഭാരതചരിത്രം പരിപൂർണ്ണമായിരിക്കുന്നു. ജീ

വിക്ക എന്ന വാക്കിൻെറ നിഷ്കൃഷ്ടമായ അൎത്ഥം ധൎമ്മത്തിന്നു വഴിപ്പെടുക എന്നാണ്. ശരീരം മനസ്സുമുതലായ കവചങ്ങളെ പരിപുഷ്ടമാക്കുന്നതല്ല, അവയ്ക്കുള്ളിൽ നിവസിക്കുന്ന മനുഷ്യനെ പുഷ്ടിപ്പെടുത്താനുള്ള ശ്രമമാണു പ്രശസ്തമായ ധൎമ്മം. "ഓരോ മനുഷ്യനും വേറെവേറെയാ"ണെന്നുള്ള ഭേദബുദ്ധിയെ വെളിപ്പെടുത്തുന്ന വ്യക്തിഗതമായ സ്വാതന്ത്ര്യലക്ഷ്യത്തോടുകൂടിയ പാശ്ചാത്യന്മാരുടെ ജീവിതത്തെക്കാൾ ധാൎമ്മികവും പാവനവുമായ ജീവിതം മനുഷ്യസമുദായത്തിന്നാകമാനം ഏകത്വം കല്പിച്ച സമഷ്ടിഗതമായ സ്വാതന്ത്ര്യത്തെ ലക്ഷ്യമാക്കിയുള്ള ഭാരതീയരുടേതാകുന്നു. വിചാരശീലന്മാരായ ഏവൎക്കും അതു സുസ്പഷ്ടമാണല്ലോ. മേൽപറഞ്ഞ രണ്ടുപ്രകാരത്തിലുള്ള ലക്ഷ്യങ്ങളെ അധികരിച്ച പാശ്ചാത്യപൌരസ്ത്യരാജ്യങ്ങളിലെ നാഗരികത്വവും വിഭിന്നമായി ഭവിച്ചു. ഏതൊന്നിലും വ്യക്തിഗതമായ സ്വാതന്ത്ര്യത്തിന്നു ഭംഗം നേരിടരുതെന്നത്രേ പശ്ചാത്യലക്ഷ്യം. അതിന്നു തക്കവണ്ണമുള്ള സമുദായാചാരങ്ങളും ചൎയ്യാമൎയ്യാദകളും ചട്ടവട്ടങ്ങളും അവിടെയുണ്ടായിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യപരിഷ്കാരത്തിൽ, വ്യക്തിസ്വാതന്ത്ര്യത്തെയും സ്ത്രീസ്വാതന്ത്ര്യത്തെയുംപുലൎത്താനായിട്ടാണു സമഷ്ടിസ്വാതന്ത്ര്യത്തെ കൈക്കൊള്ളുന്നത്. മഹത്തായ ആദൎശങ്ങളെക്കുറിച്ചു കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും അവരുടെ സമുദായം അവയ്ക്കു സ്ഥലം അനുവദിക്കുന്നില്ല. സ്വാൎത്ഥതല്പരത ഓരോ പ്രവൃത്തിയിലും നിഴലിച്ചുകാണുന്നു. ഭാരതപരിഷ്കാരമാകട്ടെ, ധൎമ്മത്തെ സൎവ്വോപരിഷ്ടമായിഗണിച്ച്, സമുദായത്തിൻെറ അഭ്യുന്നതിക്കായി വ്യക്തിസ്വാതന്ത്ര്യത്തെയും വിനിയോഗിക്കണമെന്നു അനുശാസിക്കുന്നു. സമുദായോന്നതിക്കു പ്രയോജകീഭവിക്കാത്ത വ്യക്തിസ്വാതന്ത്ര്യത്തെ പ്രതിഷേധിക്കുന്നു. യഥാൎത്ഥമായ ഉന്നതി, സമഷ്ടിയെ സംബന്ധിച്ചതാണെന്നു നമ്മുടെ നാഗരികത്വം വിധിക്കുന്നു. കാലാനുസൃതമായ സാമൂഹ്യാഭിവൃദ്ധിക്ക് അനുയോജ്യമായ വിധിനിഷേധങ്ങളോടുകൂടി ധൎമ്മശാസ്ത്രങ്ങളെനിൎമ്മിക്കുന്നു. ഇപ്രകാരം സമഷ്ടിഗതമായ ആത്മാവിനെ പരമാൎത്ഥത്വേന ബോധിക്കുന്നതുകൊണ്ടാണു—ഓരോ വ്യക്തിയേയും വേറേ വേറേ മനുഷ്യനായി കരുതാതിരിക്കുന്നതുകൊണ്ടാണു—ഭാരതീയസമുദായം നിലനില്ക്കുന്നതെന്നും ലോകത്തിലുള്ള മററു സമുദായങ്ങൾ ഇപ്രകാരമുള്ള പാരമാൎത്ഥികത്വത്തെ ഗ്രഹിക്കാത്തതുകൊണ്ടാണ് അവയ്ക്കു നിലനില്ക്കാനുള്ള ശക്തി നഷ്ടമായിരിക്കുന്നതെന്നും ആൎയ്യധൎമ്മം ഉദ്ബോധനം ചെയ്യുന്നു. ചരിത്രങ്ങൾതന്നെ ഇതിലേക്കു സാക്ഷ്യങ്ങളാണ്. വ്യക്തിയേക്കാൾ സമുദായത്തിനാണുപ്രാധാന്യമെന്നും സമുദായത്തെക്കാൾ മനുഷ്യവൎഗ്ഗം ആകമാനം ഉൾപ്പെട്ട സമഷ്ടിക്കത്രേ പ്രാധാന്യമെ

നും എന്തൊരുതത്വം വിധിക്കുന്നുവോ, ആ തത്വം ത്യാഗം എന്ന മഹത്തായ ആദശ്ശത്തെ വെളിപ്പെടുത്തുന്നു. ഓരോ വ്യക്തിക്കും അഴിവും അസുഖവും സംഭവിക്കാതിരിക്കണമെങ്കിൽ സമുദായം അഴിയാതിരിക്കണം. ഈ ബോധമാണു് ആത്മസംസ്കാരപ്രധാനമായ പരിഷ്കാരത്തിന്റെ ആവിർഭാവത്തിനു ഹേതു. സമുദായസേവനമത്രേ ആത്മസംസ്കരണത്തിന്റെ ഫലം. അതുകൊണ്ടു് ആത്മാവത്തത്തെ അലങ്കരിക്കുന്ന മഹാത്മാക്കളുടെ ജീവിതദപ്പണത്തിൽ സമുദായസേവനവും ആത്മസംസ്കരണകാര്യങ്ങളുമായ ധർമ്മചര്യകളും തിളങ്ങിക്കാണുന്നുണ്ടാകും. ഈ ബോധഛായയിൽ നിലയുറപ്പിച്ചുകൊണ്ടു്, സ്വാമിരാമതീർത്ഥനാകാൻ പോകുന്ന ബാലരാമനെ നമുക്കു വീക്ഷിക്കാം.

"മുളയിലുള്ളപ്പോൾതന്നെ അറിയാം മുളക്കരുത്തു്" എന്ന പഴമൊഴി രാമനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരുന്നു എന്നുള്ളതു പരമാർത്ഥമാണു്. ബാലഹൃദയങ്ങളെ ധർമ്മമാർഗ്ഗത്തിലേക്കു നയിക്കുന്നതിനു രാമായണഭാരതഭാഗവതാദി പുരാണഗ്രന്ഥങ്ങൾക്കുള്ള ശക്തി അന്യാദൃശമാണല്ലോ. രാമന്റെ ശ്രദ്ധ അതിബാല്യത്തിൽതന്നെ തൽകഥകൾ പറഞ്ഞു കേൾക്കുന്നതിലും അതിനെപ്പററി വീണ്ടും വീണ്ടും മനനം ചെയ്യുന്നതിലും പതിഞ്ഞുകണ്ടു. സംശയിതഭാഗങ്ങൾക്കു തന്നെത്താൻ സമാധാനം കണ്ടുപിടിക്കുകയാണു് രാമനുള്ള ഒരു വിശേഷഗുണം. പുരാണഭാഗങ്ങളിൽ, നീരക്ഷീരന്യായേന, തത്വകോടികളെ വെളിപ്പെടുത്തുന്നവയെ മാത്രം സ്വീകരിച്ചു് ഏകാഗ്രബുദ്ധിയോടുകൂടി ദീർഘമായ പര്യാലോചന നടത്തി അവയിൽ കണ്ടുകിട്ടുന്ന വിശിഷ്ടതത്വങ്ങളെ സ്വാനുഭവത്തിൽ കലർത്തുകയും തദ്വാരാ, ഈശ്വരധ്യാനമാർഗ്ഗത്തെ പരിശീലിക്കുകയും ചെയ്തുവന്നു. ഏകാന്തവാസത്തിൽ രാമൻ ബാല്യത്തിലെ അനന്യസാധാരണമായ അഭിരുചി പ്രകടിപ്പിച്ചുവന്നു. പഠിത്തത്തിൽ പ്രത്യേകശുഷ്കാന്തിയും വാസനയുമുണ്ടായിരുന്നു. അവന്റെ കുശാഗ്രബുദ്ധിയെയും ധാരണാശക്തിയെയും കുറിച്ചു പ്രശംസിക്കാത്ത അദ്ധ്യാപകന്മാർ ഉണ്ടായിരുന്നില്ല. മഹാത്മാക്കളുടെ ഗുണവിശേഷങ്ങളെപ്പററി വർണ്ണിക്കുന്നതു ഗുരുതരമായ ഒരാരംഭമാണല്ലോ. രാമന്റെ അഗാധബുദ്ധിയെയും ആത്മശിക്ഷണത്തിനു ഹേതുവായ വാസനാബലത്തെയും ഉള്ളതുപോലെ അറിഞ്ഞു വിവരിക്കുന്നതിനു് ഇതെഴുതുന്ന ആളിനെപ്പോലുള്ള ശുദ്ധസാധാരണന്മാർക്കു കഴിവില്ലെന്നു വന്നേക്കാം. വിദ്യാഭ്യാസത്തിൽ രാമൻ ക്രമോന്നതമായ അഭിവൃദ്ധിയെ പ്രാപിക്കുംതോറും അവന്റെ അന്യാദൃശമായ ബുദ്ധിശക്തിക്കു സംസ്കാരം സിദ്ധിച്ചുവന്നു. സർവ്വകലാശാലയിൽ അഭ്യസനം ചെയ്തുകൊണ്ടിരിക്കുന്ന കാലത്തുതന്നെ മഹനീയ

മായ ത്യാഗബുദ്ധി രാമനിൽ തെളിഞ്ഞു വിളങ്ങുവാനുണ്ടായിരുന്ന ദാരിദ്ര്യക്ലേശം രാമന്റെ ത്യാഗപരിശീലനത്തിനു പ്രേരകമായുമിരുന്നു. ചിലദിവസങ്ങൾ അടുപ്പിച്ചു രാമനു പട്ടിണി കിടക്കേണ്ടതായി വന്നിട്ടുണ്ട്. ചിലപ്പോൾ ഒരു നേരത്തെ ഭക്ഷണംകൊണ്ടു തൃപ്തനായി അഹോരാത്രം വിദ്യാഭ്യാസത്തിൽ ദത്തശ്രദ്ധനായി കഴിഞ്ഞിട്ടുണ്ട്. ഗണിതശാസ്ത്രത്തിൽ രാമന് അനന്യസാധാരണമായ വാസനയും വൈദഗ്ദ്ധ്യവുമുണ്ടായിരുന്നു. കാഠിന്യമുള്ള കണക്കുകളുടെ ഉത്തരം കണ്ടുപിടിക്കുന്നതിന് നിർബദ്ധനായി വന്നാൽ രാമന് അതിനെക്കാൾ സന്തോഷം മറ്റൊന്നുകൊണ്ടും ഉണ്ടാകാറില്ലായിരുന്നു. ചില രാത്രികളിൽ, കണക്കിൽ അചഞ്ചലമായി ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാൽ, നാഴികകളും യാമങ്ങളും എന്നല്ല, പൂർണ്ണനിശപോലും ഈ ബാലൻ അറിയാതെ കഴിഞ്ഞുപോയിട്ടുണ്ട്. ഈദൃശമായ നിരന്തരപരിശ്രമവും ദുസ്സഹമായ ദാരിദ്ര്യക്ലേശവും രാമന്റെ വിദ്യാഭ്യാസപൂർത്തിക്കു വിഘാതം നേരിടുവിക്കുമോ എന്ന് അവന്റെ ഗുണകാംക്ഷികളിൽ പലരും ഭയപ്പെട്ടിട്ടുണ്ടായിരിക്കാം. എന്നാൽ ആ ശ്രമത്തിനും ദാരിദ്ര്യത്തിനും രാമന്റെ സമ്പർക്കത്താൽ പരിശുദ്ധിയും തന്മൂലം ലഘുത്വവും സംഭവിച്ചുവോ എന്നു തോന്നുമാറു, അവന്റെ പാവനമായ ഹൃദയത്തെ ബാധിക്കുവാനുള്ള ശക്തി അവയ്ക്കു നഷ്ടപ്പെടുകയാണുണ്ടായത്. ഒരു പക്ഷേ, അശ്രാന്തപരിശ്രമത്താലും ദാരിദ്ര്യപീഡയാലും ശരീരത്തിനു നഷ്ടപ്പെട്ട ശക്തികൂടി ആ ഹൃദയത്തിനു സ്വാധീനമായിത്തീർന്നിരിക്കാം.

രാമൻ എത്രകണ്ടു ദാരിദ്ര്യക്ലേശവും ബുദ്ധിമുട്ടും അനുഭവിച്ചുവോ അത്രകണ്ട് ആത്മശക്തിയും സഹനശീലവും അവനെ ആശ്ലേഷിച്ചു. ആഡംബരരഹിതമായ ജീവിതത്തിലായിരുന്നു ആ ബാലന് അധികം സന്തോഷം. ഏതൊരു സന്തോഷത്തിനും സന്താപത്തിനും അവന്റെ ഏകാഗ്രമായ മനസ്സിനെ ചലിപ്പിക്കാനുള്ള ശക്തി ഉണ്ടായിരുന്നില്ല. കാര്യമായി അല്പം സംസാരിക്കുന്ന സ്വഭാവം രാമന്റെ ഗുണവിശേഷങ്ങളിൽ ഒന്നായിരുന്നു. ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ആത്മപരമായി ഓരോ പ്രത്യേകലക്ഷ്യം മുന്നിട്ടു നിൽക്കുന്നുണ്ടായിരിക്കും. എന്നാൽ സ്വാർത്ഥബുദ്ധികളായ മനുഷ്യർ, ആ ലക്ഷ്യത്തെ കൈവിട്ട്, ലൌകികകാര്യങ്ങളിൽ ശ്രദ്ധാലുക്കളും ആസക്തന്മാരുമായി തങ്ങളുടെ മഹത്തായ ജന്മത്തെ നിഷ്ഫലമാക്കുകയാണു ചെയ്യുന്നത്. അപൂർവം ചിലർ മാത്രം ഏതൊരുപ്രകാരത്തിലുമുള്ള വ്യാമോഹത്തിനും വഴിപ്പെടാതെ സ്വതഃസിദ്ധമായ വാസനയാൽ പ്രസ്തുതലക്ഷ്യത്തെ ഫലോദർക്കമാക്കിച്ചെയ്യുന്നു. അവർ അത്രേ പൂജ്യന്മാരായ മഹാത്മാക്കൾ. അവർ

ആ ലക്ഷ്യത്തിൽ നിന്നും ഒരിക്കലും വ്യതിചലിക്കുകയില്ല. അതി നാലാണ്, ബാലനായ രാമന്റെ ദാരിദ്ര്യക്ലേശത്തിനും അശ്രാന്ത പരിശ്രമത്തിനും, സാധാരണന്മാരുടെ പടിയിലേക്ക് അവനെ വ ലിച്ചിറക്കാൻ സാധിക്കാഞ്ഞതു്. അവന്റെ ആത്മശക്തി ദിനത്തി ൽദിനത്തിൽ ദൃഢീഭൂതമായിക്കൊണ്ടിരുന്നു. വിദ്യാഭ്യാസവിഷയത്തി ൽ അനിതരസാധാരണമായ സാമത്ഥ്യം രാമനുണ്ടെന്നു് മേൽപ്ര സ്താവിച്ചിട്ടുണ്ടല്ലോ. അവൻ ഓരോ പരീക്ഷയിലും പ്രശംസനീയ മായ വിജയം സമ്പാദിച്ചുവന്നു. രാമതീർത്ഥൻ (എന്നും രാമനു പേരുണ്ട്) ഗണിതശാസ്ത്രം ബി. ഏ. യ്ക്കു് ഐച്ഛികവിഷയമായി എടുത്തു് ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ജയിച്ചു എന്നാണറിവ്. എം ഏ-യ്ക്കും ഒന്നാമതായി ജയിച്ചു എന്നു മാത്രമല്ല, അനന്യസു ലഭമായ 'മാക്ക്'വാങ്ങിക്കുകയും ചെയ്തു. അപ്രകാരം അതിപ്രശംസാ ർഹമായ പരീക്ഷാവിജയം സമ്പാദിച്ച രാമതീർത്ഥൻ ലാഹൂരിലെ ക്രൈസ്തവസർവ്വകലാശാലയി (Christian College) ൽ ഗണിതശാ സ്ത്രപ്രബോധകൻ (Mathematics Tutor) ആയി നിയമിക്കപ്പെ ട്ടു. രണ്ടുകൊല്ലം ആ ജോലി അദ്ദേഹം സ്തുത്യർഹമായി നിവ്വഹി ച്ചു. ഗണിതശാസ്ത്രത്തിൽ അദ്ദേഹത്തിനുള്ള അപാരമായ പാ ണ്ഡിത്യവും അന്യാദൃശമായ വാസനയും ഉദ്യോഗനിവ്വഹണത്തി ൽ പൂവാധികം വെളിപ്പെട്ടു. വിദ്യാഭ്യാസവകുപ്പിന്റെ മേലദ്ധ്യ ക്ഷനായിരുന്ന ബെൽ എന്ന യൂറോപ്യൻ തീർത്ഥന്റെ ബുദ്ധി വൈദഗ്ദ്ധ്യത്തെക്കുറിച്ചു വളരെവളരെപ്രശംസിക്കുകയും പ്രസിഡൻ സിസിവിൽസർവ്വീസ് പരീക്ഷയ്ക്കു പഠിക്കാൻ അദ്ദേഹത്തെ നിർബ ന്ധിക്കുകയും ചെയ്തു. പ്രസിഡൻസി സിവിൽസർവ്വീസ്സ് വകുപ്പി ലെ ഉദ്യോഗലാഭം അക്കാലത്തു് ഇന്ത്യക്കാർ ഒരു വലിയ അനുഗ്ര ഹമായി കരുതിപ്പോന്നിരുന്നു. എന്നാൽ, ഇന്ത്യയിലെ കാലചക്രം അതിവേഗത്തിൽ ചുററിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായിട്ടായി രിക്കാം, ഇക്കാലത്തു് അഖിലഭാരതീയമായ സിവിൽസർവ്വീസ്സി (Indian Civil Service)നെപ്പോലും തിരെ നിസ്സാരമായിതള്ളിക്ക ളയുന്നു! പാശ്ചാത്യപരിഷ്കാരത്തിന്റെ പുറംപൂച്ചിൽ അന്ധാളിച്ചു പോയവൎക്ക് ബഹുമാന്യമായി തോന്നുന്ന ഒരു ഉദ്യോഗം, ആദ്ധ്യാ ത്മികവിഷയത്തിൽ വിദഗ്ദ്ധന്മാരായ ഭാരതീയർ നിസ്സാരവൽഗ ണിച്ചതിൽ ആശ്ചര്യപ്പെടാനുണ്ടോ? ഉദ്യോഗഭ്രമവും ലൌകികാസ ക്തിയും ശ്രീരാമതീർത്ഥനിൽ നിന്നും അകന്നുതുടങ്ങി. ജന്മാന്തര വാസനയാലും അക്ഷീണപരിശ്രമത്താലും ഗണിതശാസ്ത്രത്തിൽ സ മ്പാദിച്ച അറിവിനെ പരാർത്ഥമായി വിനിയോഗിക്കണമെന്നുള്ള ഗുണബുദ്ധിയോടുകൂടിയാണ്, രാമതീർത്ഥൻ അദ്ധ്യാപകവൃത്തി യെ അംഗീകരിച്ചതു്. ആ ഉദ്യോഗത്തിലിരിക്കുമ്പോഴം, ഗണിത

ശാസ്ത്രപരീക്ഷാവിജയചിഹ്നമായി കേംബ്രിഡ്ജിൽനിന്നും ലഭിക്കപ്പെടുന്ന ബിരുദത്തെ ആഗ്രഹിച്ച് അദ്ദേഹം ഗവണ്മെന്റിന്റെ സഹായധനത്തോടുകൂടി. ഇംഗ്ലണ്ടിലേക്കു പോകാൻ സന്നദ്ധനാകാതിരുന്നില്ല. പക്ഷേ, കപ്പൽയാത്ര ബ്രാഹ്മണസമുദായത്തിനു നിഷിദ്ധമാണെന്നുള്ള കാരണത്താലൊ ഹേത്വന്തരത്താലൊ എന്തുകൊണ്ടോ ഇംഗ്ലണ്ടിലേക്കുള്ളയാത്ര മുടക്കാൻ അദ്ദേഹം നിർബദ്ധനായി ഭവിച്ചു. തന്മൂലം അദ്ദേഹത്തിനു ലഭിക്കാനിരുന്ന സഹായത്തോടുകൂടി ഒരു മുഹമ്മദീയമാന്യന് ഇംഗ്ലണ്ടിലേക്കു പോകാൻ സംഗതിയായി.

ഇതേവരെ രാമതീർത്ഥന്റെ ഗണിതശാസ്ത്രസംബന്ധമായ പാണ്ഡിത്യത്തെപ്പററിയാണു പ്രസ്താവിച്ചതു്. തത്വാഭ്യാസത്താൽ സിദ്ധിച്ച ആത്മജ്ഞാനത്തെക്കുറിച്ച് ഇനി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തീർത്ഥന്റെ ജീവിതമേ ആത്മജ്ഞാനത്തിൽ മുഴുകിയിരുന്നു. ഗണിതശാസ്ത്രപരിശീലനം അദ്ദേഹത്തിന്റെ ആത്മജ്ഞാനത്തെ ദൃഢവത്താക്കാനുള്ള ഒരായുധമായിട്ടാണു തീർന്നതു്. തീർത്ഥന്റെ പ്രവചനപരമ്പരകൾക്കു ശ്രോതൃഹൃദയങ്ങളിൽ തുളഞ്ഞുകയറാനുള്ള ശക്തിയും സുവ്യക്തതയും ഗണിതശാസ്ത്രപരിശീലനത്തിന്റെ ഫലമായി സിദ്ധിച്ചിട്ടുള്ളതാണ്. അതിഗഹനമായ ഏതൊരാശയത്തെയും ശ്രോതാക്കൾക്കു സുഗമമായി മനസ്സിലാകത്തക്കവിധത്തിൽ പറഞ്ഞുഫലിപ്പിക്കാനുള്ള ഔചിത്യവും സ്ഫുടതയും അടക്കം അദ്ദേഹത്തിന്റെ പ്രതിപാദനരീതിക്കു ഗണിതശാസ്ത്രപരിശീലനത്താൽ വിധേയമായി ഭവിച്ചു. ആദ്യമായി ശ്രോതാക്കളുടെ ഹൃദയങ്ങളെ കവർന്നിട്ടു പിന്നീട് ആ ഹൃദയങ്ങളിൽ ജ്ഞാനത്തെ നിക്ഷേപിക്കണമെന്നുള്ള പ്രബോധനമർമ്മത്തെ രാമതീർത്ഥൻ തികച്ചും മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ പ്രവചനങ്ങളും ലേഖനങ്ങളും ഇതിനു ദൃഷ്ടാന്തങ്ങളാണ്. സന്ദർഭശുദ്ധി, ഉചിതപദപ്രയോഗം, ഉദാഹരണസുലഭത എന്നീ ഗുണങ്ങൾ അവയിൽ ഓരോന്നിലും ധാരാളമായി കാണപ്പെടുന്നുണ്ടു്; സ്വാമി വിവേകാനന്ദൻ വേദാന്തതത്വത്തെയും അദ്വൈതമാഹാത്മ്യത്തെയും ലൌകികതത്വശാസ്ത്രനിപുണന്മാരായ പണ്ഡിതജനങ്ങളെ ഉദ്ബോധിപ്പിക്കാനായിട്ടാണ് ദിഗ്വിജയം ചെയ്തതു്. തത്വരീത്യാ വിജയസമ്പാദനത്തിനു പര്യാപ്തമായ വീരവചസ്സുകളത്രെ ആ മഹാന്റെ മുഖത്തുനിന്നും നിർഗ്ഗമിച്ചതും. തദ്വിജയാനന്തരം സ്വാമി രാമതീർത്ഥരാകട്ടെ, ഗഹനമായ ജ്ഞാനദീപത്തെ കേവലം പാമരന്മാരുടെ ഹൃദയത്തിലുംകൂടി പ്രകാശിപ്പിക്കുന്നതിനായി ദേശാന്തരങ്ങളിൽ സഞ്ചരിച്ചു. ജ്ഞാനത്തെ ഉദ്ബോധനംചെയ്യുന്ന

തിന്, ആദ്യമായി ഏതൊരുഹൃദയത്തിൽ ഉദ്ബോധം ചെയ്യുന്നു
വോ ആ ഹൃദയത്തെ വശീകരിക്കേണ്ടതാവശ്യകമാണ്. അതിലേ
ക്കു താർക്കികന്യായം അംഗീകരിച്ചേരിതീരൂ എന്നില്ല; ആത്മാവിന്റെ
ആനന്ദസ്വരൂപത്തെ എങ്ങും പ്രകാശിപ്പിക്കണം. ആനന്ദസ്വരൂ
പനായ ആത്മാവിൽ ലയിച്ച് എവിടെയും ആനന്ദമയമാക്കിച്ചെ
യ്തു് ലോകത്തെ അനഗ്ഗളമായും സമഭാവനയിലും സ്നേഹിച്ച് സ്വാ
മി രാമതീർത്ഥൻ സർവ്വത്ര വിളങ്ങിക്കൊണ്ടിരുന്നു. ആ നിലയിൽ
എത്തിയ ഒരു മഹാൻ ഏതൊന്നിൽ പ്രവർത്തിക്കുമ്പൊഴും, അല
ക്ഷ്യഭാവമോ അശ്രദ്ധയൊ സാധാരണന്മാരുടെ ദൃഷ്ടിക്ക് അദ്ദേഹ
ത്തിൽ നിഴലിക്കുന്നുണ്ടായിരുന്നാലും അതിന്റെ ഫലം ഇഹലോകപ്ര
ശംസനീയവും ചാരിതാർത്ഥ്യജനകവും ആയിരിക്കും. സ്വാമികൾ
ഈ നിലയിൽ എത്തുന്നതിനു മുമ്പ് വിദ്യാഭ്യാസകാലത്തും, ഈ
അലക്ഷ്യതയും അശ്രദ്ധയും അദ്ദേഹത്തിൽ ജനങ്ങൾ കണ്ടിരുന്നു.
എന്നാൽ അതിന്റെ ഫലമോ, അവരുടെ പ്രതീക്ഷാസീമയെ അ
തിലംഘിക്കുമാറ് അഭിലഷണീയമായവിധത്തിൽ പരിണമിക്കുക
യത്രേ ചെയ്തത്. ഒന്നോ രണ്ടോ പ്രത്യേകവിഷയങ്ങളിൽ മാത്രമോ,
ഏതാനും ചില ശാസ്ത്രങ്ങളിൽ മാത്രമോ അല്ല, കണ്ടും കേട്ടും പ
രിചയമുള്ള എല്ലാ ശാസ്ത്രങ്ങളിലും സ്വാമികൾ സ്തുത്യർഹമായ
വൈദഗ്ദ്ധ്യം സമ്പാദിച്ചു. ഓരോന്നും കൂലങ്കഷമായി പരിശോ
ധിച്ചു പരിശീലിക്കുകയാണു ചെയ്തത്. ദാരിദ്ര്യപീഡയും അന്യ
ങ്ങളായ കഷ്ടപ്പാടുകൾ ഒരും അദ്ദേഹത്തിന്റെ അന്യാദൃശമായ കലാ
ഭ്യസനാസക്തിയെ ജയിക്കാൻ കഴിഞ്ഞില്ല. ശരിവരെ കാര്യങ്ങ
ളെ നിർവഹിക്കുകയും അശ്രദ്ധാനന്നെപ്പോലെയിരിക്കുകയും ചെ
യ്യണം എന്നാണ് സ്വാമി രാമതീർത്ഥൻ പ്രസ്താവിച്ചിട്ടുള്ളത്.
ആ നില അദ്ദേഹത്തിനു ചെറുപ്പത്തിലേ കിട്ടിയിട്ടുണ്ടായിരുന്നു.
സ്വാമികൾ സ്വാനുഭവത്തെ പുരസ്കരിച്ച് ഇപ്രകാരം പ്രസ്താവി
ച്ചിരിക്കുന്നു:—"നമുക്കു സുഖംതോന്നുന്ന ജോലിയിൽ ഏർപ്പെടുക
യെന്നുള്ള നയം ആക്ഷേപാർഹമാണ്; ഏർപ്പെടുന്ന ജോലിയെ
സ്നേഹിക്കണം; യഥാർത്ഥവും സ്ഥിരവുമായ സുഖം അതിൽനിന്നു
കിട്ടും." ഈ അഭിപ്രായത്തെ മുന്നിർത്തിയാണ് സ്വാമികൾ തന്റെ
വിദ്യാർത്ഥിജീവിതത്തെ വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ ഈ അ
ഭിപ്രായം അദ്ദേഹത്തിൽ സ്ഥിരപ്പെട്ടതു ബിലാത്തിയാത്ര മുടങ്ങിയ
കാലത്താണ്. ബാല്യംമുതല്ക്കേ ഗണിതശാസ്ത്രത്തിൽ അദ്ദേഹ
ത്തിനു വളരെ താല്പര്യമുണ്ടായിരുന്നു; ആ താല്പര്യമാണ് അദ്ധ്യാ
പകവൃത്തിയെ അംഗീകരിപ്പിച്ചതും ബിലാത്തിക്കുപോകാൻ സന്ന
ദ്ധനാക്കിയതും. അത്രത്തോളം അത്യന്തം താല്പര്യമുണ്ടായിരുന്ന
ഒരു മുഖ്യസംഗതിയെസ്സംബന്ധിച്ച പ്രത്യാശയ്ക്കു് പ്രതിബന്ധം

നേരിട്ടപ്പോൾ ആ അനുഭവത്താൽ അദ്ദേഹത്തിന്റെ തത്വാന്വേഷണബുദ്ധി ഉദ്ദീപ്തമായി ഭവിച്ചു.

രാമതീർത്ഥന്റെ കുടുംബമാഹാത്മ്യവും അദ്ദേഹത്തിൽ അടങ്ങിക്കിടന്നിരുന്ന നൈസർഗ്ഗികമായ ആത്മശക്തിയും അദ്ദേഹത്തെ സ്വാമി രാമതീർത്ഥനാക്കി. ബിലാത്തിക്കു പോകണമെന്നുള്ള തന്റെ അഭിലാഷത്തിനു പ്രതിബന്ധം നേരിട്ടതിനുശേഷം തന്റെ ആത്മശക്തിയെ ഉദ്ദീപിപ്പിച്ചുകൊണ്ട് തത്വജ്ഞാനം സമ്പാദിക്കാൻ മുതിർന്നിട്ടു. അത്യത്ഭുതകരമായ ആത്മശക്തിയോടുകൂടിയ മഹാപുരുഷന്മാരുടെ ചരിത്രത്തെ സൂക്ഷ്മദൃഷ്ട്യാ നിരീക്ഷണം ചെയ്താൽ, സാധാരണന്മാരുടെ ദൃഷ്ടിക്ക് അതിനിസ്സാരമെന്നു തോന്നുന്ന ഏതെങ്കിലും ഒരോ സംഭവങ്ങൾ ആ മഹാന്മാരുടെ ജീവിതത്തിനു ഗണനീയമായ മാററം വരുത്തിയിട്ടുണ്ടെന്നു കാണാം. ഗൗതമശാക്യർ ഇദംപ്രഥമമായി ഒരു രോഗിയുടെ പരിതാപസ്ഥിതി നേരിട്ടുകണ്ടതാണ് അദ്ദേഹത്തിന്റെ ജീവിതത്തിനു വലുതായ മാററംനേരിടുവിക്കുകയും അദ്ദേഹത്തെ ലോകപൂജ്യനായ ബുദ്ധമഹർഷിയാക്കുകയുംചെയ്തതു്. അതുപോലെതന്നെ പട്ടണത്തുപ്പിള്ളയാർ എന്ന പുണ്യപുരുഷന്റെ അനുഭവവും. 'കുഴയററസൂചിയും കൂടെവരാ' എന്നു ബോധിക്കാൻ, ഒരുസംഭവം നേരിട്ടുകയാൽ, ധനപ്രൗഢിയാൽ കുബേരനായിരുന്ന ആ മഹാൻ തന്റെ സർവ്വസ്വവും വലിച്ചെറിഞ്ഞു തെണ്ടിത്തിരിഞ്ഞു പെരുവഴിയിലലഞ്ഞു. അപ്രകാരം, ഗണിതശാസ്ത്രപ്രസക്തനായിരുന്ന സ്വാമിരാമതീർത്ഥന്റെ ജീവിതഗതിയെ ബിലാത്തിയാത്രാസംഭവം, തത്വാന്വേഷണവീഥിയിലേക്കു തിരിച്ചുവിട്ടു.

ഗണിതശാസ്ത്രത്തിൽ സ്വാമികൾക്ക് ഉണ്ടായിരുന്ന പ്രാവീണ്യവും പ്രസക്തിയും സീമാതീതമായിരുന്നു എന്നു നമുക്കു ബോദ്ധ്യപ്പെട്ടുവല്ലോ. അതുപോലെ തന്നെ തത്വശാസ്ത്രം, ചരിത്രം തുടങ്ങിയുള്ള ഇതരവിഷയങ്ങളിലും അദ്ദേഹത്തിന് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നു. സ്വാമികളുടെ മനസ്സിൽ പതിയുന്ന ഓരോ വിഷയങ്ങളും തത്വമയമാക്കപ്പെട്ട് "ശ്രീരാമതീർത്ഥ" മുദ്രയോടുകൂടി, പുതുമാതിരിരൂപത്തിൽ പ്രത്യക്ഷമായി പരന്മാർക്ക് ആനന്ദത്തെയും നവ്യബോധത്തെയും നൽകുന്നതാണ്. അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞ് അവിടുന്നു വെളിയിലേക്കു പുറപ്പെടുമ്പോൾ അവയ്ക്കു പ്രത്യേകമായ വൈശദ്യവും പരിശുദ്ധിയും ഉണ്ടായിരിക്കുമെന്നുള്ളതാണ് അതിനു കാരണം. ജനങ്ങൾക്കു രുചികരമല്ലാത്ത വിഷയംപോലും ശ്രീരാമതീർത്ഥന്റെ മുഖത്തുനിന്നും പുറപ്പെടുമ്പോൾ, അവർ അതിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നതാണ്. സത്വഗുണപ്രകാശത്താൽ മാത്രമേ ഇത്തരം നിർവ്വഹണം

സാദ്ധ്യമാകയുള്ളു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. സ്വാമികളുടെ അഭ്യസനക്രമത്തിന് ഒരു പ്രത്യേകതയുണ്ടു്. ആകട്ടേ ചരിത്രത്തെ അഭ്യസനം ചെയ്യുകയാണെങ്കിൽ, അശോകന്റെ കാലത്തു ജീവിച്ചിരുന്ന മനുഷ്യസമുദായത്തെയും അതിന്റെ ആചാരക്രമങ്ങളെയും സന്മാർഗ്ഗനിഷ്ഠയെയും അശോകന്റെ ഉപദേശവചസ്സുകളിൽ അടങ്ങിയ സാരതത്വങ്ങളെയും മനസാ ഗ്രഹിച്ച്, അവയെക്കുറിച്ചു വീണ്ടും വീണ്ടും മനനം ചെയ്തു് അക്കാലത്തെ ഇക്കാലത്തോടു താരതമ്യപ്പെടുത്തുകയായിരിക്കും അദ്ദേഹം ചെയ്യുന്നതു്. അതുപോലെതന്നെ തത്വശാസ്ത്രങ്ങൾ അഭ്യസിക്കുമ്പോഴും അദ്ദേഹത്തിന്റെ അഗാധബുദ്ധി ആ ശാസ്ത്രത്തിന്റെ അത്യഗാധത്തിൽ മുഴുകിയിരിക്കും. ഇങ്ങനെ ഓരോ വിഷയങ്ങളും “നീരക്ഷീരന്യാ”യേന ഗ്രഹിച്ചു, സ്വാനുഭവത്തോടു കൂട്ടിയിണക്കി ഉറപ്പിച്ചു വയ്ക്കുകയാണ് സ്വാമികളുടെ പതിവു്. അതോടുകൂടി അവയ്ക്കു പരിശുദ്ധിയും വൈശദ്യവും സംഭവിക്കുന്നതുമാണ്.

സ്വാമികൾ ഒരു ഫലിതപ്രിയനായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ പലേടത്തും ഫലിതരസം പ്രസ്ഫുരിക്കുന്നുണ്ടാവും. സ്വാമികൾ ഒരു കവിധർമ്മമർമ്മജ്ഞനാണെന്നുകൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾതന്നെ അതിനു സാക്ഷ്യം വഹിക്കുന്നതാണ്. ചില ഭാഗങ്ങൾ കവിതാമയമാണെന്നുതന്നെ പറയാം. ആനന്ദരസനിഷ്യന്ദിയായ അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രേമാമൃതം വഴിഞ്ഞൊഴുകുന്നുണ്ടായിരിക്കും. സത്വഗുണപ്രധാനന്മാരായ സാധുക്കൾ പ്രേമസ്വരൂപന്മാരാണെന്നു പറയേണ്ടതുണ്ടോ? സ്വാമികളുടെ പ്രേമം പരിശുദ്ധവും അതിവിശാലവുമായിരുന്നു. ചെറുപ്പംമുതല്ക്കേ അദ്വൈതതത്വത്തിൽ പരിശീലിച്ച് അതിനെ അനുഭവിച്ചുവന്ന ആ പുണ്യപുരുഷന്റെ പ്രേമം, ജീവജാലാവധിയിൽ അവസാനിക്കുകയല്ല, ജീവനുള്ളതും ഇല്ലാത്തതുമായ സർവ്വസൃഷ്ടികളിലും വ്യാപിക്കുകയാണു ചെയ്തതു്. സൃഷ്ടിക്കപ്പെട്ടിട്ടുള്ള സകല വസ്തുക്കളിലും ഒരേ പരമാത്മാവുതന്നെ വിളങ്ങിക്കൊണ്ടിരിക്കുന്നുവെന്നു സമ്യഗ്ബോധമുള്ള മഹാശയനായ സ്വാമികൾക്കുണ്ടോ, ജീവനുള്ളതെന്നും ഇല്ലാത്തതെന്നുമുള്ള ഭേദബുദ്ധി? സർവ്വവും ഈശ്വരമയമാണെന്നുള്ള പരമാർത്ഥബുദ്ധിയോടുകൂടിയ സ്വാമിരാമതീർത്ഥൻ, ദൃഷ്ടിഗോചരീഭവിക്കുന്ന സകല വസ്തുക്കളിലും മഹത്തായപ്രേമം ആവിഷ്കരിച്ചുവന്നു. തന്റെ തൂലികയെ പ്രേമപൂർവ്വകം അഭിസംബോധനം ചെയ്തുകൊണ്ടു് ആ മഹാൻ സ്നേഹപൂർണ്ണമായ വാക്കുകളാൽ അതിനോടു സംഭാഷണം ചെയ്തിരുന്നപോലും! മനുഷ്യരോടെന്നമട്ടിൽ, ഇതരജീവികളോ

ട്ടും വസ്തുക്കളോടും സ്വാമികൾ സംഭാഷിക്കുന്നുണ്ടായിരുന്നു. ഇപ്രകാരം ആത്മീയമായ ദിവ്യപ്രേമത്തെ സർവ്വത്ര വെളിപ്പെടുത്തിക്കൊണ്ടു് കരുണാനിധിയായ ശ്രീരാമതീർത്ഥൻ മാതൃകാമഹാപുരുഷനായി പരിലസിച്ചു. ആത്മജ്ഞാനികളും തത്വജ്ഞന്മാരുമായ മഹാത്മാക്കളുടെ ലക്ഷണം മനശ്ശക്തിയും വിശുദ്ധവിചാരങ്ങളും മാത്രമാണെന്നും, അവക്കു യഥാർത്ഥമായ പ്രേമം സ്വഭക്തന്മാരിൽ മാത്രമായിരിക്കുമെന്നും ചില പാമരന്മാർ തെററിദ്ധരിച്ചിട്ടുണ്ടു്. പരമാർത്ഥതത്വത്തെ അറിഞ്ഞിട്ടില്ലാത്തവരും പുസ്തകജ്ഞാനംകൊണ്ടു വാദവിജയം സമ്പാദിപ്പാൻ ഇച്ഛിക്കുന്നവരുമായ ചില വിദ്യാസമ്പന്നന്മാരെന്നു നടിക്കുന്നവരെ സംബന്ധിച്ചിടത്തോളം ആ തെററിദ്ധാരണയല്ലെന്നു വരാം, തത്വകോടിയിൽ എത്തിയ ആത്മജ്ഞാനികളുടെ ലക്ഷണം അതല്ല. അവരെ അളക്കാനുള്ള മാനദണ്ഡം സുലഭവുമല്ല. സ്വഭക്തന്മാരെന്നോ, അന്യന്മാരെന്നോ ഉള്ള വ്യത്യാസങ്ങളൊന്നും തത്വവേദികളായ പൂജ്യന്മാരെ സ്പർശിക്കുന്നില്ല. ശ്രീരാമതീർത്ഥൻ അതിലേക്കു് ഒരു ഉത്തമസാക്ഷ്യമാകുന്നു.

ജീവജാലങ്ങളും ജഡവസ്തുക്കളും ഏതോ ഒന്നിന്റെ ബന്ധത്താൽ പ്രവർത്തിക്കുന്നു. ആ ഏതോ ഒന്നില്ലെങ്കിൽ പ്രപഞ്ചമില്ല. ജഡവസ്തുക്കളെ ജീവവസ്തുക്കളിൽ നിന്നും വേർതിരിക്കുന്നവനു് അവയെ മേല്പറഞ്ഞ ബന്ധത്തിൽനിന്നും വേർപെടുത്താൻ കഴിയുന്നില്ല. ഈ ബോധമുണ്ടാകുന്നിടത്തോളം ഒരുവൻ എത്രതന്നെ പണ്ഡിതനോ മഹാപൂജ്യനോ ശിഷ്യകോടികളാൽ സേവിതനോ ആയിരുന്നാലും അവൻ അപൂർണ്ണനാകുന്നു. വാസ്തവത്തിൽ ആ ബന്ധത്തിൽ നിന്നു വേർപെടുത്താവുന്നതോ അതിനു കീഴ്പ്പെടാത്തതോ ആയ ഒരു വസ്തുവിനെ നമുക്കു കാണാൻ കഴിയുന്നതല്ല. ആ ബന്ധത്തിനു കാരണമായതു യാതൊന്നോ അതത്രേ പരാശക്തി. അവർണ്ണനീയവും അദൃശ്യവുമായ ആ ശക്തി പ്രപഞ്ചത്തെ നടത്തുന്നു. അഥവാ ആ ശക്തിതന്നെ പ്രപഞ്ചം. മണക്കുന്നതും. മണക്കാത്തതും, രുചിക്കുന്നതും രുചിക്കാത്തതും, കാണുന്നതും കാണാത്തതും, കേൾക്കുന്നതും കേൾക്കാത്തതും, എന്നുവേണ്ട, സർവ്വവും ആ ശക്തിയത്രേ ആകുന്നതു്. ഉണ്ടെന്നു വിധിക്കാനോ ഇല്ലെന്നു ശഠിക്കാനോ കഴിവില്ലാത്ത ആ കേവലശക്തിയെ ഏതൊരുവൻ അറിയുന്നുവോ അവനത്രേ പരിപൂർണ്ണൻ; അവനത്രെ തത്വവേദി; അവനത്രേ ഗുർവ്വനുഗൃഹീതനായ ആത്മജ്ഞാനി. സദ്ഗുരൂപദേശത്തിനു് അവകാശിയായ യഥാർത്ഥശിഷ്യനും അവൻതന്നെ.

സ്വാമികളുടെ ആദ്യത്തെ ഹിമാലയവനയാത്ര ൧൮൯൯-ൽ തന്റെ ഇരുപത്താറാമത്തെ വയസ്സിലായിരുന്നു. അതിനുശേഷം ഒരുകൊല്ലം കഴിഞ്ഞാണു് അദ്ദേഹം സന്ന്യാസം സ്വീകരിച്ചതു്.

വീണ്ടും അടിക്കടി അദ്ദേഹം വനയാത്ര പോകാറുണ്ടായിരുന്നു. അവിടെ ഏകാന്തവാസംചെയ്തു് ഉപനിഷത്തത്വങ്ങളെത്തന്റെ ഏകാഗ്രമായ ചിന്തയ്ക്കു വിഷയീഭവിപ്പിക്കുകയും നിഷ്ഠയോ അഭ്യസിക്കുകയുംചെയ്തുവന്നു. അക്കാലത്തായിരിക്കണം സ്വാമികൾക്കു ഗുരൂപദേശം സിദ്ധിക്കാനിടയായിട്ടുള്ളതു്.

സ്വാമികൾ ഹിമാലയപർവ്വതങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നകാലത്തെ, ചില അപൂർവ്വാനുഭവങ്ങൾ അത്ഭുതജനകങ്ങളും അനിതരസാധാരണങ്ങളുമാണു്. ഗംഗോത്രി എന്ന സ്ഥലത്തുവച്ചു് സ്വാമികൾ തന്റെ ഹിമാലയയാത്രയെ വർണ്ണിച്ചിട്ടുണ്ടു്. ഗംഗാനദിയുടെ പ്രവാഹമാഹാത്മ്യത്തെയും അതിന്റെ ഇരുകരകളിലും നിബിഡോന്നതമായി വളർന്നുനില്ക്കുന്ന ദേവദാരുക്കളുടെ മനോഹരക്കാഴ്ചയെയും പാറക്കൂട്ടങ്ങളുടെ പ്രഭുത്വപ്രൗഢിയെയും കുറിച്ചുള്ള വർണ്ണനകൾ കവിധർമ്മമർമ്മജ്ഞനായ സ്വാമികളുടെ വാക്കുകളിൽത്തന്നെ വായിക്കുന്ന ഏതൊരുവനും ആ പ്രദേശങ്ങളിൽ സഞ്ചരിച്ചുകാണുന്നതുപോലുള്ള അനുഭവം ഉണ്ടാകുന്നതാണു്. ജമ്നോത്രിയിൽനിന്നും ഗംഗോത്രിയിലേക്കു പോകുന്ന ജനങ്ങൾ സാധാരണമായി പത്തുദിവസംകൊണ്ടാണു് പർവ്വതമാർഗ്ഗേണ ചെന്നെത്തുന്നതു്. സ്വാമികളാകട്ടെ, മൂന്നുദിവസംകൊണ്ടു എത്തിഎന്നാണറിവു്. കുറുക്കുവഴികളിൽ കൂടിയായിരുന്നു അദ്ദേഹത്തിന്റെ യാത്ര. ദുർഗ്ഗമമായ മാർഗ്ഗങ്ങളിലും ദുഷ്പ്രാപമായ വനഭാഗങ്ങളിലും പാറക്കൂട്ടങ്ങൾക്കിടയിലുംകൂടി മൂന്നുദിവസം രാവുംപകലും അവിശ്രാന്തനായി നടക്കുകയാണുണ്ടായതു്. ഭയങ്കരവും വിജനവുമായ വനമദ്ധ്യത്തിൽക്കൂടി ഇപ്രകാരം ഒററയ്ക്കു സഞ്ചരിക്കാൻ ധൈര്യമുണ്ടായ സ്വാമികളുടെ പ്രാഗല്ഭ്യത്തെപ്പററി എത്രപ്രാവശ്യം പുകഴ്ത്തിയാലാണു് അലംഭാവമുണ്ടാവുക! മറെറാരുയാത്രയിൽ, ഒരു ചെറിയകുടിലിൽ പലനാൾ ഏകാന്തവാസംചെയ്തിരുന്നു. ഒരു നേരത്തെ ഭക്ഷണംമാത്രമേ ഉണ്ടായിരുന്നുള്ളു. അതുതന്നെയും വനഫലങ്ങൾ മാത്രമായിരുന്നു. അവിടെവച്ചു് അജീർണ്ണരോഗം പിടിപെടുന്നതിനിടയായി, പ്രതിദിനം ഏഴുപ്രാവശ്യംവീതം വയറൊഴിഞ്ഞുകൊണ്ടിരുന്നു. സുഖക്കേടു ബാധിച്ചതിന്റെ നാലാംദിവസം, ദീനസ്ഥിതിയെ വകവയ്ക്കാതെ, സൂര്യോദയത്തിനുമുമ്പായി ഉറവുവെള്ളത്തിൽ കുളിച്ചു, കൌപീനൈകധാരിയായി, കാലിൽ പാദുകയോ തലയിൽ ഉഷ്ണീഷമോ കൂടാതെ, മഞ്ഞിന്റെ പ്രതിബന്ധത്തെ അല്പവും ഗണിക്കാതെ, മഹാമേരുവിന്റെ കൊടുമുടികളിലേക്കു തിരിച്ചു. മലയിൽ നിവസിക്കുന്നവരായ അഞ്ചു ബലിഷ്ഠന്മാർകൂടി സ്വാമികളുടെ ഒന്നിച്ചുണ്ടായിരുന്നു. അവർ കനത്തകരിമ്പടംകൊണ്ടു പുതച്ചിട്ടുമുണ്ടായിരുന്നു. കുറേദൂരം ചെന്നപ്പോൾ

അവരിൽ നാരായണനെന്നും തുളാരാമനെന്നും പേരുള്ള രണ്ടാളുകൾ സഞ്ചാരക്ലേശത്താൽ മടങ്ങിപ്പോകാൻ നിർബ്ബന്ധരായി ഭവിച്ചു. നാലഞ്ചു സ്ഥലത്തു യമുനാനദിയെ തരണം ചെയ്യേണ്ടതായിവന്നു. അതിനുശേഷം കണ്ടെത്തിയതു് നാല്പത്തഞ്ചുഗജം ഉയരവും ഒന്നര ഫർല്ലാംഗ് നീളവുമുള്ള ഒരു വലിയ ഹിമശിഖരത്തെയായിരുന്നു. അതിൻെറ ഇരുവശത്തും രണ്ടുവലിയ പാറകൾ, കോട്ടമതിൽകെട്ടിപ്പെട്ടതിരിക്കുന്നവണ്ണം കുത്തനേ വളൎന്നു നില്ക്കുന്നുണ്ടായിരുന്നു. ഹിമാവൃതമായ ആ പവ്വതശിഖരത്തിൽ കയറാൻതന്നെ കൌപീനൈകധാരിയായ സ്വാമികൾ തീൎച്ചപ്പെടുത്തി. മുള്ളുകൾ നിറഞ്ഞുള്ള ഒരുമാതിരി റോസച്ചെടികളിൽ മുറുകെപ്പിടിച്ചുകൊണ്ടു കയറിത്തുടങ്ങി. സഹചരന്മാരും പിന്നാലെ ചെല്ലുന്നുണ്ടു്. പലേപ്രാവശ്യം മരണത്തെ സ്വാഗതം ചെയ്യേണ്ടിവരുമെന്നു വിശ്വസിക്കാൻ കാരണമുണ്ടായി. കാൽവഴുതിവീഴുന്നവൎക്കായി പ്രത്യേകം തയാറാക്കപ്പെട്ടിട്ടുള്ളതോ എന്നുതോന്നുംവണ്ണം മഞ്ഞുനിറഞ്ഞ തടാകങ്ങൾ അവിടവിടെക്കാണുന്നുണ്ടു്. അടിവാരത്തുനിന്നും പുറപ്പെടുന്ന യമുനാപ്രവാഹകോലാഹലത്തിൻെറ ഭയങ്കരമായ പ്രതിദ്ധ്വനി കൎണ്ണപുടങ്ങളെ ഭേദിക്കുന്നു. ഈ അനുഭവങ്ങളോടുകൂടിയ യാത്ര മൃത്യുവിൻെറ വദനഗഹ്വരത്തിലേയ്ക്കല്ലെന്നു് എങ്ങനെവിശ്വസിക്കാം? ഒരു പ്രകാരത്തിൽ ആ മഞ്ഞുമലയെക്കടന്നുകഴിഞ്ഞു. അനന്തരം യമുനയെത്തരണംചെയ്തു് കുത്തനേനില്ക്കുന്ന വേറൊരുമലയിൽകയറി. അതിൽ ഒരൊററവഴിപോലുമുണ്ടായിരുന്നില്ല. നേരേ കാട്ടിൻനടുവിൽ കയറി. ഇതിനകം സ്വാമികളുടെ ശരീരത്തിൽ മുള്ളുകൊണ്ടു് അനവധികീറലുകൾ സംഭവിച്ചു. ഇങ്ങനെ ഒരുമണിക്കൂറോളം കഷ്ടപ്പെട്ടു. അതിനുശേഷം ഒരു വെളിപ്രദേശം കണ്ടെത്തി. അവിടെ സുഗന്ധത്തെപ്പരത്തുന്ന പുഷ്പച്ചെടികൾ നിബിഡമായി നില്ക്കുണ്ടായിരുന്നു. ആ സ്ഥലത്തെത്തുന്നതിനു മുമ്പായി സഹചരന്മാർ ക്ഷീണിച്ചു വിവശന്മാരായിഭവിച്ചു. സ്വാമികൾക്കും ആ കയററം വിഷമസാദ്ധ്യമായിരുന്നു എന്നുവേണം പറവാൻ. കുത്തനേ നില്ക്കുന്ന പാറകളിൽക്കൂടിയും ദുഷ്പ്രാപമായ മാൎഗ്ഗങ്ങളിൽക്കൂടിയും കയറുന്നതിനു് ആൎക്കാണു വൈഷമ്യം നേരിടാത്തതു്? എന്നാൽ എവിടെയും മനോഹരവും അലോകസാമാന്യവുമായ കാഴ്ചകൾ പരിപൂൎണ്ണമായിരുന്നു. പാശ്ചാത്യദേശങ്ങളിലുള്ളവർ ഈ പ്രദേശങ്ങളിൽനിന്നും ചില വിശേഷപ്പെട്ട പുഷ്പച്ചെടികളുടെ വിത്തുകൾ സംഭരിച്ചുകൊണ്ടുപോകാറുണ്ടു്. എന്നാൽ അന്യസ്ഥലങ്ങളിൽ നട്ടുവളൎത്തിയാൽ ആ പുഷ്പങ്ങൾക്കു് സുഗന്ധമുണ്ടായിരിക്കയില്ല; സൌന്ദൎയ്യംമാത്രമേ കാണുകയുള്ളൂ. ശരീരാസ്വാസ്ഥ്യത്തോടുകൂടി സ്നാനംചെയ്തു മലകയറിയ സ്വാമികൾക്കു് അതോടുകൂടി ദീനം ഭേ

ദമായി. ആ ബലിഷ്ഠന്മാരായ പർവ്വതവാസികൾക്കു സ്വാമികളോട് അടുത്തു അനുചരിക്കാൻ കഴിഞ്ഞില്ലത്രേ. അവർ ക്ഷുത്തുനിമിത്തം പരവശന്മാരായിഭവിച്ചു. തൽക്ഷീണപരിഹാരാർത്ഥം മഴ പെയ്യുന്ന പ്രദേശങ്ങളെ വിട്ടു് ഇടക്കിടെ മുകളിൽകയറി വിശ്രമിക്കാറുണ്ടായിരുന്നു. അത്യുന്നതങ്ങളായ പ്രദേശങ്ങളിൽ മഴപെയ്യാറില്ല. അവിടം മേഘമണ്ഡലത്തിനും മുകളിലായിരിക്കും. മുൻദിവസങ്ങളിൽ പാകംചെയ്തു കൈവശത്തിൽ സൂക്ഷിച്ചിരുന്ന കിഴങ്ങുകൾ ഭക്ഷിക്കയും അവിടെ കെട്ടിനിന്നിരുന്ന മഞ്ഞുവെള്ളം പാനംചെയ്കയും ചെയ്തിരുന്നു. ശീതശീതമായ അന്തരീക്ഷത്തിന്റെ സംസർഗ്ഗത്താൽ വെള്ളംപോലും മഞ്ഞിൻകട്ടകളായി പരിണമിക്കുന്ന ഈ സ്ഥലത്തു മുൻദിവസങ്ങളിൽ പാകംചെയ്ത ഫലങ്ങളുടെ അവസ്ഥ എന്തായിരിക്കുമെന്നു് ഏതാണ്ടു് ഊഹിക്കാവുന്നതാണല്ലോ. ഇങ്ങനെ ക്ഷീണിച്ചും വിശ്രമിച്ചും വീണ്ടും മുകളിലേക്കു കയറിത്തുടങ്ങി. ആ യാത്രയിൽ ഒരുവൻ അതീവ ക്ഷീണിച്ചു നിലത്തുവീണു. കുറേക്കഴിഞ്ഞു പിന്നെയും ഒരുവൻ താഴത്തുപതിച്ചു. മൂന്നാമത്തവന്റെ മൂക്കിൽകൂടി രക്തം പ്രവഹിച്ചു. എന്നാൽ സ്വാമികൾ അവരെ ഉത്സാഹപ്പെടുത്തിക്കൊണ്ടു മഞ്ഞിൻകട്ടകളെ ചവുട്ടിക്കടന്നു് മേല്പോട്ടു കയറുകതന്നെ ചെയ്തു. എന്നിട്ടും അയാൾക്കു് ഉദ്ദിഷ്ടസ്ഥലത്തു ചെന്നു പററാൻ ഇടയായില്ല. ശിഖരത്തിന്റെ അധിത്യക സമനിരപ്പായി കാണപ്പെട്ടു. എവിടെ നോക്കിയാലും മഞ്ഞിൻതുള്ളികൾ പളപളായമാനമായി തിളങ്ങിക്കൊണ്ടിരുന്നു. ആശ്ചര്യം! പാൽക്കടലിലെത്തിയ പരമാനന്ദം സ്വാമികൾക്കു് അവിടെ ഉണ്ടായിപോൽ! സ്വാമികൾ അവിടെ ഓടിച്ചാടി നടന്നു കളിച്ചുവത്രേ! ഒടുവിൽ കമ്പിളി നിലത്തു വിരിച്ചു് അതിന്മേൽ ഇരുന്നു. എന്തൊരു ശാന്തിയാണു് അവിടെക്കണ്ടതെന്നു സ്വാമികൾക്കുതന്നെയും വർണ്ണിക്കാൻ കഴിയുന്നില്ല. പരമാനന്ദനിർവൃതി സ്വാമികൾക്കു് അവിടെ ലഭിച്ചു. സൂര്യരശ്മി മഞ്ഞിൻതുള്ളികളിൽപതിച്ചപ്പോൾ അവിടം സ്വർണ്ണമയംപോലെ ശോഭിച്ചു. പൊൻമല എന്നനാമം അന്വർത്ഥമല്ലെന്നു വരുമോ? അവിടെ പരമാനന്ദത്തിന്റെ പരമകോടിയിൽ പരിവർത്തിച്ചുകൊണ്ടു് സ്വാമികൾ പറയുന്നതാവിതു:- "അല്പരായ മാനുഷന്മാരേ! സ്ത്രീകളുടെ മുഖവിലാസത്തിലും മിന്നിത്തിളങ്ങുന്ന ആഭരണത്തിലും മഹാസൌധത്തിന്റെ മച്ചിന്മുകളിലും എന്തൊരു സുഖമാണുള്ളതു്? ഈ സുമേരുവിന്റെ മഹനീയമായ മനോഹരക്കാഴ്ചയിൽഉള്ള ആനന്ദത്തിന്റെ അംശാംശം അവയിൽ കാണ്മാൻ കഴിയുന്നതല്ല. എന്നാൽ, ആത്മജ്ഞാനം സിദ്ധിച്ചുവെങ്കിൽ അസംഖ്യേയങ്ങളായ സുമേരുക്കളെ നിങ്ങളിൽതന്നെ അനുഭവിക്കാം." ഈ യാത്രയിൽനിന്നും മറെറാരുവസ്തുതകൂടി

നാം ഗ്രഹിക്കേണ്ടതായിട്ടുണ്ട്. തന്നെ അനുഗമിച്ച ബലിഷ്ഠന്മാരായ അഞ്ചു പർവ്വതനിവാസികൾ ക്ഷീണിച്ചുവീണിട്ടും സ്വാമികൾമാത്രം അത്യുന്നതമായ ആ പർവ്വതശിഖരത്തിൽ കയറുകതന്നെ ചെയ്തു. ഈ വിധമായ ആത്മബലംതികച്ചും സിദ്ധിക്കുന്നവർക്ക് പഞ്ചേന്ദ്രിയങ്ങളുടെ പ്രലോഭനങ്ങളെ ശിഥിലീകൃതമാക്കി ആനന്ദത്തെ പ്രാപിക്കാൻ കഴിയും. അപ്രകാരമുള്ളവർ മായയാൽ ബന്ധിക്കപ്പെടുകയുമില്ല.

സ്വാമികളുടെ കവിതാഗുണത്തെപ്പറ്റി ഇനി അല്പം പ്രസ്താവിക്കാം. കവിഹൃദയം അത്യഗാധവും അനവഗാഹ്യവുമെന്നാണല്ലോ പറയപ്പെടുന്നത്. ഒരു സാധാരണമനുഷ്യന്റെ ദൃഷ്ടിക്ക് അതിനിസ്സാരമെന്നുതോന്നുന്ന ഒരു സാധനം ഒരു യഥാർത്ഥകവിയുടെ കണ്ണിനു വിഷയീഭവിക്കുമ്പോൾ, അതിൽ പ്രകൃതിയുടെ പരമരമണീയത പ്രതിഫലിക്കുന്നുണ്ടായിരിക്കും. അതിനെ അതേപ്രകാരത്തിൽ അന്യന്മാരുടെ കണ്ണിനു വിഷയീഭവിപ്പിക്കാനുള്ള ശക്തി ആ കവിക്കുണ്ടായിരിക്കയുംചെയ്യും. വനപ്രദേശങ്ങളിലും മലഞ്ചരിവുകളിലും നദീതീരങ്ങളിലും നാട്ടിൻപുറങ്ങളിലും കാട്ടിന്മദ്ധ്യത്തിലും വീട്ടിൻകുപ്പയിലും, അവർ, പ്രകൃതിതത്വങ്ങളെ നോക്കിക്കാണുന്നു. സർവ്വദാ ആ തത്വങ്ങളുടെ പ്രസന്നധ്വനി അവരുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. തത്വവേദിയായ സ്വാമിരാമതീർത്ഥന്റെ കവിതകൾ സനാതനതത്വങ്ങളെ വെളിപ്പെടുത്തുന്നവയും ജ്ഞാനോദ്ദീപകങ്ങളുമാണ്. അവയിലെ ഓരോ വാക്കും ആദ്ധ്യാത്മികസൗരഭ്യത്തെ വഹിക്കുന്നതാണെന്നുവേണം പറവാൻ. പ്രേമവും അനുകമ്പയും കവികൾക്കുവേണ്ട രണ്ടു മുഖ്യഗുണങ്ങൾ ആകുന്നു. സ്വാമികൾ അവയുടെ മൂർത്തികരണമായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ല. കവികൾ തർക്കശാസ്ത്രവിശാരദന്മാർ ആയിരിക്കണമെന്നു നിർബ്ബന്ധമില്ല. യഥാർത്ഥകവികളുടെ കവിതകളിൽ തർക്കശാസ്ത്രന്യായങ്ങൾ നിഴലിക്കുന്നുണ്ടായിരിക്കും. എന്നാൽ സ്വാമികൾ ആ ശാസ്ത്രത്തിലും അപാരമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുണ്ടായിരുന്നു. പോരെങ്കിൽ സ്വാമികൾ തത്വാവലംബിയുമായിരുന്നല്ലോ. തത്വവേദികൾക്ക് താർക്കികയുക്തിവൈകല്യം സംഭവിക്കുന്നതല്ല. താർക്കികദൃഷ്ടിക്ക് ആക്ഷേപാർഹമായ ഒരൊററസ്ഖലിതം സ്വാമികളുടെ കവിതകളിൽ കാണുന്നതല്ല. ഏതൊരുവിഷയത്തെക്കുറിച്ചും വിശകലനവിചിന്തനംചെയ്തു പലേപ്രകാരത്തിലുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള സമാധാനങ്ങളും സ്വയം കണ്ടുപിടിച്ചു നിരാക്ഷേപമായഭാഗത്തെമാത്രം സ്വീകരിക്കുന്ന സ്വഭാവത്തോടുകൂടിയ സ്വാമികളുടെ കവനങ്ങളിലുണ്ടോ; തർക്കശാസ്ത്രസംബന്ധമായ വൈകല്യങ്ങൾക്കു പ്രവേശം കിട്ടുന്നു!

സ്വാമികൾ ഒരു വലിയ താർക്കികനായിരുന്നു എന്നുമാത്രം പറഞ്ഞാൽ, ആ വിഷയത്തിൽ സ്വാമികൾക്കുള്ള യോഗ്യതയുടെ ഏകദേശാംശമേ വെളിപ്പെടുകയുള്ളൂ. തർക്കശാസ്ത്രസംബന്ധമായ പുരാതനഗ്രന്ഥങ്ങളും തച്ഛാസ്ത്രവിചക്ഷണന്മാരായ പല മഹാന്മാർ ആധുനികകാലത്തു രചിച്ചിട്ടുള്ള നൂതനഗ്രന്ഥങ്ങളും അദ്ദേഹം പഠിച്ചിട്ടുണ്ട്. മനഃപാഠം പഠിക്കുകയല്ല, അവ വായിച്ചുനോക്കി ത്യാജ്യഗ്രാഹ്യവിവേചനംചെയ്തു സ്വീകാര്യങ്ങളെ ഹൃദിസ്ഥമാക്കുകയാണു ചെയ്തതു്. ഒരു വലിയ പണ്ഡിതൻ എഴുതിയതാണെന്നുള്ള കാരണത്താൽ ഒരു ഗ്രന്ഥത്തെ വേദസൂത്രംപോലെ ഉരുവിടുന്ന സമ്പ്രദായം സ്വാമികൾക്കില്ല. ആ പണ്ഡിതന്റെ താർക്കികാഭിപ്രായങ്ങളെ നല്ലപോലെ മനസ്സിലാക്കി അവയെ യുക്തിപൂർവം നിരൂപണംചെയ്തു് അതുവഴി അഭ്യസനകാര്യം നിർവഹിക്കുകയായിരുന്നു സ്വാമികളുടെ പതിവു്. ആദരണീയങ്ങളായ ചില അഭിപ്രായരത്നങ്ങളെ, സ്വാഭിപ്രായശാണത്തിൽ ഉരച്ചു മാററുകൂട്ടി അണിയുന്നതും സ്വാമികളുടെ ഒരു വിശിഷ്ടഗുണമായിരുന്നു. ഇപ്രകാരം തർക്കശാസ്ത്രവൈദഗ്ദ്ധ്യം, കവിത്വം, ഗണിതശാസ്ത്രപാരംഗതത്വം, സർവോപരി ആത്മചിന്തനം മുതലായി വിവിധമഹായോഗ്യതകളോടുകൂടിയ സ്വാമികളുടെ അന്യാദൃശമായ മാഹാത്മ്യത്തെ ഉള്ളതുപോലെ അറിഞ്ഞിട്ടുള്ളവർ, അദ്ദേഹത്തിന്റെ പാർശ്വവർത്തികളിൽതന്നെ അധികംപേർ ഉണ്ടായിരുന്നോ എന്നു സംശയമാണ്. എന്നാൽ, സ്വാമികളുടെ പ്രസംഗങ്ങളാകുന്ന അമൃതത്തെ വഴിയാംവണ്ണം അനുഭവിക്കുന്നവർ ആ മഹാപുരുഷന്റെ മഹനീയപ്രഭാവത്തിനുമുമ്പിൽ ശിരസ്സു നമിക്കാതിരിക്കയില്ലെന്നു തീർത്തുരയ്ക്കാം. അടുത്തകാലങ്ങളിൽ ഭാരതഖണ്ഡത്തെ അലങ്കരിച്ചിട്ടുള്ള അത്യുൽകൃഷ്ടന്മാരായ അപൂർവപുരുഷന്മാരിൽ, സ്വാമികൾ, അഗ്ര്യസ്ഥാനീയനായിരുന്നു. തന്റെ ദിവ്യപ്രഭാവത്താൽ ലോകത്തെ വശീകരിക്കുന്നതിനു പകരമായി, ലോകമേ താനെന്നുള്ള പരമാർത്ഥബോധത്തോടുകൂടി, തന്നേത്തന്നെ ലോകത്തിനു വശപ്പെടുത്തിയ മഹാനാണു സ്വാമികൾ. അദ്ദേഹം നോക്കുന്നിടത്തെല്ലാം പരമാത്മാവിനെമാത്രം കാണാനുണ്ടായിരുന്നുപോൽ! ആ നിലയിൽ എത്താൻ സ്വാമികൾ നിരന്തരമായി പരിശ്രമിച്ചിരുന്നു എങ്കിലും അനന്യസുലഭമായ ജന്മസുകൃതംകൊണ്ടാണ് അതിന്നിടയായതെന്നുള്ളതിൽ സംശയമില്ല.

സ്വാമികളുടെ ദൃഢീകൃതമായ ധ്യാനശക്തി അവർണ്ണനീയമായിരുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിനാകട്ടെ, തന്നാഗരികത്വത്തിനാകട്ടെ ആ പുണ്യപുരുഷന്റെ ധ്യാനശക്തിയെ ശിഥിലമാക്കാൻ കഴിഞ്ഞില്ല. അമേരിക്കമുതലായ ഇതരരാജ്യങ്ങളിൽ സഞ്ചരിച്ചപ്ര-

സംഗം ചെയ്യുമ്പോഴും സ്വാമികൾ പ്രസംഗമദ്ധ്യേ അടിക്കടി "ഓം ഓം" എന്നു പ്രണവധ്വനിമുഴക്കുന്നുണ്ടായിരുന്നതായി അറിവുണ്ടു്. ധ്യാനശക്തികൊണ്ടുമാത്രം സിദ്ധിക്കപ്പെടാവുന്ന ഈശ്വരസാക്ഷാൽകാരമായ ആത്മതത്വാനുഭൂതിയിൽ സ്വാമികൾ എല്ലായ്പോഴും വിശ്രമിച്ചുകൊണ്ടിരുന്നു. ആത്മാവുതന്നെ സർവവും എന്നും പരമാത്മസ്വരൂപംതന്നെ മായയാൽ പ്രപഞ്ചമായി തോന്നിക്കപ്പെടുന്നതെന്നും; ഉണ്ടെന്നു തോന്നുന്നതെല്ലാം സത്യമല്ല മിഥ്യയാണെന്നും ഉള്ള അദ്വൈതബോധം ആ യോഗിവര്യനു ചെറുപ്പത്തിലെ സിദ്ധിച്ചിട്ടുണ്ടായിരുന്നു. അദ്വൈതവാദികൾ—പ്രപഞ്ചം മിഥ്യയാണെന്നു വിധിക്കുന്നവർ—ധ്യാനത്താൽ, തങ്ങളുടെ ആരാധനമൂർത്തിയായ ദൈവത്തെ പ്രത്യക്ഷപ്പെടുത്താമെന്നു വിശ്വസിക്കുന്നുണ്ടു്. അങ്ങനെയുള്ള പ്രത്യക്ഷത്വം, മനസ്സിന്റെ ഏകാഗ്രഭാവംകൊണ്ടുള്ള ഒരു പ്രതീതി മാത്രമാണെന്നാണു സ്വാമികളുടെ അഭിപ്രായം. എന്നാൽ ഏതൊരുവനു് ആ പ്രതീതിയുണ്ടാകുന്നുവോ അവൻ അമാനുഷമഹിമാവാകയാൽ പൂജ്യനെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല.

സ്വാമികളുടെ ബാല്യകാലത്തെ അത്ഭുതകരമായ ഒരനുഭവത്തെപ്പററി ഇവിടെ പ്രസ്താവിക്കാം. അക്കാലത്തു മതസംബന്ധമായ സമാജങ്ങളിൽ സ്വാമികൾ പ്രസംഗംചെയ്യാറുണ്ടായിരുന്നു. ചെറുപ്പത്തിലെ ആത്മജ്ഞാനം സിദ്ധിച്ച സ്വാമികളുടെ പ്രസംഗങ്ങൾ അന്നും അദ്വൈതതത്വങ്ങളെ വെളിപ്പെടുത്തുന്നവയും വേദാന്തപരങ്ങളുമായിരുന്നു. തൽപ്രസംഗാവസരങ്ങളിൽ പലപ്പോഴും,

"മിന്നുംപൊന്നിൻകിരീടം, തരിവള, കടകം;
കാഞ്ചി, പൂഞ്ചേല, മാലാ,
ധന്യശ്രീവത്സ, സൽകൌസ്തുഭ, മിടകലരും
ചാരുദോരന്തരാളം,
ശംഖം, ചക്രം, ഗദാ, പങ്കജ, മിതിവിലസും
നാലുതൃക്കൈകളോടേ"

കാളിയഫണത്തിൽ കയറിനിന്നു് ഓടക്കുഴലൂതി നൃത്തം വയ്ക്കുന്ന ശ്യാമളകോമളനായ ബാലഗോപാലകൃഷ്ണനെ, സ്വാമികൾ പ്രത്യക്ഷിൽ കണ്ടിട്ടുണ്ടുപോൽ! അതു കേവലം സ്വപ്നമോ പ്രതീതിയോ ആയിരുന്നില്ലെന്നും ജാഗ്രദവസ്ഥയിൽ, തന്റെ മാംസചക്ഷുസ്സുകൊണ്ടു നോക്കിക്കണ്ടതാണെന്നും സ്വാമികൾ പ്രസ്താവിച്ചിട്ടുണ്ടു്. ആത്മവിദ്യാവിഹീനന്മാരായവൎക്കു് ഒരുപക്ഷേ ഇതിൽ അവിശ്വാസമോ അവഹേളനമോ തോന്നിയേക്കാം. അവരെ അനുകരിക്കുന്ന കപടയോഗികളും അനവധി ഉണ്ടായേക്കാം. എന്നാൽ അവരെ ആരെയും കുററപ്പെടുത്താവുന്നതല്ല; അങ്ങനെ ചെയ്യുന്നതുത

ന്നെ ഒരു വലിയ കുററമായിരിക്കും. ആ സാധുക്കളുണ്ടോ ഭക്തിപൂൎണ്ണതയുടെ മാഹാത്മ്യത്തെ അറിയുന്നു! സ്വാമികൾ അനന്തരകാലത്തിൽ, അത്യുൽകൃഷ്ടമായ തത്വജ്ഞാനം പരിപൂൎണ്ണമായി സിദ്ധിച്ചുകഴിഞ്ഞതിനുശേഷം ഏതത്സംഭവത്തെ സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തെ അറിയേണ്ടതാണല്ലോ. "ധ്യാനശുദ്ധീകരണാഭ്യാസത്തിൽ പ്രശസ്തമായ ഒരു പടിയാണിതു്. അക്കാലത്തു് എന്റെ ഹൃദയത്തിൽ പതിഞ്ഞു കിടന്നിരുന്ന ഉൽകൃഷ്ടഭാവനകൾ ഏകീകൃതമായി കാണപ്പെട്ടതാണു്; അല്ലാതെ മറെറാന്നുമല്ല" എന്നാണു സ്വാമികൾ പിൽക്കാലം പ്രസ്താവിച്ചിട്ടുള്ളതു്. കേവലം ഭക്തന്മാൎക്കു സിദ്ധിക്കുന്ന ദർശനാവസ്ഥയും ഇതുതന്നെ. ഭക്തന്മാരുടെ ഉദ്ദേശസിദ്ധിയാകട്ടെ, അവരുടെ മനോമയകോശത്തിൽ അടങ്ങിക്കിടക്കുന്ന ശക്തിയുടെ ഫലമാണു്.

സ്വാമികൾ ഇപ്രകാരം അത്യുൽകൃഷ്ടമായനിലയിൽ എത്തിയതിനുശേഷം, ഏകാന്തവാസത്തിൽ അഭിലാഷുവായി വനത്തിലേക്കുമററും ഗമിക്കുകയല്ല ചെയ്തതു്. ലോകത്തോടുള്ള കടപ്പാടിനെ ശരിക്കു നിർവ്വഹിക്കാൻ ആ പൂജ്യപുരുഷൻ മുന്നിട്ടു. സൎവ്വകലാശാലയിലെ ഉൽകൃഷ്ടബിരുദത്തെ പ്രശസ്തമായി സമ്പാദിച്ച പ്രഗത്ഭൻ, അദ്വിതീയനായ ഗണിതശാസ്ത്രപ്രവീണൻ, അജയ്യനായ താൎക്കികൻ, അത്യുൽകൃഷ്ടനായ കവി, പാരസികം ഹിന്ദി സംസ്കൃതം ഉർദ്ദു ഇംഗ്ലീഷ് ഇത്യാദിഭാഷകളിൽ തുല്യയോഗ്യതയുള്ള പണ്ഡിതവൎയ്യൻ, സൎവ്വകലാവല്ലഭൻ, ആത്മജ്ഞാനസമ്പന്നൻ, സൎവ്വം മിഥ്യയെന്നെണ്ണി സൎവ്വവും താനെന്നു ബോധിച്ചു തന്നെത്താൻ പ്രേമിച്ചു സൎവ്വവും പരിത്യജിച്ച പരമഹംസൻ, എന്നിനിലകളിലെല്ലാം വിശ്വവിഖ്യാതിയെ സമ്പാദിച്ച സ്വാമിരാമതീൎത്ഥൻ തന്റെ വിശ്വതോമുഖമായ ജ്ഞാനത്തെയും അനുഭവത്തെയും ലോകത്തിൽ എങ്ങും വിതരണംചെയ്യുന്നതിനായി ദേശാടനംചെയ്തു. അമേരിക്കയിലെ ഐക്യനാടുകളിലും യൂറോപ്പിന്റെ പലഭാഗങ്ങളിലും സഞ്ചരിച്ചു പല പ്രസംഗങ്ങളും നടത്തി. സ്വാമികൾ പ്രസംഗപീഠത്തിൽ കയറി, ഒരു വിദഗ്ദ്ധനായ പ്രാസംഗികന്റെനിലയിൽ, പ്രസ്പഷ്ടമായ ഭാഷയിൽ പ്രസംഗിച്ചു ശ്രോതാക്കളെ അത്യാഹ്ലാദചിത്തവൃത്തികളാക്കിച്ചെയ്തുകൊണ്ടു നിൽക്കവേ, പലപ്പോഴും പെട്ടെന്നു് ആദ്ധ്യാത്മികചിന്തയിൽ ലയിച്ചു തന്നെത്താൻ മറന്നു് നിശ്ചേഷ്ടനായി നിലകൊള്ളുംപോൾ! ചിലപ്പോൾ പ്രസംഗപീഠത്തിൽനിന്നും ഇറങ്ങി സ്വവസതിയെ അഭയംപ്രാപിക്കാറുമുണ്ടു്. ഏതാദൃശമായ ചെയ്തനയിൽ ചിലൎക്കു് അവഹേളനം ഉദിച്ചാലും മററു ചിലൎക്കു—അദ്വൈതശാസ്ത്രജ്ഞന്മാൎക്കു്—പൂർവ്വാധികം ബഹുമാനമാണുണ്ടാവുക.

സ്വാമികൾ, സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം, അതതു സ്ഥലത്തെ ജനസമുദായത്തിന്റെ ബഹുമാനത്തിനും ഭക്ത്യാദരങ്ങൾക്കും സവിശേഷം പാത്രീഭവിച്ചു. ആരെയും വശീകരിക്കാൻ ശക്തിയുള്ള സ്വാമികളുടെ മന്ദഹാസാന്വിതമായ മധുരോക്തികൾ അതിലേക്കു പര്യാപ്തങ്ങളല്ലെന്നു വരുമോ? "സ്വാമികളുടെ മനോഹരമായ ചിരിയുടെ മഞ്ജുളനാദം ഇന്നും ഞങ്ങളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു" എന്നാണു് ജപ്പാൻ രാജ്യനിവാസികൾ ഇപ്പോഴും പ്രസ്താവിക്കുന്നതു്. അമേരിക്കയിലെ ഒരു കോടീശ്വരൻ, "ആരാലും ജയിക്കപ്പെടാൻവയ്യാത്ത വല്ലാത്ത ഒരു ശക്തി സ്വാമികളുടെ ഇളംപുഞ്ചിരിയിൽ അന്തർഭവിച്ചിരിക്കുന്നു" എന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഈജിപ്റ്റിൽ, സ്വാമികൾ, ഒരു മുഹമ്മദീയപള്ളിയിൽവെച്ചു് പാരസീകഭാഷയിൽ ഒരു പ്രസംഗം ചെയ്തുള്ളു; പിന്നീടു പുറപ്പെട്ട മുസ്ലീംപത്രങ്ങൾ സ്വാമികളെ വളരെ വളരെപ്പുകഴ്ത്തുകയും, "ഒരു ഹൈന്ദവമഹാനായ സ്വാമി രാമതീർത്ഥനെ ഒരു നോക്കുകാണ്മാൻ സാധിക്കുന്നതുതന്നെ വലിയ അനുഗ്രഹമാണെന്നു് ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ചെയ്തു. ഇപ്രകാരം ഹിന്ദുക്കൾക്കു് അലഭ്യമായ ഈജിപ്റ്റിലെ മുസ്ലീംസമുദായത്തിന്റെ പ്രശംസയ്ക്കുപോലും പാത്രീഭവിച്ചു്, സർവ്വലോകവന്ദ്യനായി മടങ്ങിയെത്തിയ സ്വാമി രാമതീർത്ഥന്റെ അന്യാദൃശഗുണമഹിമാവു് അവർണ്ണനീയമാണെന്നു മാത്രം ചുരുക്കിപ്പറയാം. മറ്റൊക്കെ ആ പുണ്യചരിത്രത്തിന്റെ പ്രസംഗപരമ്പരയിൽ നിന്നും ഗ്രഹിക്കാവുന്നതാണു്. പ്രസവദിവസം തൊട്ടെണ്ണിയാൽ മുപ്പത്തുകൊല്ലം തികയുന്നില്ലാത്ത യൌവനപ്രായത്തിൽ തന്നെ, തന്റെ അനശ്വരമായ യശസ്ശരീരത്തെ എന്നെന്നേക്കുമായി ലോകത്തിൽ നിക്ഷേപിച്ചിട്ടു്, പരമയോഗ്യനായ സ്വാമി രാമതീർത്ഥൻ പരമസമാധി അടഞ്ഞു. ആ പുണ്യപുരുഷന്റെ പ്രസംഗക്കടൽവെള്ളത്തിൽ മുങ്ങിത്തപ്പി സുലഭമായി ലഭിക്കപ്പെടുന്ന ദിവ്യോപദേശരത്നങ്ങളെ ഉൾക്കൊണ്ടണിയുകയത്രേ, നമ്മുടെ കർത്തവ്യം. ആ മഹാന്റെ ഉദ്ദേശ്യവും അതല്ലാതെ മറ്റൊന്നുമായിരുന്നില്ല.

ഓം! ശാന്തിഃ ശാന്തിഃ ശാന്തിഃ

# സ്വാമി രാമതീർത്ഥൻ.

---

### പുസ്തകം രണ്ടു്.

## പ്രസംഗങ്ങൾ.

### ഒന്നാം ഭാഗം.

## ൧—ആത്മാനുഭൂതിക്കുള്ള മാർഗ്ഗം.

(ഉൽകൃഷ്ടമായ ആത്മാനുഭൂതിയാകുന്ന അദ്വൈതനിലയെ പ്രാപിച്ച മഹാനാണ്, സ്വാമി രാമതീർത്ഥൻ എന്നുള്ളതിനെ ആദ്യം വെളിപ്പെടുത്തിയതിനുശേഷം, ആ നിലയ്ക്കു് ഉടവുതട്ടാത്ത വിധം രാജ്യഭക്തനായി വിളങ്ങിയതെങ്ങനെയെന്നും ആ രണ്ടുനിലയ്ക്കും കേടുസംഭവിക്കാത്തവിധം ലോകജീവികളെ പ്രേമിച്ചതെങ്ങനെയെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആദ്യമായി വേദാന്തതത്വത്തെ, സ്വാമികൾ ഉദ്ബോധിപ്പിക്കുന്ന വിധത്തെ വെളിപ്പെടുത്താം. അദ്വൈതവേദാന്തനിലയെ വെള്ളിപ്പെടുത്തുന്ന ചില ഉപന്യാസങ്ങൾ സ്വാമികളുടെ വാക്കുകളിൽതന്നെ രേഖപ്പെടുത്തട്ടെ; ആദ്യം 'ആത്മാനുഭൂതിക്കുള്ള മാഗ്ഗ'ത്തെ സ്വാമികൾ ഉദ്ബോധനം ചെയ്യുന്നു. പ്രസ്തുത പ്രസംഗത്തിലെ ഓരോ വാക്കുകളും ഓരോ വാക്യങ്ങളും—ആത്മതത്വത്തെ വെളിപ്പെടുത്തുന്ന ഓരോ ശബ്ദങ്ങളും—മനസ്സിൽ ഗ്രഹിച്ചു വീണ്ടും വീണ്ടും മനനംചെയ്തു്, അവയുടെ അർത്ഥത്തെ വഴിപോലെ പാഠമാക്കി, മനസ്സിനെ ആത്മാവിൽ ലയിപ്പിക്കണമെന്നു് സ്വാമികൾ അനുശാസിക്കുന്നു. ഓങ്കാരത്തെ ധ്യാനം ചെയ്യുമ്പോൾ, പ്രാരംഭകന്മാർ, തങ്ങളുടെ ശക്തിയെ സൂര്യമണ്ഡലത്തിലേക്കു ചെലുത്തണമെന്നു് ഉപദേശിക്കുന്നു.)

വേദാന്തധ്യാനത്തിൽ മനസ്സിൽ ഗ്രഹിക്കേണ്ട ഒരു വിഷയം—ഭാവിക്കേണ്ട വിഷയം—നമ്മുടെ വാസ്തവാത്മാവു് ജ്യോതിസ്സുകളെ ജ്വലിപ്പിക്കുന്ന ജ്യോതിസ്സെന്നും, സൂര്യന്മാരുടെ എല്ലാം സൂര്യനെന്നും ഉള്ള തത്വബോധം ആകുന്നു. നിന്നെ ഈ നിലയിൽ നിർത്തിക്കൊൾക! ശരീരമാണു താൻ എന്ന ഭാവനയ്ക്കും മുകളിലായി, മനസ്സാണു താൻ എന്നുള്ള ഭാവനയ്ക്കും മുകളിലായി നിലയുറപ്പിച്ചുകൊണ്ടു്, മയക്കത്തിലും മായയിലും നി-

ൻ നിന്നെ വേർപെടുത്തി, ജ്യോതിസ്സുകളെ ജ്വലിപ്പിക്കുന്ന ജ്യോതിസ്സും സൂര്യന്മാരെ പ്രകാശിപ്പിക്കുന്ന സൂര്യനും നീതന്നെ ആകുന്നു എന്നുള്ള ബോധത്തെ സമ്പാദിപ്പാൻ യത്നിക്കുക! അപ്പോൾ ലോകം മുഴുവൻ നിന്റെ സന്നിധിയിൽ സ്വപ്നതുല്യം മാറിക്കൊണ്ടിരിക്കുന്നതു നീ കാണും. മേഘപടലംപോലെ ഇളകി നീങ്ങും. സകലതും നിന്റെ മുമ്പിൽ അടിഞ്ഞു വീണുകിടക്കും.

അസൌകര്യമൊന്നുമില്ലെങ്കിൽ, അതിരാവിലേ എഴുന്നേൽക്കുക! സൂര്യൻ ഉയൎന്നുവരുമ്പോൾ, പ്രകൃതിയിൽ കുറഞ്ഞൊന്നു ഉയൎന്നുവണ്ണം നിൽക്കുമ്പോൾ, നീ അതിനെ നോക്കുക! തേജോമയമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന ആ തോന്നൽ മനസ്സിനെ ഉത്സാഹിപ്പിക്കും; അല്പമൊന്നു് ഉണൎത്തിച്ചെയ്യും. അല്പമാത്രം മനസ്സിനെ ഒന്നുണൎത്തിക്കൊണ്ടാൽ, ഒന്നു് ഉയൎത്തിവിട്ടാൽ പിന്നെ നിനക്കു് ഇഷ്ടംപോലെ ഉയൎത്തുന്നതിനു ലഘുവായി സാധിക്കും. പൎവ്വതശിഖരങ്ങളിലുള്ള ഉന്നതസ്ഥാനങ്ങളിലേക്കും ഉയൎത്തിക്കളയാം.

ഭാരതീയബാലന്മാരുടെ ഇടയിൽ ഒരു കളി നടപ്പുണ്ടു്. രണ്ടുമൂന്നംഗുലംമാത്രം നീളമുള്ള ഒരു മരക്കഷണവും ഏതാണ്ടു രണ്ടുമുഴം നീളമുള്ള ഒരു കുറുവടിയുമാണു് ആ കളിയുടെ സാമഗ്രികൾ. ആദ്യംപറഞ്ഞതിന്റെ മദ്ധ്യഭാഗം തടിച്ചുരുണ്ടും അഗ്രങ്ങൾ കൂൎത്തുമിരിക്കും. താഴത്തിട്ടാൽ അററം രണ്ടും നിലത്തുതൊടാതെ ഉയൎന്നുനില്ക്കും. ആ കിടപ്പിൽ രണ്ടാമതുപറഞ്ഞ വടികൊണ്ടു്, ഒരററത്തു് ഒന്നുതട്ടിയാൽ അതു പെട്ടെന്നു മേല്പോട്ടു് ഉല്പതിക്കും. അങ്ങനെ ഉയൎന്നുവരുന്ന ആ സാധനത്തെ, നിലത്തുവീഴുന്നതിനുമുമ്പു കൈയിലുള്ള കുറുവടികൊണ്ടു കണക്കിനു് ഒരടികൊടുത്താൽ അതു വളരെ ദൂരത്തിൽ ആകാശത്തിൽ പായുന്നു. ഈ കളിയിൽ രണ്ടു ജോലിയാണുള്ളതു്. നിലത്തുകിടക്കുന്ന ആ സാധനത്തെ, ആദ്യം പതുക്കെ ഒന്നുതട്ടി ഉയൎത്തണം; രണ്ടാമതു് ആകാശത്തിൽ പായത്തക്കവണ്ണം ചെയ്യണം. മനസ്സു് ഈശ്വരാനുഗ്രഹം സമ്പാദിക്കണമെങ്കിൽ ആദ്യം അതിനെ ഒന്നു തട്ടി ഉണൎത്തണം; അനന്തരം ആത്മപരിശീലനമാകുന്ന ആകാശത്തിൽ അതിദൂരം പറക്കത്തക്കവണ്ണം ചെയ്യണം.

ഉത്സാഹജനകമായ ശുദ്ധവായു, നയനാനന്ദകരമായ ഭൂഭാഗങ്ങൾ, മനോഹരങ്ങളായ മറവുകാഴ്ചകൾ, എന്നിവ മനസ്സിനെ ആദ്യമായി ഉയൎത്തുന്നതിനു വളരെ സഹായിക്കുന്നതാണു്. ആരംഭത്തിൽ മനസ്സിനെ ഉത്സാഹപ്പെടുത്താനും അവ സഹായിക്കുന്നു. ഉത്സാഹപ്പെടുത്തി മേല്പോട്ടുയൎത്തുന്നു. പിന്നീടു മനസ്സിനെ മേല്പോട്ടുമേല്പോട്ടു് ഉയൎത്തിക്കൊണ്ടുപോകാൻ നമുക്കു കഴിയും. അങ്ങനെ മേല്പോട്ടുമേല്പോട്ടു പോകുന്തോറും ശരീരസ്മരണയററു് ആത്മാവല്ലാതെ,

ദൈവമല്ലാതെ, മറെറാന്നുമില്ലെന്നു ബോധിക്കാൻ കഴിയും. ഇതിലേക്കു പ്രാരംഭസഹായമായി ആദ്യം മനസ്സിനെ ഉണൎത്തിവിടുന്നതിന്ന്, ആദ്യമായി മനസ്സിൽ ഉത്സാഹശക്തിയുദിക്കുന്നതിന്ന്, പൎയ്യാപ്തമായ സ്ഥലകാലങ്ങളെ സ്വീകരിക്കണം. പ്രഭാതസമയം, പക്ഷികളുടെ ഗാനം, മനോമോദകരമായവായു, ഉദയദിക്സീമകളിൽ വിളയാടി വിളങ്ങുന്ന വിവിധവൎണ്ണങ്ങൾ എന്നിവ മനസ്സിന്ന് ആവശ്യകമായ ആദ്യത്തെ ഉണൎത്തലിനു പൎയ്യാപ്തങ്ങളാണ്. അതിനുശേഷം മനസ്സിനെ ദൈവികലോകങ്ങളിലേക്ക് ഉൽപതിപ്പിക്കാൻ കഴിയുന്നതെങ്ങനെ? വിദൂരോപരിസ്ഥമായ ദൈവികപീഠത്തെ എത്തിപ്പിടിക്കുമാറ് ഉയരുന്നതിന്ന് ആത്മാവിനു സാധിക്കുന്നതെങ്ങനെ?

ഉദയാക്കുന്നും അസ്തമയാക്കുന്നും അൎദ്ധനിമീലിതമായ നമ്മുടെ നയനങ്ങൾക്കു ലക്ഷീഭവിക്കുമ്പോൾ, നാം ഓങ്കാരമന്ത്രത്തെ ജപിക്കുന്നു. മനസ്സിന്റെ ഉണൎച്ചയ്ക്കായിട്ടത്രേ അപ്രകാരം ജപിക്കുന്നത്. മനുഷ്യരുടെ മനഃസ്ഥിതിക്കുതക്കപോലെ, ഓങ്കാരത്തിന്റെ അൎത്ഥവും വ്യത്യാസപ്പെടുന്നു. താന്താങ്ങളുടെ ആത്മസംസ്കാരത്തിന്ന് അനുസരിച്ചു യുക്തമെന്നുതോന്നുന്ന അൎത്ഥത്തെ കല്പിച്ചുകൊള്ളാം. ചിലർ ഈ മന്ത്രത്തെ സൂൎയ്യന്മാരുടെ സൂൎയ്യനാണെന്നു കല്പിച്ചു ജപിച്ചുകൊണ്ട്, പ്രഭാതസൂൎയ്യമണ്ഡലത്തെ വീക്ഷിക്കുന്നു. സ്ത്രീകൾ കണ്ണാടിനോക്കുന്നതുപോലെയത്രേ ഇവർ സൂൎയ്യമണ്ഡലത്തെ നോക്കുന്നതു; ഇന്ത്യയിൽ സ്ത്രീകൾ തങ്ങളുടെ കൈവിരലുകൾക്കിടയിൽ കണ്ണാടിയെ വയ്ക്കുന്നുണ്ട്. സ്വൎണ്ണംപൂശിയ ചട്ടത്തിൽ കണ്ണാടി പതിപ്പിക്കപ്പെട്ടിരിക്കും. കണ്ണാടിക്കകത്തു നോക്കുമ്പോൾ തന്റെ മുഖത്തെത്തന്നെ, വെളിയിൽ ഇരിക്കുന്നതായി കാണുന്നു. എന്നാൽ അതു താൻതന്നെയാണെന്ന് അവൾക്കു നല്ല ബോധമുണ്ട്. അതേപ്രകാരത്തിൽ വേദാന്തിയും സൂൎയ്യനെ നോക്കുന്നു. അകലെ സ്ഥിതിചെയ്യുന്നതായി കാണുന്നുണ്ടെങ്കിലും അനുഭവത്താൽ യഥാൎത്ഥസൂൎയ്യൻ തന്റെ ആത്മാവുതന്നെയാണെന്നു ബോധിക്കുന്നു. അകലെക്കാണുന്ന ആജ്ഞധാതത്വാത്മകനായ സൂൎയ്യൻ തന്റെ രൂപമാണ്, ഛായമാത്രമാണ്, നിഴലല്ലാതെ വേറൊന്നുമല്ല എന്നറിയുന്നു.

ഇതിനെ ഒന്നുകൂടി വെളിപ്പെടുത്താം. ചന്ദ്രനും സൂൎയ്യനുംതമ്മിൽ എന്തൊരു സംബന്ധമുണ്ടോ ആ സംബന്ധമാണു തനിക്കും സൂൎയ്യനുമുള്ളതെന്നു വേദാന്തി അറിയുന്നു. ചന്ദ്രൻ സ്വയംപ്രകാശിക്കുന്നതായി തോന്നുന്നുവെങ്കിലും, ശാസ്ത്രസിദ്ധാന്തം അനുസരിച്ചു നോക്കിയാൽ ചന്ദ്രന്റെ പ്രകാശം മുഴുവൻ സൂൎയ്യനിൽനിന്നും സ്വീകരിക്കപ്പെട്ടതാണെന്നു ബോധിക്കാം. അതേപ്രകാരത്തിലാണു വേദാന്തിയുടെ അനുഭവവും. സൂൎയ്യൻ സ്വയമായി പ്രശസ്തമാംവ

ണ്ണും രശ്മിവീശി പ്രകാശിക്കുന്നതുപോലെ തോന്നുന്നുണ്ടെങ്കിലും, ആ രശ്മി മുഴുവൻ തന്റെ ആത്മാവിൽനിന്നും സ്വീകരിച്ചതാണെന്നും അതിന്റെ പ്രതാപവും പ്രശസ്തിയും തന്റെ സ്വന്തമാണെന്നും വേദാന്തി അറിയുന്നു. ഭൂമി കറങ്ങിക്കൊണ്ടിരിക്കുമ്പോൾ സൂര്യൻ കറങ്ങുന്നതുപോലെ തോന്നുന്നു. വ്യോമശാസ്ത്രപരിശീലനത്തിനു ശേഷം, ഭൂമിതന്നെ സൂര്യനെ ചുററുന്നു എന്നു ഗ്രഹിച്ചുകൊള്ളുന്നു. അപ്പോൾ നമ്മെ കബളിപ്പിക്കാൻ കഴിയുന്നില്ല. വാസ്തവത്തിൽ സൂര്യൻ കറങ്ങുന്നില്ലെന്നും ഭൂമിയുടെ ചംക്രമണം സൂര്യനിൽ ആരോപിക്കയാണെന്നും ദൃഢമായി ബോധിക്കുന്നു. അതുപോലെ വേദാന്തിയും ഉദയാദിത്യമണ്ഡലത്തെ വീക്ഷിക്കുമ്പോൾ പ്രതാപവും മാഹാത്മ്യവും ശക്തിയും ആ മഹത്തായ സൂര്യനിൽ അടങ്ങിയിരിക്കുന്നതായി തോന്നിയാലും അവ സൂര്യന്റെ സ്വന്തമാണെന്നുപറയുന്നതു തെററാണെന്നറിയുന്നു. “പരമാർത്ഥത്തിൽ അവ എന്റെ സ്വന്തമാണ്; എനിക്കുള്ള ഗുണങ്ങളാണ്: എന്റേതാണെന്നുള്ളതിൽ സംശയമില്ല; നിശ്ചയം, നിശ്ചയം; തികച്ചും നിശ്ചയം.” എന്ന് അവൻ ഉദ്ബോധിക്കുന്നു.

ജഡതത്വാത്മകമായ സൃഷ്ടിയിൽ, ഈ ലോകത്തിൽ, പ്രകാശത്തെക്കുറിക്കുന്നതു സൂര്യനാണ്. അതായതു് അറിവ്, അല്ലെങ്കിൽ ജ്ഞാനം, ശക്തി അതിനെ വെളിപ്പെടുത്തിക്കൊണ്ടു ശക്തിക്കടയാളമായിനില്ക്കുന്നതു സൂര്യനാണ്. എല്ലാഗ്രഹങ്ങളും സൂര്യനെച്ചുററുന്നു. (സൂര്യനെ മദ്ധ്യത്തിൽ നിർത്തിക്കൊണ്ട്, മററുഗ്രഹങ്ങൾ ചുററിക്കറങ്ങിക്കൊണ്ടിരിക്കയാണ്.) സ്ഥിരസ്ഥിതിത്വത്തിന് അടയാളമാണു സൂര്യൻ. ജീവനും സൂര്യൻതന്നെ. സകലജീവനും സൂര്യനെക്കൊണ്ടു നിലനിൽക്കുന്നു. അഴകിന് അടയാളമായി നിൽക്കുന്നതും ആ മഹാതേജസ്സുതന്നെ. സൂര്യൻ ഭൂമിയെയും മററുള്ള ഓരോന്നിനെയും തന്നിലേക്ക് ആകർഷിക്കുന്നില്ലേ? എന്തൊരു “പള പളാ”യമാനമായ പ്രകാശം! ചുരുക്കിപ്പറഞ്ഞാൽ അറിവ്, പ്രകാശം, ജീവിതം, ശക്തി, സ്ഥിതി, സൌന്ദര്യം, ആകർഷണം എന്നിവയ്ക്ക് ആശ്രയമായി നിൽക്കുന്നതു സൂര്യനാണ്. ഈ ഗുണങ്ങളെല്ലാം തന്നിൽതന്നെ ഉള്ളതാണെന്ന്, തന്റെ സ്വന്തമാണെന്ന്, വേദാന്തി അനുഭവിച്ചുകൊള്ളുന്നു. വേദാന്തിക്ക് ഇവയെല്ലാം തന്നിൽ വിളങ്ങുന്നതായി തോന്നും. അവ താൻതന്നെയാണെന്ന് അറിയും. “ഞാൻതന്നെ അവ; അവ എന്റെ ഗുണങ്ങളല്ല; അവ ഞാൻതന്നെ. ഈ ഗുണങ്ങൾ, ശക്തി, പ്രകാശം മുതലായവ, പുറമേയുള്ളതാണെന്നു തോന്നിയാലും, ആ തോന്നൽ സൌന്ദര്യവതികളായ സ്ത്രീകൾക്കു തങ്ങളുടെ മുഖം കണ്ണാടിയിൽ നോക്കുമ്പോൾ പ്രത്യക്ഷം തോന്നുന്ന-

തുപോലെയല്ലാതെ മറെറാന്നുമല്ല. വാസ്തവത്തിൽ ഞാൻതന്നെയാണ് പ്രകാശമായും ജീവനായും അറിവായും ശക്തിയായും ആകർഷണമായും മററുള്ളവയായും വർത്തിക്കുന്നതു്" എന്നു വേദാന്തി ഉദ്ബോധിക്കും.

ഇപ്രകാരമുള്ള അനുഭവം സിദ്ധിക്കുന്നതിനു്, മായയിൽ നിന്നും വേർപെട്ട പരമാർത്ഥമായ ആത്മജ്ഞാനനിലയിൽ എത്തുന്നതിന്, ആരംഭത്തിൽ ഉദ്യമിക്കുന്നവനു്, ഓം എന്ന മന്ത്രം വലുതായ സഹായത്തെച്ചെയ്യും. ഓം എന്നുച്ചരിക്കുമ്പോൾ ഒരു വേദാന്തിയുടെ അർത്ഥഗ്രഹണമാവിതു്.—"പ്രകാശങ്ങൾക്കെല്ലാം പ്രകാശം ഞാനാകുന്നു; ഞാനാണു സൂര്യൻ; യഥാർത്ഥസൂര്യൻ ഞാൻതന്നെ. വെളിയിൽ കാണപ്പെടുന്ന സൂര്യൻ എന്റെ പ്രതിബിംബമാണു്. ഞാൻ തന്നെ സൂര്യൻ; എന്റെ മുമ്പിൽ സകല ഗ്രഹങ്ങളും സകലശരീരങ്ങളും ചുററിക്കൊണ്ടിരിക്കുന്നു. എനിക്കായിട്ടു മാത്രമാണു് എല്ലാഗ്രഹങ്ങളും—മനുഷ്യശരീരങ്ങളുൾപ്പെടെ—സകല ചലനങ്ങളെയും നിർവ്വഹിക്കുന്നതു്. സകലതും എനിക്കുവേണ്ടിത്തന്നെ നടന്നുകൊണ്ടിരിക്കുന്നു. ഞാൻ നിശ്ചലൻ, നിത്യൻ, ഇന്നലെയും ഇന്നും ഇനിമേലും ഒരേനിലയിൽ വർത്തിക്കുന്നവൻ, എന്റെ സന്നിധിയിൽ ലോകം മുഴുവൻ വിവൃതമായിരിക്കുന്നു. ചംക്രമണം ചെയ്തുചെയ്തുകൊണ്ടു് അവയുടെ എല്ലാഭാഗങ്ങളും എന്റെ മുമ്പിൽ വെളിപ്പെടുത്തുന്നു. ജഗത്തിലുള്ളവയെ എല്ലാം എനിക്കു വെളിപ്പെടുത്തിത്തരുന്നു. ഭൂമിയും സ്വയം ചംക്രമണം ചെയ്തുകൊണ്ടു തന്റെ രൂപം മുഴുവൻ എനിക്കു വെളിപ്പെടുത്തിത്തരുന്നു. ജഗത്തിൽ സംഭവിക്കുന്നതെല്ലാം എനിക്കായിട്ടത്രേ. സൂര്യൻ കിരണങ്ങളെ വീശുന്നതും എനിക്കായിട്ടാകുന്നു. ചന്ദ്രനും എന്റെ മുമ്പിൽ എനിക്കായിട്ടു പ്രകാശിക്കുന്നു. എന്റെ ആജ്ഞയെ അംഗീകരിച്ചുകൊണ്ടു്, എന്റെ സാന്നിദ്ധ്യമാത്രത്താൽത്തന്നെ ഈ ലോകത്തിലുള്ള സകല ചേഷ്ടകളും സംഭവിക്കുന്നു. സൂര്യൻ ഉണ്ടാകകൊണ്ടുതന്നെ വൃക്ഷങ്ങൾ വളരുന്നു. മൃഗങ്ങളുടെ ജീവിതവും പരിവർത്തിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യരുടെ അറിവിനു കാരണവും സൂര്യന്റെ സാന്നിദ്ധ്യംതന്നെ. അതുപോലെ ഞാൻ ഉള്ളതുകൊണ്ടാണു് സകലതും ഉണ്ടാകുന്നതു്; എന്റെ വർത്തനംകൊണ്ടു്—വാസ്തവാത്മാവു് അഥവാ ദൈവം ഉള്ളതുകൊണ്ടു്—ഈ ലോകത്തിൽ ഏതൊന്നും സംഭവിക്കുന്നു. ഈ ശരീരങ്ങളെല്ലാം—ആകാശത്തിൽസഞ്ചരിക്കുന്ന ഗ്രഹങ്ങൾ, മനുഷ്യശരീരങ്ങൾ, സർവ്വവിധമായ വസ്തുക്കൾ, പ്രാണികൾ, അവയുടെ ശക്തികൾ, ദൈവങ്ങൾ എന്നുവേണ്ടാ സകലതും—എന്നിൽ (ആത്മാവിൽ) തന്നെ സ്ഥിതിചെയ്യുന്നു. അവ എന്നിൽ വസിക്കുന്നു. ഞാൻതന്നെ സൂര്യന്മാർക്കെ

ല്ലാം സൂര്യൻ; പ്രകാശങ്ങൾക്കെല്ലാം പ്രകാശവും. അവ എന്നിൽ തന്നെ സ്ഥിതിചെയ്യുന്നു.

സ്വപ്നാവസ്ഥയിൽ നാം ഒരു വസ്തുവിനെ കാണുന്നതു വിളക്കിന്റെ പ്രകാശത്താലല്ല; ചന്ദ്രന്റെ നിലാവും അവിടെയില്ല; സൂര്യന്റെ പ്രകാശവും അവിടെ സംഭവിക്കുന്നില്ല എന്നിരുന്നിട്ടും നാം കാണുന്നു. വെളിച്ചമില്ലാതെ ഏതൊന്നും കാണാൻ കഴിയുകയില്ലെന്നറിയാം. ഏതൊരു പ്രകാശംകൊണ്ടു കാണുന്നു? എന്റെ വാസ്തവാത്മാവിന്റെ പ്രകാശത്താൽത്തന്നെ; ആത്മപ്രകാശത്താൽത്തന്നെ. അതുതന്നെ എന്റെ സ്വന്തംപ്രകാശം. സ്വപ്നത്തിൽ ഏതൊന്നും വെളിപ്പെട്ടുമാറുചെയ്യുന്നതു് എന്റെ പ്രകാശകമാണു്. സ്വപ്നത്തിൽ ഒരു രത്നത്തെക്കണ്ടാലും അതും എന്റെ പ്രകാശത്താലത്രേ തിളങ്ങുന്നതു്. രത്നത്തിൽനിന്നുമുണ്ടാകുന്ന ഉജ്ജ്വലതായ പ്രകാശവും എന്റെ പ്രകാശസിന്ധുവിൽ തോന്നിക്കുന്ന ഒരു തിര മാത്രമായിരിക്കും. സ്വപ്നത്തിൽ കാണപ്പെടുന്ന ചന്ദ്രനും അതിന്റെ കിരണവും എന്റെ പ്രകാശത്തിൽനിന്നുമുണ്ടാകുന്ന തിരകൾ മാത്രമാണു്. സ്വപ്നത്തിൽ സൂര്യനെക്കണ്ടാലും അതും അതിന്റെ രശ്മിയും എന്റെ പ്രകാശത്തിൽനിന്നുമുണ്ടാകുന്ന കനത്ത തിരകളല്ലാതെ മറെറന്താണു? അതുപോലെതന്നെ ജാഗ്രദവസ്ഥയിലും സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ആദിയായ ഓരോന്നും എന്റെ പ്രകാശമാകുന്ന സമുദ്രത്തിൽ സംഭവിക്കുന്ന തിരകളാകുന്നു. ജ്യോതിസ്സുകളെ പ്രകാശിപ്പിക്കുന്ന ജ്യോതിസ്സത്രെ ഞാൻ. ലോകത്തെത്തന്നെ പ്രകാശിപ്പിക്കുന്ന ദീപമാണു ഞാൻ. സൂര്യന്മാരും നക്ഷത്രങ്ങളും ദൈവങ്ങളും എന്റെ വർത്തിപ്പാകുന്ന മഹാസമുദ്രത്തിലുള്ള വൃത്തങ്ങളും ചുഴികളുമല്ലാതെ മറെറന്താണു? ഞാൻതന്നെ രാജാധിരാജൻ. ഈ ലോകത്തിൽ രാജാക്കന്മാരായി തോന്നിക്കുന്നതു ഞാനാണു്. പലപല ഉദ്യാനങ്ങളിൽ പുഷ്പങ്ങളായി തോന്നിക്കുന്നതു് ഞാനത്രേ. സുന്ദരികളുടെ മനോഹരമായ മുഖത്തു പുഞ്ചിരിയായി തോന്നിക്കുന്നതും ഞാൻതന്നെ. യുദ്ധവീരന്മാരുടെ മാംസങ്ങളിലും ഞാൻതന്നെ ദൃഢതയോടുകൂടിനിന്നു അവരെ പ്രവർത്തിപ്പിക്കുന്നു. സർവ്വവും എന്നാൽ സംഭവിക്കുന്നു.

ദുർവിചാരങ്ങളും ലൗകികാശകളും മായാശരീരത്തിനും മായാരൂപമായ മനസ്സിനുമുള്ളതാണു് എന്റെ സന്നിധിയിൽ അവയ്ക്കു നിൽക്കാൻ അവകാശമില്ല. ഞാൻ അദ്വിതീയവസ്തു; സർവ്വപ്രപഞ്ചങ്ങളും എല്ലാഭൂതങ്ങളും എന്നിൽ തങ്ങുന്നു. ഓരോ അണുക്കളിലും തുളഞ്ഞുകയറി ഞാൻ വസിക്കുന്നു. എന്നിൽ താണതെന്നും ഉയർന്നതെന്നുമുള്ള ഭേദമില്ല. ഞാൻ സർവ്വവ്യാപി. ഞാനത്രേ സകലകർമ്മങ്ങളേയും നടത്തുന്നവൻ. യേശുക്രിസ്തുവിൽ ഞാൻ തോന്നിച്ചു; മു

ഹമ്മദനിബിയിലും ഞാൻ വിളങ്ങി. പ്രഖ്യാതി സമ്പാദിച്ചവരിലെല്ലാം വൎത്തിക്കുന്നതു ഞാനാണ്. ഏററവും താണപടിയിലുള്ളവരിലും ഞാൻതന്നെ വൎത്തിക്കുന്നു. എല്ലാം ഞാൻതന്നെ. എന്നിൽനിന്ന് അന്യമായതില്ല. മിന്നൽപ്രകാശവും ഞാൻതന്നെ. ഇടിമുഴക്കവും ഞാനാകുന്നു. മാരുതൻ മുഖേന ഞാൻ 'ഹൂസ്' കാരശബ്ദത്തെ പുറപ്പെടുവിക്കുന്നു. സമുദ്രത്തിൽ തിരകളായി ഭവിക്കുന്നു. മിത്രങ്ങളെന്നും ശത്രുക്കളെന്നുമുള്ള വ്യത്യാസം എന്നിലില്ല. എങ്ങും വൎത്തിക്കുന്നവൻ ഞാൻതന്നെ. തോന്നിച്ചുമായുന്ന കീൎത്തിയും സൌഭാഗ്യങ്ങളും അവയെസ്സംബന്ധിച്ച വിചാരങ്ങളും പമ്പകടക്കട്ടെ! ശരീരത്തെ സംബന്ധിച്ചതു് ഏതൊന്നായാലും അതു് എന്നെസംബന്ധിക്കുന്നതല്ല. എല്ലാശരീരങ്ങളും എന്റേതത്രേ.

ഉള്ളതു് ഒന്നുമാത്രം, മററൊക്കെ മിഥ്യയാകുന്നു. ആ ഒന്നു് ഞാൻതന്നെ. സൎവ്വജ്ഞൻ, സൎവ്വശക്തൻ, സൎവ്വവ്യാപി, ഏതൊന്നിനാലും സംബന്ധിക്കപ്പെടാൻ കഴിയാത്തതാണതു്. ഞാൻ സ്വതന്ത്രൻ, പരിശുദ്ധൻ. പാപം എന്നതിന് എന്നിൽ സംബന്ധമില്ല.

---

## ൨. ഓങ്കാരധ്വനി.

ഓം എന്ന മഹാമന്ത്രത്തിന്റെ മഹത്വത്തെ പുരസ്കരിച്ചു പലേ പ്രബന്ധങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്; രചിക്കപ്പെടുന്നുമുണ്ട്. വാസ്തവത്തിൽ എല്ലാ വേദങ്ങളും വേദാന്തങ്ങളും ശാസ്ത്രങ്ങളും ഹിന്തുക്കളെ സംബന്ധിച്ചിടത്തോളം ഓങ്കാരദ്ധ്വനിയിൽ അന്തൎഭവിക്കുന്നു. ഇന്ത്യയിൽ പല മതങ്ങളുണ്ടെങ്കിലും, എല്ലാമതങ്ങളും ഓം എന്ന മഹാമന്ത്രത്തെ മനഃപൂൎവ്വം അംഗീകരിക്കുന്നു. ഹീബ്രുജാതിക്കാരും മുഹമ്മദീയരും ക്രിസ്ത്യാനികൾപോലും പ്രാൎത്ഥനയുടെ അവസാനത്തിൽ "ആമൻ" എന്നുച്ചരിക്കുന്നു. എന്നാൽ മുഹമ്മദീയർ മാത്രം ആമൻ എന്നതിനു പകരം "ആമീൻ" എന്നാണ് ഉച്ചരിക്കുന്നതു്. നിങ്ങളുടെ (അമേരിക്കയിൽ വച്ചുള്ള പ്രസംഗമാണിതു്) പ്രതിദിനപ്രാൎത്ഥനയിലേ "ആമൻ" പദത്തിനു് എന്തൎത്ഥമാണ്? വാക്കുകൾ അവസാനിക്കുന്നടത്തു്, പ്രാൎത്ഥനകൾ തീരുന്നിടത്തു്, ആ പദം ഉച്ചരിക്കപ്പെടുന്നു. അതായതു്, ആത്മാവു ദൈവപ്രഭാവത്തിൽ ലയിക്കുന്നിടത്തു് ഉച്ചരിക്കപ്പെടുന്നു. നിന്റെ ഹൃദയവും വിചാരവും ഈശ്വരഭാവത്തിൽ ലയിക്കുന്ന നിമിഷത്തോളം വാക്കുകൾ പുറപ്പെടുന്നു; തദനന്തരം വാക്കുകളെക്കൊണ്ടു വെളിപ്പെടുത്താൻ കഴിവില്ലാത്ത നിലയിൽ എത്തുമ്പോൾ, അവിടെ 'ആമൻ' മുഴങ്ങുന്നു. ആ 'ആമൻ' 'ഓം' അല്ലാതെ മററൊന്നുമല്ല. ഈശ്വരപ്രാൎത്ഥ

ന്നകളിലെല്ലാം 'ആമെൻ' അല്ലെങ്കിൽ 'ആമീൻ' വേദാന്തത്തിന്റെ വാസ്തവാർത്ഥത്തെത്തന്നെ നൽകുന്നു; അതായത് 'വാക്കുകൾ അവസാനിക്കുന്നിടം' വേദാന്തസാരഭൂതമായ 'ഓം' എന്നതാണെന്ന് ഏറക്കുറെ ഉദ്ബോധിപ്പിക്കുന്നു.

വേദാന്തം എന്ന വാക്കിന്റെ ശരിയായഅത്ഥം, അറിവിന്റെ അവസാനം അല്ലെങ്കിൽ അറിവിന്റെ പൂർത്തി എന്നാണ്. അതായത്, വാക്കുകളെല്ലാം, വിചാരങ്ങളെല്ലാം അവസാനിക്കുന്നിടം. ഹിന്തുക്കളെസ്സംബന്ധിച്ചിടത്തോളം വേദാന്തം മുഴുവനും 'ഓം' എന്ന മന്ത്രത്തിൽ അടങ്ങുന്നു. വേദങ്ങളിൽ പ്രസ്തുതവിശിഷ്ടാക്ഷരത്തെ ഏതൊരർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു എന്ന് നിങ്ങൾക്കിവിടെ വെളിപ്പെടുന്നതാണ്. ഓം=അ+ഉ+മ്.

തന്ത്രഗ്രന്ഥങ്ങൾ ഓങ്കാരത്തിനു സ്വന്തം അർത്ഥത്തെ കല്പിക്കുന്നു. ശൈവന്മാർ അതിനെ വേറെ വിധത്തിൽ വ്യാഖ്യാനിക്കുന്നു. വൈഷ്ണവന്മാർ മറെറാരുപ്രകാരത്തിൽ വ്യാഖ്യാനം ചെയ്യുന്നു. ഹിന്തുമതത്തിലെ ഇതരശാഖാമതക്കാരും പ്രത്യേകം പ്രത്യേകം അത്ഥമാണ് അതിനു നൽകുന്നത്. ഇവിടെ വെളിപ്പെടുത്താൻ പോകുന്ന അർത്ഥം ആക്കും സ്വീകരിക്കാവുന്നതായിട്ടുള്ളതാണ്. വേദാന്തത്തിന്റെ അസ്ഥിഭാരമാകുന്ന അർത്ഥമായിരിക്കും അത്.

അകാരോകാരമകാരങ്ങളുടെ (അ, ഉ, മ് ഈ മൂന്നിന്റെയും) സമസ്തപദമാണ് "ഓം" എന്നു പറയപ്പെടുന്നത്. വേദാന്തപ്രകാരം, 'അ' എന്നയക്ഷരം ജഡാത്മകമെന്നു പറയപ്പെടുന്ന പ്രപഞ്ചത്തെക്കുറിക്കുന്നു; ജഡമായിത്തോന്നുന്ന ലോകം, ജഡസംബന്ധമായ ഇന്ദ്രിയങ്ങളാൽ അറിയപ്പെടുന്നലോകം എന്നർത്ഥമാണ്. ജാഗ്രത്തിൽ കാണപ്പെടുന്നതും സ്വപ്നത്തിൽ അനുഭവപ്പെടുന്നതും എല്ലാം ഉകാരത്താൽ കുറിക്കപ്പെടും. കാണുന്നവനും കാണപ്പെടുന്നതും അനുഭവിക്കുന്നവനും അനുഭവിക്കപ്പെടുന്നതും എന്നീ രണ്ടിനെയും ഉകാരധ്വനി വെളിപ്പെടുത്തുന്നു. മനോമയകോശം, ജീവികളുടെ ലോകം, സ്വഗ്ഗനരകങ്ങൾ മുതലായവയും ഉ എന്നയക്ഷരത്തിൽ അടങ്ങുന്നുണ്ട്. മകാരം ഇന്ദ്രിയങ്ങൾക്കു വിഷയീഭൂതങ്ങളല്ലാത്തവയെ കുറിക്കുന്നു; സുഷുപ്ത്യവസ്ഥയെക്കുറിക്കുന്നു. ജാഗ്രത്തിലും ഇന്ദ്രിയങ്ങൾക്ക് അവിഷയങ്ങളും ബുദ്ധിക്ക് എത്തപ്പെടാത്തവയുമായ സകലത്തെയും മകാരത്തിൽ അടക്കാം.

ഇപ്രകാരം ഓങ്കാരത്തിലടങ്ങിയിരിക്കുന്ന (അ-ഉ-മ്) ത്ര്യക്ഷരങ്ങൾ, മനുഷ്യന്റെ അവസ്ഥാത്രയങ്ങളിലെ അനുഭവങ്ങളെ അന്തർവഹിക്കുന്നു; ചലിച്ചുകൊണ്ടിരിക്കുന്ന ലോകങ്ങൾ മുഴുവൻ ഇതിൽ അന്തർഭവിക്കുന്നു. ഈ അക്ഷരത്രയത്തിൽ അമാത്രത (അചലാവ്യയഭാവം) അടങ്ങിയിരിക്കുന്നു. അതായത്, അവ്യയവും നിശ്ചലവു

മായ വസ്തുത്വം, അഥവാ, അവസ്ഥാത്രയത്തിൽ വ്യാപിച്ചിരിക്കുന്ന സത്താമാത്രമാണെന്ന്. ഇങ്ങനെ ഓങ്കാരം, എല്ലാംചേൎന്ന ഒന്നാണെന്നു സിദ്ധിക്കുന്നു.

യൂറോപ്പ്, അമേരിക്ക മുതലായ രാജ്യങ്ങളിലെ തത്വങ്ങൾ എല്ലാം ജാഗ്രദവസ്ഥയിലുള്ള അനുഭവത്തെമാത്രം ആധാരമാക്കിയവയാണ്. സുഷുപ്തിയിലെയും സ്വപ്നത്തിലെയും അനുഭവങ്ങളെ അവ, ഗണിച്ചിട്ടേ ഇല്ല. അതുകൊണ്ടു്, ഒരു ഹിന്ദു അതിനെപ്പററി പറയുന്നതു് ഇപ്രകാരമായിരിക്കും:—"പൂൎണ്ണമായ വിഷയത്തോടുകൂടിയല്ല നിങ്ങളുടെ ആരംഭം. ആ സ്ഥിതിക്കു് പ്രപഞ്ചതത്വത്തെക്കുറിച്ചുള്ള നിങ്ങളുടെ സമൎത്ഥനം എത്രകണ്ടു വാസ്തവമായിരിക്കും?"

മൂന്നുവിഷയമാണു നിനക്കുവേണ്ടതു്. നിൻെറ ലോകാനുഭവത്തെ മൂന്നായി വിഭജിക്കാം. അവ ചിന്തനീയങ്ങളാകുന്നു. ജാഗ്രദവസ്ഥയിൽ കാണപ്പെടുന്ന ലോകം, മററു രണ്ടവസ്ഥകളിലും നിശ്ശേഷം മറഞ്ഞുപോകുന്നു. എന്നിരുന്നിട്ടും, സ്വപ്നാവസ്ഥയിൽ നീ, അഥവാ നിന്നിൽ സ്ഥിതിചെയ്യുന്ന ആത്മാവു് ഉണ്ടായിരിക്കുന്നു. തീവ്രനിദ്രയോടുകൂടിയ സുഷുപ്തിയിൽ നീ മരിച്ചുപോകുന്നുവോ? ബുദ്ധിയും ഓൎമ്മശക്തിയും മങ്ങിപ്പോകുന്നു. ആ നിലയിലും യഥാൎത്ഥമായ ആത്മാവു, പരമാൎത്ഥവസ്തുവായ നീ യഥാസ്ഥിതി വൎത്തിക്കുന്നു. അഭേദ്യവും അചഞ്ചലവുമായ തത്വം, ഈ പരമാൎത്ഥവസ്തുത, ത്രിവിധലോകങ്ങളിലും നിൻെറ ആത്മാവായിട്ടുതന്നെ വ്യാപിക്കുന്നു ഇതത്രേ ഓങ്കാരം. നിൻെറ മനസ്സിനെയോ, ബുദ്ധിയെയോ, അഥവാ തലച്ചോറിനെത്തന്നെയോ, നീ എന്നു കരുതിക്കൊള്ളുവാൻ നിനക്കു് അവകാശമില്ല. ലോകം ഉണ്ടെന്നു് എങ്ങനെ അറിയാം? പ്രപഞ്ചം വൎത്തിക്കുന്നു എന്നുള്ളതിനു സാക്ഷ്യമെന്തു്? പറയാം; നീ തൊടുന്നു, കാണുന്നു, കേൾക്കുന്നു, രുചിക്കുന്നു, മണക്കുന്നു അത്രതന്നെ; പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാർ ഈ ലോകത്തെപ്പററി വേണ്ടുവോളം എഴുതിച്ചമച്ചിട്ടുണ്ടു്. ഇന്ദ്രിയങ്ങളാണ് അവരുടെയും സാക്ഷ്യം. ലോകം ഉണ്ടെന്നുള്ളതിനു പരോക്ഷമായും അപരോക്ഷമായും നിങ്ങളുടെ ഇന്ദ്രിയങ്ങൾതന്നെ സാക്ഷ്യംവഹിക്കുന്നു.

എല്ലാവിധത്തിലുമുള്ള ഉണൎവിനും അറിവിനുംമററും കാരണം അനുഭവം മാത്രമാണ്. അനുഭവം എന്നു വ്യവഹരിക്കുന്നതു, ജാഗ്രദവസ്ഥയിലുണ്ടാകുന്നതിനെ മാത്രം ഉദ്ദേശിച്ചല്ല. ജാഗ്രദവസ്ഥയിൽ നിൻെറ് ഇന്ദ്രിയങ്ങൾക്കു ജഡത്വംകൂടുന്നു. സ്വപ്നാവസ്ഥയിൽ നിനക്കു് ഉണൎവും അനുഭവവും ഉണ്ടാകുന്നില്ലേ? ആ കാലത്തിനു് അനുസരിച്ചുള്ള ഇന്ദ്രിയങ്ങൾ, ഉണൎവുണ്ടാകുന്ന സാമഗ്രികൾ ഇല്ലേ?

ബ്ബാഹ്യചക്ഷുസ്സും ശ്രോത്രവും ആ സമയത്തു പ്രവൎത്തിക്കുന്നില്ല. സ്വപ്നലോകത്തിൽ അനുഭവപ്പെടുന്ന സാധനങ്ങളും തദനുഗുണങ്ങളായ ഇന്ദ്രിയസാമഗ്രികളും ഏകകാലത്തിൽ സൃഷ്ടിക്കപ്പെടുന്നു. അതിനാൽ, സ്വപ്നാവസ്ഥയിലെ ഇന്ദ്രിയങ്ങളും തദിന്ദ്രിയങ്ങൾക്കു വിഷയങ്ങളാകുന്ന സാധനങ്ങളും ഒരേന്നാണയത്തിന്റെ ഇരുവശങ്ങളാണെന്നു പറയാം. സ്വപ്നാവസ്ഥയിൽ, അറിയുന്നവനും അറിയപ്പെടുന്ന വസ്തുക്കളും ഏകകാലത്തിൽ ഉണ്ടാകുന്നു. അപ്രകാരം അറിയുന്നവനെയും അറിയപ്പെടുന്നവയെയും ഒന്നിച്ച് ഉകാരധ്വനികുറിക്കുന്നു. അങ്ങനെ അറിയുന്നവനും അറിയപ്പെടുന്ന വിഷയങ്ങളും ഏതൊരു പരമാൎത്ഥവസ്തുവിന്റെ പ്രതിഫലനങ്ങളോ ആ വസ്തുവത്രെ ആത്മാവ് അല്ലെങ്കിൽ ഓങ്കാരം. വേദാന്തശാസ്ത്രപ്രകാരം നിന്റെ ജാഗ്രദവസ്ഥയും ഇപ്രകാരമുള്ളതുതന്നേ. നിന്റെ ഇന്ദ്രിയങ്ങളും (അറിയപ്പെടുന്ന) വിഷയങ്ങളും തുല്യഘനമായ അംശപ്പൊരുത്തങ്ങളോടുകൂടിയവയാണ്. (അതായത് ഒരേവസ്തുവിന്റെ രണ്ടു വശങ്ങൾക്കുതുല്യം) സ്വപ്നാവസ്ഥയിൽ വസ്തുക്കൾ ഏകകാലത്തിൽ ആവിൎഭവിക്കുന്നവയാണെങ്കിലും നീണാൾ നിലനിന്നതുപോലെ തോന്നപ്പെടുന്നു. അതുപോലെതന്നെ ജാഗ്രദവസ്ഥയിലും ലോകവസ്തുക്കളും അവയോടു സംബന്ധമുള്ള ചരിത്രങ്ങളും അനുഭവകൎത്താവിന്റെ സംഭവത്തോടൊത്തു് ആവിൎഭവിക്കുന്നു. ഈ ലോകം സത്യമെന്നും ഘനവും ഉറപ്പും ഉള്ളതെന്നും നീ പറയുമ്പോൾ ആ പറച്ചിൽ നിന്റെ അനുഭവത്തിന്റെ വസ്തുതയിൽനിന്നു് ഇന്ദ്രിയബോധസാക്ഷ്യത്തിൽ മാത്രം ഏൎപ്പെട്ടിരിക്കുന്നു. ആ അഭിപ്രായം, ഒരു ഹൃദയം തന്റെ സ്വപ്നാവസ്ഥയിലേ അനുഭവങ്ങൾ സത്യമാണെന്നും ചിത്രത്തിലേ ശ്വാവു് യഥാൎത്ഥശ്വാവാണെന്നും ഘോഷിക്കുന്നതിനോടു തുല്യമാകുന്നു വാസ്തവത്തിൽ രണ്ടും കൃത്രിമങ്ങളാണു്.

ഇന്ദ്രിയങ്ങൾക്കു സംഭവകാരണം ഏവ? ഭൂതങ്ങൾ; ഈ (പഞ്ച) ഭൂതങ്ങളെ അറിയുന്നതെങ്ങനെ? ഇന്ദ്രിയങ്ങളെക്കൊണ്ടുതന്നെ. ഇങ്ങനെ വാദിക്കുന്നതു് ചുററിക്കറങ്ങുകയല്ലേ? ജാഗ്രദവസ്ഥയെ സംബന്ധിച്ച ലോകത്തിന്റെ മായയാകുന്ന സ്വരൂപം ഈ വിധത്തിലാണു വെളിപ്പെടുന്നതു്. സ്വപ്നകാലത്തിലും നീ സ്വപ്നം കണ്ടവസാനിക്കുവോളം അതിൽ സത്യമുണ്ടു്. സ്വപ്നത്തിൽനിന്നും വിരമിക്കുന്ന മാത്രയിൽ യാതൊന്നും കാണപ്പെടുന്നില്ല ജാഗ്രദവസ്ഥയിൽ എല്ലാവസ്തുക്കളും ഘനമുള്ളവയായി തോന്നപ്പെടുന്നു. നല്ല ഉറക്കത്തിൽ ലോകം എവിടെപ്പോയി ഒളിക്കുന്നു? ഏതും കാണുന്നില്ല, കടന്നേകളഞ്ഞു. ഇവിടെ ജാഗ്രദവസ്ഥയിലും സ്വപ്നത്തിലും ഉണ്ടായ യാഥാൎത്ഥികപ്രതീതി ഫലിച്ചുകാണുന്നില്ല. എപ്പോഴും ഇടവിടാതെ തുടൎന്നുകൊണ്ടിരിക്കുന്നതു യാതൊന്നോ. അതത്രേ ഫി

ന്തുക്കൾക്കു യഥാൎത്ഥവസ്തു. നിഴലെന്നവണ്ണം ഒരിക്കൽതോന്നി മറെറാരിക്കൽ ഒഴിഞ്ഞുമാറുന്നതു് മായാപ്രതീതിമാത്രമാണു്. യഥാൎത്ഥം അല്ലെങ്കിൽ സത്യമെന്നതിന്നു് ഹാർബർട്ട്സ്പെൻസർ * എന്ന ദേഹവും ഈ അഭിപ്രായംതന്നെയാണു് പുറപ്പെടുവിച്ചിട്ടുള്ളതു്.

സ്വപ്നാവസ്ഥയിലെ ലോകം അയഥാൎത്ഥമാണെന്നു പറവാൻ കാരണമെന്തു്? നീ ഉണൎന്നുകഴിയുമ്പോൾ അതിനെ കാണുന്നില്ലാത്തതാണു്. ജാഗ്രദവസ്ഥയിൽ കാണപ്പെടുന്ന ലോകത്തിന്റെ സ്ഥിതിയും ഇതുതന്നെ. സ്വപ്നത്തിലും സുഷുപ്തിയിലും ആ ലോകം കാണപ്പെടുന്നില്ലയല്ലോ. അങ്ങിനെയുള്ള അതിനെ മാത്രം എന്തിന്നു വിശ്വസിക്കണം? ഓങ്കാരത്തിൽ അടങ്ങിയിരിക്കുന്ന അകാരം ജാഗ്രത്തിൽ കാണപ്പെടുന്ന വസ്തുക്കളെല്ലാം അവയെ അനുഭവിക്കുന്ന പുരുഷനെയും ഒന്നിച്ചു കുറിക്കുന്നു. യഥാൎത്ഥത്തിൽ ആധാരമായി നില്ക്കുന്ന ആത്മാവിനെസംബന്ധിച്ച പ്രതീതികളത്രേ അവ എന്നറിയിക്കുന്നു.

അമേരിക്കയിലും യൂറോപ്പിലും, എന്തൊന്നും ഭൂരിപക്ഷം അറിഞ്ഞു് തീരുമാനിക്കുന്നു; വളരെ ശരി. സ്വപ്നത്തിലെ അനുഭവവും സുഷുപ്തിയിലെ അനുഭവവും ചേൎത്തു് ഒരു പക്ഷമാക്കുക; ജാഗ്രദവസ്ഥയിൽ സ്വപ്നാനുഭവം മിഥ്യയായിഭവിക്കുന്നു. അതുപോലെ സ്വപ്നത്തിലെയും സുഷുപ്തിയിലെയും അനുഭവങ്ങൾ, ജാഗ്രദവസ്ഥയിൽ അറിയപ്പെടുന്ന ലോകം സത്യമല്ലെന്നുള്ളതിലേക്കു് ഭൂരിപക്ഷരീത്യാ സാക്ഷ്യം വഹിക്കുന്നു. (ഇവിടെ സ്വപ്നസുഷുപ്ത്യവസ്ഥകൾ ഭൂരിപക്ഷവും ജാഗ്രദവസ്ഥ ന്യൂനപക്ഷവുമാകുന്നു.) പോരെങ്കിൽ സസ്യവൎഗ്ഗത്തെ എടുക്കാം. അവ നിരന്തരസുഷുപ്തിയിൽ വൎത്തിക്കുന്നു. മൃഗങ്ങളാണെങ്കിൽ, അവയും എല്ലായ്പോഴും സ്വപ്നാവസ്ഥയെ അനുഭവിക്കുന്നതുപോലെ കാണപ്പെടുന്നു. അവയ്ക്കു് ഈ ലോകം നിനക്കു തോന്നുന്നതുപോലെ അനുഭവപ്പെടുന്നില്ല. അവയുടെ അനുഭവങ്ങളെ എന്തുകൊണ്ടു സാക്ഷ്യങ്ങളാക്കിക്കൂടാ? എറുമ്പു്, തവള, ആന, ആമ എന്നുവേണ്ട, ഓരോജന്തുക്കളുടെയും ദൃഷ്ടിക്കു, വസ്തുക്കൾ നിന്റെ നോട്ടത്തിൽനിന്നും ഭിന്നഭിന്നങ്ങളായിതോന്നപ്പെടും. ഓഹോ! മനുഷ്യന്റെ അനുഭവത്തെപ്പററിയേ ഗൌനിക്കാൻ പാടുള്ളുവെന്നും ജാഗ്രദവസ്ഥയിലെ അനുഭവലോകത്തെ മാത്രം വാസ്തവമായി സ്വീകരിക്കേണ്ടതാണെന്നും ശഠിച്ചേയ്ക്കാം. ശരി; പരിപൂൎണ്ണജ്ഞാനം സിദ്ധിച്ചിട്ടുള്ള മനുഷ്യരുടെ അനുഭവങ്ങ

---

* ഹാർബട്ടസ്പെൻസർ, പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാരിൽ അദ്വിതീയനായ ഒരു മഹാനാണു്. സ്വാമിവിവേകാനന്ദൻ, വിദ്യാൎത്ഥിയായിരുന്നകാലത്തു ആ മഹാനുമായി നേരിട്ടു് എഴുത്തുകുത്തു നടത്തി അദ്ദേഹത്തിന്റെ വിലയേറിയ അഭിപ്രായത്തിന്നു പാത്രീഭവിച്ചിട്ടുണ്ടു്.

ളും സ്വീകാരയോഗ്യങ്ങൾതന്നെയെന്നു സമ്മതിക്കാമെങ്കിൽ, ജഡത്വമായ ഈ ലോകം സത്യമല്ലെന്നു നിശ്ചയമായി സ്ഥാപിക്കും. അതെങ്ങിനെയാണു സാധിക്കുന്നതു് എന്നു ചോദിക്കാം. അല്പം ഒന്നാലോചിക്കൂ! നിങ്ങളുടെ തത്വശാസ്ത്രജ്ഞന്മാരുടെ അനുഭവങ്ങളെത്തന്നെ നോക്കൂ! ആ വലിയ ആളുകൾ എപ്പോഴും പൂജ്യസ്ഥാനത്തിൽ വർത്തിക്കുന്നവരാണ്. അവർ പൂജ്യതയെ അർഹിക്കുന്നതെപ്പോൾ? ജ്ഞാനം അവരിൽ ഉദിച്ചുയർന്നു പരമകാഷ്ഠയെ പ്രാപിക്കുമ്പോൾ. ആ നിലയിൽ വർത്തിക്കുമ്പോൾ നീ അവരെ നോക്കുക! അവരുടെ ശരീരത്തിലുള്ള ഓരോ രോമങ്ങൾപോലും ലോകത്തിന്റെ മിഥ്യാത്വത്തെ പ്രസംഗിക്കുന്നുണ്ടായിരിക്കും. അഭേദത്വത്തെ ഉദ്ബോധനം ചെയ്യുന്നുണ്ടായിരിക്കും. ആ നിലയിൽ ദ്വൈതമില്ല, അനേകത്വമില്ല, വ്യക്തിത്വമില്ല, ലോകമേയില്ല. എല്ലാ തോന്നലുകളും ശൂന്യമായിഭവിക്കുന്നു. തത്വവിചാരസാഗരത്തിൽ മുങ്ങിക്കിടക്കുന്നു. മനോഭാവനയാകുന്ന പടി അതാണ്. അതത്രേ പരിപൂർണ്ണനില. എല്ലാ അറിവുകളും അവിടുന്നു തനിയേ പൊങ്ങിവരുന്നു. സൂര്യനിൽനിന്നു കിരണങ്ങൾ എന്നപോലെ തത്വശാസ്ത്രജ്ഞനിൽനിന്നു അറിവുകൾ അറിയാതെ പുറപ്പെടുന്നു. ആ നിലയിൽ വർത്തിക്കുമ്പോൾ അവൻ സംസാരിക്കുന്നില്ല. ആ നിലയെ അതിവർത്തിച്ചതിനുശേഷമേ സംസാരിക്കുന്നുള്ളൂ. നൂതനങ്ങളായ കണ്ടുപിടിത്തങ്ങളും അവനിൽ നിന്നുളവാകുന്നു. ഇപ്രകാരമാണ് എല്ലാജ്ഞാനികളും ഉയർന്നപടിയിൽ നില്ക്കുമ്പോൾ സ്വസ്വാനുഭവങ്ങളെക്കൊണ്ടു്, ലോകത്തിന്റെ മിഥ്യാത്വത്തെ വെളിപ്പെടുത്തുന്നതു്. മനസ്തത്വശാസ്ത്രത്തിലെ സർവസമ്മതമായ ഒരു വിധിപ്രകാരം, ഒരു വിഷയത്തെക്കുറിച്ചു് അറിയുന്നതിനു് ആ വിഷയത്തെക്കൂടാതെ മറ്റൊന്നു പ്രത്യേകം നമ്മിലുണ്ടായിരിക്കണം. ഭേദബുദ്ധി മനസ്സിൽനിന്നും വിട്ടുമാറുമ്പോൾ, വിഷയപ്രജ്ഞകളൊക്കെ അവസാനിക്കുന്നു. അപ്പോൾ ഉൽകൃഷ്ടമായ നിർവാണനിലയെ പ്രാപിക്കുന്നു.

ടെനിസൺ എന്ന കവി, താൻ ലാർഡ് ടെനിസൺ എന്ന വിചാരത്തെ അതിവർത്തിക്കുമ്പോൾമാത്രം കവിയാകുന്നു. ഹ്യൂം എന്ന തത്വശാസ്ത്രജ്ഞൻ, തന്നെത്തന്നെ മറന്നു താൻ ഒരു വ്യക്തിയാണെന്നുള്ള സങ്കുചിതധാരണയുടെ പരിധിയെ അതിലംഘിക്കുമ്പോഴാണ് തത്വശാസ്ത്രജ്ഞനായ ഹ്യൂം ആകുന്നതു്! ഹക്സിലി എന്ന ദേഹത്തിനു ചരിത്രഗ്രന്ഥങ്ങളിൽനിന്നും നാം മനസ്സിലാക്കുന്ന ഹക്സിലിയുടെ നിലയിൽനിന്നു തെറ്റിയപ്പോൾ മാത്രമേ ഭൗതികശാസ്ത്രതത്വങ്ങളെ കണ്ടറിഞ്ഞ ഹക്സിലിയാകാൻ സാധിച്ചുള്ളൂ.

ഏതെങ്കിലും ഒരു വലിയകാര്യം നമ്മാൽ സാധിക്കപ്പെട്ടപ്പോൾ,

തൽപ്രശംസയെ നാം അംഗീകരിക്കുന്നതു കേവലം മൂഢത്വമാണ്. എന്തുകൊണ്ടെന്നാൽ, ആ മഹാകാര്യം സാധിച്ചുകൊണ്ടിരുന്നപ്പോൾ തൽപ്രശംസാഭിലാഷിയായ "അഹം" നമ്മിൽനിന്നൊഴിഞ്ഞുനിന്നിരുന്നു. അങ്ങനെ ഒഴിഞ്ഞുമാറി നിന്നിരുന്നില്ലെങ്കിൽ ആ മഹാകാര്യത്തിൻെറ യോഗ്യതയ്ക്കു കുറവുനേരിട്ടുമായിരുന്നു. "ഞാൻ ചെയ്യുന്നു" എന്നുള്ള ഭാവം ആ സമയത്തു് ഒഴിഞ്ഞിരുന്നു. ഈശ്വരഭാവം മാത്രം പ്രവർത്തിച്ചിരുന്നു. ഇപ്രകാരംതന്നെ വലിയ വലിയ ഉദ്ദേശങ്ങളോടുകൂടിയവരോ, ആചാര്യശ്രേഷ്ഠന്മാരോ ആരെങ്കിലുമായിക്കൊള്ളട്ടെ, അവരുടെ തീരുമാനത്തെ, അവർ ഉയന്നനിലയിൽ വർത്തിക്കുമ്പോഴുള്ള അഭിപ്രായത്തെ, അംഗീകരിക്കുന്നാണെങ്കിൽ, അവരുടെ ഓരോപ്രവൃത്തികളും ശരീരത്തിലെ ഓരോ അണുക്കളും ലോകത്തിൻെറ അയഥാർത്ഥത്വത്തെ വെളിപ്പെടുത്തുന്നുണ്ടായിരിക്കും. അഥവാ, ഉപന്യസിക്കുന്നുണ്ടായിരിക്കും. വാക്കുകളെക്കാൾ പ്രവൃത്തികൾതന്നെ വെളിപ്പെടുത്തുന്നു. യുദ്ധക്കളത്തിൽ ധീരന്മാരും സമർത്ഥന്മാരുമായ യുദ്ധവീരന്മാരെ നാം കാണുന്നു. അവരുടെ ആ ഉയന്ന നിലയിലുള്ള സാമർത്ഥ്യത്തിന്നു് അനുസരിച്ചു് അവർ യുദ്ധംചെയ്യുന്നു. അവരുടെ ചുററും അതിവേഗത്തിലും അടുത്തു ഞെരുങ്ങിയും ഉണ്ടകൾ പായുന്നുണ്ടായിരിക്കും. ഉണ്ടകൾകൊണ്ടു മരിച്ചും, രക്തം വമിച്ചും, പരുക്കുകളേററും ചുററും നിൽക്കുന്നവർ വീഴുന്നുമുണ്ടായിരിക്കും. പക്ഷെ അതൊന്നും അവർ അറിയുന്നില്ല. അവർ പിന്നെയും പിന്നെയും മുമ്പോട്ടു ഗമിച്ചുകൊണ്ടിരിക്കും. ആ സമയത്തു് പരിസരസംഭവങ്ങൾക്കു് അവരെ ഇളക്കാൻ കഴിയുന്നില്ല. അവൻെറ ശരീരത്തിനു വേദനയോ മനസ്സിനു ഭയമോ അപ്പോൾ ഇല്ല എന്തുകൊണ്ടു്? അവൻെറ ശരീരം അപ്പോൾ ശരീരമല്ല. ലോകം ലോകവുമല്ല. അവൻ അതിനെയൊക്കെ ആ സമയത്തു് അയഥാർത്ഥവൽകരിച്ചിരിക്കുന്നു നെപ്പോളിയനാകട്ടെ, വാഷിംഗ്ടണാകട്ടെ, അവരെപ്പോലുള്ള മററുയോഗ്യന്മാരാകട്ടെ, അവരുടെപ്രവൃത്തികളാൽ (ബുദ്ധിസങ്കുചിതങ്ങളായ ബോധനങ്ങളെച്ചെയ്യട്ടാലും) യഥാർത്ഥ ആത്മാവു അല്ലെങ്കിൽ ആത്മശക്തി സ്ഥിരമായിനില്ക്കുമ്പോൾ, ഈ ലോകം അസത്യമെന്നുതന്നെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വാസ്തവാത്മാവത്രെ അഖണ്ഡജ്ഞാനവും അഖണ്ഡശക്തിയും. അതത്രെ കേവലം അചഞ്ചലമായ സത്യപ്പൊരുൾ. അതിൻെറമുമ്പിൽ, പ്രതീതിമാത്രവാസ്തവമായ ഈ ലോകം കാണപ്പെടുന്നില്ല. വീരന്മാരുടെ ഭുജങ്ങൾക്കു ശക്തി നൽകുന്നതേതു്? നിത്യവും നിശ്ചലവുമായ സത്യപ്പൊരുളാകുന്ന ആത്മാവിനോടു ഞെരുങ്ങിച്ചേരുന്ന അവസ്ഥയല്ലാതെ മറെറാന്നുമല്ല.

ഓങ്കാരത്തിലെ അ എന്ന അക്ഷരം, ആ സത്യപ്പൊരുളായ നിന്റെ ആത്മാവിനെക്കുറിക്കുന്നു. ജാഗ്രദവസ്ഥയിൽ കാണപ്പെടുന്ന, മായാരൂപമായ ഈ ലോകത്തെ താങ്ങിയും വെളിപ്പെടുത്തിയും നില്ക്കുന്ന ആത്മാവിനെക്കുറിക്കുന്നു- ഉകാരം മനോമയപ്രപഞ്ചത്തെക്കുറിക്കുന്നു. ഒടുവിലത്തെ അക്ഷരമായ മകാരം അറിയാൻ കഴിയാത്ത, അസ്പൃഷ്ടമായ, സകലത്തിന്നും ആധാരമായ, ബ്രഹ്മത്തെക്കുറിക്കുന്നു.

ഓങ്കാരത്തെ ഉച്ചരിക്കുമ്പോൾ ജ്ഞാനികൾ തങ്ങളുടെ സകലശ്രദ്ധകളെയും ഏകീകൃതമാക്കി, ആത്മാവുതന്നെ യഥാർത്ഥമായ സത്യപ്പൊരുളെന്നും അതാത്രേ ലോകത്രയത്തെ ആവിർഭവിപ്പിക്കുന്നതെന്നും അതിനെ നശിപ്പിക്കുന്നതും ആ ആത്മാവുതന്നെ എന്നും അനുഭവിച്ചറിയുന്നവരായി ഭവിക്കുന്നു. സൂര്യൻ പ്രഭാതത്തിൽ ഉദിച്ചുയരുമ്പോൾ തനിക്കു സ്വന്തമായിട്ടുള്ള വർണ്ണങ്ങളെ പ്രകടിപ്പിച്ചിട്ടു മദ്ധ്യാഹ്നത്തിന്നുള്ളിൽ അവയെ തന്നിൽതന്നെ അടക്കിക്കൊള്ളുന്നതുപോലെയാണ്, ആത്മാവു ലോകത്രയത്തെ കാണിച്ചു കാണാതാക്കുന്നത്. ലോകത്രയം നാശസ്വഭാവത്തോടുകൂടിയതാണ്. നീ സ്വപ്നത്തിൽ ഒരു സത്വത്തെക്കണ്ടിട്ട് അതു നിന്നെ വിഴുങ്ങിക്കളയുമെന്നു ഭയപ്പെടുന്നു. അതു നിന്നെ ഭയപ്പെടുത്തുകയും ചെയ്യുന്നു. വാസ്തവം പറകയാണെങ്കിൽ, സത്വത്തെയല്ല, നിന്നെത്തന്നെയാണു നീ കണ്ടത്. അതേപ്രകാരംതന്നെ ജാഗ്രദവസ്ഥയിലും; "ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ" (തനിക്കു ശത്രുവും ബന്ധുവും താൻതന്നെ) എന്നു വേദാന്തം ഉദ്ബോധനം ചെയ്യുന്നു. ഓങ്കാരത്തെ ഉച്ചരിക്കുമ്പോൾ നിങ്ങളുടെ മനസ്സിനെ അപ്രകാരം ഉള്ള ഉന്നതനിലയിൽ നിർത്തി ഈ സംഗതിയെ അനുഭവത്തിൽ വരുത്തേണം. ദ്വേഷബുദ്ധിയും ദുർഗ്ഗുണങ്ങളും വേരോടേ നശിപ്പിക്കപ്പെടണം. അഹംബുദ്ധിയും അകലെ കളയണം. ഇങ്ങനെ വ്യക്തിയെക്കുറിക്കുന്ന സ്വഭാവത്തെ കൈവിടുവിൻ!

ജഡവസ്തുക്കളൊക്കെ മനസ്സിൽ ഉദിക്കുന്ന വിചാരങ്ങളാണെന്നു ബോധിക്കാത്ത ചില ആളുകൾ വിചാരങ്ങളെയെല്ലാം ജഡവസ്തുക്കളാക്കാൻ യത്നിക്കുന്നു. വിചാരജന്യമായ മനോമയലോകത്തെക്കാൾ ഈ ജഡത്വത്തെ സത്യമെന്നു അവർ കരുതുന്നു. വേദാന്തപ്രകാരം ജഡമയലോകവും മനോമയലോകവും അയഥാർത്ഥങ്ങളാകുന്നു. ഈ രണ്ടു പടികളെയും നിങ്ങൾ കടക്കണം. എന്തുകൊണ്ടെന്നാൽ മറഞ്ഞുകിടക്കുന്ന തിരശ്ശീല വെളിയിലുള്ള വാസ്തവമായ സത്യപ്പൊരുളിനെ അനുഭവിക്കുമ്പോൾ മാത്രമേ, ഏകാന്തവാസം, പരമാർത്ഥസമാധാനം, ആനന്ദം എന്നിവ ഉണ്ടാവുകയുള്ളു. ഓങ്കാരത്തിലെ അകാരത്തെ ചില സമയം, മാത്ര അല്ലെങ്കിൽ രൂപം എന്നു പറയുന്നു. മകാരവും മാത്രയാകുന്നു. എന്നാൽ സമ

ഷ്ടിയായ ഓങ്കാരം രൂപത്തെ കുറിക്കുന്നില്ല. സത്യപ്പൊരുളിനെയത്രേ അതു കുറിക്കുന്നതു്; ഈ രൂപങ്ങളിലെല്ലാം തുളഞ്ഞു കയറിയിരിക്കുന്ന ആ സത്യപ്പൊരുളിനെയത്രേ.

ചിലർ 'ഞങ്ങൾക്കു് ഒരറിവുകളും വേണ്ട ജീവിതംമതി' എന്നുപറയുന്നു. ശരി! അങ്ങനെയാണെങ്കിൽ എന്തൊരു ജീവിതമാണു വേണ്ടതു്? സ്വപ്നജീവിതമോ, സുഷുപ്തിജീവിതമോ, ജാഗ്രജ്ജീവിതമോ? ഏതുവേണം? ഏതൊന്നായാലും അവയെല്ലാം കേവലം പ്രതീതിമാത്രമാകുന്നു. വാസ്തവമായ ജീവിതം നിന്റെ ആത്മാവുമാത്രമാകുന്നു. ഇന്ദ്രിയങ്ങൾവഴി എല്ലായ്പോഴും സുഖം അനുഭവിക്കാൻ കഴിവില്ലാത്തവണ്ണം പ്രതിബന്ധങ്ങളായി ചില കഠിനവിധികളുണ്ടു്. ഇന്ദ്രിയങ്ങൾക്കു നിന്നെ അടിമപ്പെടുത്തിക്കൊണ്ടു നിരന്തരസുഖം അനുഭവിക്കാൻ നിനക്കു കഴിവുണ്ടോ? ഇല്ല, ഒരിക്കലുമില്ല. അപരിഹരണീയങ്ങളായ വിധികൾ, നിഷ്കൃഷ്ടങ്ങളായ വിധികൾ, അതിനു പ്രതിബന്ധങ്ങളായി നില്ക്കുന്നു.

വാസ്തവജീവിതമായ ആത്മാവിനെ അനുഭവിക്കുവിൻ! അതത്രേ അഴിയാപ്പൊരുൾ. അതിനെ നിങ്ങൾ അനുഭവിക്കുകയാണെങ്കിൽ, ശലഭങ്ങൾ അഗ്നിയെയെന്നപോലെയും നദികൾസമുദ്രത്തെയെന്നപോലെയും ഉദ്യോഗസ്ഥന്മാർ ചക്രവർത്തിസന്നിധിയെയെന്നപോലെയും, സുഖാനുഭവങ്ങൾ നിങ്ങളെ അന്വേഷിച്ചു താനേ വന്നുചേരും. ആത്മാവിനെ ശരിയായും തികവായും നിങ്ങൾ അറിയുകയാണെങ്കിൽ നിങ്ങളുടെ ദൈവികമാഹാത്മ്യത്തെ പരമാർത്ഥപ്രശസ്തമായ ആ ആത്മാവിനെ, നിങ്ങൾ അനുഭവിക്കുവിൻ! ഈ ആത്മാവത്രേ ഓങ്കാരമഹാമന്ത്രത്താൽ കുറിക്കപ്പെടുന്നതു്.

അ ഉ മ്, ഈമൂന്നുമാത്രകളെക്കൊണ്ടു്, ഹിന്തുക്കൾ പ്രത്യേകിച്ചു വേദങ്ങൾ, നിങ്ങളുടെ യഥാർത്ഥസ്ഥിതിയെ വെളിപ്പെടുത്തിയ വിധം തെളിപ്പെടുത്തി. ശാശ്വതമായ സത്യപ്പൊരുളത്രേ 'ഓം'. ആകയാൽ ഈ മന്ത്രത്തെ ഉച്ചരിക്കുമ്പോൾ മനഃകായങ്ങളെ വിസ്മരിക്കുക! (അപ്പോൾ) അനുഭവിക്കപ്പെടുന്ന അനുഭവങ്ങളെക്കൊണ്ടു് ഓരോ രോമകൂപങ്ങളെയും സിരാപരമ്പരകളെയും നിറയ്ക്കുക! രക്തത്തിന്റെ ഓരോ തുള്ളിയിലും ഈ പരമാർത്ഥം കലരട്ടേ! നീയത്രേ ആദിത്യന്മാർക്കെല്ലാം ആദിത്യൻ; നീയത്രേ ജ്യോതിസ്സുകൾക്കെല്ലാം ജ്യോതിസ്സ്; നീയത്രേ പ്രഭുക്കൾക്കെല്ലാം പ്രഭുവും. വാസ്തവാത്മാവു നീയല്ലാതെ വേറെയില്ല.

# ൩. നടക്കാൻ കൂട്ടുവേണ്ടാ.

ഒറ്റയ്ക്കു നടക്കാൻപോകുമ്പോൾ, ഒരു സ്നേഹിതനെക്കൂടെ കൂട്ടിക്കൊണ്ടുപോവുക! എന്നു ചിലർ ഉപദേശിക്കുന്നുണ്ട്. അതു തെറ്റാണെന്ന് അടിയിൽ പറയുന്ന കാരണങ്ങൾ വെളിപ്പെടുത്തുന്നതാണ്.

൧. ഒരുവൻ തനിച്ചു നടക്കുമ്പോൾ ശ്വാസോച്ഛ്വാസം സ്വാഭാവികമായി സാധിക്കുന്നു; നിർബ്ബാധമായും സുകരമായും ശ്വാസം ഗതിക്കുന്നു. ഇക്കാരണത്താൽ തന്റെ ആയുഷ്ക്കാലത്തിന്റെ അവസാനത്തിൽ ശ്വാസം സുഗമമായി പ്രവർത്തിക്കുന്നതിനായി, ക്യാൻറ് എന്ന തത്വശാസ്ത്രജ്ഞൻ എല്ലായ്പ്പോഴും ഏകനായി ലാത്താൻപോവുക പതിവായിരുന്നു. അദ്ദേഹം ദീർഘകാലം ജീവിച്ചിരുന്നു. നാം തനിച്ചു നടക്കുമ്പോൾ നാസികാദ്വാരത്തിൽക്കൂടി ശ്വാസോച്ഛ്വാസം ചെയ്വാൻ സാധിക്കുന്നു. സംസാരിക്കുമ്പോൾ വായിൽക്കൂടി നിവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നതു്. മൂക്കിൽക്കൂടി ശ്വാസോച്ഛ്വാസം ചെയ്യുന്നതുകൊണ്ടു ശരീരത്തിന് ആരോഗ്യവും ശ്വാസകോശത്തിനു ബലവും വർദ്ധിക്കുന്നു. ദൈവം ശ്വാസോച്ഛ്വാസകാര്യത്തിനായിട്ടാണു നാസികയെ സൃഷ്ടിച്ചിരിക്കുന്നതു്; വക്ത്രത്തെ സൃഷ്ടിച്ചതു് അതിലേക്കല്ല. വായിൽക്കൂടി ശ്വാസം വെളിയിലേക്കുവിടാം; എന്നാൽ ഉള്ളിലേക്കുള്ള വായു മൂക്കിൽക്കൂടി തന്നെ സ്വീകരിക്കേണ്ടതാണ്.

൨. ഏകനായി നടക്കുമ്പോൾ ആലോചനയ്ക്കു വേണ്ട സൗകര്യം കിട്ടുന്നു. അഗാധമായ ചിന്തകൾ ഹൃദയത്തിൽവന്നു തിങ്ങിക്കൂടുന്നു. ലാർഡ് ക്ലൈവ് എന്ന ആംഗ്ലേയൻ എങ്ങനെയോ ഈ രഹസ്യത്തെ മനസ്സിലാക്കാനിടയായി. ഇന്ത്യയെസ്സംബന്ധിച്ച ഗുരുതരമായ ചില രാഷ്ട്രീയവിഷയങ്ങളെക്കുറിച്ചു ചിന്തിക്കേണ്ടിയിരിക്കുമ്പോൾ, ആ യൂറോപ്യൻ അങ്ങുമിങ്ങും തനിയേ ലാത്തിക്കൊണ്ടിരിക്കുമത്രേ. അങ്ങനെ ചെയ്യുന്നതുകൊണ്ടു്, ബുദ്ധിയുടെ അഭിവൃദ്ധിക്കു ഗണ്യമായ ഫലം സിദ്ധിക്കുന്നു. കൂട്ടുകാരുമായി നടക്കുമ്പോൾ അവരുടെ അഭിപ്രായങ്ങളെ ബലാൽകാരേണ നമ്മളിൽ പ്രവർത്തിപ്പിക്കുന്നു. നമ്മുടെ ഹൃദയത്തിൽ തനിയേ ഉണ്ടാകാനിരിക്കുന്ന മഹത്തായ ചിന്തകൾക്കു നാം പ്രതിബന്ധത്തെ ഉണ്ടാക്കുകയാണതു്.

൩. ആത്മ[illegible]ശിക്ഷണത്തെ മുൻനിർത്തി നോക്കുകയാണെങ്കിൽ, തനിയേ നടക്കുമ്പോൾ, ബഹുമുഖമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മനസ്സ് ഏകാഗ്രതയെ പ്രാപിക്കുന്നു എന്നു കാണാം. ആത്മചിന്തയിൽ പ്രവർത്തിക്കുന്ന മനോവൃത്തിയെ തന്നെത്താൻ അറി

ഭവിക്കുന്നു. തദ്വാരാ മനോമയ (കോശ)ത്തിനു സുഖവും തന്മൂലം ശരീരത്തിന് ഉന്മേഷവും സിദ്ധിക്കുന്നു.

നീ ആനന്ദരൂപിയാണെന്നുള്ള വിശ്വാസത്തെ സമ്പാദിക്കുക! ‘ജ്യോതിസ്സുകളെ പ്രകാശിപ്പിക്കുന്ന ജ്യോതിസ്സത്രേ ഞാൻ’ എന്ന വിചാരം സ്ഥൂലീകൃതമായെങ്കിൽ മാത്രമേ ഉൽകൃഷ്ടശിക്ഷണം സാധിക്കപ്പെടുകയുള്ളൂ. ചന്ദ്രികയിൽ ലാത്തുന്നതും പ്രഭാതത്തിൽ നടക്കുന്നതും മററും അവർണ്ണ്യമായ ഫലത്തെ പ്രദാനംചെയ്യുന്നു. അസ്തമയസൂൎയ്യനെയും ഉദയാദിത്യനെയും ലക്ഷ്യമാക്കി നടക്കുവിൻ! നദീതീരങ്ങളിലും ശീതളമായ മന്ദമാരുതൻ വീശുന്നിടത്തും ലാത്തുന്നതിനു പോകുവിൻ! നിങ്ങൾ പ്രകൃതിയോടു കലൎന്ന് ഈ ജഗത്തുമായിച്ചേൎന്നു വൎത്തിക്കുന്നതായി അനുഭവപ്പെടുന്നതാണ്.

---

## ൮ ആനന്ദമെന്നത് എവിടെയിരിക്കുന്നു?

ഇംഗ്ലീഷുകാർ സൈന്യങ്ങളെക്കൊണ്ട് ഇതരരാജ്യങ്ങളെ ജയിക്കുന്നതിൽ എനിക്കു കണ്ടിതമില്ല. ഒരു രാജ്യം ആദ്ധ്യാത്മികനിലയെ പ്രാപിക്കുന്നതിനുമുമ്പ് ഇതും ഒരു ഘട്ടത്തിലേക്ക് ആവശ്യമാണ്. ഇന്ത്യയും അങ്ങനെ ഒരു ഘട്ടത്തിൽക്കൂടി കടക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ അതു വളരെപ്പഴകിയ ഒരു രാജ്യമാകയാൽ ലോകവസ്തുക്കളെയെല്ലാം പരിശോധിച്ചുനോക്കി നിഷ്പ്രയോജനങ്ങളെന്നു മനസ്സിലാക്കിവച്ചിരിക്കയാണ്. ഇന്നു വിശ്വപ്രഖ്യാതിയും ധനവും സമ്പാദിക്കണമെന്നുള്ളതിൽമാത്രം ഉത്സുകകളായിരിക്കുന്ന രാജ്യങ്ങളും ഇപ്രകാരം പരിശോധിച്ചുനോക്കി അനുഭവിച്ചതിനുശേഷം അറിയുന്നതാണ്. ഈ രാജ്യങ്ങളൊക്കെ എന്തിനായിട്ട് അന്യരാജ്യങ്ങളുടെനേൎക്കു പടകൂട്ടിച്ചെല്ലുന്നു? ഏതൊരു വസ്തുവിനെ ആരാഞ്ഞുചെല്ലുന്നു? ഒരൊററ വസ്തുവിനെയാണ് എവരും അന്വേഷിക്കുന്നത്. അതു സുഖം—സന്തോഷം—ആനന്ദം—അല്ലാതെ മറെറാന്നുമല്ല. സുഖത്തെയല്ല, അറിവിനെയാണു തേടുന്നതെന്നു ചിലർ ഘോഷിക്കുന്നു. സുഖത്തെയല്ല, ധൎമ്മത്തെയാണ് അന്വേഷിക്കുന്നതെന്നു വേറെ ചിലർ പറയുന്നു. അതൊക്കെ നല്ലതുതന്നേ; സമ്മതിച്ചേക്കാം. എന്നാൽ ജനസാമാന്യത്തിന്റെ ഹൃദയത്തെ തുറന്നുനോക്കുക! അതിന്റെ (ജനസാമാന്യത്തിന്റെ) പരമമായ ലക്ഷ്യം ‘സുഖ’മാണെന്ന് അവിടെക്കാണാം. പരോക്ഷങ്ങളും അപരോക്ഷങ്ങളുമായ സകല പ്രവൃത്തികളും ഋജുവായോ അനൃജുവായോ അറിഞ്ഞോ അറിയാതെയോ സുഖത്തെ ല

ക്ഷ്യമാക്കിയുള്ളവയായിരിക്കും. സുഖത്തെ ഒഴിച്ചു മറെറാന്നിനെയും ജനങ്ങൾ ഉദ്ദേശിക്കുന്നില്ല.

ഈ സുഖത്തിൻെറ ഇരിപ്പു് എവിടെയാണു്? കൊട്ടാരത്തിലോ? അതോ കുടിലിലോ? അല്ലെങ്കിൽ മല്ലാക്ഷിമാരുടെ കടാക്ഷത്തിലോ? അവിടെയുമല്ലെങ്കിൽ, സ്വർണ്ണത്തിലോ വെള്ളിയിലോ ആണോ? എവിടെയാണു് അതു പാക്കുന്നതു്? സുഖത്തിൻെറ വാസസ്ഥലം ഏതാണു്?

സുഖത്തിനു സ്വന്തമായിട്ടു് ഒരു ചരിത്രമുണ്ടു്. ഇന്നു ജനങ്ങൾ, ലോകത്തെ തരണംചെയ്യുന്ന കാലമാണു്. ആവിയും വിദ്യുച്ഛക്തിയുംചേന്നു കാലത്തെയും ദൂരത്തെയും ഇല്ലാതാക്കിക്കഴിഞ്ഞു. യഥേഷ്ടം ഉദ്ദിഷ്ടസ്ഥലത്തേക്കു (മന്ദമായോ ശീഘ്രമായോ) പോകത്തക്ക കാലമായിരിക്കുന്നു; അതിനാൽ ഓരോരുത്തരും അവരവരുടെ യാത്രയെക്കുറിച്ചു് ഓരോ ചരിത്രംതന്നെ നിമ്മിക്കുന്നു. അതുപോലെ സുഖവും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ആ സഞ്ചാരത്തെപ്പററി അല്പം ചിന്തിക്കാം.

ഇളംപ്രായത്തിൽ ശിശുക്കൾ സുഖത്തെ ഏതൊരിടത്തു പ്രതീക്ഷിക്കുന്നു? അവിടെയാണു സുഖത്തിൻെറ ഇരുപ്പു് ആദ്യമാദ്യം നമുക്കു വെളിപ്പെടുന്നതു്. ശിശുവിനു ലോകത്തിലെ സകല സുഖങ്ങളും മാതാവിൻെറ വസ്ത്രത്തിലും മടിയിലുമാണുള്ളതു്. സുഖം സഞ്ചരിച്ചുതുടങ്ങുന്ന മാർഗ്ഗത്തിൻെറ ആരംഭസ്ഥലമതാണു്. ആരംഭനിലയുംഅതാണു്. ശിശുക്കൾക്കു് ഈലോകത്തിൽ മാതാവിൻെറ മടിയിൽനിന്നുംകിട്ടുന്ന ആ സുഖം മറെറാന്നുകൊണ്ടുംസിദ്ധിക്കുന്നില്ല. മാതാവിൻെറ വസ്ത്രത്താൽ തൻെറ മുഖം മറച്ചുകൊണ്ടു് "അമ്മേ! അമ്മ! ഞാനെവിടെ? എന്നെക്കണ്ടുപിടിക്കുക!" എന്നു് ആ ശിശു പറയുന്നു. പറയുകമാത്രമല്ല, തൻെറ ശരീരത്തെപ്പോലും മറന്നു ചിരിച്ചാഹ്ലാദിക്കുന്നു. ശിശുക്കൾക്കു പുസ്തകം കൊണ്ടു ഫലമില്ല. പണവും അതിന്നു് ആവശ്യമില്ല. പഴങ്ങളും സ്വാദിഷ്ഠഭക്ഷണങ്ങളുംപോലും അതിന്നു് അത്രവളരെ രുചികരങ്ങളായിരിക്കുന്നില്ല. ആശിപ്പിക്കപ്പെടാതിരിക്കുന്നിടത്തോളം ഇവയൊന്നും അതു് അപേക്ഷിക്കുന്നില്ല. സവ്വസുഖങ്ങളും ശിശുവിന്നു് ആ ഒരൊററ സ്ഥാനത്താണിരിക്കുന്നതു്.

അങ്ങനെ ഒരുകൊല്ലം കഴിയുന്നു; സുഖം അതിൻെറ ഇരിപ്പിടത്തെ മാററുന്നു. മറെറാരിടത്തേയ്ക്കു പൊയ്ക്കളയുന്നു; ഇക്കാലത്തു സുഖത്തിൻെറ ഇരിപ്പിടം കളിപ്പണ്ടങ്ങളാകുന്നു. നല്ലനല്ല കളിപ്പണ്ടങ്ങളിലും ഉരുളകളിലും അതു സ്ഥലംപിടിക്കുന്നു. ഈ രണ്ടാമത്തെപ്പടിയിൽ ശിശു മാതാവിനെക്കാൾ തൻെറ കളിപ്പണ്ടങ്ങളെ ആഗ്രഹിക്കുന്നു. ആ പണ്ടങ്ങൾക്കുവേണ്ടി തൻെറ മാതാവിനോ

ട്, ആ പ്രിയപ്പെട്ട ജനനിയോട്, കലഹിക്കക്കൂടിച്ചെയ്യുന്നു. വീണ്ടും ചിലകൊല്ലങ്ങൾ കഴിയുമ്പോൾ കളിപ്പാട്ടങ്ങളിൽനിന്നും സുഖം ഓടിക്കളയുന്നു. ആ മൂന്നാമത്തെനിലയിൽ, ശിശു ബാല്യദശയിൽ എത്തുകയും സുഖം പുസ്തകങ്ങളിൽ പായുകയുംചെയ്യുന്നു. പ്രധാനമായി കഥാപുസ്തകങ്ങളിലാണു കയറുന്നതു്. സാധാരണ ബുദ്ധിമാന്മാരായ ബാലന്മാരിൽ അങ്ങനെയാണു കണ്ടുവരുന്നതു്. വേറെ ചിലകുട്ടികൾക്കു മറ്റൊന്നിലായിരിക്കും വാസനയെന്നും വന്നേയ്ക്കാം. ഇങ്ങനെ കഥാപുസ്തകങ്ങളിൽ ബാലനു് അഭിരുചിയും പ്രേമവും ജനിക്കുന്നു. ഇക്കാലത്തു പാവകളിലും ഉരുളുകളിലുംമററും അവനു താല്പര്യം തോന്നുന്നില്ല. കഥാഗ്രന്ഥങ്ങൾതന്നെ സുഖസാധനങ്ങളായിഭവിക്കുന്നു, പുസ്തകങ്ങൾതന്നെ മനോഹരങ്ങളും സുന്ദരങ്ങളുമായി തോന്നിക്കുന്നു. എന്നാൽ സുഖമോ, തന്റെ യാത്രയെ വീണ്ടും തുടരുകയത്രേ ചെയ്യുന്നതു്. അനന്തരം വിദ്യാർത്ഥിയായ ബാലൻ പള്ളിക്കൂടത്തിൽപോകുന്നു; പള്ളിക്കൂടത്തെക്കടന്നു സർവ്വകലാശാലയിൽ കയറുന്നു. അവിടെ ഭൌതികശാസ്ത്രഗ്രന്ഥങ്ങളെയും തത്വശാസ്ത്രപുസ്തകങ്ങളെയും അവൻ പ്രീതിയോടുകൂടിപ്പോററുന്നു. അങ്ങനെ പലകാലം പഠിത്തത്തിൽ കഴിയുന്നു. അതിനുശേഷം സുഖമെന്നതു പുസ്തകങ്ങളിൽനിന്നും, സർവ്വകലാശാലാബിരുദത്തെ കൈക്കലാക്കണമെന്നുള്ള അഭിലാഷസ്ഥാനത്തിൽ എത്തുന്നു. (അവനു് ഏതിൽ ആഗ്രഹം ജനിക്കുന്നുവോ, അതിൽ സുഖവും വസിക്കുന്നു; ആനന്ദത്തിന്റെ സങ്കേതമേ അതാണു്.) സർവ്വകലാശാലയിൽ പ്രശസ്തമായ ബിരുദം സമ്പാദിച്ചതിന്റെശേഷം ഉയന്നശമ്പളമുള്ളഉദ്യോഗത്തിൽ ഏൎപ്പെടുന്നു. അന്നു് ആ യുവാവിന്റെ ഏകലക്ഷ്യം, ധനശേഖരത്തിൽമാത്രമായിരിക്കും. ധനവാനാകണമെന്നുള്ള ഒരൊററ ഉദ്ദേശ്യത്തിലായിരിക്കും. ഒരു വലിയ ആളാകണമെന്നാഗ്രഹിക്കുന്നു. ചിലകാലം അങ്ങനെ ഉദ്യോഗാലയത്തിൽ പാടുപെട്ടു് കുറെ പണവും കൈവശത്താക്കി കഴിയുമ്പോൾ അയാളുടെ സുഖം മറെറാന്നിൽ പററിക്കൂടുന്നു. ഏതൊന്നിലാണെന്നു തുറന്നുപറയണമോ? കാമിനിയിൽത്തന്നെ.

ഇപ്രകാരം അയാൾ ഭാൎയ്യാലാഭത്തെ ആഗ്രഹിക്കുന്നു. അതിലേക്കു ധനവ്യയം ചെയ്വാൻ സന്നദ്ധനുമാകുന്നു. മാരാവിന്റെവസ്ത്രത്തിൽ ഒളിച്ചുകളിച്ചു സുഖമെല്ലാം പമ്പകടന്നു; കളിപ്പാട്ടങ്ങൾ അനുഭിലഷണീയങ്ങളായി ഭവിച്ചു; കഥാഗ്രന്ഥങ്ങളെ വലിച്ചെറിഞ്ഞു; തന്റെ ജീവിതശ്രദ്ധയെ തികച്ചും ആകർഷിക്കുന്ന സ്ത്രീജനത്തെപ്പററി എന്തെങ്കിലും പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ ആ പുസ്തകത്തെമാത്രം സ്വീകരിക്കുമെന്നുള്ളപതനത്തിലായി. ജായയ്ക്കുവേണ്ടി സർവ്വസ്വവും ത്യജിക്കാൻ തയ്യാറായി. തന്റെ സുഖംവസിക്കുന്ന

വനിതയുടെ അല്പമാത്രമായ സ്നേഹത്തിവേണ്ടി, അനുരാഗത്തിനുവേണ്ടി, അന്നേവരെ യത്നിച്ചു സമ്പാദിച്ചിട്ടുള്ള ധനംമുഴുവനും കാററത്തു പറപ്പിക്കാൻ ഒരുക്കമായി. അതിൻെറയൊക്കെ ഫലമായി ചിലനാം സമ്പൂർണ്ണനായി വസിക്കുന്നു! പിന്നെയോ? ശാന്തം പാപം! സുഖം വീണ്ടും അതിവേഗത്തിലോടുന്നു. ആരംഭത്തിൽ അയാംക്കുണ്ടായിരുന്ന ഭാര്യാഭിലാഷപരമായ സന്തോഷം ഇപ്പോളില്ല. ഭാരതത്തെസംബന്ധിച്ച സാമാന്യയുവാക്കന്മാരെപ്പററി പറയുകയാണെങ്കിൽ സുഖമെന്നതു് ഇപ്പോം സ്ത്രീയിൽനിന്നും അകന്നു ശിശുവിൽ എത്തിക്കൂടുന്നു. ഒരു കുട്ടിയെക്കിട്ടണമെന്നായിരിക്കും അയാളുടെ സ്വപ്നത്തിൽപോലുമുള്ള ചിന്ത. തേജസ്വിയായ ശിശുവിനെത്തന്നെ ധ്യാനിക്കുന്നു; അതത്രേ ഗൃഹത്തിനു അഴകെന്നുവിചാരിക്കുന്നു; അതുതന്നെ ഗൃഹംനിറഞ്ഞ ധനമെന്നും വിശ്വസിക്കുന്നു. ഇന്നാട്ടിലെപ്പതിവു രാമനു് (സ്വാമികം രാമൻ എന്ന സ്വനാമധേയപദംകൊണ്ടാണുതന്നെ പരാമർശിക്കുന്നതു്) അറിവില്ല. എന്നാൽ ഭാരതീയർ വിവാഹാനന്തരം ആഗ്രഹിക്കുന്നതു്, ദൈവത്തോടു് അഭ്യർത്ഥിക്കുന്നതു് ഒരു ശിശുവിനെയാണു്. സൽപുരുഷന്മാരുടെ ആശിസ്സുകളെ അംഗീകരിക്കുകൂടിച്ചെയ്യുന്നു. എന്തെല്ലാംചെയ്യാൻ കഴിയുമോ അതൊക്കെച്ചെയ്തു പുത്രലാഭത്തെ മോഹിക്കുന്നു.

ശിശുവിനെ പ്രതീക്ഷിക്കുന്നതിൽ സുഖം മുഴുവൻ ഒന്നിച്ചുകൂടുന്നു; പ്രതീക്ഷാസ്ഥാനത്തിൽസുഖം സ്ഥിതിചെയ്യുന്നു. സുഖത്തിൻെറ സഞ്ചാരത്തിൽ ശിശുകാര്യം ആറാമത്തെപ്പടിയാണു്. ആനന്ദസഞ്ചാരത്തിൻെറ ഒരു സ്ഥാനമാണതു്. ഈശ്വരാനുഗ്രഹത്താൽശിശു ജനിക്കുന്നു. അപ്പോം അയാളുടെ ആനന്ദത്തിനു് അവധിയില്ല. ആഹ്ലാദപരിപൂർണ്ണനായി നൃത്തംചെയ്യുന്നു! ആനന്ദം അയാളെഎടുത്തെറിയുന്നു; ഭൂമിയിൽനിന്നും ആകാശത്തിലേക്കുയൎത്തുന്നു. അയാം നടക്കുന്നതേയില്ല. ആകാശത്തിൽ നീന്തിക്കളിക്കുന്നു! ആഘമപൂൎണ്ണമായ സുഖം അയാം അനുഭവിക്കുന്നു. ഇത്രവലിയ സുഖം ശിശുവിനാൽ അനുഭവിക്കപ്പെടുന്നു. ആറാമത്തെ നിലയിൽ, ചന്ദ്രസമാനസുമുഖമായ ശിശുവിനോടുകൂടി, ശിശുവിൻെറ വയഃപൂർത്തിയോടുകൂടി, സുഖം പരമകാഷ്ഠയെ പ്രാപിക്കുന്നു. തൻെറ ശിശുവിൻെറ മുഖത്തെ ദർശിക്കുമ്പോളാണു് അത്യഗാധമായ സുഖം അനുഭവമാകുന്നതു്. ഒരു സാധാരണമനുഷ്യൻെറ സുഖം ഇവിടെ ഉന്നതസ്ഥാനത്തിൽ എത്തിക്കഴിഞ്ഞു. പിന്നീടു് അയാംക്കു് സുഖം കുറയുന്നു; ശിശു മുതിൎന്നു ബാലനാകുമ്പോം, തേജസ്സു പൊയ്പ്പോകുന്നു. അതിനുശേഷം അയാളെസംബന്ധിച്ചിടത്തോളം സുഖമെന്നതു് ഓരോരോ വസ്തുക്കളിലായി മാറിക്കൊണ്ടിരിക്കുന്നു.

ഇനിയും നമുക്കു ചിന്തിക്കാം; യഥാർത്ഥത്തിൽ സുഖം എന്നു പറയപ്പെടുന്നതു് മുൻചൊന്ന വസ്തുക്കളിൽ സ്ഥിതിചെയ്തിരുന്നുവോ എന്നന്വേഷിക്കാം. അമ്മയുടെ മുണ്ടിലും കളിപ്പണ്ടങ്ങളിലും, പുസ്തകങ്ങളിലും, ധനത്തിലും സ്ത്രീജനത്തിലും ശിശുവിലും ലോകത്തിലുള്ള മറ്റെതെങ്കിലും വസ്തുക്കളിലും, സുഖം സ്ഥിതിചെയ്യുന്നുവോ എന്നു തിരക്കാം. ഉപരിവിചിന്തനത്തിനു മുമ്പായി, സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സുഖത്തെ, ആദിത്യരശ്മിയോട് — ചരിച്ചുകൊണ്ടിരിക്കുന്ന രശ്മിയോട് — ഉപമിച്ചുകൊള്ളട്ടെ! സൂര്യകിരണവും നിരന്തരമായി ഓരോരോ സ്ഥാനങ്ങളേക്കു മാറിമാറി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഒരു സമയത്തു് ഇന്ത്യയിൽ പ്രകാശിക്കുന്നു. മറ്റൊരു സമയത്തു യൂറോപ്പിൽ പ്രകാശിക്കുന്നു. ഈവിധത്തിലാണു് അതിന്റെ യാത്ര. വൈകുന്നേരത്തു വെയിൽ നീങ്ങുമ്പോൾ, എത്ര വേഗത്തിൽ സ്ഥലംമാറ്റം സംഭവിക്കുന്നു എന്നു നോക്കുക! കിഴക്കു അമേരിക്കയിൽ പ്രകാശിച്ചു് അവിടുന്നു പടിഞ്ഞാറോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. നോക്കുക! സൂര്യപ്രകാശം എത്ര മനോഹരമായി തത്തിക്കളിച്ചു പുരോഗമനംചെയ്യുന്നു! പടിഞ്ഞാറോട്ടു കടന്നുകടന്നു ജപ്പാനിൽചെന്നു പ്രകാശത്തെ പരത്തുന്നു. ഓരോരോ സ്ഥലങ്ങളിലായി യാത്രചെയ്യുന്നു ഈ സ്ഥലങ്ങളെല്ലാം — സൂര്യപ്രകാശമുള്ള പ്രദേശങ്ങളെല്ലാം — സൂര്യപ്രകാശത്തെ ഉണ്ടാക്കുന്ന സ്ഥലങ്ങളല്ല; സൂര്യപ്രകാശം വസിക്കുന്ന സ്ഥലങ്ങളല്ല. സൂര്യപ്രകാശം ഉണ്ടാകുന്ന സ്ഥലം — ഉദ്ഭവസ്ഥാനം — മറ്റെവിടെയോ ആണത്രേ. അതു സൂര്യനിൽനിന്നുമുണ്ടാകുന്നു. അതുപോലെ, സുഖം എന്നതും അതതു വസ്തുക്കളിൽ മാറിമാറി പൊയ്ക്കൊണ്ടിരിക്കുന്നു. സൂര്യകിരണം എന്നപോ പോലെ അതും ഇടംവിട്ടു ഇടംവിട്ടു ചരിച്ചുകൊണ്ടിരിക്കുന്നു. എവിടെനിന്നു ഉത്ഭവിക്കുന്നു? അതിന്റെ ഉത്ഭവസ്ഥാനമാകുന്ന ഗൃഹം എവിടെയാണു്? സുഖം എന്ന സ്വരൂപമാകുന്ന സൂര്യനെ ആരായുക തന്നെ.

(മുൻചൊന്നപ്രകാരം) പുത്രഭാഗ്യം സിദ്ധിച്ച മനുഷ്യനെ എടുക്കാം. ആ മനുഷ്യൻ ഉദ്യോഗസ്ഥലത്തിരിക്കുന്നു. ഉദ്യോഗസംബന്ധമായ ജോലികൾ നിർവഹിക്കുന്നു. പെട്ടെന്നു മണിയടിച്ചശബ്ദം കേൾക്കുന്നു; എന്തുമണി? വചോഗ്രാഹ (Tele phone) യന്ത്രത്തിന്റെ മണിശബ്ദം കേട്ടു ചാടി എഴുന്നേൽക്കുന്നു. വൃത്താന്തം എന്തായിരിക്കുമെന്ന സംശയത്താൽ ഹൃദയം അസ്വസ്ഥമാകുന്നു. വരാനിരിക്കുന്ന ദുഃഖം നിഴൽവീശുമെന്നുണ്ടല്ലോ. അയാളുടെ ഹൃദയം വല്ലാതെ പതറുന്നു. ഇങ്ങനെ മുമ്പെങ്ങും ഉണ്ടായിട്ടില്ല. വചോഗ്രാഹിയുടെ സമീപത്തുചെന്നു വാക്കുകളെ ശ്രദ്ധിച്ചുകേൾക്കുന്നു. അഹോ! എത്ര ദുഃഖകരമായ വൃത്താന്തം! ആ മനുഷ്യൻ ദീർഘശ്വാസം വിടുന്നു.

തന്നെത്താൻ മറന്നുകഴിഞ്ഞു; മുഖത്തു രക്തഛായയില്ലെന്നായി. ദുഃഖാക്രാന്തനായി, കുപ്പായവും തൊപ്പിയും ധരിച്ചുകൊണ്ടു് തോക്കിൽനിന്നു് ഉണ്ട എന്നപോലെ, ആഫീസിൽനിന്നും വെളിയിൽ പായുന്നു. മേലധികാരിയുടെ സമ്മതംകൂടി ചോദിച്ചില്ല; കീഴ്സിൽബന്ധികളോടു് ഒരുവാക്കുപോലുംപറഞ്ഞില്ല. മേശപ്പുറത്തിരുന്ന റിക്കാർട്ടുകൾ എടുത്തു അകത്തുവച്ചു പൂട്ടാനുള്ള ക്ഷമയുണ്ടായില്ല തന്നെത്താൻ മറന്നു വെളിയിൽഇറങ്ങി ഓടുകയാണുണ്ടായതു്. മററുള്ള ഉദ്യോഗസ്ഥന്മാർ ആശ്ചര്യപ്പെട്ടു. റോഡ്ഡിൽ കയറിയ ഉടനെ എതിരേവന്ന തപാൽശിപായി ഒരു എഴുത്തുകൊടുത്തു. അക്കത്തു ഒരു സന്തോഷവർത്തമാനത്തെ അറിയിച്ചു. ലൗകികന്മാരെസ്സംബന്ധിച്ചു സന്തോഷവാർത്ത — ഒരുവലിയനിധി അയാൾക്കുലഭിച്ചു. ലാട്ടർചിട്ടിയിൽ ഒരു ഓഹരി എടുത്തിട്ടുണ്ടായിരുന്നു. പതിനായിരം രൂപാ അതിൽകിട്ടി. ഈ സംഗതി അയാളെ അധികാധികം സന്തോഷിപ്പിക്കുമായിരുന്നു. ഇപ്പോൾ അതിനിടയായില്ല. വചോഗ്രാഹിവാർത്ത മനസ്സിൽ പതിഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ടു് ആ നിധിലാഭവൃത്താന്തത്തിന് അയാളെ സന്തുഷ്ടനാക്കാൻ കഴിഞ്ഞില്ല. എതിരേ ഒരു വണ്ടിവരുന്നുണ്ടായിരുന്നു. ഒരു ഉയന്ന ഉദ്യോഗസ്ഥൻ അതിൽ ഇരിക്കുന്നുണ്ടായിരുന്നു. ആ ഉദ്യോഗസ്ഥന്റെ അപൂർവസന്ദർശനത്തെ അയാൾബഹുകാലമായി ഉൽക്കണ്ഠാപൂർവം പ്രതീക്ഷിച്ചിരിക്കയായിരുന്നു. എന്നാൽ ഈ അവസരത്തിൽ കണ്ടഭാവംപോലും നടിച്ചില്ല. ഒരു സൌന്ദര്യവതിയുടെ സുസ്മേരവദനം അയാൾ കണ്ടു. ആ മഹിളാരത്നത്തിന്റെ നേരിൽനിന്നു് അല്പം സംസാരിക്കയെങ്കിലും ചെയ്യണമെന്നു് അയാൾ ആഗ്രഹിച്ചിരിക്കയായിരുന്നു. പക്ഷേ ഈസമയത്തു ആ സുമുഖിയുടെ മന്ദഹാസത്തിനുപോലും അയാളെ ആകർഷിക്കാൻകഴിഞ്ഞില്ല. വേറെ എന്തൊന്നാണു് അയാളുടെ ആഗ്രഹം? അഥവാ അയാളെ ബാധിച്ചിരിക്കുന്ന സന്താപമെന്താണു്? എന്നൊക്കെ നിങ്ങൾ ചോദിക്കുന്നുണ്ടായിരിക്കാം. അയാൾ തന്റെ ഗൃഹത്തിനു അരുകിലുള്ള തെരുവിൽ എത്തി. വലിയ ബഹളവും കൂട്ടനിലവിളിയും അയാളുടെ കർണ്ണരന്ധ്രങ്ങളെ ഭേദിച്ചു. നിബിഡമായ ധൂമം ആകാശത്തേക്കുയന്നു. സൂര്യനെ മറച്ചിരിക്കുന്നതും അഗ്നിജ്വാലകൾ മേല്പോട്ടു കത്തിക്കാളുന്നതും അയാളുടെ നയനങ്ങൾക്കു വിഷയീഭവിച്ചു. തന്റെ ഭാര്യയും മാതാവും മുത്തശ്ശിയും മററുബന്ധുക്കളും വാവിട്ടുകരയുന്നതുംകണ്ടു. ഗൃഹത്തിനു തീപിടിച്ചതുകൊണ്ടുള്ള കരച്ചിലാണു്. തന്റെ സകല സ്നേഹിതന്മാരെയും അയാൾ അവിടെക്കണ്ടു. ഒരൊററ വസ്തുവിനെമാത്രം കണ്ടില്ല. അയാളുടെ സുഖത്തിന്റെ വർത്തമാനകാല

ത്തിലെ ആ ഇരിപ്പിടത്തെക്കണ്ടില്ല. തന്റെ അരുമക്കുഞ്ഞിനെ കണ്ടില്ല. അതേ, അതേ, അതിനെക്കാണാനില്ല. 'കുഞ്ഞെവിടെ?' എന്നുചോദിച്ചു ഭാര്യയ്ക്കു മറുപടിയില്ല; അവൾതേങ്ങിത്തേങ്ങിക്കരയുന്നു; വാതുറന്ന് ഒരക്ഷരംശബ്ദിക്കാൻ ശക്തിയില്ല. വസ്തുത മനസ്സിലായി; കുട്ടി വീട്ടിനകത്ത് അകപ്പെട്ടുപോയി. തീപിടിത്തത്തിന്റെ ആരംഭത്തിൽ കുട്ടി മാതാവിന്റെ അടുക്കലുണ്ടായിരുന്നു; തൊട്ടിലിൽ കിടത്തിയിരിക്കയായിരുന്നു; ഉറങ്ങിക്കിടക്കുകയായിരുന്നു. കുട്ടിയെ ഉറക്കിയുംവച്ചു വേലക്കാരത്തി വെളിയിൽപ്പോന്നു. വീട്ടിനു തീകത്തിപ്പടന്നപ്പോൾ, അകത്തുണ്ടായിരുന്നവരെല്ലാം പരിഭ്രമത്തോടുകൂടി നാനാവഴിക്കു വെളിയിൽച്ചാടി. ഓരോരുത്തരും, കുട്ടിയെ ഓരോരുത്തർ എടുത്തുകൊള്ളുമെന്നു സംശയിച്ചുപോയി. എല്ലാവരും വെളിയിൽവന്ന് ഒന്നിച്ചുകൂടി വസ്തുത ഗ്രഹിച്ചപ്പോഴേക്കും കുഞ്ഞിന്റെ മുറിയിൽ തീചുററിപ്പടന്നിരിക്കുന്നു. കരച്ചിലും വിളിയും തൊഴിയും മാറത്തടിയും മാറെറാലികൊള്ളാനുംതുടങ്ങി. സഹായത്തിന് ആളുമില്ല (ഈ സന്ദർഭത്തിലാണ് ഗൃഹനായകന്റെ വരവ്; വന്നെത്തിയ) വീട്ടുടമസ്ഥനും ഭാര്യയും തള്ളയും ബന്ധുക്കളും വേലക്കാരത്തിപോലും ചുററുംനിൽക്കുന്ന പുരുഷാരത്തെ നോക്കി വാവിട്ടു നിലവിളിക്കുന്നു. ചുററും നിൽക്കുന്നവരോടും പോലീസ്സുകാരോടും കുഞ്ഞിനെ രക്ഷിക്കാൻ അപേക്ഷിക്കുന്നു. വാത്സല്യപൂർവം പോററി വളർത്തിയ ഓമനക്കുഞ്ഞിനെ രക്ഷിക്കാൻ താണുവീണപേക്ഷിക്കുന്നു. "അയ്യോ! ഞങ്ങളുടെ അരുമക്കുഞ്ഞിനെ രക്ഷിക്കണേ! ഞങ്ങളുടെ സമ്പാദ്യം അശേഷം തന്നേക്കാം. ഇനി പത്തുകൊല്ലത്തേക്കു സമ്പാദിക്കുന്നതും അങ്ങുതന്നേക്കാം. സകലതും തന്നേക്കാം. ഞങ്ങൾക്കു സ്വന്തമായിട്ടുള്ളതൊക്കെയും തന്നേക്കാം. ഞങ്ങളുടെ കുഞ്ഞിനെ ഏതുവിധത്തിലെങ്കിലും രക്ഷിക്കണേ! അയ്യോ! കുഞ്ഞിനെ ഇങ്ങെടുത്തുതരണേ!!" എന്നിങ്ങനെ ദയനീയമായി അപേക്ഷിക്കുന്നു. കുഞ്ഞിനെ രക്ഷിക്കാൻവേണ്ടി സർവസ്വവും കൊടുക്കാൻ തയ്യാറായിരിക്കുന്നു. വാസ്തവത്തിൽ, കുഞ്ഞ് അരുമതന്നെ. സ്നേഹഭാജനമായ ശിശു ഒരു പൂർവവസ്തുതന്നെ. നമ്മുടെ സകല സ്വത്തുക്കളും നിശ്ശേഷധനവും നമുക്ക് അവകാശപ്പെട്ടതെല്ലാം തന്നെയും ശിശുവിനുവേണ്ടി നഷ്ടപ്പെടാം. എന്നാൽ, രാമൻ ഒന്നുചോദിക്കുന്നു. പരമാർത്ഥത്തിൽ ശിശുവാണോ സുഖത്തിന്റെ മൂലസ്ഥാനം? ലോകത്തിലുള്ള വസ്തുക്കളിൽവച്ച് അത്യുൽകൃഷ്ടമായ വസ്തു അതുതന്നെയാണോ? ആണെന്നുള്ളതു വാസ്തവംതന്നെയോ? അതോ സുഖസാധനം മററങ്ങാൻ ഇരിപ്പുണ്ടോ? അല്പം ബുദ്ധിചെലുത്തി ആലോചിക്കുക! ശിശുവിനുവേണ്ടി സർവസ്വവും ത്യജിക്കാൻ തയ്യാറുണ്ട്. അതു

അപൂർവ്വമായി സ്നേഹിക്കുന്ന ശിശുവിനെപ്പോലും, അതിനെക്കാൾ പ്രധാനമായി കരുതിയ വേറൊന്നിനുവേണ്ടി ത്യാഗംചെയ്കയല്ലേ ചെയ്തതു്? പൊന്നും മണ്ണും സർവ്വവും കുഞ്ഞിനുവേണ്ടി ത്യാഗംചെയ്യും; ശരിതന്നെ. ആ കുഞ്ഞിനെ മറെറാന്നിനുവേണ്ടി ത്യാഗം ചെയ്തിരിക്കുന്നു. തീയിൽചാടാൻ തയ്യാറാകുന്ന സഹായികജനങ്ങളും മരിച്ചു ദഹിച്ചെന്നുവരാം. എന്നാലും വേണ്ടില്ല, രക്ഷിക്കപ്പെടുകതന്നെ വേണമെന്നുള്ള ആ കുഞ്ഞിനെപ്പോലും മറെറാന്നിനുവേണ്ടി, ശിശുവിനെക്കാൾ ഉപരിയായ ഏതോവേറൊന്നിനുവേണ്ടി, ത്യാഗംചെയ്തിരിക്കുന്നു! ആ വേറൊന്നു് ശിശുവിനെക്കാൾ പ്രധാന്യമുള്ളതായിരിക്കണം. ആ സാധനമാണു് വാസ്തവത്തിൽ സുഖമാകുന്ന ആനന്ദത്തിന്റെ ഇരിപ്പടം. അതു് എന്തായിരിക്കാം? ആ പ്രധാനപ്പെട്ടവസ്തുഏതു്? നോക്കുക! അവർ (ശിശുവിന്റെ അവകാശികൾ) എന്തുകൊണ്ടു തീയിൽ ചാടിയില്ല? ആ പ്രധാനപ്പെട്ട വസ്തുവായ ആത്മാവിനെ അവർ ത്യാഗംചെയ്യേണ്ടിവരുന്നു. തന്നെത്താൻ മരിക്കേണ്ടിവരുന്നു. അതിനു് അവർ തയാറല്ല. ശിശുവിനുവേണ്ടി മററുള്ളവയെല്ലാം ഉപേക്ഷിക്കാൻ തയാറാണു്. ആ ശിശുവിനെ തനിക്കുവേണ്ടി — "ആത്മാ"വിനുവേണ്ടി — നഷ്ടപ്പെടാനും ഒരുക്കമത്രേ.

ഇത്രയുംകൊണ്ടു്, സുഖത്തിന്റെ യാത്രാവസാനസങ്കേതസ്ഥാനമായ ശിശുവും സുഖത്തെ തന്നിൽ പ്രസാധനം ചെയ്തില്ലെന്നു വെളിപ്പെട്ടു. ആ ശിശു സൌന്ദര്യമുള്ളതാകുന്നു; ആകർഷകമാകുന്നു; സുഖസാധനമാകുന്നു. എന്തുകൊണ്ടെന്നാൽ, ശിശുവിൽ, ആത്മാവിൽ നിന്നു നിർഗ്ഗമിച്ച ജ്യോതിച്ഛായ — സൂര്യരശ്മി — എത്തിച്ചേർന്നു പ്രകാശിക്കുന്നു. ആ ജ്യോതിസ്സ് ശിശുവിന്റെ സ്വന്തമല്ല. ആ ജ്യോതിസ്സാകുന്ന സുഖം ശിശുവിൽനിന്നുംതന്നെ ആവിർഭവിക്കുന്നതാണെങ്കിൽ എല്ലായ്പോഴും ശിശുവിൽ വിളങ്ങിക്കൊണ്ടിരിക്കണം. ശിശുവിന്റെമുഖത്തു വിളയാടിയ ജ്യോതിസ്സ്, അകത്തുള്ള ഉല്പത്തിസ്ഥാനത്തുനിന്നും നിർഗ്ഗമിച്ചതാകുന്നു. ആത്മാവിൽനിന്നുതന്നെ ആനന്ദം ഉദ്ഭൂതമാകുന്നു. ഇപ്പോൾ നാം ആനന്ദത്തിന്റെ ഉത്ഭവസ്ഥാനത്തോടു് അടുക്കുന്നു. ഉത്ഭവിക്കുന്നസ്ഥലത്തെ സമീപിക്കുന്നു. ശിശുവിനെ അതിന്റെ ക്ഷേമത്തിനായിക്കൊണ്ടു താലോലിച്ചു പോററിയില്ല. ആത്മസുഖത്തിനുവേണ്ടി ശിശു താലോലിക്കപ്പെട്ടു. ഭാര്യയുടെ നന്മയെ പുരസ്കരിച്ചു ഭാര്യ പോററപ്പെടുന്നില്ല. ഭർത്താവും അയാളുടെ നന്മയ്ക്കുവേണ്ടി പോററപ്പെടുന്നില്ല. തങ്ങളെ തന്നെ സ്നേഹിച്ചതിനാൽ മാത്രമാണു്, ഭർത്താവും ഭാര്യയും അന്യോന്യപ്രേമഭാജനങ്ങളാകുന്നതു്. ഇതത്രേ പരമാർത്ഥം. മനുഷ്യർ വസ്തുക്കളെ ആഗ്രഹിക്കുന്നതായി പറയുന്നു. വസ്തുവി

ന്മേൽ ആഗ്രഹത്തെ ചെലുത്തുന്നു. അപ്രകാരം വസ്തുവിനെത്തന്നെയാണ് ആഗ്രഹിക്കുന്നതു് എന്നു പറയുന്നതു് അബദ്ധം. അങ്ങനെ വരാനിടയില്ല. ഇല്ലെന്നു ബലപ്പെടുത്തിപ്പറയാം. ധനത്തിനുവേണ്ടി ധനം ഇഷ്ടവസ്തുവാകുന്നില്ല. ആത്മാവാകുന്ന തനിക്കായിട്ടുമാത്രം ധനം ഇഷ്ടവസ്തുവാകുകയാണ്. പ്രേമഭാജനമായിരുന്ന പത്നി, പുരുഷൻെറ സുഖസൌകൎയ്യങ്ങളെ ശ്രദ്ധിക്കാത്ത കാലം നേരിട്ടാൽ, അവൾ അപ്പോൾ നിഷ്കാസനംചെയ്യപ്പെടുന്നു. ഭൎത്താവു് അതിപ്രിയനായിരുന്നാലും, ഒരു സമയത്തു് ഭാൎയ്യയുടെ സുഖസൌകൎയ്യങ്ങളിൽ അശ്രദ്ധനായി ഭവിച്ചാൽ അവനും ബഹിഷ്കൃതനാകുന്നു (പാശ്ചാത്യ പരിഷ്കാരമാണിതു്). ധനവും കാൎയ്യങ്ങൾക്കു പ്രയോജകീഭവിച്ചില്ലെങ്കിൽ തിരസ്കരിക്കപ്പെടുന്നു. നീറോ എന്ന ദേഹം, മനോഹരമായ റോമാപുരി, തൻെറ തലസ്ഥാന നഗരി, വേണ്ടത്ര ഉപയോഗയോഗ്യമല്ലെന്നുകണ്ടു. വലിയ പട്ടണം അഗ്നിക്കിരയായാലത്തെ സ്ഥിതി നോക്കിക്കാണേണ്ടതു് ആവശ്യമാണെന്നുവന്നു. ഉടനെ എന്താണ് അദ്ദേഹം പ്രവൎത്തിച്ചതു്? സമീപത്തുള്ള പൎവ്വതശിഖരത്തിൽ കയറി ഇരുന്നുംകൊണ്ടു് പട്ടണത്തിനു തീകൊളുത്താൻ കല്പിച്ചു. ആ ഭയങ്കരമായ അഗ്നിജ്വാലകണ്ടു് ആനന്ദിക്കുവാനായി അങ്ങനെചെയ്തതാണ്. അഗ്നിജ്വാല ആകാശത്തിൽ നൃത്തംചെയ്യുമ്പോൾ പൎവ്വതശിഖരത്തിലിരുന്നു് വീണവായിക്കുകയായിരുന്നു അദ്ദേഹംചെയ്തതു്. ധനവും തനിക്കു് ഉപയോഗമില്ലെന്നു കാണുമ്പോൾ തിസ്കരിക്കപ്പെടുന്നു.

രാമന് ഒരിക്കൽ ഒരു കാഴ്ച കാണുന്നതിനിടയായി. വിചിത്രതരമായ ഒരു വിഷയമാണിതു്. ഗംഗാനദിയിൽ വലിയ വെള്ളപ്പൊക്കം; പെരുവെള്ളംകയറിക്കൊണ്ടിരുന്നു; അനുനിമിഷം പെരുകിപ്പൊങ്ങിക്കൊണ്ടിരുന്നു. സമീപത്തുള്ള ഒരു മരക്കൊമ്പിൽ കുറേ കുരങ്ങന്മാർ പറ്റിക്കൂടിയിട്ടുണ്ടു്. അക്കൂട്ടത്തിൽ ഒരു തള്ളക്കുരങ്ങും അതിൻെറ കുട്ടികളും ഉൾപ്പെട്ടിട്ടുണ്ടു്. ആ കുട്ടികളെല്ലാം തള്ളയുടെ സമീപത്തിൽ ഓടിഎത്തി. വെള്ളം അതിനിടയ്ക്കു് വൃക്ഷശിഖരത്തോളം എത്തിക്കഴിഞ്ഞു; പെൺകുരങ്ങ് മേലേക്കൊമ്പിൽചാടിക്കയറി; വെള്ളം വീണ്ടും പൊങ്ങി; കുരങ്ങ് അഗ്രശിഖരത്തിൽപറ്റി; അവിടെയും പൊങ്ങി വെള്ളം. കുട്ടികളൊക്കെ അതിൻെറ ശരീരത്തിൽ പറ്റിപ്പിടിച്ചുകിടക്കുകയായിരുന്നു. ജലം അതിൻെറ പാദത്തിൽ സ്പൎശിച്ചു; കുട്ടികളിൽ ഒന്നിനെപ്പിടിച്ചു പാദത്തിനടിയിൽ വച്ചു; ജലം പിന്നെയും ഉയൎന്നു; മറെറാന്നിനെപ്പിടിച്ചു കാൽക്കലിട്ടു. വീണ്ടും വെള്ളം പൊങ്ങി; മൂന്നാമത്തെക്കുട്ടിയെയും നിൎദ്ദയം ചവിട്ടടിയിലാക്കിച്ചവിട്ടിനിന്നുംകൊണ്ടു് തൻെറ ജീവനെ രക്ഷിക്കാൻ ശ്രമിച്ചു! ഇതുപോലെയാണു സകല സംഗതി

യും. . മനുഷ്യരും വസ്തുക്കളും നമുക്കു് ഉപകരിക്കുവോളം പ്രിയപ്പെട്ടവയായിരിക്കും. നമ്മുടെകാൎയ്യം സംശയസ്ഥാനത്താകുമ്പോൾ നാം ഏതൊന്നും ത്യാഗംചെയ്യാൻ സന്നദ്ധരാകുന്നു. ഇത്രയുംകൊണ്ടു, സുഖത്തിന്റെ ഇരിപ്പിടം അകത്തു്, നമ്മുടെ ഉള്ളിൽ, എവിടെയോ ആയിരിക്കണമെന്നു നാം മനസ്സിലാക്കുന്നു. തനിക്കു് ഏറ്റവും സമീപിച്ചിരിക്കുന്നു. എവിടെയാണെന്നു് അന്വേഷിക്കാം. കാലുകൾ ശരീരത്തെ വഹിച്ചിരിക്കുകയാണല്ലോ, ആ കാലുകളിലുണ്ടോ? ഇല്ല; അവയിലില്ല. കാലുകളിൽ ആയിരുന്നാൽ, ലോകത്തിൽഅവയ്ക്കു സൎവ്വപ്രധാനത്വം കല്പിക്കേണ്ടിവരും. കാലുകൾക്കു പ്രത്യേക പ്രാധാന്യം കല്പിക്കുന്നുണ്ടെങ്കിലും കൈകളെക്കാൾ അവ പ്രധാനങ്ങളല്ല. എന്നാൽ സുഖം വസിക്കുന്നതു കൈകളിലാണോ? അതിലും അല്ലെന്നുതന്നെ ഉത്തരം. കാലുകളെക്കാൾ പ്രാധാന്യം അവയ്ക്കുണ്ടെങ്കിലും അവ സുഖസ്ഥാനങ്ങളല്ല. കണ്ണും മൂക്കും സുഖത്തിന്റെ വാസസ്ഥാനങ്ങളാണെന്നു വിശ്വസിക്കാമോ? കണ്ണുകൾ, കരങ്ങളെയും മൂക്കിനെയും അപേക്ഷിച്ചു ശ്രേഷ്ഠങ്ങൾതന്നെ. പക്ഷേ, സുഖം എന്നതു് അവിടെയുമില്ല. കണ്ണുകളെക്കാൾ അപൂൎവ്വമായിട്ടുള്ള മറ്റൊന്നിനെ ആലോചിച്ചു നോക്കുവിൻ! അതു ജീവനാണെന്നു നിങ്ങൾ പറയും. ശരീരത്തെ ആകമാനം എടുക്കുവിൻ എന്നു രാമൻ പറയും. ശരീരം മുഴുവൻ ചേൎന്നാലും സുഖത്തിന്റെ വാസസ്ഥാനമാകുന്നില്ല. നാം ഈ ശരീരത്തെ മുഴുവനും ചെലവുചെയ്തുംകൊണ്ടിരിക്കുന്നു; ഓരോ നിമിഷവും നാം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ശരീരം വ്യത്യസ്തമായിക്കൊണ്ടെയിരിക്കുന്നു പലകാലങ്ങൾക്കുശേഷം ഓരോ അവയവങ്ങൾക്കും മാറ്റംസംഭവിച്ചു ശരീരം നവീകൃതമായിത്തീരുന്നു. ശരീരത്തിന്റെ അവസ്ഥ ഈ വിധത്തിലാണെങ്കിൽ (സുഖം) ബുദ്ധിയിൽ തങ്ങിയിരിക്കുന്നു എന്നോ, തലച്ചോറിലോ മനസ്സിലോ വസിക്കുന്നുഎന്നോ പറയാമോ? പറയാമായിരിക്കാം. എന്നാൽ ബുദ്ധിയെക്കാൾ ഔൽകൃഷ്ട്യമുള്ള വസ്തുവില്ലേ എന്നു് ഒന്നന്വേഷിക്കാം; പരിശോധിച്ചുനോക്കാം. ബുദ്ധിയെക്കാൾ ശ്രേഷ്ഠമായ, വിശിഷ്ടമായ മറ്റൊന്നുണ്ടെങ്കിൽ അതുതന്നെയായിരിക്കും സുഖത്തിന്റെ ഇരിപ്പിടം. ജീവൻ, ഹിന്ദുക്കളുടെ ഭാഷയിൽ പ്രാണങ്ങൾ, സുഖത്തിന്റെ ഉല്പത്തിസ്ഥാനം എന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, മനുഷ്യർ വിശേഷബുദ്ധിയില്ലാതിരുന്നാലും (വിശേഷബുദ്ധിയില്ലാത്ത മനുഷ്യർ പോലും) ജീവിക്കുവാൻ ആഗ്രഹിക്കുന്നു: മരിക്കണം അല്ലെങ്കിൽ ബുദ്ധിഭ്രമത്തോടുകൂടി ജീവിക്കണമെന്നു നിങ്ങൾ നിൎബന്ധിക്കപ്പെട്ടാൽ, ഓരോ മനുഷ്യനും, ഭ്രാന്തു പിടിച്ചാലും മരിക്കാതിരിക്കതന്നെവേണം എന്നുപറയും. അതുകൊണ്ടു് ബുദ്ധിയെ

പ്പോലും ജീവനെ പുലർത്താനായി ഉപേക്ഷിക്കുന്നു. അതിനാൽ ജീവനാണു സുഖത്തിന്റെ ഇരിപ്പിടം എന്നുപറയുന്നു. സകലസുഖങ്ങളും ആവിർഭവിച്ചു വെളിയിൽ പ്രകാശിക്കാൻ കാരണമായ സൂര്യനാണു് ജീവൻ. വാസ്തവമാണോ? ഒന്നുകൂടി ആലോചിച്ചുനോക്കൂ! ജീവൻ എന്നതു് യഥാർത്ഥത്തിൽ സുഖസ്ഥാനംതന്നെയാണോ? നല്ലതുപോലെ ആലോചിക്കുക! അല്ല; ജീവൻ സുഖസ്ഥാനമല്ലെന്നു വേദാന്തം വിധിക്കുന്നു. ജീവൻപോലും ആനന്ദത്തിന്റെ ഉത്ഭവസ്ഥാനമല്ല. സുഖത്തിന്റെ പാർപ്പിടം, ആനന്ദത്തിന്റെവാസസ്ഥലം, അകത്തുള്ള സ്വർഗ്ഗലോകത്തോടു് അധികം അടുത്തിരിക്കുന്നു, ജീവനെക്കാട്ടിലും ഏററം അടുത്തിരിക്കുന്നു; അതു് എന്തൊന്നാണു്?

ആസന്നമരണനായ ഒരു ബാലനെ രാമൻകണ്ടു. ഒരു കഠിനവ്യാധിയാൽ അവൻ അതിപ സങ്കടപ്പെടുകയായിരുന്നു. ദുസ്സഹമായ ശരീരവേദനയാൽ കഷ്ടപ്പെട്ടുകൊണ്ടിരുന്നു. കാലിന്റെ ചെറുവിരലിൽ ഒരു വേദനയായിരുന്നു സുഖക്കേടിന്റെ ആരംഭം. ആദ്യം അത്രസാരമുള്ളതായിരുന്നില്ല. കുറെകഴിഞ്ഞപ്പോൾ അതു മേല്പോട്ടുകയറി. ഒടുവിൽ അവന്റെ ശരീരംമുഴുവൻവേദനയായി. മേല്പോട്ടു കയറികയറി ഉദരത്തോളം എത്തി. അനന്തരം ഹൃദയസ്ഥാനത്തിൽ കടക്കുകയും മരിക്കുകയുംചെയ്തു,

അവൻ മരിക്കും മുമ്പു് 'ഈ ജീവനൊടുങ്ങുന്നതെപ്പോൾ?' എന്നു് അത്യുച്ചത്തിൽ വിളിച്ചുചോദിച്ചു. ഈ നാട്ടിൽ ഒരുവൻ മരിക്കുമ്പോൾ അവൻ 'ജീവൻവെടിഞ്ഞു' എന്നാനിങ്ങൾ പറയുന്നു. ഇന്ത്യയിൽ അവൻ "ദേഹം വെടിഞ്ഞു" എന്നു പറയുന്നു. നിങ്ങൾ ശരീരത്തെ "താൻ" ആയി ഭവിച്ചു് ജീവനെ അന്യമായി കരുതുന്നു. ഇന്ത്യയിൽ (താനായ) ജീവനു് അന്യമായ ശരീരം പുറമേ കിട്ടിയതാണെന്നു വിശ്വസിക്കുന്നു. ശരീരം മരിക്കുമ്പോൾ, മനുഷ്യൻ മരിക്കുന്നുഎന്നാരും കരുതുന്നില്ല. ദേഹം മാറുന്നു; അവൻമാറുന്നവനല്ല.

ജീവനിൽനിന്നു് അന്യമായും അതിനെക്കാൾ ഉൽകൃഷ്ടമായും ഏതോ ഒന്നുണ്ടെന്നു കരുതപ്പെടുന്നു. അതു തന്നെയാണു് "എന്റെ ജീവൻ" എന്നും എന്റെ പ്രാണനെന്നും പറഞ്ഞുവരുന്നതു. ഈ ജീവനെക്കാൾ—പ്രാണനെക്കാൾ—ഗണ്യവും വിശിഷ്ടതമവുമായ വേറൊന്നു സ്ഥിതിചെയ്യുന്നുണ്ടു്. ഈ പ്രാണൻ ആ ഉൽകൃഷ്ടവസ്തുവിനു് ഇഷ്ടപ്പെടാതാകുമ്പോൾ നാം പ്രാണനെ ഉപേക്ഷിക്കാൻ നിർബ്ബന്ധരാകുന്നു. പ്രാണൻ എപ്പോൾ വിട്ടുപിരിയുമെന്നു് സുഖത്തെ ഇച്ഛിച്ച ആ പയ്യൻചോദിച്ചു; ആ വിശിഷ്ടവസ്തുവിനുവേണ്ടി പ്രാണനെയും നാം ത്യാഗംചെയ്യുന്നു. ആ വിശിഷ്ടവസ്തുവാണു് ആനന്ദത്തിന്റെ ഉത്ഭവസ്ഥാനം; അതത്രേ വാസ്തവമായ സുഖത്തി

ൻെറ സംഭവസ്ഥലം. ജീവന് ബുദ്ധിയെക്കാൾ ശ്രേഷ്ഠത്വമുണ്ടു്. കാരണം അതു് യഥാർത്ഥവസ്തുവായ ആത്മാവിൻെറ ഏററം അടുത്തിരിക്കുന്നു. ബുദ്ധി, നയനങ്ങളെക്കാൾ ആത്മാവിനെ സമീപിച്ചിരിക്കുന്നതിനാൽ നയനങ്ങളെ അപേക്ഷിച്ചു ബുദ്ധിക്കു ശ്രേഷ്ഠതയുണ്ടു്. അതേകാരണത്താൽ കാലുകളെക്കാൾ കണ്ണുകൾക്കു ശ്രേഷ്ഠത്വം. മനുഷ്യർ അന്യശിശുക്കളെക്കാൾ തങ്ങളുടെ ശിശുക്കളെ ഓമനിക്കുന്നതു് എന്തുകൊണ്ടു? വേദാന്തം അതിനു സമാധാനംപറയുന്നു:-'നിൻേറതെന്നുപറയപ്പെടുന്ന ഈ ശിശുവിനെ, നീ നിൻെറ വാസ്തവാത്മാവാകുന്ന സ്വർണ്ണംകൊണ്ടു പൊതിഞ്ഞിരിക്കുന്നു." നിൻെറ കൈകൊണ്ടു് ഒരു വരിയെങ്കിലും എഴുതീട്ടുള്ള പുസ്തകം അഥവാ നിന്നാൽ എഴുതപ്പെട്ട ഏതൊരുഗ്രന്ഥവും, മേലേക്കിടയിലാണെന്നേ നിനക്കു തോന്നുകയുള്ളു. അന്യഗ്രന്ഥങ്ങൾ വലിയ വലിയ ഗ്രന്ഥകർത്താക്കന്മാരാൽ രചിക്കപ്പെട്ടതാണെങ്കിലും അത്രത്തോളം പ്രാധാന്യം തോന്നുകയില്ല. ആ തോന്നലിനു കാരണമെന്തു്? 'എൻേറ'തെന്നു നിന്നാൽ പോററപ്പെടുന്ന പുസ്തകത്തിൽ നിൻെറ ആത്മജ്യോതിസ്സു വിളയാടുന്നു. നിൻെറ ഉള്ളിലുള്ള സ്വർഗ്ഗലോകത്തിൻെറ പ്രകാശം അതിൽ പ്രതിഫലിക്കുന്നു. അതിനാൽ പരമാർത്ഥമായ ആനന്ദം ഉത്ഭവിക്കുന്നസ്ഥാനം, സുഖത്തിൻെറ പ്രധാനസ്ഥലം, നിൻെറ ഉള്ളിലിരിക്കുന്നുവെന്നു് ഒരു ഹിന്ദു പറയും. സകല സ്വർഗ്ഗവും നിന്നിൽ സ്ഥിതിചെയ്യുന്നു. സന്തോഷങ്ങൾക്കെല്ലാം സംഭവസ്ഥാനം നിൻെറ ഉള്ളിൽ തന്നെയുണ്ടു്. ആ വിധം ഇരിക്കേ സുഖത്തെ അന്വേഷിച്ചു പുറമേ അലയുന്നതു് എത്ര ബുദ്ധിഹീനത്വമാണെന്നു് ആലോചിക്കുക!

ഇന്ത്യയിൽ ഒരു കാമുകനെസംബന്ധിച്ച ഒരു കഥയുണ്ടു്. താൻ കാമിച്ച ഒരു സ്ത്രീയെ ഓർത്തോർത്തു് ഒരുവൻ ക്രമേണ ചടച്ചു വിവശനായി. ദേഹത്തിലെ ഓരോ അസ്ഥിയും എഴുന്നെഴുന്നു കാണപ്പെട്ടു. ശരീരത്തിലെ മാംസം അശേഷം കാമാഗ്നിയിൽ ഉരുകി ക്ഷയിച്ചുപോയി. അന്നാട്ടിലെ രാജാവു് ഒരുദിവസം അവനെ കൊട്ടാരത്തിൽ വരുത്തി, അവനാൽ കാമിക്കപ്പെട്ട സ്ത്രീയേയും വിളിപ്പിച്ചു. രാജാവിൻെറ കണ്ണുകൾക്കു് അവൾ കേവലം വിരൂപയായി കാണപ്പെട്ടു. രാജാവു് തൻെറ അന്തഃപുരത്തിലെ സുരൂപിണികളായ പരിചാരികമാരെയെല്ലാം വരുത്തി അവൻെറ മുമ്പിൽ നിരത്തി നിറുത്തീട്ടു; "നിനക്കു ബോധിച്ചൊരുവളെ തിരഞ്ഞെടുത്തുകൊൾക!" എന്നു കല്പിച്ചു. അതിനു് അവൻ പറഞ്ഞ സമാധാനമിതായിരുന്നു:—അല്ലയോ രാജാവേ! അങ്ങു് ഒരു മൂഢനായിത്തീരരുതു്. കാമത്തിനുകണ്ണില്ലെന്നു് അങ്ങേക്കു് അറിഞ്ഞുകൂടേ? അവളെക്കാണാനുള്ള കണ്ണു് അങ്ങേക്കില്ല. എൻെറ കണ്ണുകൾ കൊണ്ടു് അ

വളെ നോക്കുക! എന്നിട്ട് അവർ സുന്ദരിയോ വിരൂപയോ എന്നതീച്ച്പ്പെടുത്തിയാലും!' ഈ ലോകത്തിലെ സകല സുഖങ്ങളുടെയും രഹസ്യം ഇത്രമാത്രമേയുള്ളൂ. ലോകത്തിന്റെ വശീകരത്വമെല്ലാം, വസ്തുക്കളുടെ ആകർഷകത്വമെല്ലാം, ഇത്രമാത്രമേയുള്ളൂ. ഹേ മനുഷ്യ! നിന്റെ കണ്ണുകളെക്കൊണ്ടുതന്നെ എല്ലാവസ്തുക്കളെയും ആകർഷകങ്ങളാക്കിച്ചെയ്യുകയാണ്. വസ്തുക്കളെ ആ കണ്ണുകൾകൊണ്ടു നോക്കി അവയ്ക്കു നീ തന്നെ പ്രഭയുംനൽകി ഒടുവിൽ നീതന്നെ അതിനെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ക്രൈസ്തവദേശചരിത്രത്തിൽ ഒരു കഥയുള്ളതു നിങ്ങൾക്ക് അറിയാം. എങ്ഗോ എന്ന സ്ത്രീ തന്റെ പ്രതിബിംബത്തെ മോഹിച്ചു (എന്നാണു കഥ). സകലവിധമായ ആകർഷണത്തിന്റെയും സ്വഭാവം ഇപ്രകാരമാണ്. അവയെല്ലാം നിന്നിലുള്ള ആത്മാവിന്റെ പ്രതിബിംബംതന്നെ; നിന്റെ ഛായമാത്രമല്ലാതെ മറ്റൊന്നുമല്ല. അങ്ങനെയിരിക്കെ, നിന്റെ നിഴലിനെ നീതന്നെ പിന്തുടർന്നാൽ അതെന്തൊരന്യായം!

കമഴ്ന്നു നീന്താൻ പഠിച്ച ഒരു ശിശുവിനെ ഒരിക്കൽ രാമൻ ശ്രദ്ധിക്കുന്നതിനിടയായി. ശിശു തന്റെ നിഴലിനെക്കണ്ടു് അതൊരു വിനോദസാധനമാണെന്നു വിശ്വസിച്ചു. ഒരു മനോഹരവസ്തുവാണെന്നുകരുതി അതിന്റെ തലയിൽ പിടിക്കാൻ ശ്രമിച്ചു. നിഴലിന്റെ തല നിൽക്കുന്നിടത്തേക്കു നീന്തിത്തുടങ്ങി. തലയും മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. ശിശു വേഗത്തിൽ നീന്തി, നിഴൽ അതേവേഗത്തിൽ മുമ്പോട്ടുപാഞ്ഞു. (പിടികിട്ടാഞ്ഞുള്ള കുണ്ഠിതത്തോടുകൂടി) ശിശു കരയാൻ ആരംഭിച്ചു. "നിഴലിന്റെ തല കിട്ടിയില്ലല്ലോ" എന്നാണു കരഞ്ഞതു്. (നിരാശനായി) ശിശു തന്റെ തലതാഴ്ത്തിയപ്പോൾ നിഴലിന്റെ തല ഏറ്റവും സമീപിച്ചു. വീണ്ടും തല ഉയർത്തി നിഴലിനെ "വേട്ടയാടി" തുടങ്ങി. തള്ളയ്ക്കു് അതുകണ്ടു് അനുകമ്പതോന്നി. ശിശുവിനെക്കൊണ്ടു് അവന്റെ തലയിൽ പിടിപ്പിച്ചു. ഉടനെ നിഴലിന്റെ തലയും പിടിക്കപ്പെട്ടു. നിഴൽതന്നെ പിടിച്ചു. നിന്റെ ശിരസ്സിനെപ്പിടിക്കുക! നിഴലിനെപ്പിടിച്ചതുപോലെയാകും. സ്വർഗ്ഗവും നരകവും നിന്റെ ഉള്ളിൽത്തന്നെ സ്ഥിതിചെയ്യുന്നു. സുഖത്തിന്റെ ഉത്ഭവസ്ഥാനം—ആനന്ദത്തിന്റെ ഇരിപ്പിടം—നിന്റെ ഉള്ളുതന്നെയാണ്. ഭൌതികസുഖസക്തന്മാരേ! നിങ്ങൾ കേൾക്കുവിൻ! ശ്രദ്ധിക്കുവിൻ! ദേശമെങ്ങും പറയടിച്ചു പ്രസിദ്ധംചെയ്യേണ്ട പാഠമാണിതു്; തെരുവുതോറും വിളംബരംചെയ്യേണ്ട പാഠമാണിതു്; അത്യുച്ചത്തിൽ വിളിച്ചറിയിക്കേണ്ട പാഠമാണിതു്. ഒരു വസ്തുവിനെ ലഭിക്കാനായി നിഴലിനെത്തുടരായ്വിൻ! നിന്റെ ഉള്ളിൽത്തന്നെ കടന്നുനോക്കുക! വെളിയിൽ പ്ര

കാശിക്കുന്നവയെല്ലാം നിന്റെ ജ്യോതിസ്സേററു തിളങ്ങുന്നവയാണെന്നു നീ ഗ്രഹിക്കും.

സൂചിതേടിത്തെരുവിൽ അലഞ്ഞ ഒരു സ്ത്രീയുടെ കഥയുണ്ടു്. വീട്ടിലെ സൂചി കാണാതെപോയി. വീട്ടിൽ വിളക്കുകൊളുത്താൻ നിവൃത്തിയില്ലാത്ത ഒരു ദരിദ്ര; തെരുവിൽനടന്നു സൂചിതിരക്കിത്തുടങ്ങി. "തെരുവിൽ എന്തുതേടുന്നു?" എന്നു് ഒരു മനുഷ്യൻ ചോദിച്ചു. തന്റെ സൂചി അന്വേഷിക്കുകയാണെന്നു് അവൾ സമാധാനംപറഞ്ഞു. 'സൂചി എവിടെക്കളഞ്ഞു?' എന്നയാൾ വീണ്ടുംചോദിച്ചു. "വീട്ടിൽക്കളഞ്ഞു" എന്നായിരുന്നു അവളുടെ മറുപടി. "വീട്ടിൽക്കളഞ്ഞ സാധനത്തെ തെരുവിൽ തേടുന്നതു് എത്ര മൂഢതയമാണു്!" എന്നയാൾ പറഞ്ഞതിനു് അവൾ പറഞ്ഞ സമാധാനം "വീട്ടിൽ വിളക്കുകൊളുത്താൻ നിവൃത്തിയില്ല; തെരുവിൽ വിളക്കിന്റെ പ്രകാശമുള്ളതുകൊണ്ടു് അന്വേഷിക്കുന്നു" എന്നാണത്രേ! വീട്ടിൽ അന്വേഷിക്കാൻ തരമില്ല; അന്വേഷണം നടത്തുകയുംവേണം. തെരുവിൽ ചെന്നന്വേഷിക്കുന്നു!

ഇങ്ങനെയാണു് ജനങ്ങൾ പ്രവർത്തിക്കുന്നതു്. നിന്റെ ഉള്ളിൽത്തന്നെ സ്വർഗ്ഗം സ്ഥിതിചെയ്യുന്നു. ആനന്ദസങ്കേതം ഉള്ളിലിരിക്കുന്നു. അപ്രകാരമിരിക്കെ, "ആനന്ദസങ്കേതമെവിടെ?" എന്നു തെരുവിൽ കാണുന്നവസ്തുക്കളിൽ അന്വേഷിക്കുന്നതു് എന്തൊരാശ്ചര്യമാണെന്നോക്കുക! "നിങ്ങളിൽത്തന്നെ സ്ഥിതിചെയ്യുന്നസ്വർഗ്ഗത്തെ അറിഞ്ഞുകൊൾവിൻ! ആ മാത്രയിൽ സകല ആഗ്രഹങ്ങളും സവ്വ ദുഃഖങ്ങളും ഓടിയൊളിക്കും."

---

## ൩. വാസ്തവമായ സുഖമെന്തു്?

സുഖപ്രാപ്തിയുടെ രഹസ്യം ധനസമ്പാദനമല്ല. നീ എത്രകണ്ടു സമ്പത്തിനെ ആരാഞ്ഞു മുമ്പോട്ടുപോകുന്നുവോ, അത്രകണ്ടു് അതു നിന്നെ വിട്ടകലുന്നു; നിനക്കു സ്വായത്തമാകുകയില്ല. ആഗ്രഹരാഹിത്യത്തോടെ നിനക്കു് എത്രകണ്ടു് ഉയൎന്നുനില്ക്കാൻകഴിയുന്നുവോ, ആവശ്യങ്ങളിൽനിന്നു എത്രകണ്ടു് ഒഴിഞ്ഞുനില്ക്കാൻകഴിയുന്നുവോ, അത്രകണ്ടു വിഷയങ്ങൾ അഥവാ, സമ്പത്തുകൾ നിന്നെ സമീപിക്കുന്നതാണു്. ആധുനികന്മാരായ ഭാരതീയർതന്നെയും ഭൗതികവിജ്ഞാനസമ്പന്നന്മാരാകയാൽ, ഈ രഹസ്യത്തെ അറിയുന്നില്ല. സൂക്ഷ്മവും അഗാധവുമായ ചിന്തനത്തിന്റെ അഭാവത്താൽ, യഥാൎത്ഥത്തിൽ കാരണങ്ങളല്ലാത്ത ചില ശക്തികളെത്തന്നെ, കാരണങ്ങളാണെന്നു വാദിക്കുന്നു.

രാഷ്ട്രീയനിലയിൽ ഇന്ത്യ അധഃപതിക്കാൻ കാരണമെന്തു്? സാമുദായികജീവിതത്തിലും ഇന്ത്യ ഇത്ര താണപടിയിൽ വഴുതിയിറങ്ങിയതെന്തുകൊണ്ടു്? കാരണമുണ്ടു്; ഭാരതഭൂമിയുടെ അധഃപതനത്തിന്റെ ആരംഭഘട്ടത്തിൽ ജീവിച്ചിരുന്നജനങ്ങളെപ്പോലുള്ളവർ ഇപ്പോഴും ജീവിച്ചുപോരുന്നു; വേദാന്തത്തിന്റെ അനുഭവംഇല്ലാത്തവരാണവർ. നിങ്ങൾക്കു് ആശ്ചര്യത്തെ ജനിപ്പിക്കും. വേദാന്തത്തിന്റെ ജന്മഭൂമി, ആത്മസംസ്കാരത്തിന്റെ സങ്കേതം, അദ്വൈതതത്വത്തിന്റെ ഉറവുമുഖപ്പു്, അഖിലവും ഒന്നെന്ന ആദർശത്തിന്റെ ഉല്പത്തിസ്ഥാനം, ദൈവികബോധം, ആത്മജ്ഞാനം, തത്വജ്ഞാനം, ആത്മാഭിമാനം, ഭക്തി, ശ്രദ്ധ എന്നിവയ്ക്കു് ഇരിപ്പിടമായ ഗംഗാനദിയെ പ്രവഹിപ്പിക്കുന്ന പുണ്യാചലം, ഇത്യാദി വിവിധ പ്രശസ്തികളോടുകൂടിയ ഭാരതഭൂമി, ഇക്കാലത്തു് അനുഭൂതികരമായ വേദാന്തത്തെ അറിയുന്നില്ലെന്നു പറഞ്ഞാൽ ആർക്കാണു് ആശ്ചര്യത്തെ ജനിപ്പിക്കാത്തതു്? ഇതത്രേ ഇന്ത്യയുടെ അധഃപതനത്തിനു കാരണം. നിങ്ങൾക്കു് അത്ഭുതം തോന്നിയേക്കാം. പക്ഷേ, ഇപ്പോൾ ആ വിഷയത്തെപ്പററി വിവരിക്കാൻ സാവകാശമില്ല. എന്നാൽ ഒന്നുമാത്രം ഉറപ്പായി കരുതിക്കൊൾവിൻ! ഏതു ദേശത്തിനും ആദ്യം ആത്മസംസ്കാരത്തിനു ക്ഷയം സംഭവിക്കാതെ, അന്യാംശങ്ങൾക്കു ക്ഷയം നേരിടുകയില്ല. ഭാരതീയർ പലർ ഏതദ്വിഷയകമായ രാമന്റെ വാക്കുകളെ ഒരുപക്ഷേ സ്വീകരിച്ചില്ലെന്നും വരാം. എന്നാൽ, രാമനു് ഇതരപ്രമാണം ആവശ്യമില്ല; സ്വന്തം പ്രമാണത്തെ ആസ്പദമാക്കിപ്പറയുകയാണു്. തന്റെ സൂക്ഷ്മമായ വിഷയഗ്രാഹിത്വമത്രേ തനിക്കു പ്രമാണം എന്നു രാമൻ കരുതുന്നു. ഏതൊന്നിനാൽ, അമേരിക്ക ഇന്നു് അഭിവൃദ്ധിപഥത്തിൽ ത്വരിതഗമനം ചെയ്യുന്നു? എന്തുകൊണ്ടു് അത്ഭുതകരമാംവണ്ണം അഭ്യുന്നതിയെ പ്രാപിച്ചുവരുന്നു? ഭൌതികകാര്യങ്ങളിലും അമേരിക്ക അഭ്യുദയത്തെ പ്രാപിക്കാൻ കാരണമെന്തു്? സ്വയംബോധിക്കാതെതന്നെ; ഭൌതികകാര്യങ്ങളിൽ അമേരിക്കക്കാർ വേദാന്താനുഭൂതിയെ പ്രാപിച്ചുനില്ക്കുന്നു. സത്യത്തിനു് എപ്പോഴും പ്രഭയുണ്ടു്, പ്രകാശമുണ്ടു്. സത്യംതന്നെ തലകാക്കും. സൽഗുണം, സത്യനിഷ്ഠ, അന്യാദൃശമായ യോഗ്യത ഇവയ്ക്കേ പ്രകാശമുള്ളു. ഇവയ്ക്കുമാത്രമേ വിജയമുള്ളു. മറെറാന്നിനും ജയമുണ്ടാകുന്നതല്ല. ഈ വിഷയത്തെപ്പററിയുള്ള വിചിന്തനത്തിനു് ഇതു സന്ദർഭമല്ല; പ്രകൃതത്തിൽ കടക്കാം.

'ചോദിക്കുവിൻ നല്കപ്പെടും, മുട്ടുവിൻ തുറക്കപ്പെടും' എന്നു ബൈബിൾ പറയുന്നു. ഹിന്ദുക്കൾക്കും കർമ്മത്തെസ്സംബന്ധിച്ചു വിധിയുണ്ടു്. , ഇതിന്റെ അർത്ഥം ഓരോ ആശയും നിവൃത്തിക്ക

'പ്പെടും എന്നാണ്? ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ ഓരോ ആഗ്രഹവും വിചാരവും ഫലോദക്മൊവുകതന്നെചെയ്യും. ആ സംഗതിയെപ്പററി ഇപ്പോൾ പ്രസംഗിക്കാൻ ഒരുമ്പെടുന്നില്ല. സാമാന്യമായി ചിലതു പറഞ്ഞേക്കാം. ചെടികളിലുണ്ടാകുന്ന ഓരോ മൊട്ടുകളും എപ്പോഴെങ്കിലും പുഷ്പിച്ചു വികസിക്കുന്നു. ഈ ലോകത്തിൽ ഏതൊരുശക്തിയും നിഷ്ഫലമാകുന്നില്ലെന്നു നാം ഗ്രഹിക്കുന്നു. ശക്തികളും വസ്തുക്കളും നിഷ്ഫലങ്ങളാകുന്നില്ല. ജഡപദാർത്ഥങ്ങളും നശിക്കുന്നില്ല. ആ സ്ഥിതിക്കു മനശ്ശക്തികളും ആഗ്രഹങ്ങളും എങ്ങിനെ നശിക്കാനാണ്? അവ ഫലത്തെത്തരികതന്നെ വേണം. ഇതത്രേ കർമ്മത്തെസ്സംബന്ധിച്ചവിധി. ഈ വിധിവീഥിയിൽക്കൂടിത്തന്നെ ഹിന്തുക്കൾ ചരിക്കുകയും ചെയ്യുന്നു. 'ചോദിക്കുവിൻ നല്കപ്പെടും; മുട്ടുവിൻ തുറക്കപ്പെടും. എന്നു പറയപ്പെടുന്നു. ഈ വിധി സത്യമാണോ? നമ്മുടെ നിത്യാനുഭവത്തിൽ ഇതു വെളിപ്പെടുന്നുവോ? സാധാരണജനങ്ങൾ ഈ വിധിവാക്യത്തെ എങ്ങനെ അർത്ഥമാക്കുന്നുവോ, ആ അർത്ഥത്തിൽ (ഈ വിധിയെ) സമർത്ഥിക്കാൻ പറഞ്ഞാൽ നിശ്ചയമായും തെററുപററും; വിധി ശരിയല്ലെന്നു ബോധപ്പെടും. അനുഭവത്തിനു യോജിക്കുന്നില്ലെന്നുതന്നെ മനസ്സിലാകും. ഈ വാക്യം പരമാർത്ഥത്തെ തികച്ചും വെളിപ്പെടുത്തുന്നില്ല. വാസ്തവത്തിൽ ഒരംശംമാത്രമേ അതിൽ അടങ്ങുന്നുള്ളു. ഈ വാക്യം ബൈബിളിൽ ആദ്യം രേഖപ്പെടുത്തിയകാലത്തു് അതിന്റെ അർത്ഥം എങ്ങനെ സ്വീകരിച്ചിരുന്നു എന്നു ജനങ്ങൾ ഇപ്പോൾ അറിയുന്നില്ല. 'ചോദിക്കുന്നതും നല്കപ്പെടും മുട്ടുന്നതും തുറക്കപ്പെടും, എന്നാൽ അതിന്റെ വില കൊടുത്തുതന്നെതീരണം. അതിനു വിലയുണ്ടെന്നുള്ളതു മറക്കാൻപാടില്ല. എന്തുവില? എന്ന ചോദ്യത്തിനു ബൈബിൾ സമാധാനം പറയുന്നു.—ജീവിതത്തെ പുലർത്തണമെന്നാഗ്രഹമുള്ളവൻ ജീവിതത്തെ ത്യജിക്കാൻ സന്നദ്ധനായിരിക്കണം. എന്തർത്ഥമാണിതിന്? യാചിക്കുന്നവനും ശ്രദ്ധിക്കുന്നവനും ആഗ്രഹിക്കുന്നവനും ധനം സിദ്ധിക്കുന്നില്ല. യാചിക്കലും ആഗ്രഹിക്കലും കൊണ്ടുതന്നെ നിന്റെ ജീവിതത്തെ പൂർത്തിയാക്കാമെന്നാണോ ഉദ്ദേശിക്കുന്നതു്? ജീവിതത്തെപ്പുലർത്താൻ, അതിനെ വെടിയുന്നതിനും സന്നദ്ധതയുണ്ടാകണം.

കേൾക്കുക! ദൈവത്തെ പ്രാർത്ഥിക്കുമ്പോൾ നാം ഇങ്ങനെ പറയുന്നു:— 'ഞങ്ങൾക്കു ഇന്നത്തേക്കു വേണ്ട ഭക്ഷണംതരിക!' ഇതിന്റെ അർത്ഥം, നാം ദൈവത്തോട്ട് അങ്ങനെ യാചിക്കണമെന്നോ, അങ്ങനെ നമ്മൾ ആഗ്രഹിക്കണമെന്നോ അല്ല. അതിന്റെ താല്പര്യം ഒരിക്കലും അതല്ല. ഒരു രാജാവു്, അഥവാ ഒരു

സമ്രാട്ട്. അതേ, നിത്യഭോജനത്തിന്ന മുട്ടുണ്ടാകയില്ലെന്ന ദൃഢനിശ്ചയമുള്ള ഒരു ചക്രവർത്തിപോലും, ഇപ്രകാരം പ്രാർത്ഥിക്കുന്നതിന്ന നിർബദ്ധനായിഭവിക്കുന്നു. എന്തിന്? ഭക്ഷണം മുതലായ ഐഹികസാധനങ്ങളെത്തരികയെന്ന താൻ കേണപേക്ഷിക്കുകയല്ല ഇതിൻെറ അർത്ഥം. പിന്നെയോ? ഓരോരുത്തനും, രാജാവോ സന്യാസിയോ ഏതൊരുവനോ ആയിക്കൊള്ളട്ടേ, അവനവനെസ്സംബന്ധിച്ച സകല വസ്തുക്കളെയും, സർവ്വധനത്തെയും. മനോഹരസുന്ദരങ്ങളായ എല്ലാ സാധനങ്ങളെയും, അവ തന്റേതല്ലെന്ന ഭാവിക്കണം; ദൈവത്തിന്റേതാണെന്ന വിശ്വസിക്കണം. അതേ, എൻെറതല്ല, എന്റേതല്ല, എന്നുതന്നെ വിചാരിക്കണം. അങ്ങനെയാണെങ്കിൽ ധനത്തെ യാചിക്കുകയല്ല, ത്യജിക്കുകയായിരിക്കും ചെയ്യുന്നതു്. സകലവും ദൈവത്തിന്റേതെന്ന കരുതുകയത്രേ ചെയ്യുന്നതു്. ഈ താല്പര്യത്തിൽ മേൽപറഞ്ഞ വാക്യത്തെ നിർമ്മിച്ചതാണു്. അതിൻെറ ബാഹ്യാർത്ഥത്തെ സ്വീകരിക്കുകയാണെങ്കിൽ, രാജാവു് അപ്രകാരം പ്രാർത്ഥിക്കുന്നതു് എത്ര അനൗചിത്യമാണെന്നോക്കുക! അങ്ങനെ പ്രാർത്ഥിക്കുമ്പോൾ, രാജാവു തൻെറ ഭണ്ഡാഗാരം മുഴുവനും തൻെറ വസ്തുക്കൾ സർവ്വവും തൻെറ ആഭരണങ്ങൾ നിശ്ശേഷവും തൻെറ കൊട്ടാരത്തിലുള്ള മററു സാധനങ്ങൾ എല്ലാവും എന്നുവേണ്ട, തൻെറ കൊട്ടാരം ഉൾപ്പെടെയുള്ള സ്വത്തുക്കൾ അഖിലവും തന്റേതല്ലെന്നുള്ള വിശ്വാസത്തിൽ മനസ്സിനെ നിർത്തിക്കൊള്ളാൻ സാധിക്കുമെങ്കിൽ പരമാർത്ഥമായ പ്രാർത്ഥനയായി ഭവിക്കുന്നു. രാജാവു് അവയെ ഉപേക്ഷിക്കുന്നു. തന്റേതാക്കിച്ചെയ്യുന്നില്ല. അവയിൽനിന്നും വിട്ടുമാറി തനിച്ചു നിൽക്കുന്നു എന്നു പറയാം. അവനത്രേ ഉൽകൃഷ്ടത്യാഗി, യഥാർത്ഥസന്യാസി. ഇതു ദൈവത്തിന്റേതു്, ഈ മേശപ്പുറത്തുള്ള സാധനമെല്ലാം ദൈവത്തിന്റേതല്ലാതെ എന്റേതല്ലെന്നു പറയുന്നു. എനിക്കു സ്വന്തമായിട്ടു യാതൊന്നുമില്ല. ഏതൊന്നു കിട്ടിയാലും അതു് 'എന്നിൽ ദയയുള്ള ദൈവം തരുന്നു' എന്നത്രേ അവൻ കരുതുന്നതു്. ഇപ്പോൾ രാമൻ പറഞ്ഞ സാരത്തെ പുരസ്കരിച്ചു നോക്കുന്നതായാൽ നിങ്ങൾക്കു് ഇതിൻെറ അർത്ഥം നല്ലപോലെ വെളിപ്പെടുന്നതാണു്.

ബൈബിളിൽ വേറെയൊരുവാക്യമുണ്ടു്. "സ്വർഗ്ഗ(ദൈവത്തിൻെറ) രാജ്യത്തെ പ്രാപിച്ചാൽ നിനക്കു സകല സ്വത്തുക്കളും ലഭിക്കും" എന്നാണതു്. ഇതാണു രഹസ്യം. പ്രാർത്ഥനയുടെ ഫലംമുഴുവൻ ഇവിടെയാണിരിക്കുന്നതു്. ദൈവത്തെ പ്രാർത്ഥിക്കുന്നതിനുള്ള ആചാര്യൻെറ ഉപദേശമാവിതു്:—"ആദ്യം സ്വർഗ്ഗത്തിലെത്താൻ പ്രയത്നിക്കുക! എല്ലാവസ്തുക്കളും നിങ്ങൾക്കു ലഭിക്കപ്പെടും." വേറൊ

ന്:—"വേദനയോടുകൂടിവേണം കുഞ്ഞിനെ പ്രസവിക്കേണ്ടത്." ഇത് ആദ്യം പറഞ്ഞതിനെ ദൃഢീകരിക്കുന്നു. പുത്രഭാഗ്യമുണ്ട്, പക്ഷെ ദുഃഖമാകുന്ന വില അതിനു കൊടുക്കേണ്ടതാവശ്യമാണ്.

ആശയ്ക്കു ഫലമുണ്ട്; നീ ആവശ്യപ്പെടുന്നതൊക്കെ നടക്കും. നിന്റെ ഉദ്ദേശ്യങ്ങൾ എല്ലാം നിറവേറുമെന്നുള്ളതു നിശ്ചയം. എന്നാൽ ദുഃഖമാകുന്ന വില കൊടുക്കുകതന്നെവേണം. ദുഃഖമെന്ന പദത്തിന്റെ അർത്ഥമെന്ത്? അല്പം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ത്യാഗം എന്നുള്ളതാണ് അതിന്റെ അർത്ഥം. ആഗ്രഹങ്ങളെ ത്യാഗം ചെയ്യണം; നിശ്ശേഷം വെടിയണം. ആഗ്രഹങ്ങളെ വെടിഞ്ഞാൽ മാത്രമേ അവ സഫലീകരിക്കപ്പെടുകയുള്ളു.

പ്രാർത്ഥനകൾ ഫലോദർക്കങ്ങളാകുമെന്നു പറയുന്നുണ്ട്. പ്രാർത്ഥന എന്നാൽ എന്താണ്? ചോദിക്കുകയെന്നും ആഗ്രഹിക്കുകയെന്നുമാണ് അതിന് അർത്ഥമെങ്കിൽ, ഒരിക്കലും അവ ഫലോദർക്കങ്ങളാകുന്നതല്ല. സാധാരണയായി പ്രാർത്ഥനയെന്നുള്ളത് ഒരു ഉയർന്ന നിലയാണ്. എന്നുവെച്ചാൽ, ആഗ്രഹിക്കുകയെന്നതിനും മേലെയുള്ള ഒരു നിലയാണ്. "എല്ലാം നിന്റെ കളി" എന്ന വാക്യത്തിന്റെ സാരത്തോടു നീയും ഒന്നിച്ചു ചേരുകയാകുന്നു. യാചിക്കുന്നതു പ്രാർത്ഥനയല്ല. സാധാരണ ജനങ്ങൾ എന്തർത്ഥമാണു ഗ്രഹിക്കുന്നത്? പ്രാർത്ഥനയെന്നതു തന്റെ ഉദ്ദേശ്യത്തെ നിറവേറുകയെന്നും 'താൻ' എന്നതു ഈ ചെറിയ 'അഹം' ആണെന്നും കരുതുന്നു. നേരെമറിച്ചു പ്രാർത്ഥനയുടെ അർത്ഥമാകട്ടെ, നിന്റെ പ്രവൃത്തി നിറവേറണം എന്ന അർത്ഥത്തോടു സംബന്ധിക്കുകയാണ്. ശരീരം വ്യാധിബാധയാൽ പീഡിക്കപ്പെടുമ്പോഴും, സന്ദർഭങ്ങളെല്ലാം നിന്നെ സംബന്ധിച്ചിടത്തോളം അനാശാസ്യതയിൽ വർത്തിക്കുമ്പോഴും ഓരോന്നും നിന്റെ ഉദ്ദേശ്യത്തിനു വിപരീതമായി പരിണമിക്കുമ്പോഴും നിന്റെ ഹൃദയത്തിൽനിന്നും, 'നിന്റെ ഉദ്ദേശ്യം സാധിക്കട്ടെ! യാതൊന്നും എനിക്കു സ്വന്തമല്ല' എന്ന വിചാരം നിർഗ്ഗളിക്കണം. അതാണു ത്യാഗം; അഹംബുദ്ധി അകലുന്നത് അപ്പോളായിരിക്കും. ആ നിലയാണു പ്രാർത്ഥനകളുടെ താല്പര്യം. സ്വാർത്ഥപരങ്ങളായ ഉദ്ദേശ്യങ്ങളോടുകൂടിയുള്ള പ്രാർത്ഥനകളെ ചെവിക്കൊള്ളുന്നതല്ല. മനോവാക്കായങ്ങളിൽനിന്നും മനസ്സിനെ വേർപെടുത്തി, ഭൗതികബോധസമ്പർക്കമെന്നിയെ നിർവ്വികാരമാക്കി അല്പനേരമെങ്കിലും സമാധിയിൽ ഉറപ്പിച്ച്, (ഒരു വിനാഴിക നേരമെങ്കിലും ഉറപ്പിച്ചാൽ മതി) പിന്നെ ആ നിലയിൽനിന്നും മാററിയാൽ—കേവലം മാററുകയല്ല, ആ നിലയിൽനിന്നും അല്പം താണപടിയിൽ ഇറക്കിയാൽ— അപ്പോൾ ഉണ്ടാകുന്ന ആശകൾ —നിന്റെ മുമ്പിൽതോന്നുന്ന ആഗ്രഹങ്ങൾ—നിശ്ചയമായും സ

ഫലങ്ങളാകുന്നതാണ്. ആ നിലയിലുള്ള പ്രാർത്ഥനകൾ മാത്രമേ ഫലോദർക്കങ്ങളാവുകയുള്ളു. അഹംഭാവത്തിൽനിന്നും വേർപെടുത്തിയതിനുശേഷം—ശരീരപ്രജ്ഞയററതിനുശേഷം—സർവ്വവും മറന്നതിനുശേഷം മാത്രമേ ഫലപ്രദമാകയുള്ളു.

നമുക്ക് ഒരു വലിയ ആളിൻെറ മുമ്പിൽ ചെല്ലേണ്ടതായിരുന്നാൽ, തദനുഗുണമായ വസ്ത്രധാരണത്തെ അംഗീകരിക്കേണ്ടതാണ്. ദൈവം എല്ലാ'വലിയവ'രിലും വച്ചു വലിയ ആളാണ്, സകല ആളുകളുടെയും മേലാവാണ്; സകല ആവശ്യങ്ങളിൽനിന്നും വ്യതിചലിച്ചവനാണ്. അവനു യാതൊന്നും ആവശ്യമില്ല. ആ അവങ്കൽ ചെല്ലണമെങ്കിൽ അതിനു യോജിച്ച വസ്ത്രം ധരിക്കണം. ആവശ്യങ്ങളിൽ നിന്നും വ്യതിചലിച്ചുവിളങ്ങുന്ന പരബ്രഹ്മത്തെ പ്രാപിക്കാൻ തദുചിതമായ രീതിയിൽ ചെല്ലേണ്ടതാണ്. അവിടെ ഭിക്ഷാംദേഹിത്വം ആവശ്യമില്ല. ധനികവേഷവും സ്വീകാര്യമല്ല. യാചകവേഷവും പാടില്ല. ആരുംതന്നെ യാചകരല്ല. ഈ നാട്ടിൽ (അമേരിക്കയിൽ) ഭിക്ഷക്കാരുടെ ആവശ്യമില്ല; തെണ്ടിത്തിരിയുന്നവരുടെ ആവശ്യമില്ല. ദൈവത്തിൻെറ അടുക്കൽ ചെല്ലണമെങ്കിൽ ദൈവത്തിൻെറ വേഷത്തിൽ ചെല്ലുക! എന്താണ് ദൈവത്തിൻെറ വേഷം? യാചകത്വത്തിൽനിന്നും വേർപെട്ട്, ആവശ്യങ്ങളിൽനിന്നും വ്യതിചലിക്കുക എന്നുള്ളതാണ്. ആശാരാഹിത്യമാകുന്ന നിലയെ നീ ബോധിക്കണം. അപ്പോൾ മാത്രമേ ദൈവത്താൽ സ്വീകരിക്കപ്പെടുകയുള്ളു. അപ്പോളല്ലാതെ മറെറാരിക്കലും അങ്ങനെ സംഭവിക്കപ്പെടുകയുമില്ല.

---

## ൯. മതപഠനവൃത്തി.

ഹിന്ദുക്കൾ പറയുന്നതുപോലെ ഓരോ മനുഷ്യനും ദൈവമാണ്. അത്യുൽകൃഷ്ടമായ രത്നമാണ്. സകല സുഖങ്ങളുടെയും ഉല്പത്തിസ്ഥാനം തന്നിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. സർവ്വവും താൻ തന്നെയായി ഭവിക്കുന്നു. ആ സ്ഥിതിയിൽ ജനങ്ങൾ ദുഃഖമനുഭവിക്കുന്നതെന്തിന്? തൻെറ ഉള്ളിൽ ആനന്ദമില്ലാഞ്ഞിട്ടു കഷ്ടപ്പെടുകയല്ല. തൻെറ ഉള്ളിൽ ഉൽകൃഷ്ടരത്നമില്ലാഞ്ഞിട്ടല്ല. പിന്നെയോ? ആ നിധിയെ സൂക്ഷിച്ചുവച്ചിരിക്കുന്ന പെട്ടി തുറക്കാൻ അറിഞ്ഞുകൂടാഞ്ഞതുകൊണ്ടു മാത്രമാണ്; കെട്ടഴിക്കാൻ കഴിവില്ലാത്തതുകൊണ്ടു കഷ്ടപ്പെടുകയാണ്. അതായത്, ആത്മാനുഭവമില്ല; തന്നിമിത്തം കഷ്ടപ്പെടുന്നു. മതപഠനങ്ങളെല്ലാം നമ്മെ അഴിച്ചുവിടുകമാത്രമാകുന്നു. നമ്മുടെ ആത്മാവിനെ തെളിക്കുകയാണ്. നമ്മു

ടെ ഉള്ളിലുള്ള നിധിയെ തിരസ്കരണികൊണ്ടു മറച്ചിരിക്കുന്നു. നമ്മുടെ കർമ്മങ്ങളെക്കൊണ്ട്, നമ്മുടെ കൈകളെക്കൊണ്ട്, മറച്ചുകളഞ്ഞു. അതുവഴി നമ്മേ നാംതന്നെ ദുഃഖിതന്മാരാക്കിച്ചെയ്തു. എമേഴ്സൺ പറയുന്നതുപോലെ, ഓരോ മനുഷ്യനും വേഷംമാറിയ ഈശ്വരനു തുല്യന്മാരാണ്.

എല്ലാമതത്തിന്റെയും ആദർശങ്ങൾ, നമ്മുടെ നയനങ്ങളെ മറച്ചിരിക്കുന്ന തിരശ്ശീലയെ കീറുന്നതിന്, നീക്കുന്നതിനുള്ള യത്നങ്ങളാണ്. ചില ആദർശങ്ങൾ ഇതരമതങ്ങളെ അപേക്ഷിച്ചു തിരശ്ശീലയെ നേർത്തതാക്കിച്ചെയ്തിരിക്കുന്നു. എന്നാൽ വാസ്തവാത്മാവിനെ ദർശനം ചെയ്തിട്ടുള്ളവർ എല്ലാമതത്തിലുമുണ്ട്. വാസ്തവാത്മാവ് അറിയപ്പെടുമ്പോളെല്ലാം, മറശ്ശീല കട്ടിയുള്ളതോ ഇല്ലാത്തതോ ആയിരുന്നാലും, അതു നീക്കപ്പെട്ട്, അതിനുള്ളിൽ ഇരിക്കുന്ന സത്യപ്പൊരുളിന്റെ ഛായ വിളങ്ങുന്നു. ഇതിനെ ഉദാഹരണത്താൽ വെളിപ്പെടുത്താം. (കൈലേസ്സിനെ പല മടക്കുകളായി മടക്കി കണ്ണുകൾക്കു മുമ്പിൽ മറച്ചുപിടിച്ചുകൊണ്ട്) ഇതേ, തിരശ്ശീല മൂടിയിരിക്കുന്നു. കണ്ണുകളുടെ മുമ്പിൽ നിൽക്കുന്നു. അതിനെ ഒതുക്കിനിർത്തിയിട്ടു നോക്കാം. അതാ, വീണ്ടും കണ്ണുകളുടെ മുമ്പിൽ വന്നുവീഴുന്നു. ഇനി അതിന്റെ കട്ടി (മടക്കു) കുറയ്ക്കാം. എന്നിട്ടും അതിനെ ഒതുക്കിമാററി നോക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്തിട്ടും ആദ്യത്തേപ്പോലെ വന്നു മറയുന്നു. ഇനിയും കട്ടി കുറയ്ക്കാം (മടക്കു നിവർത്തുപിടിക്കുന്നു) ഇപ്പോൾ അതിനെ നീക്കാതിരുന്നിട്ടും, അതു ലക്ഷ്യത്തെ മായ്ക്കുന്നില്ല. അതിൽക്കൂടിത്തന്നെ നോക്കുന്നു. എന്നാൽ ഇപ്പോഴും അതിനെ മാററാൻ കഴിയും. തിരശ്ശീല വളരെ നേർത്തതാക്കിച്ചെയ്താൽ അതില്ലെന്നു തന്നെ പറയാം. അതു പ്രതിബന്ധമായിത്തീരുന്നില്ല. അതുണ്ടായിട്ടും ഉയർന്ന അനുഭവം സിദ്ധിക്കുന്നു. ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നു. നാം തന്നെ ദൈവം. ഈ ലോകത്തിലുള്ള യാതൊന്നും നമ്മേ കെടുത്തുകയില്ല; നമ്മുടെ സുഖത്തെ അകററുകയില്ല. ഇതിനാലത്രേ ഇതരമതാദർശങ്ങളെ അപേക്ഷിച്ച്, വേദാന്തം ഉയർന്നപടിയിൽ നിൽക്കുന്നത്. മായയാകുന്ന തിരശ്ശീലയെ തുലോം നേർത്തതാക്കുന്ന, ജ്ഞാനിയെ ഈ ജീവിതത്തിൽ വർത്തിക്കുമ്പോൾതന്നെ ആനന്ദക്കാഴ്ചകൾ അനുഭവിപ്പിക്കുന്നു.

ഏതൊരു മതത്തിന്റെ ആദർശങ്ങളെ അനുഷ്ഠിക്കുന്നവരും ചിലപ്പോൾ ദൈവത്തോട് ഐക്യം പ്രാപിക്കുന്നു. തിരശ്ശീല നീക്കി നോക്കാൻ കഴിയുന്നു. അതു കട്ടികൂടിയതോ നേർത്തതോ ആയിരുന്നാലും, പരബ്രഹ്മത്തോടുചേർന്ന് അനുഭവിക്കുമ്പോളും കണ്ണുകളെ മറയ്ക്കാതെ ഒതുങ്ങിനിൽക്കുന്നു. വേദാന്തിക്കു ആനന്ദസമാ

ധ്യവസ്ഥയിൽ എത്താൻ കഴിയും. എന്നാൽ സാമാന്യാവസ്ഥയിലും ദിവ്യക്കാഴ്ചയെ ദശിക്കുന്നു. കപടത്ത മായയോടുകൂടിയ മതത്തെ അനുഷ്ഠിക്കുന്നവക്ക് അതിനു കഴിവുണ്ടാകയില്ല.

ഇന്ത്യയിലുള്ള മതങ്ങളെപ്പോലെ തന്നെ ലോകത്തിലുള്ള മതങ്ങളെയും മൂന്നു പ്രധാനപിരിവുകളായിത്തിരിക്കാം. സംസ്കൃതത്തിൽ ഇവയെ തസ്യൈവാഹം, തവൈവാഹം, ത്വമേവാഹം എന്നു വ്യവഹരിക്കുന്നു. ആദ്യത്തേതിൻെറ അത്ഥം, "ഞാൻ അവൻെറ അടിമയാകുന്നു" എന്നാണ്. പ്രസ്തുതാദശം തിരശ്ശീലയെ ഘനമുള്ളതാക്കി വച്ചിരിക്കുന്നു. മതപഠനത്തിൻെറ രണ്ടാമത്തെ പടി എന്നു പറയപ്പെടുന്നതു്, തവൈവാഹം; "ഞാൻ നിനക്ക് അടിമയാകുന്നു" എന്നാണ് അതിൻെറ അർത്ഥം. ആദ്യം പറഞ്ഞ മതാദശത്തിൻെറയും രണ്ടാമതു പറഞ്ഞതിൻെറയും സ്വഭാവവ്യത്യാസം കാൺക! മതപഠനത്തിൽ പ്രാഥമികവിദ്യാർത്ഥിയായ ഭക്തൻ, ദൈവം കണ്ണെത്താത്ത ദൂരത്തിൽ എവിടെയോ സ്ഥിതിചെയ്യുന്നു എന്നാണു കരുതുന്നതു്; അതിനാൽ ദൈവത്തെ പ്രഥമപുരുഷസ്ഥാനത്തു നിത്തിക്കൊണ്ട്, "ഞാൻ അവൻെറ വിധേയൻ" എന്നു പറയുന്നു. ഇതത്രേ, മതപഠനത്തിൻെറ പ്രാരംഭനില. മതപഠനത്തിന് ആരംഭിക്കുന്ന ശിശുപ്രായത്തിനു, മാതൃസ്തനംപോലെയാണ് ഈ നില. ഈ സ്തനത്തെ ആസ്വദിക്കാതെ മതപഠനത്തിൽ ഏതൊരുവനും അഭിവൃദ്ധിയെപ്രാപിക്കാൻ കഴിയുന്നതല്ല. ഈ നിലയും പൂർണ്ണമായി അനുഭവിച്ചാൽ സ്വാദിഷ്ഠമായിരിക്കുമത്രേ. അതിരാവിലെ എഴുന്നേററു്, "എൻെറ ദൈവം എഴുന്നേല്പിച്ചു" എന്നു കരുതുന്നു. ജോലിസ്ഥലത്തേക്കുപോകുന്നു. ആ ചുമതലകളും ദൈവം തനിക്കു നൽകിയതാണെന്നു വിശ്വസിക്കുന്നു. തൻെറ ഗൃഹത്തെയും ബന്ധുക്കളെയും സ്നേഹിതന്മാരെയും ലോകത്തെത്തന്നെയും, ദൈവം തന്നെ ഏല്പിച്ചതാണെന്നു വിചാരിക്കുന്നു. ഈ വിചാരം ഹേതുവാൽ ലോകംതന്നെ സ്വർഗ്ഗസ്ഥാനമായി മാറുന്നില്ലേ? മനോഹരമായ ഉദ്യാനമായി ഭവിക്കുന്നില്ലേ? തൻെറ ചുററും കാണപ്പെടുന്നവയെല്ലാം—തൻെറ ശരീരവും ഉൾപ്പെടെ—ദൈവത്തിൻെറതാണെന്നു മുഴുശ്രദ്ധയോടെ ഹൃദയപൂർവം ഭാവിക്കട്ടേ! തികച്ചും ഇങ്ങനെ നിനച്ച് അനുഭവിച്ചാൽ ആനന്ദമുണ്ടാകും; ഗംഭീരതമമായിരിക്കും. അനുഭവത്തിൽ വന്നുകഴിഞ്ഞാൽ ഇതത്രേ രുചികരമായിരിക്കുന്നതു്. എന്നാൽ ഈ ആദർശം പ്രാഥമികം മാത്രമാകുന്നു.

രണ്ടാമത്തെവകുപ്പിൽ ചേന്ന ആദർശത്തോട് ഇതിനെ സാമ്യപ്പെടുത്തിനോക്കുക! മതപഠനത്തിൽ ഭക്തിയുടെ രണ്ടാമത്തെപ്പടി, തവൈവാഹം, അല്ലെങ്കിൽ, "ഞാൻ നിനക്ക് അടിമ" എന്നുള്ളതാണ്. ഓരോവിനാഴികയിലും നീ എനിക്ക് ആവശ്യമായി

രിക്കുന്നു. ആദ്യത്തെപ്പടിയിലുള്ള നില രുചികരമായിട്ടുള്ളതുതന്നെ. എന്നാൽ, ഇതു കൂടുതൽ രുചികരമായിരിക്കും. ആദ്യത്തെ ലക്ഷ്യവും ഓമനവും സുന്ദരവുമാണുതന്നെ. എന്നാൽ, ഇതു് അതിനെക്കാൾ ഓമനവും സുന്ദരവുമായിരിക്കും. വ്യത്യസ്തതയെ ശ്രദ്ധിക്കുക! തിരശ്ശീല നേർമ്മയായി നിൽക്കുന്നതുതന്നെ വ്യത്യാസം. "ഞാൻ നിനക്കു് അടിമ" ഇവിടെ ദൈവത്തെ പ്രഥമപുരുഷസ്ഥാനത്തുനിന്നും മാററി മദ്ധ്യമപുരുഷസ്ഥാനത്തു നിർത്തിയിരിക്കുന്നു. എവിടെയോ മറഞ്ഞുനിന്ന ദൈവം നമ്മുടെ മുമ്പിൽ വന്നുനിൽക്കുന്നു. ദൈവത്തോടു നമുക്കു് അതിപരിചയവും സിദ്ധിക്കുന്നു. ആദർശത്തിലും ഇതു് ഉയർന്നതുതന്നെ. അധികം ജനങ്ങളും ഈ ആദർശത്തിൽ വിശ്വാസംവച്ചുകൊണ്ടു്, ദൈവം സമീപത്തിലിരിക്കുന്നതുപോലെ വിളിക്കുന്നു. എന്നാൽ അവർക്കു വാസ്തവശ്രദ്ധയോടുകൂടിയ ഭക്തി സിദ്ധിക്കുന്നില്ല; അനുഭൂതഭക്തി അവർക്കു് ഉണ്ടാകുന്നില്ല. ഭക്തിയുടെ അനുഭൂതി, മതപഠനത്തിന്റെ പ്രാഥമികപ്പടിയിലുള്ളവർക്കു സിദ്ധിച്ചാൽ, അവരുടെ തിരശ്ശീല കട്ടികൂടിയതായിരുന്നാലും, തൽസന്ദർഭത്തിൽ നീങ്ങിക്കൊള്ളുന്നു. "ഞാൻ ദൈവത്തിന്റെ സ്വന്തം" എന്ന വിചാരത്തെ ഒരുവൻ പൂർണ്ണഹൃദയത്തോടുകൂടി, ആത്മീയപൂർത്തിയോടുകൂടി അനുഭവിച്ചുബോധിച്ചാൽ, ഈ ബോധം തികച്ചും രക്തത്തിൽ കലർന്നാൽ—ശരീരത്തിലെ ഓരോ രോമകൂപങ്ങൾവഴിയും ഈ ബോധംതന്നെ വെളിപ്പെട്ടാൽ—തൽസമയത്തുള്ള ശ്രദ്ധയും ഉന്നവും ഏകാഗ്രതയും അവന്റെ കണ്ണുകളെ മറച്ചുനിൽക്കുന്ന തിരശ്ശീലയെ നീക്കിക്കളയുന്നു. അവൻ, തന്നേ ത്യജിച്ചുകളയുന്നു; ദൈവത്തോടു് ഐക്യപ്പെടുന്നു. സർവ്വത്തോടും ഏകീകരിക്കപ്പെടുന്നു; ആ സമയത്തു ദൈവമായിത്തന്നെ ഭവിക്കുന്നു. രണ്ടാമത്തെപ്പടിയിൽ നിൽക്കുന്നവൻ—ഉന്നതാദർശത്തെ പിൻതുടർന്നവനായ "ഞാനത്രേ നിനക്കടിമ" എന്നു പറയുന്നവൻ—ചിലപ്പോൾ ഭക്തിയുടെ അനുഭൂതി ഇല്ലാത്തവനാണെന്നു വന്നേക്കാം; ദൈവസന്നിധിയുടെ രുചി അനുഭവിക്കാൻ കഴിവില്ലാത്തവനായിവന്നേക്കാം; എന്നാൽ മതപഠനത്തിൽ, ഈ രണ്ടാമത്തെപ്പടിയിലുള്ളവർക്കും ശ്രദ്ധയും ഭക്ത്യനുഭൂതിയും സിദ്ധിക്കാം.

മതാദർശത്തിന്റെ മൂന്നാമത്തെരൂപം "ഞാനും നീയും ഒന്നു്" എന്നുള്ളതാകുന്നു. ഇതു നമ്മെ ദൈവത്തോടു് എത്രകണ്ടു് അടുപ്പിക്കുന്നു എന്നു നോക്കുക! "ഞാൻ അവന്റെ അടിമ" എന്ന ഭാവനയിൽ ദൈവം അകലെ നിൽക്കുന്നു. "ഞാൻ നിനക്കടിമ" എന്ന രണ്ടാമത്തെപ്പടിയിൽ ദൈവം നമ്മുടെ മുമ്പിൽ നിൽക്കുന്നു; നമ്മോടു തൊട്ടുരുങ്ങിനിൽക്കുന്നു. എന്നാൽ മതപഠനത്തിന്റെ പൂർണ്ണ

ത്വമാകുന്ന അവസാനഘട്ടത്തിൽ ഉഭയകക്ഷികളും ഏകീകരിക്കപ്പെടുന്നു. ഭക്തനും ഭക്തിചെലുത്തപ്പെട്ട പരബ്രഹ്മവും ഭക്തിയിൽ അല്ലെങ്കിൽ പ്രേമത്തിൽ മുഴുകി ഐക്യത്തെ പ്രാപിച്ചു. ഇങ്ങനെയാണു വേദാന്തം അനുഭവപ്പെടുന്നതു്. ശലഭങ്ങൾ വിളക്കിലേക്കു് അടുത്തടുത്തു് ഒടുവിൽ തന്റെ ശരീരത്തെ ദഹിപ്പിച്ചുകളഞ്ഞിട്ടു ജ്യോതിർമ്മയമായിത്തീരുന്നു. വേദാന്തം എന്ന അർത്ഥം അടങ്ങിയതായ ഉപനിഷത് എന്നവാക്കിന്റെ ധാത്വർത്ഥം ഇങ്ങനെയാണു്. ജ്യോതിസ്സുകൾക്കെല്ലാം ജ്യോതിസ്സായതിനെ (പരബ്രഹ്മത്തെ) അണഞ്ഞു് (ഉപ) നാനാമുഖമായിപ്പിരിഞ്ഞു പ്രജ്ഞയോടെ വേർപെടുത്തുന്ന ശീലത്തോടുകൂടിയ ശലഭത്തെ (നി) നിശ്ചയമായ (ഷദ്) നശിപ്പിക്കൽ. ദൈവത്തിന്റെ പരമാർത്ഥഭക്തൻ, ദൈവത്തോടു് ഒന്നിച്ചുചേരുന്നു. അപ്പോൾ ദേഹത്തെ മറന്നു്, യാദൃച്ഛികമായി, താനറിയാതെ, ഞാൻതന്നെ അവൻ, ഞാൻ തന്നെ അവൻ, (ശിവോഹം, ശിവോഹം) എന്നു പറയുന്നു. "നീയും ഞാനും ഒന്നു" ഞാൻ തന്നെ ദൈവം. അതിൽ താണുനിൽക്കാൻ എനിക്കു കഴിയുകയില്ലെന്നു പറയുന്നു. മതപഠനത്തിന്റെ അവസാനനില ഇതുതന്നെയാണു്. ഇതത്രേ വേദാന്തം എന്നു വ്യവഹരിക്കുന്നതു്; ഇതാണു് അറിവിന്റെ അവസാനം, അല്ലെങ്കിൽ തികവു്. സകലവിധമായ അറിവും ഇവിടെ പൂർണ്ണമാകുന്നു; അവസാനലക്ഷ്യത്തെ പ്രാപിക്കുന്നു. ഈ മതാദർശത്തെ പിൻപറ്റുന്ന ചിലർപോലും, തിരശ്ശീല വളരെ നേർത്തതായി—സത്യപ്പൊരുളിനെത്തികച്ചും വെളിപ്പെടുത്തുമാറു് അത്ര നേർമ്മയുള്ളതായിരുന്നാലും—ശ്രദ്ധാരഹിതന്മാരായി, ധ്യാനശക്തിയില്ലാത്തവരായി, പൂർണ്ണാനുഭവത്തെ പ്രാപിക്കത്തക്കവിധത്തിൽ തിരശ്ശീലയെ നീക്കാൻ ഇഷ്ടപ്പെടാതിരിക്കുന്നുണ്ടു്. മററുചിലർ ബുദ്ധിസാമർത്ഥ്യത്താൽ ഈ വസ്തുത നല്ലപോലെ മനസ്സിലാക്കിയതിനുശേഷം ഉണർവിനെ ദൃഢമാക്കിക്കൊണ്ടു് ഉപയുക്തധ്യാനം ചെയ്തു പൂർണ്ണാനുഭവത്തെ പ്രാപിച്ചു തിരശ്ശീലയെ നീക്കിക്കളയുന്നു; പരമാനന്ദപ്രാപ്തന്മാരായി ഭവിക്കുന്നു. ഇതത്രേ സ്വർഗ്ഗാനുഭൂതി. ഈ നിലയെ പ്രാപിച്ചവർ വർത്തമാനജന്മത്തിൽ തന്നെ ജീവിതത്തോടുകൂടിയ മുക്തന്മാർ എന്നു പറയപ്പെടുന്നു; "ജീവന്മുക്തർ" എന്നു വ്യവഹരിക്കപ്പെടുന്നു. മതാദർശത്തിന്റെ സൂക്ഷ്മസ്ഥിതിയെക്കണ്ടുപിടിക്കുക, അല്ലെങ്കിൽ മറയെ നേർത്തതാക്കിച്ചെയ്യുകയെന്നുള്ളതു മുഖ്യമായി ബുദ്ധികൊണ്ടു സാധിക്കപ്പെടേണ്ടതാണു്. മറയെ മാററുക എന്നുള്ള സംഗതി ഉണർവിനാൽ സാധിക്കപ്പെടേണ്ടതാണു്. മതാദർശത്തിന്റെ മൂന്നു രൂപങ്ങൾ വെളിപ്പെടുത്തപ്പെട്ടു. ഇനി ഓരോ നിലയിലുമുള്ളവർക്കു് അതതുഘട്ടങ്ങളിൽ ഏതേതുവിധത്തിൽ മറയെ മാ-

ററാൻ സാധിക്കുമെന്നു നോക്കാം. ഹിന്തുക്കൾ പറയുന്ന ചില കഥകൾ ഇതിലേക്കു് ഉദാഹരണങ്ങളാക്കാം.

പൂർവ്വകാലങ്ങളിൽ, ഓട്ടുവിളക്കിൽ എണ്ണയൊഴിച്ചു ഹിന്തുക്കൾ വിളക്കുകൊളുത്തുന്ന പതിവുണ്ടായിരുന്നു. ഒരുവീട്ടിൽ വിളക്കുകത്തിച്ചു ഉടനെ അയൽക്കാരും അവരവരുടെ വിളക്കുകളുംകൊണ്ടു്, ആ വീട്ടിൽ ചെന്നു കത്തിച്ചുകൊണ്ടുപോവുകപതിവായിരുന്നു. ഒരിക്കൽ കൃഷ്ണനിൽ അതിസ്നേഹമുള്ള ഒരു സ്ത്രീ, കൃഷ്ണന്റെ പിതൃഗൃഹത്തിൽ, വിളക്കുകൊളുത്താനെന്ന വ്യാജേന കയറിച്ചെന്നു. വാസ്തവകാരണത്തെ തുറന്നുപറയണമെന്നു വിചാരിക്കുന്നില്ല. ശലഭം അഗ്നിജ്വാലയിൽ ലയിക്കാൻ ഇച്ഛിക്കുന്നവണ്ണം, തനിക്കു കൃഷ്ണന്റെ വദനതേജസ്സിൽ അല്പമാത്രമെങ്കിലും ലയിക്കണമെന്നുള്ള ആഗ്രഹമായിരുന്നു ഈ സ്ത്രീയെ അങ്ങോട്ടു നയിച്ചതു്. ഇല്ലെങ്കിൽ മററു വീട്ടിൽ പോകാമായിരുന്നു. കൃഷ്ണനെക്കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി, വിളക്കുകൊളുത്താൻ പോകുന്നു എന്നു് അവൾ അവളുടെ മാതാവിനെ ഗ്രഹിപ്പിച്ചു. വിളക്കു കൊളുത്തുന്നതിനായി താണുകിടന്ന തിരി നീട്ടിക്കൊണ്ടു നിൽക്കുമ്പോൾ അവളുടെ കണ്ണുകൾ അവിടെ പ്രവർത്തിച്ചിരുന്നില്ല; അവ, മായാസംബന്ധത്താൽ, ആകർഷകമായ സുന്ദരകളേബരനായ കൃഷ്ണന്റെ മുഖത്തു പ്രേമപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരുന്നു. കണ്ണും മനസ്സും അവിടെ ഒന്നിച്ചു പ്രവർത്തിക്കുകയായിരുന്നു. തിരിയിൽ കത്തേണ്ട തീ, തിരിനീട്ടിക്കൊണ്ടിരുന്ന വിരലിൽ കത്തിത്തുടങ്ങി. വിരലിൽ തീപിടിച്ചതു് അവൾ അറിഞ്ഞതേയില്ല. സമയം കടന്നുകൊണ്ടിരുന്നു; വീട്ടിലേക്കു മടങ്ങുന്നമട്ടില്ല. മാതാവിനു ദ്വേഷം ജനിച്ചു; അക്ഷമയോടെ ഓടി മകളുടെ സമീപത്തുചെന്നു. മകളുടെ കൈയിൽ തീ കത്തിക്കയറുന്നതും അവൾ അതറിയാതെ നിൽക്കുന്നതുംകണ്ടു. വിരലിന്റെ മാംസം ദഹിച്ചു നിലംകുറഞ്ഞു അസ്ഥി കത്തിത്തുടങ്ങിയിരിക്കുന്നു. പരിഭ്രമത്തോടുകൂടി, മാതാവു വാവിട്ടു നിലവിളിച്ചു. "അയ്യോ! മകളേ! എന്താണു മൌഢ്യമാണിതു്? ചതിച്ചോ?" എന്നിങ്ങനെ മുറവിളികൂട്ടി. അപ്പോളാണു മകൾ അറിയുക! ഈപ്രകാരം ദൈവതം കലർന്ന പ്രേമത്തിൽ, പരിപൂർണ്ണഭക്തിയിൽ, പ്രേമിക്കുന്നവരും പ്രേമിക്കപ്പെടുന്നവരും അഭേദ്യമായി ലയിക്കപ്പെടുന്നു. "ഞാൻ തന്നെ അവൻ;" "ഞാനത്രേ നീ" ഇതത്രേ മൂന്നാമത്തേതായ ഉപരിഷ്ഠസോപാനം. ഇതിന്റെയും മുകളിൽ, ഈ വാക്കുകൾക്കും എത്താത്ത ഒരു നിലയുണ്ടു്.

മതപഠനത്തിന്റെ രണ്ടാമത്തെ പടിയാകുന്ന "ഞാൻ നിന്റെ അടിമ" എന്ന ആദർശത്തെ അടിയിൽ പറയുന്ന കഥകൊണ്ടു് ഉദാഹരിക്കാം. ഒരു പരമാർത്ഥ സന്യാസി ഒരു പെരുമ്പാ

യ്യത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ജനങ്ങൾക്കു ഭക്ഷണധാന്യങ്ങളെ അളന്നുകൊടുക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി. തന്റെ മേലാവിന്റെ ആജ്ഞപ്രകാരം ചില സാധുക്കളെ വിളിച്ചുകൊണ്ടുവന്ന്, ധാന്യം അളന്നുകൊണ്ടിരിക്കുമ്പോൾ, ഒന്ന് രണ്ടു മൂന്ന് എന്നിങ്ങനെ പന്ത്രണ്ടുവരെ എണ്ണി പതിമൂന്നാമത്തെ ഘട്ടത്തിലായി. അദ്ദേഹത്തിന്റെ ഭാഷയിൽ പതിമൂന്ന് എന്ന സംഖ്യയ്ക്കു 'തേരാ' എന്നാണു പറയുന്നത്. തേരാ എന്ന പദത്തിനു വേറെയും ഒരർത്ഥമുണ്ട്. "ഞാൻതന്നെ നിനക്കടിമ" എന്നാണത്. ദൈവത്തിന്റെ ഒരംശമാണു ഞാൻ. പന്ത്രണ്ട് എണ്ണിക്കഴിഞ്ഞു പതിമൂന്നാമത്തെ സംഖ്യയായ 'തേരാ' ഉച്ചരിക്കപ്പെട്ടപ്പോൾ ദൈവികചിന്തകൾ അദ്ദേഹത്തിൽ ഉദിച്ചു പൊങ്ങിത്തുടങ്ങി. തന്റെ ശരീരത്തെയും സകലത്തിനെയും ദൈവത്തിൽത്തന്നെ അർപ്പണം ചെയ്തുകഴിഞ്ഞു. ആത്മാവിൽത്തന്നെ ലയിച്ചുകഴിഞ്ഞു. അങ്ങനെ തന്നെത്താൻമറന്നു "തേരാ തേരാ" എന്നിങ്ങനെ ശബ്ദിച്ചുകൊണ്ടുതന്നെ ധാന്യം അളന്നുകൊടുത്തുകൊണ്ടിരുന്നു. ഒടുവിൽ ആ ശബ്ദത്തോടുകൂടി പരമാനന്ദ പദമാകുന്ന സമാധിയിൽമുഴുകി നിലത്തുമറിഞ്ഞു. ഇതിൽനിന്നും വെളിവാകുന്നതെന്തെന്നാൽ, താണനിലയിൽ വർത്തിക്കുന്നവരും തന്റെ വാക്യത്തിൽ ഏകാഗ്രമായിഉറച്ചുനിന്നാൽ, ഉപരിഷ്ടസ്ഥാനത്തിൽ ഉദ്ഗമിക്കാൻ കഴിയുംഎന്നാണ്. ശ്രദ്ധയും ഏകാഗ്രതയും ആവശ്യമാണ്. മതപഠനത്തെ പരിഹാസ്യമായിക്കരുതരുത്. ദൈവത്തിന്റെ കണ്ണിൽ മണ്ണെറിയാൻ ഒരുങ്ങരുത്. ദൈവത്തോട് ഒന്നുപറഞ്ഞിട്ട്, പിന്നീടു അതുചെയ്യാതെ ഒഴിഞ്ഞുമാറരുത്. ക്ഷേത്രസന്നിധിയിൽനിന്നു ഞാൻ നിനക്കു് അടിമ എന്ന് ഒരു പ്രാവശ്യം പറയുന്നവർ ഉണർവുകൊണ്ട് അറിയട്ടെ! ഞാൻ നിനക്കു് അടിമ എന്ന ആനിലയിൽ നില്ക്കട്ടെ! അതിനെ അനുഭവത്തിൽ അറിയട്ടേ! അതത്രേ വാസ്തവമായ മതം. ലോകത്തിലുള്ള നാനാമതങ്ങളെയും ഈ മൂന്നുശാഖയിൽ ഉൾപ്പെടുത്താം. ഞാൻ അവന്റെ സ്വന്തം, ഞാൻ നിനക്കു് അടിമ, ഞാൻതന്നെ അവൻ (അഥവാ, ശിവോഹം). സാന്നിധ്യത്തെ സംബന്ധിച്ചിടത്തോളം ഞാൻ നിനക്കു് അടിമ എന്ന രണ്ടാമത്തെനില, ആദ്യത്തേതിൽനിന്ന് ഉയർന്നതാണ്. ഞാൻതന്നെ നീ എന്ന മൂന്നാമത്തെനില എല്ലാററിലുംവച്ച് ഉയർന്നതാണ്. ഈ മൂന്നുശാഖയിൽ ഏതെങ്കിലും ഒന്നിൽക്കൂടി യഥാർത്ഥമായ മതപഠനത്തെ നമുക്കു സാധിക്കാം. ഹിന്തുമതതത്വപ്രകാരം, ആദ്യത്തെ നിലയിലുള്ള മതാദർശംവഴി ഒരുവൻ മതപഠനത്തെ സാധിച്ചുവെങ്കിൽ ഈ ജന്മത്തിലോ അഥവാ ഇനിയത്തെജന്മത്തിലോ ഉയർന്ന മതാദർശത്തിലേക്കു് ഉയർത്തപ്പെടുന്നു. രണ്ടാമത്തെ നിലയിലേക്കു് ഉയർത്ത

പ്പെടുന്നു. ഈ രണ്ടാമത്തെ നിലയിൽ യഥാർത്ഥമായ മതപഠനത്തെ സാധിച്ചുവെങ്കിൽ ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിലെങ്കിലും ഞാൻതന്നെ അവൻ; ഞാൻതന്നെനീ എന്ന അടുത്തതായ ഉയൎന്നപടിയിൽ എത്തുന്നു. ഈ നിലയിൽ എത്തിക്കഴിഞ്ഞാൽ പുനർജ്ജന്മമേ അവനില്ല. മനുഷ്യൻ ഈ നിലയിൽ മുക്തനാകുന്നു; വേർപെടുന്നു. സ്വതന്ത്രനാകുന്നു. മനുഷ്യൻതന്നെ ദൈവം. അവസാനലക്ഷ്യത്തെ പ്രാപിച്ചുകഴിഞ്ഞു.

---

## ൭. ശ്രീകൃഷ്ണപരമാത്മാം

ഗോപസ്ത്രീകളുടെ ഗൃഹങ്ങളിൽകടന്നു, വെണ്ണ മോഷ്ടിച്ചശേഷം ബാലകൃഷ്ണൻ പശുക്കുട്ടികളുടെ പുറത്തു വെണ്ണതേച്ചുംവച്ച് ഓടിക്കളയുന്നു. അനന്തരം കൃഷ്ണൻ ശിശുവായിട്ടു, യാതൊന്നും അറിഞ്ഞുകൂടാത്തവനായിട്ടു കരുതപ്പെടുന്നു. പശുക്കുട്ടികൾ കഷ്ട്പ്പെടുന്നു. കുററവും കപടവും അറിഞ്ഞുകൂടാത്ത ചോരൻ രക്ഷപ്പെടുന്നു. സകല ജീവജാലങ്ങളുടെയും ഉള്ളിൽ അടങ്ങിക്കിടക്കുന്ന പരമാത്മപുരുഷൻ തൻെറ ഇഷ്ടപ്രകാരം ലീലകൾ നടത്തുന്നു. വാസ്തവത്തിൽ ആ ജാലവിദ്യക്കാരനായ മായാരാമൻതന്നെ, ഓരോന്നും നടക്കുമാറാക്കിച്ചെയ്യുന്നു. എന്നാൽ തൻെറ വിചിത്രമായയാൽ അസത്യമായ അഹങ്കാരത്തെ ചൂണ്ടിക്കാട്ടുകുന്നു. ആ വെണ്ണതിന്നുന്ന കൃഷ്ണൻ സാധുവായാലും ശരി, ഗർവിഷ്ഠനായാലും ശരി എല്ലാം ഒന്നുതന്നെ. ആ രാമനത്രേ എന്നിലുള്ള ആത്മാവു്. ഏതെല്ലാം ഉണ്ടെന്നു വിചാരിക്കുന്നുവോ അതെല്ലാം നിന്നിൽത്തന്നെ വിളങ്ങുന്നു. തനിയേ നിൽക്കുന്ന ഈ ചെറിയ ശരീരത്തിൽ ബന്ധനസ്ഥനാക്കപ്പെട്ടവൻ നീയല്ല; കുററം ചുമത്തപ്പെട്ട വ്യാജമായ അഹങ്കാരം നീയല്ല; നീ കേവലം ചെറുതുള്ളിയല്ല; ഗംഭീരമായ മഹാസമുദ്രമത്രേ നീ.

---

## ൮. മായ.

പന്തംചുഴററൽ എന്നൊരു വിനോദമുണ്ടു്. പടന്നെരിയുമ്പോൾ ജ്വാല വൎത്തുളാകൃതിയിൽ തോന്നിക്കപ്പെടും. ചിലപ്പോൾ വൃത്താകാരമായും ചിലപ്പോൾ മററുപ്രകാരത്തിലും ഇങ്ങനെ പലേവിധത്തിലുള്ള തോററങ്ങളുണ്ടാകും. ഈ തോററങ്ങൾ ജ്വാലയുടെസ്വന്തമാണോ? അല്ലെങ്കിൽ പന്തത്തിൽനിന്നും തോററങ്ങളുണ്ടാകുന്നുവോ? അതുമല്ലെങ്കിൽ ഇവയുമായി സംബന്ധമില്ലാത്ത വേറെ വല്ലസ്ഥ

ലത്തുനിന്നു തോന്നിക്കുകയാണോ? പന്തം ചുഴററാതിരുന്നാൽ ഈ രൂപങ്ങൾ കാണപ്പെടുന്നുണ്ടോ? ആ സമയത്തു രൂപങ്ങൾ മറെറങ്ങാൻ ഓടിക്കളയുകയാണോ? ഇതിനൊക്കെ സമാധാനം പറയണമെന്നില്ല. പന്തം ചലിക്കുമ്പോൾ പല രൂപങ്ങൾ തോന്നിക്കുന്നു. ചലനം നിൽക്കുമ്പോൾ ആ രൂപങ്ങളുടെ അടയാളംപോലും കാണുന്നില്ല. അതിവേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുമ്പോൾ തോന്നിക്കപ്പെട്ട രൂപങ്ങൾ വാസ്തവത്തിൽ വൃത്തങ്ങളും കോണങ്ങളുമായിരുന്നോ? ഇല്ലതന്നെ. അതേപ്രകാരത്തിൽത്തന്നെയാണു ബ്രഹ്മാനുഭവവും. പന്തം അചഞ്ചലമായിരിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥപോലെ, നിശ്ചലാവസ്ഥയിൽ നാമരൂപങ്ങളാകുന്ന അടയാളമെന്നിയെ ഈ ജഗത്തു വൎത്തിക്കുന്നു. നാമരൂപങ്ങൾ — തോന്നിക്കപ്പെടുമ്പോൾ കൂടിയും —ജ്വാലയിലെ രൂപങ്ങൾ എന്നപോലെ, മായാസംബന്ധമായ കേവലപ്രതീതി മാത്രമല്ലാതെ വാസ്തവികമല്ല, സത്യപ്പെട്ടതല്ല. നിഷ്ഠ - ഉയൎന്നനില - ഇവയാൽ ബാധിക്കപ്പെടാതെ നില്ക്കുന്നു. തോററങ്ങളിലെല്ലാം ഏകമായ ജ്യോതിസ്സ് എല്ലാപ്പോഴും അടങ്ങിയിരിക്കുന്നു. പന്തം ചലിക്കുമ്പോൾ തോന്നപ്പെടുന്ന രൂപങ്ങൾക്കു, പന്തത്തിന്റെ ജ്വാലതന്നെ ആധാരമായിരിക്കുന്നതോടുകൂടി, അതു് എപ്പോഴും ഉണ്ടായിരിക്കുന്നതുമാണല്ലോ. ഈ തോററങ്ങൾ മാത്രം ജ്വാലയിലുള്ളതല്ല. എന്നതുപോലെ നാമരൂപാദികളിൽ ആത്മാ വ്യാപിച്ചിരിക്കുന്നു, ആത്മാവിൽ നാമരൂപങ്ങളില്ല. ചലനമാണു്, പന്തത്തിൽ നിന്നുമുണ്ടായ തോററങ്ങൾക്കു കാരണം. ആയതുപോലെ നാമരൂപത്തോന്നലുകൾക്കു കാരണം മായാശക്തിയല്ലാതെ മറെറാന്നുമല്ല. ശക്തിയെന്നതു് തനിയെ ഒരിടത്തും വൎത്തിക്കുന്നതല്ല. അതു് ഏതെങ്കിലും ഒന്നിൽ ആവിർഭവിക്കുന്നതായിരിക്കും; അല്ലെങ്കിൽ അടങ്ങിയതായിരിക്കും. തനിയെ നില്ക്കാൻ കഴിവില്ല. ഈ ശക്തി മനുഷ്യവ്യക്തിയിൽ പ്രജ്ഞയെന്നും ചലനമെന്നും പ്രവൎത്തനമെന്നും മനസ്സെന്നും തോന്നിക്കപ്പെടുന്നു. മനസ്സിന്റെ വ്യാപാരവും തോന്നിക്കപ്പെടുന്ന ജഗത്തും ഒരേ വസ്തുവിന്റെ ഇരുവശങ്ങളാണെന്നു പറയാം. മനസ്സിന്റെ ശാന്തിയും ബ്രഹ്മത്തിന്റെ നിലയും ഒരേവിധമാകുന്നു. മാലിന്യങ്ങളാകുന്ന പാശങ്ങളെ അറുത്തു നീക്കിയാൽ മനസ്സു ചലിക്കുന്നില്ല; ദൃഢീകൃതമായിരിക്കുന്നു. പൂൎണ്ണദൃഢതയിലെത്തുമ്പോൾ മനസ്സു ബ്രഹ്മത്തോടു് ഐക്യപ്പെടുന്നു. ഇപ്രകാരമുള്ള സാക്ഷാൽകാരദൎശനത്താൽ മായയെ ജയിക്കുന്നു. അതുവഴി ലോകമേ സ്വൎഗ്ഗമായി മാററപ്പെട്ടതായിത്തീരുന്നു. നഷ്ടപ്പെട്ട ആനന്ദം വീണ്ടും ലഭിക്കുന്നു. എവിടെ നോക്കിയാലും സൌന്ദൎയ്യം തുളുമ്പുന്നു. വ്യക്തിബോധം നശിച്ചതിനുശേഷം ദുഃഖകോടികൾ

ഉൽകൃഷ്ടവും അഗാധവുമായ സത്യത്തിലും ആനന്ദത്തിലും നിത്യമായും സ്ഥിരമായും ലയിച്ചടങ്ങുന്നു.

രാമന്റെ കൺമുമ്പിൽവച്ച്. ഒരിക്കൽ ഒരു ബാലൻ ഒരു മനോഹരമായ റോസാപ്പുഷ്പത്തെ മണക്കാനായി മൂക്കിന്റെ അടുക്കലേക്കു കൊണ്ടുചെന്നു. പെട്ടെന്ന് ഒരു വണ്ട് മൂക്കിന്റെ അററത്ത് ഒരു കൊട്ടുകൊടുത്തു. പുഷ്പം കൈയിൽ നിന്നും താഴെ വീഴുകയും ചെയ്തു. എല്ലാ റോസാപ്പൂവിന്റെയും ഇതളിനുള്ളിൽ വണ്ടിരിക്കുന്നുണ്ടോ? നിശ്ചയമായും ഉണ്ട്. ഇന്ദ്രിയസുഖങ്ങളാകുന്ന റോസാപ്പുഷ്പങ്ങൾക്കുള്ളിൽ, ദുഃഖങ്ങളാകുന്ന വണ്ടുകൾ മറഞ്ഞിരിക്കുന്നുണ്ടാവും. നിയന്ത്രിക്കപ്പെടാഞ്ഞാൽ ആശകളെല്ലാം തീരാദുഃഖത്താൽ ദണ്ഡിക്കപ്പെടുകതന്നെ വേണം. ഭയങ്കരമായ നിലയിൽ അമർത്തപ്പെട്ടിരിക്കുന്ന സാധുക്കളേ! നിങ്ങളുടെ ആത്മാവിനെ മറക്കായ്വിൻ! മനോഹരമായി തോന്നപ്പെടുന്ന റോസാപ്പുഷ്പത്തെ കൊയ്യാതിരിക്കുവിൻ! പൂർണ്ണമായി വികസിച്ച റോസാപ്പൂ നിങ്ങളുടെ അംശമാകുന്നു; അതിന്റെ സൌരഭ്യം നിങ്ങളുടെ സൌരഭ്യമാകുന്നു. രാജാക്കന്മാർ ഭരണം നടത്തുന്നു; അവരുടെ വിജയങ്ങൾ നിങ്ങളുടെ വിജയങ്ങളാകുന്നു. സൌന്ദര്യം തിളങ്ങുന്നു; അതിന്റെ ആകർഷണശക്തി നിങ്ങളുടെ സ്വന്തമാകുന്നു. ശ്രീകൃഷ്ണപരമാത്മാ നൂറു ഗോപികമാരോട് ഏകകാലത്തിൽ ലീലചെയ്തിട്ടില്ലേ? ആ കൃഷ്ണൻ നിങ്ങൾതന്നെയാകുന്നു. വസ്തുത ഈവിധമിരിക്കേ, എന്തിനായിട്ട്, ആശയ്ക്കു വൃഥാ വിധേയരാകുന്നു? നിങ്ങൾ ഈശ്വരനോട് ഐക്യപ്പെട്ടവരാണെന്നു ബോധിക്കുവിൻ!

രാമൻ ഉയർന്നനിലയിൽ നിന്നുംകൊണ്ട്, നിങ്ങളോടു തുറന്നുപറയുന്നു. നിങ്ങൾ മനസ്സ് എന്ന ചെറിയ വസ്തുവിൽ നിങ്ങളെ അടക്കിക്കളയാതിരിക്കുവിൻ! ഉദിക്കുംമുമ്പ് എഴുന്നേൽക്കുവിൻ! നിങ്ങളുടെ ഉറക്കത്തെ വലിച്ചെറിയുവിൻ! ലോകപ്പററാകുന്ന സ്വപ്നം ഒഴിഞ്ഞുമാറട്ടേ! ആത്മജ്ഞാനത്തെ പ്രാപിക്കുവിൻ! സകലദുഃഖങ്ങളും അകലത്തൊഴിയും. ആനന്ദത്തിന്റെ ഉത്ഭവസ്ഥാനമേ നിങ്ങളല്ലേ? ഏതൊന്നും നിങ്ങളെ നശിപ്പിക്കാൻ ശക്തങ്ങളല്ല. രാപ്പകൽ ഇടവിടാതെ സുഖത്തെത്തേടി അലയുന്നതുകൊണ്ടു ഫലമെന്തായിരിക്കുമെന്ന് ഓർക്കുക! തെററാണെന്നുള്ളതിനു സംശയമുണ്ടോ? ഇന്ദ്രിയദ്വാരാ വിഷയസുഖത്തെ അന്വേഷിക്കാതിരിക്കുവിൻ! വഞ്ചിക്കപ്പെടുമെന്നുള്ളതു നിശ്ചയം; അതേ, സംശയമില്ല. ബഹിരന്വേഷണത്തെ കൈവിടുവിൻ! അനശ്വരമായ സുഖാനുഭവത്തോടുകൂടിയ സമുദ്രം നിങ്ങളിൽത്തന്നെ സ്ഥിതിചെയ്യുന്നു. കരുണാപ്രവാഹത്തിൽ മുഴുകുവിൻ! തന്നെത്തന്നെ മറക്കുവിൻ! മനസ്സും ജഗത്തും സമാധിയിൽ ലയിക്കട്ടേ! സമഷ്ടിയിൽനിന്നും വി

ട്ടൊഴിഞ്ഞു തനിയേ നിൽക്കുന്നോ നശ്വരമായ ശരീരത്തിൽ എന്തുകൊണ്ടു നിങ്ങൾക്കിത്ര കൂറുണ്ടാകുന്നു? വാസ്തവസ്വരൂപത്തിൽ തങ്ങിനിൽക്കുവിൻ! അവിടെ ഉയർച്ചയും താഴ്ചയുമില്ല. അല്പസുഖങ്ങളും ദുഃഖങ്ങളും അവിടെവന്നു് ഉപദ്രവിക്കയില്ല. ദൈവത്തിനു സ്ഥാനം കൊടുത്തിട്ടു്, സാർവ്വത്രികമായ അവകാശങ്ങളെ ദൂരത്യജിക്കുവിൻ! മനുഷ്യശരീരമാകുന്ന ബലഹീനമായ കപ്പലിനെ നടത്തുന്ന പായ്മരത്തെ, ഭക്തിയാകുന്ന കൊടുങ്കാററു് അടിച്ചൊടിച്ചു് അതിനെ (കപ്പലിനെ) സമാധിയാകുന്ന സമുദ്രത്തിൽ താഴത്തുകവണ്ണം ചെയ്യട്ടേ! ദൈവബോധാസക്തിയിൽ മുഴുകുന്നവൻ സുഖത്തെ പ്രാപിക്കും; ഈശ്വരസാക്ഷാൽകാരത്തെക്കുറിച്ചു ഭ്രാന്തുപിടിച്ചവൻ, ആശീർവദിക്കപ്പെടും. ആത്മാനന്ദസമാധിയിൽ മുഴുകി ജഗത്തിൽനിന്നകന്നവൻ പൂജിക്കപ്പെടും.

റാമ്. റാമ്, ഓം.

---

## ൯. സമാധിനിലയെ വിടാതെയുള്ള കുടുംബജീവിതം

"കുടുംബജീവിതത്തോടുകൂടിയവന് ആത്മജ്ഞാനത്തെ പ്രാപിക്കാൻ കഴിയുമോ?" എന്നു് ചിലർ ചോദിക്കുന്നുണ്ടു്. "ഒരു ഖഡ്ഗത്താൽ പ്രതിപക്ഷിയെ കൊലപ്പെടുത്താൻ കഴിയുമോ?" എന്ന പ്രതിപ്രശ്നമാണു് അതിനു സമാധാനം (അതിന്റെ മറുപടി) ഖഡ്ഗത്തെ പ്രയോഗിക്കുന്നവന്റെ മാതിരിയെ അപേക്ഷിച്ചിരിക്കുന്നു. അതുപോലെയാണു് കുടുംബജീവിതത്തിന്റെ കാര്യവും. അതിനെ ഉപയോഗിക്കേണ്ടമാതിരി മനസ്സിലാക്കണം. കുടുംബജീവിതത്തിൽ പ്രയാസം നേരിട്ടാൽ അതിനെ പരിഹരിക്കാനുള്ളമാർഗ്ഗം തേടണം. എവരുടേയും ലക്ഷ്യം ആത്മജ്ഞാനസമ്പാദനമാണു്. ഭൂമിക്കു സൂര്യനെ ചുററിക്കറങ്ങുകതന്നെവേണ്ടിയിരിക്കുന്നു. ചന്ദ്രനോ ഭൂമിയെ വിടുകയുമില്ല. അതുകൊണ്ടെന്തു്? ഭൂമിക്കു ചന്ദ്രനെവലിച്ചുംകൊണ്ടു സൂര്യനെ വലംവയ്ക്കാൻ കഴിയുന്നു. സൂര്യന്മാർക്കെല്ലാം സൂര്യനായി വിളങ്ങുന്ന ശക്തിയെ പ്രാപിക്കാൻ നീ ആഗ്രഹിക്കുന്നു എങ്കിൽ നിന്റെ കൂട്ടുകാരനെയും നീ കൂട്ടിക്കൊണ്ടുപോവുക. ജ്യോതിസ്സിനെ ചുററിച്ചുററിവരിക! ഒരു ചെറിയ ശരീരത്തിൽമാത്രം ജ്യോതിസ്സു വിളങ്ങുകയല്ല; രണ്ടോ അതിലധികമോ ശരീരങ്ങളിലും വിളങ്ങുന്നു. ഒരു ശരീരം വഴി വേലചെയ്യുന്നതിനുപകരം പല ശരീരങ്ങൾവഴി വേല ചെ

സ്സാൻ കഴിയുന്നു. അവയും നിന്റെ സ്വന്തംതന്നെ- നിനക്കു് ഒരു ശരീരം അവകാശപ്പെട്ടിരിക്കുന്നതുപോലെ ഈ എല്ലാ ശരീരങ്ങളും ദൈവത്തിൽ വിളങ്ങുകയാണല്ലോ. ആ ശരീരസമഷ്ടി, ഈശ്വരന്റെ മഹത്വത്തെ വെളിപ്പെടുത്തും. അതുകൊണ്ടു നീ ദൈവത്തോടു് ഐക്യപ്പെട്ടവൻ എന്നു ബോധിക്കുംമുമ്പു്, നീ നിന്റെ കുടുംബത്തോടു് ഐക്യപ്പെട്ടവൻ എന്നറിയുക! താൻ ഭാൎയ്യാപുത്രാദികളോടു് ഐക്യപ്പെട്ടവനാണെന്നു് അറിവാൻ കഴിയാത്തവനു്, എല്ലാം ഒന്നെന്നു് എങ്ങനെ ബോധിക്കാൻകഴിയും?

വേദാന്തം ഇപ്രകാരംതന്നെ വിധിക്കുന്നു. ആദ്യം നിന്നെസ്സംബന്ധിച്ചവരിൽ തൊട്ടു്, ആരംഭിക്കണം. നിന്റെ അടുത്ത ബന്ധുക്കളോടു നീ കലൎന്നുകൊള്ളുക; ഏകീകരിക്കുക! നിന്റെ കാൎയ്യവും അവരുടെ കാൎയ്യവും ഒന്നായിത്തീരട്ടെ! ശരീരങ്ങളെല്ലാം ഐക്യപ്പെടട്ടെ! ഒരേനദിയെന്നവണ്ണം പ്രവഹിക്കട്ടെ! അനുഭവമാൎഗ്ഗത്തിൽ പ്രവേശിക്കട്ടേ! അനന്തരം ഇതരകുടുംബങ്ങളും ചേരട്ടേ! ഇങ്ങനെ അനുക്രമമായി അഭിവൃദ്ധമാകട്ടെ! ഈശ്വരനിൽ ഭക്തിചെലുത്തി ഈശ്വരത്വത്തെ പ്രാപിക്കണം. തന്റെ ശരീരത്തിൽ മുഴുവൻ പ്രേമം നിറഞ്ഞുവെങ്കിൽ മാത്രമേ ഈശ്വരസാക്ഷാൽകാരം സിദ്ധിക്കുകയുള്ളുവെന്നു് വേദാന്തംപറയുന്നു. ജഗദഖിലം തന്റെ ശരീരം എന്നഭാവനയുണ്ടാകണം. ആത്മജ്ഞാനത്തിനു് ആരംഭപ്പടി ഇതായിരിക്കണം. അതിനുശേഷം ഉന്നതസ്ഥാനത്തേക്കു് ഉയരേണ്ടതാണു്.

രണ്ടുപ്രകാരത്തിലുള്ള മയക്കങ്ങളും വിടണം. താൻവേറെ, മറ്റുള്ളവർവേറെ, ലോകംവേറെ എന്നുള്ള തോന്നലുകൾ മാറി, ലോകം തന്റെശരീരമെന്ന ബോധം സമ്പാദിക്കണം. എന്നിട്ടു മായാകല്പിതങ്ങളായ നാമരൂപങ്ങളെ അകററണം. ലോകപ്പുറവുള്ള മനുഷ്യൎക്കു രണ്ടു വിധത്തിലുള്ള മയക്കം മാറേണ്ടതായിട്ടുണ്ടു്. ആദ്യം താൻ ഓരോരുത്തരിലും വസിക്കുന്നു എന്നുള്ള ബോധമുണ്ടാകണം; വൃക്ഷലതാദികളും നദിമുതലായവയും പുഴുക്കൾ തുടങ്ങിയുള്ളവപോലും താനാണെന്നുള്ള ഉണർവുണ്ടാകണം; അതേ, ആ ബോധം തന്നെ ഉണ്ടാകണം. ഇതു് അനുഭവമാർഗ്ഗത്തിൽ ഒരു നിലയാണു്. ഈ മനുഷ്യൻതന്നെയാണു്, താനും പുത്രകളത്രാദിയും ഒന്നാണെന്നു് തുടക്കത്തിൽ അനുഭവപ്പെട്ടവൻ. സർവ്വലോകവും താൻതന്നെയെന്നു് അറിയുമ്പോൾ, ഒരു പടിയിൽ എത്തുന്നു. അടുത്ത പടിയാകട്ടെ, പുറം തോന്നലുകളും നാമരൂപപ്രതീതികളും അകലുമ്പോഴത്തേതാകുന്നു. അപ്പോൾ, ലോകമേ മായ എന്നു വെറുക്കുന്നു- സർവ്വവും ആത്മമയമായിഭവിക്കുന്നു.

കുടുംബമെല്ലാം, രാജ്യമെല്ലാം, ലോകം മുഴുവനുംതന്നെ ഒന്നെ

നുബോധിക്കുന്നതു് പ്രയാസസാദ്ധ്യമാണെന്നു തോന്നിയേക്കാം. എന്നാൽ വാസ്തവത്തിൽ അത്ര പ്രയാസമുള്ള കാൎയ്യമല്ല. തുടങ്ങിക്കഴിയാനാണു പ്രയാസം; ആരംഭിച്ചുകഴിഞ്ഞാൽ അല്പകാലത്തിനുള്ളിൽ ശീഘ്രാഭിവൃദ്ധിയിലെത്താം. അന്യനിൽ ഐക്യഭാവം സിദ്ധിച്ചുകഴിഞ്ഞാൽ, ഒരന്യനോടുചേൎന്നുകൊള്ളാൻകഴിയുമെങ്കിൽ, അതിശീഘ്രത്തിൽ എല്ലാവരും ഒന്നാണെന്നുള്ള ഉണൎവുണ്ടായിക്കൊള്ളും. അനുഭവത്തിൽ നാം അറിയേണ്ടതു് ഒന്നുണ്ടു്. ലോകത്തിലുള്ള കരുണയെല്ലാം സ്വാഭാവികമായി നമ്മളിൽ ഏതോ ഒരു വാസ്തവത്തെ വെളിപ്പെടുത്തുന്നു. നമ്മുടെ പ്രേമത്തിന്റെ നിധാനസ്ഥാനം വെളിയിലുള്ള യാതൊന്നുമല്ലെന്നു മനസ്സിലാകും. പുറമേ തോന്നുന്ന നിറത്തിലോ, രൂപത്തിലോ, അടയാളത്തിലോ അല്ല, ഉള്ളിൽ അടങ്ങിയിരിക്കുന്ന ജീവനിലാണു്, പ്രേമത്തിനു് ആധാരമായുള്ള വസ്തു സ്ഥിതിചെയ്യുന്നതു്. അഭ്യാസത്താൽ സൎവ്വാധാരമായി അനുഭവപ്പെടുന്നതേതോ, അതുതന്നെ പ്രേമത്തിനു് ആധാരം. ഓരോരുത്തൎക്കും അവരവരുടെ അനുഭവത്തിനു് അനുസരിച്ചു് ഈ വാസ്തവത്തിന്റെ അംശത്തെ വെളിപ്പെടുത്താൻ കഴിയുമെന്നു വന്നേയ്ക്കാം. നാം പ്രായമാകുന്തോറും നമ്മുടെ പ്രേമത്തിന്റെ നിധാനസ്ഥാനം ക്രമേണ മൃദുലമായും എന്നാൽ പിടികിട്ടാത്തതായും, ഭവിക്കുന്നു. ലോകത്തിലുള്ളവരെല്ലാം ഏറെക്കുറെ ഈ വിഷയത്തെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടല്ലോ. എല്ലാവരും ഇതിനെ ചിന്തിക്കയോ അഥവാ അനുഭവിക്കയോ ചെയ്തിട്ടുണ്ടു്. പ്രേമത്തെ ചെലുത്തിയ സ്ഥാനത്തു, പുറമേയുള്ളകുററവും കുറവും ഗണിക്കപ്പെടുന്നില്ല. ശരീരത്തിലുള്ള കുററത്തെയുംകുറവിനെയുംകാണുന്നില്ല. വിലക്ഷണങ്ങളായവയിൽ കണ്ണടച്ചുകളയുന്നു. സൌന്ദൎയ്യത്തെമാത്രം ശ്രദ്ധിക്കുന്നു. ഏവംവിധം പ്രയോഗിക്കുന്ന പ്രേമത്തിനു വിഷയീഭവിക്കുന്ന മനുഷ്യനിൽ യഥാൎത്ഥമായ പ്രേമം വൎത്തിക്കുന്നുണ്ടെങ്കിൽ നമ്മുടെ ഹൃദയം അലിഞ്ഞുപോകുന്നു, അങ്ങോട്ടു് ആകൎഷിക്കപ്പെട്ടുപോകുന്നു. അപ്പോഴും നമ്മുടെ പ്രേമത്തിനു പാത്രമായ സ്ഥാനം പരിപുഷ്ടാവസ്ഥയെ പ്രാപിക്കാറാകുന്നു. ജഡവസ്തുവെക്കാൾ മൃദുത്വമുള്ള അതിനു ബാഹ്യത്തോററങ്ങളായ വൎണ്ണാദികളോടു സംബന്ധമില്ല. ഇതു് ഒരുപടി ഉന്നതനിലയാണു്. ഒന്നുകൂടി മേല്പോട്ടുകയറുവിൻ! സ്ഥൂലശരീരങ്ങളെക്കടന്നു്, സൂക്ഷ്മബോധത്തിൽ ചെന്നെത്തുന്നു. അതിന്റെ മുകളിൽ സ്ഥാനമുണ്ടു്. അവിടെ പ്രേമനിധാനമായ വസ്തു ഉണൎച്ചയിലാകട്ടെ, മനസ്സിന്റെ ഉയൎച്ചയിലാകട്ടെ, പരിശുദ്ധഭാവനയിലാകട്ടെ വസിക്കുന്നില്ല; വാസ്തവത്തിൽ ഉള്ളിലുള്ള ഈശ്വരൻ അഥവാ ആത്മാവു് എന്ന നിലയിൽക്കാണുന്നു. അതിൽ പ്രേമത്തെ ചെലുത്താൻ

കഴിഞ്ഞാൽ യഥാർത്ഥത്തിൽ ആത്മാവിനെത്തന്നെ കാണുന്നു. ഇപ്രകാരം സാധനങ്ങളെ കാണുമ്പോഴും അവയിലുള്ള പരമാർത്ഥമായ ഈശ്വരഭാവത്തെക്കാണാൻ കഴിയുമെങ്കിൽ, ആ നിലയിൽ, ഉയൎന്നാൽ താനും ലോകവും ഒന്നാണെന്നുള്ള നിലയെ ബോധിക്കാൻ ലഘുവിൽ സാധിക്കുന്നതാണ്. ഇതത്രേ ക്രിസ്തുവിൻെറ നില. (അമേരിക്കയിൽവെച്ചു ക്രിസ്ത്യാനികളോടു ചെയ്ത പ്രസംഗമായതുകൊണ്ടു ക്രിസ്തുവിനെ ഉദാഹരിച്ചതാണ്. ബൌദ്ധന്മാരോടാണെങ്കിൽ ബുദ്ധനെ ഉദാഹരിക്കാം) ഈ നിലയിൽ ഒട്ടു കാലം വൎത്തിച്ചതിനുശേഷം, തദുപരിയായ നില യാതൊന്നാണെന്നാൽ, ഈശ്വരനിൽ ലയിക്കുകതന്നെ. സമാധിനിലയിൽ വൎത്തിക്കുന്നതായാൽ, നിർഭേദമായ അദ്വൈതനിലയിൽ നിൽക്കുന്നതായാൽ, അതായിരിക്കും ദൈവികനില. അതിനെ നിർവ്വാണം അല്ലെങ്കിൽ സമാധി എന്നു പറയുന്നു. ആ നിലയിൽ മനശ്ചലനം എന്നൊന്നില്ല. ചഞ്ചലത്വം ലേശമില്ല; യാതൊരു ചേഷ്ടയുമില്ല.

ഈ നിലയിൽ എത്തുന്നതിന് ലൌകികവിഷയങ്ങൾക്കും ബന്ധുക്കൾക്കും എങ്ങനെ സഹായിക്കാൻകഴിയും? റോമൻക്രിസ്ത്യാനികളെപ്പോലെ വിഗ്രഹദ്വാരാ ദൈവത്തെ വണങ്ങുന്നവരുണ്ടു്. രാമൻ, കൃഷ്ണൻ ഇത്യാദി വിഗ്രഹങ്ങളെ ആരാധിക്കുന്നവരുണ്ടു്. ആ വിഗ്രഹങ്ങളെ എന്നപോലെ ശിശുക്കളിൽ ദൈവത്വത്തെക്കണ്ടു് (ആരോപിച്ചു്) അവയെയും ആരാധിക്കാം; ഭക്തിപൂർവ്വംവൎത്തിക്കാം. (തനിക്കുററതെന്ന നിലയിൽ കണ്ടതിൻശേഷം ഉപരിനിലയിൽ ഉയൎന്നു്) തന്നിൽ ഇന്നപ്രകാരത്തിലുള്ള സംബന്ധമാണെന്നു കരുതാതെ, ദൈവമായിത്തന്നെ നിനച്ചു് എല്ലാവിധമായ ലോകബന്ധങ്ങളെയും വലിച്ചെറിയണം. ദൈവത്വം എന്ന ബന്ധം മാത്രം അവശേഷിക്കണം, ത്യാഗം എന്നുവെച്ചാൽ സന്ന്യാസമല്ല; പിന്നെയൊ? ഏതൊന്നിനേയും ദൈവികമാക്കുകതന്നെ. കുടുംബത്യാഗം എന്നതു്, പുത്രാദികളെ ഉപേക്ഷിച്ചുംവച്ചു് ഓടിക്കളയുകയല്ല; ദൈവത്വേന കരുതുകയാകുന്നു. ഓരോരുത്തനിലുമുള്ള ഈശ്വരഭാവത്തെ നേരിൽ കാണുകയാകുന്നു. ഇതത്രേ ത്യാഗമാർഗ്ഗം എന്നു വേദാന്തം വ്യാഖ്യാനിക്കുന്നതു്. പുത്രകളത്രങ്ങളെ ത്യജിക്കുക എന്നു വേദാന്തം ശാസിക്കുന്നതിൻെറ താല്പൎയ്യം അവരെ തള്ളിക്കളഞ്ഞിട്ടു് ഓടണമെന്നല്ല, ഭാൎയ്യയെ ഭാൎയ്യാബന്ധത്വേന ഭാവിക്കരുതെന്നും പരമാർത്ഥമായ ആത്മസ്വരൂപമായി അനുഭവിക്കണമെന്നുമാണ്. ശത്രുവിനെ ശത്രുവെന്നു കരുതരുതു്; സുഹൃത്തിനെ സുഹൃത്തെന്നും നിനയ്ക്കരുതു്. അവരിലുള്ള ദൈവത്വത്തെ ഗ്രഹിച്ചുകൊൾക!

ഈ വിധത്തിൽ ഭാൎയ്യയ്ക്കും ഭൎത്താവിനും പരസ്പരം കാണ്മാൻക

ഴിയുമെങ്കിൽ അവരുടെ ബന്ധം പൂർണ്ണമായ ആത്മസ്വാതന്ത്ര്യസംബന്ധത്തോടുകൂടിയതായിരിക്കും. അന്യോന്യം സുഖവൃദ്ധിക്കു സഹായിക്കാൻകഴിയും. എവിടെനോക്കിയാലും ഭാര്യയുടെ സുഖത്തെ അഭിവൃദ്ധമാക്കാനും അവളുടെ സന്തോഷസൌകര്യങ്ങളെ സാധിച്ചുകൊടുക്കുന്നതിനും ഭർത്താവു യത്നിക്കണമെന്നു നിങ്ങൾ പറയുന്നു. മനുഷ്യർ ബുദ്ധിഹീനതയാൽ തങ്ങൾ ന്യായയുക്തമായ നിലയിൽ തന്നെ നിൽക്കുകയാണെന്നു വിശ്വസിച്ചുകൊള്ളുന്നു. ശരിയായ മാർഗ്ഗം പരന്മാർക്കു തൃപ്തിയെ ഉണ്ടാക്കുകയാണെന്നു കരുതുന്നു. ആകുന്നതൽ അബദ്ധം. അങ്ങനെ ചെയ്യുന്നതു തങ്ങളെയും അന്യന്മാരെയും അധഃപതിപ്പിക്കുകയായിരിക്കും. എനിക്കു ഏതൊന്നു സുഖമോ അതു നിനക്കും സുഖം എന്നാണു പ്രകൃതിധർമ്മം. അന്യന്മാരുടെ ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടു സുഖം ഉണ്ടാകുന്നതല്ല. അസൂയയും വിഷമതയുമായിരിക്കും ഫലം. ഉഭയകക്ഷിക്കും ദുഃഖംതന്നെ ശേഷിക്കും.

"ഉഭയകക്ഷികൾക്കും യഥാർത്ഥത്തിൽ സുഖമെന്തു്?" ഇതിനെക്കുറിച്ചു് അറിവില്ലാത്തതിനാൽ ഈ ഭീതികളെല്ലാം – ദുഃഖങ്ങളെല്ലാം—ഉദ്ഭൂതമാകുന്നു. ഇരുകൂട്ടർക്കും സുഖംകിട്ടണമെങ്കിൽ, ഇച്ഛേറിയസ്വാതന്ത്ര്യം കുടികൊള്ളുന്ന 'അഹത്തെ മുമ്പോട്ടു ചെലുത്തി സുഹൃത്തുകളുടെ പരമാർത്ഥമായ ആത്മാവിനെ അറിയണം. അത്യന്തശക്തി പത്നിയിൽ ഉണ്ടാകണം. തുലോം അഗാധമായ (ആത്മ)ശക്തി അവിടെ പ്രതിഫലിക്കണം. അന്യോന്യം അറിവിനെ വർദ്ധിപ്പിക്കണം. യഥാർത്ഥമായി സുഖത്തെ നൽകുന്നതേതൊന്നോ, അതിനെ അധികം നൽകണം.അവ അറിവും ആത്മസ്വാതന്ത്ര്യവും മാത്രമാകുന്നു. ഇങ്ങനെ പ്രവർത്തിക്കാൻ കഴിവില്ലാത്ത ഭാര്യയ്ക്കും ഭർത്താവിനും സുഖം അനുഭവിക്കാൻ കഴിയുന്നില്ല.

യേശുക്രിസ്തുവിനെ സ്സംബന്ധിച്ച പരിശുദ്ധഗർഭകഥ * യെക്കുറിച്ചു രാമൻ പറയുന്നതിതാണു്:– "ക്രിസ്തുവിൻെറ മാതാവായ മേരി പരിശുദ്ധയാകുന്നു; പരിപൂർണ്ണഭക്തയാകുന്നു; ഈശ്വരസാക്ഷാൽകാരനിലയിൽ ഏകദേശം എത്തിയ ധന്യയാകുന്നു. സഖേറിയാസ് അല്ലെങ്കിൽ ജോസഫ് എന്ന പുരുഷനും ഏററവും പരിശുദ്ധ ഗുണം തികഞ്ഞ ദിവ്യനാണു്. സർവ്വവും ഈശ്വരമയം എന്നു് അനുഭവപ്പെട്ട മഹാനാണു്. രണ്ടുപേരും യൌവനയുക്തന്മാരും സമാനവയസ്കന്മാരും അത്രേ. മേരി, സർവ്വാംഗവിസ്മൃതിയോടു

* യേശുക്രിസ്തുവിൻെറ മാതാവു കന്യകയായിരിക്കുമ്പോൾ, ഭർത്തൃസംയോഗമെന്നിയേ ഗർഭം ധരിച്ചു ശിശു (ക്രിസ്തു) വിനെ പ്രസവിച്ചു എന്നാണു് ബൈബിൾ പറയുന്നതു്. ഇതിനെപ്പററിയുള്ള സ്വാമികളുടെ സവിശേഷമായ അഭിപ്രായപ്രകടനത്തിൻെറ സ്വാരസ്യം കാണ്മിൻ!

ക്കൂടി ധ്യാനത്തിൽമുഴുകിയിരുന്ന സന്ദർഭത്തിൽ, ജോസഫും അതേ സ്ഥിതിയിലിരുന്നഅവസരത്തിൽ — രണ്ടുപേരും നിഷ്പ്രാസുഖത്തിൽ ലയിച്ചിരുന്ന ഘട്ടത്തിൽ — അതിൽ മുഴുകിക്കിടന്ന സമയത്തു് (എന്നുതന്നെ പറയാം) — മേരി ഗർഭംധരിച്ചു. അനന്തരം അങ്ങനെയൊരു സംഭവം ഉണ്ടായതായി മേരിക്കു് അറിവേ ഇല്ല. രാത്രിയിൽ ശിശുവിനെ ഉണർത്തി, പാലോ മററു ഭക്ഷ്യങ്ങളോ നൽകുന്നു. അടുത്തദിവസം രാവിലെ ആ ശിശുവിനോടു്, "രാത്രിയിൽ എന്തെങ്കിലും ഭക്ഷിച്ചുവോ?" എന്നു ചോദിച്ചാൽ, "ഇല്ല; എനിക്കൊന്നും കിട്ടിയില്ല, അമ്മ എല്ലാം അക്കനെ കൊടുത്തുകളഞ്ഞു" എന്നായിരിക്കും മിക്കവാറും ആ ശിശുവിൽനിന്നും കിട്ടുന്ന മറുപടി. രാത്രിയിൽ ശിശു ഭക്ഷിച്ചതു വാസ്തവമാണു്; കാലത്തു ഓർമ്മയേ ഇല്ല എന്നുള്ളതും സത്യമാകുന്നു. ഉറങ്ങുമ്പോൾ ശിശുവിന്റെ മനസ്സു് ഉണർവ്വോടുകൂടി നില്ക്കുന്നില്ല; മനസ്സു മറെറവിടെയോ പോയ്പോകുന്നു. ആ സമയത്തു നടക്കുന്ന സംഗതികൾ ഓർമ്മയിൽ വയ്ക്കാൻ കഴിയുന്നില്ല. അതുപോലെതന്നെയാണു് പരിശുദ്ധഗർഭത്തെപ്പററിയുള്ള രാമന്റെ അഭിപ്രായവും. സക്കേറിയാസു് അല്ലെങ്കിൽ ജോസഫ് എന്ന ആളിൽനിന്നും മേരി ഗർഭം ധരിച്ചു. ഇരുകക്ഷിയും ഈശ്വരധ്യാനം എന്ന ഉൽകൃഷ്ടനിലയിൽ മുഴുകിക്കിടക്കുമ്പോൾ സംഭവിച്ചു. ഈ ചെറിയ ശരീരത്തെ മറന്നു് ഈശ്വരസത്തയിൽ നിൽക്കുന്ന നിലയാണതു്. ആ നിലയിൽ മേരി ഗർഭവതിയായി പിന്നീടു പുത്രോല്പത്തിയുടെ കാരണം ചോദിച്ചപ്പോൾ പറവാൻ കഴിഞ്ഞില്ല. ക്രിസ്ത്യാനികൾ, ക്രിസ്തു ഈശ്വരാനുഗ്രഹത്താൽ ഉണ്ടായ ശിശുവാണെന്നുപറയുന്നു. എന്നുവച്ചാൽ ദൈവികനിലയിൽ മുഴുകിക്കിടക്കുമ്പോൾ, ഈശ്വരജ്ഞാനത്തിൽ ലയിച്ചുകിടക്കുമ്പോൾ, ഗർഭംധരിച്ചു. അതുകൊണ്ടു ദൈവത്തിന്റെ അനുഗ്രഹത്താൽ ജനിച്ചു എന്നുപറയുന്നു. പ്രകൃതിധർമ്മം ഇന്നത്തെപ്പോലെതന്നെ അന്നും പ്രവർത്തിച്ചിരിക്കണം. എന്നിരുന്നാലും, ക്രിസ്തു ഈശ്വരാനുഗ്രഹം സിദ്ധിച്ച ശിശുവാണെന്നു സമ്മതിക്കണം." ഈവിധത്തിൽ ലോകത്തുസംഭവിക്കണമെന്നാണു രാമൻ പറയുന്നതു്. യേശുക്രിസ്തുമാർ ഉണ്ടാകാം; ഹൃദയങ്ങളെ പവിത്രീകരിക്കുവിൻ! താഴത്തുതള്ളിക്കളയാതിരിക്കുവിൻ! അപ്പോൾ മാത്രമേ, മിൽടനെപ്പോലുള്ള കവികളും ഷേക്സ്പീയരെപ്പോലുള്ള നാടകകർത്താക്കളും ക്രിസ്തുവിനെപ്പോലുള്ള പരിശുദ്ധഹൃദയന്മാരും ഉണ്ടാവുകയുള്ളൂ. പുത്രകളത്രങ്ങളോടുകൂടിയ സങ്കുചിതമായ സ്വാർത്ഥജീവിതത്തെ ത്യജിച്ചു്, ഉൽകൃഷ്ടമായ ജീവിതത്തിൽ വർത്തിക്കുവിൻ! ഈശ്വരനിൽ, ദൈവത്വത്തിൽ, പരിശുദ്ധനിലയിൽ, സമഷ്ടിയിൽ നിങ്ങളെ ഒന്നിച്ചു നിർത്താൻ കഴിവുള്ള ജീവിതത്തെ അം

ഗീകരിക്കുവിൻ! ഈപ്രകാരം സ്ത്രീയും പുരുഷനും ദൈവികചിന്താപൂർണ്ണന്മാരും, അഗാധശക്തിയോടു കൂടിയവരും ശ്രേഷ്ഠമായ ഉണർവ്വുതികഞ്ഞവരുമായി ഭവിച്ചാൽ, അവൎക്കു ജനിക്കുന്ന ശിശുക്കളും യേശുക്രിസ്തുവിനെപ്പോലെ പരിശുദ്ധ ഗുണാഢ്യന്മാരായിരിക്കുന്നതാണു്.

---

## ൧൦. ഓങ്കാരമഹാമന്ത്രമാഹാത്മ്യം.

സ്വൎഗ്ഗസുഖം നിന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്നു. അതു് എങ്ങനെ അറിയാനാണു്? അതിനെ, ചൂണ്ടിക്കാണിക്കാൻ, അതിനെ അനുഭവിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ, ഒരു നല്ലകഥയുണ്ടു്. ഒരുകാലത്തു് ഒരസുരൻ, വേദങ്ങളെ അപഹരിച്ചുകൊണ്ടു്, സമുദ്രത്തിന്റെ അടിയിൽചെന്നു് ഒളിച്ചു എന്നു പറയപ്പെടുന്നു. വേദം എന്നവാക്കിനു രണ്ടർത്ഥമുണ്ടു്. ഒന്നു്, ജ്ഞാനംഅല്ലെങ്കിൽ സ്വർഗ്ഗസുഖം എന്നാണു്. ഹിന്തുക്കളുടെ ദൈവികശാസ്ത്രം എന്നുരണ്ടാമത്തെ അൎത്ഥം. വേദങ്ങളെ കവൎന്നുകൊണ്ടു സമുദ്രത്തിനുള്ളിൽഓടി ഒളിച്ചവന്റെ പേരു് "ശംഖാസുരൻ" എന്നാണു്. ശംഖാസുരൻ എന്ന പദത്തിന്റെ ധാത്വൎത്ഥം, ശംഖത്തിൽ വസിക്കുന്നഅസുരൻ അതായതു ശംഖത്തിൽ വസിക്കുന്ന ജന്തു എന്നാകുന്നു. വേദത്തെ വീണ്ടെടുക്കുന്നതിനായി, ജ്ഞാനനിക്ഷേപത്തെ തിരികെ മേടിക്കുന്നതിനായി, ഈശ്വരൻ മത്സ്യാവതാരത്തെ സ്വീകരിച്ചു; അസുരനോടു യുദ്ധംചെയ്തു; അവനെക്കൊന്നു വേദങ്ങളെ കരയിൽ കൊണ്ടുപോന്നു. ഈ കഥ കുട്ടികൾ വായിച്ചു ശ്രവണാർത്ഥത്തെ ഗ്രഹിക്കുന്നു. സാധാരണജനങ്ങളും ആ അർത്ഥംതന്നെ മനസ്സിലാക്കുന്നു. എന്നാൽ ഈ കഥയ്ക്കു ഗൂഢാർത്ഥം ഒന്നുണ്ടു്. പൊതുവായ ഒരു വാസ്തവത്തെ വെളിപ്പെടുത്താനായി ചമയ്ക്കപ്പെട്ട ഒരു കഥയാണിതു്. ശംഖജന്തുവിൽനിന്നും വേദങ്ങളെ വീണ്ടെടുക്കാനായി ഈശ്വരൻ മത്സ്യാവതാരമെടുത്തു. ഈശ്വരൻ മത്സ്യമായി അവതരിച്ചു്, സമുദ്രത്തിന്റെ അടിയിലുള്ള അസുരനായ ജന്തുവിനോടു യുദ്ധംചെയ്തു് അതിനെ നിഗ്രഹിച്ചു. എന്താണു് ഇതിൽനിന്നുംകിട്ടിയ ഫലം? മത്സ്യം കടലിൽവസിക്കുന്ന ജീവി; ശംഖത്തിലെ ജന്തുവും കടലിൽ വസിക്കുന്നു. ദൈവം മത്സ്യരൂപിയായി കടലിൽ ജീവിക്കുന്ന ശംഖത്തിലെ ജന്തുവിനോടു യുദ്ധംചെയ്തു; അതിനെ ശംഖത്തിൽനിന്നും വിരട്ടിഓടിച്ചു. കടൽത്തിരകൾ ശംഖത്തെ കരയിൽ അടിച്ചുകയററി. അതിനെ മനുഷ്യർ എടുത്തു് ഊതി. ഓം എന്ന ധ്വനി അതിൽനിന്നും മുഴങ്ങിത്തുടങ്ങി. അതുതന്നെ

വേദം. ഈ അർത്ഥത്തിലാണ് ശംഖമാകുന്ന വേദത്തെ (ധ്വനിയെ) സമുദ്രത്തിന്റെ ഉള്ളിൽനിന്നും കരയിൽ കൊണ്ടുവന്നതു്.

ഈ കഥ രചിച്ച ദേഹം, "ഓം" എന്ന വിശിഷ്ടമന്ത്രത്തെ സവിശേഷം വെളിപ്പെടുത്തണമെന്നു് ഉദ്ദേശിച്ചു. ദൈവികശക്തി അന്തർഭവിച്ച ഈ മന്ത്രമാണ് ജ്ഞാനത്തിന്റെ പൂർണ്ണതയെ ഈ ലോകത്തിലെങ്ങും വെളിപ്പെടുത്തണമെന്നാണു കരുതിയതു്. വേദങ്ങളെയും സ്വർഗ്ഗലോകത്തെയും ശംഖത്തിന്റെ ഇടുങ്ങിയ ഉള്ളിൽ അടച്ചുവച്ചു. ഇതത്രേ ഈ കഥയുടെ രഹസ്യം. ദൈവികകർമ്മങ്ങളിലെ പ്രധാന ഘട്ടങ്ങളിലെല്ലാം ഹിന്ദുക്കൾ ശംഖത്തെ ധ്വനിപ്പിക്കുന്നു. ജനനം, മരണം, യുദ്ധം, ഈശ്വരാരാധന ഇത്യാദി സന്ദർഭങ്ങളിലെല്ലാം ഓം എന്ന മന്ത്രത്തെ ജപിക്കുന്നു. ഓം എന്ന ശബ്ദത്തിൽ ലയിച്ചിണങ്ങുന്ന മനുഷ്യന്, എല്ലായ്പോഴും സുഖംതന്നെ അനുഭവിക്കാം. ഉള്ളിൽ അടങ്ങിക്കിടക്കുന്ന ആ നിക്ഷേപത്തെ ലഭിക്കാനുള്ള, അതായതു്, സ്വർഗ്ഗസുഖത്തെ തുറന്നെടുക്കാനുള്ള താക്കോൽ ഇതാണ്.

യൂറോപ്പിലും അമേരിക്കയിലുമുള്ള ജനങ്ങൾ, ബുദ്ധിക്ക് അനുഭവമായെങ്കിലല്ലാതെ ഏതൊന്നിനെയും സ്വീകരിക്കുന്നില്ല. ഈ മന്ത്രത്തിന്റെ മാഹാത്മ്യത്തെ സാമാന്യവാദത്താൽ വെളിപ്പെടുത്താൻ സാധിക്കയില്ല. എന്നാൽ ഈ മന്ത്രത്തെ ശരിക്ക് അനുഷ്ഠിച്ചുവന്നാൽ മനുഷ്യന്റെ ഗുണം ദൃഢീഭൂതമാകുമെന്നുള്ളതു നിരാക്ഷേപമാണ്. ഉള്ളിലുള്ള രഹസ്യങ്ങളെയും വെളിപ്പെടുത്തി, ലോകത്തിൽ ആവശ്യമുള്ളധനങ്ങളെയും വെളിപ്പെടുത്തിത്തരും. കഥപറയുന്നവരുടെ ഉദ്ദേശ്യങ്ങളിലൊന്നിതാണ്; ഹിന്ദുക്കളുടെ ആദ്ധ്യാത്മികഗ്രന്ഥങ്ങളെല്ലാം അവയുടെ രചയിതാക്കൾ ഇപ്പദത്തെ മന്ത്രിച്ചുകൊണ്ടു ധ്യാനനിലയിൽ നിൽക്കുമ്പോൾ, ഉണ്ടായിട്ടുള്ളവയാണെന്നു വെളിപ്പെടുത്തുകയാകുന്നു. സകല ജ്ഞാനങ്ങൾക്കും ബീജം ഇതുതന്നെ. ഇമ്മന്ത്രത്തിന്റെ പ്രാധാന്യത്തെ പല രൂപത്തിലും വെളിപ്പെടുത്തിക്കാണിക്കാം. അങ്ങനെ വെളിപ്പെടുത്തിയാൽ മാത്രമേ ജനങ്ങൾ പൂർണ്ണമനസ്സോടെ സമ്മതിക്കുകയുള്ളു.

ഒന്നാമതായി 'ഓം' എന്നതു് അതിനെ പ്രതിദ്ധ്വനിപ്പിക്കുന്ന ഭാഷയ്ക്കും സ്വന്തമല്ല. ഇതു സംസ്കൃതമാണെന്നും മററു ഭാഷകൾക്ക് ഇതിനോടു സംബന്ധമില്ലെന്നും തള്ളിക്കളയരുതു്. ഇതു ദൈവത്തിന്റെ പേരാണ്. ഈ ശബ്ദം ഉള്ളിൽനിന്നും പുറപ്പെടുന്നു. ഒരുത്തരും ഉപദേശിച്ചതല്ല; ജനനത്തിലേ ഉല്പന്നമാകുന്നു. ശിശുവിന്റെ കരച്ചിൽതന്നെയും ഊം, ഓം, ആം എന്നിവയ്ക്കു തുല്യമാകുന്നു. അവ 'ഓം' എന്നതിന്റെ വികാരധ്വനികളല്ലേ? ഓരോ ശിശുവിനും ഉള്ളിൽനിന്നുംതന്നെ 'ഓം' എന്ന ധ്വനി ഉദ്ഭ്ര

തമാകുന്നു. 'ഓം' എന്ന പദം അ, ഉ, മ് എന്നീ അക്ഷരങ്ങളുടെ സംയോഗമാണല്ലോ. സംസ്കൃതവ്യാകരണവിധിപ്രകാരം, അ, ഉ എന്നീ രണ്ടക്ഷരങ്ങൾ ചേർന്ന് 'ഓ' ആകും. മൂകന്മാർക്കുപോലും അ, ഉ, മ് എന്നീ ശബ്ദങ്ങളെ പുറപ്പെടുവിക്കാൻ കഴിയും. ആയതുകൊണ്ട്, 'ഓം' എന്നതിനെ ഒന്നായിട്ടോ, പ്രത്യേകംപ്രത്യേകമായിട്ടോ ലോകത്തിൽ എല്ലാവരും ശബ്ദിക്കുന്നു. പരസഹായമെന്നിയെ സ്വയമേവ ശബ്ദിക്കുന്നു. ഏതൊരാളിലും നിന്ന് സ്വാഭാവികമായി പുറപ്പെടത്തക്കവണ്ണമുള്ള ശബ്ദമാണിത്. കുട്ടികൾ ആഹ്ലാദിക്കുമ്പോൾ, അവരുടെ ആനന്ദം 'ഓ' എന്ന ദീർഘധ്വനിയിൽ കൂടി വെളിപ്പെടുന്നു. ഇതു 'ഓം' എന്നതിന്റെ സംക്ഷേപമാണ്. ഓരോ ഭാഷയിലും ഈ ധ്വനി വെളിപ്പെടുന്നു. സംസ്കൃതം, പാരസീകം, ഇംഗ്ലീഷ്, ജപ്പാൻഭാഷ മുതലായവയെല്ലാംതന്നെ ഇപ്രകാരമുള്ള ധ്വനിയോടു കൂടിയവയാണ്. 'ഓം' എന്ന ശബ്ദം, ജനങ്ങൾക്കു മറവിസംഭവിക്കുന്ന (അന്ധാളിക്കുന്ന) ഘട്ടങ്ങളിൽ തന്നെത്താൻ പുറപ്പെടുന്നുണ്ട്. ഉത്സാഹം വർദ്ധിക്കുമ്പോൾ, ആനന്ദം അതിരുകവിയുമ്പോൾ, ഈ ധ്വനി സ്വയം പുറപ്പെടുന്നു. ജനങ്ങൾ അസ്വാസ്ഥ്യത്തിനു പാത്രീഭവിക്കുമ്പോഴും, സങ്കടം അനുഭവിക്കുമ്പോഴും ദുസ്സഹമായ ഉപദ്രവം ഏല്ക്കുമ്പോഴും, അധരങ്ങളിൽ കൂടി പുറപ്പെടുന്ന ധ്വനി എന്താണ്? "ഓ, ഓ" അല്ലെങ്കിൽ, "ഉം ഉം" എന്നിവതന്നെ. ഇവ 'ഓം' എന്നതിന്റെ ലോപങ്ങളല്ലേ? ഹീബ്രു, അറബി, ഇംഗ്ലീഷ് ഇത്യാദി ഭാഷകളിലെ പ്രാർത്ഥനകളെല്ലാം 'ആമൻ' എന്നാവസാനിക്കുന്നു. അതു 'ഓം' എന്നതിനോടു തികച്ചും സംബന്ധമുള്ളതാണ്. എല്ലാവരിലും ഈ ധ്വനി എന്തുകൊണ്ടു മുഴങ്ങുന്നു? ശരീരാസ്വാസ്ഥ്യം സംഭവിക്കുമ്പോൾ എല്ലാ ആളുകളുടെയും അധരങ്ങളിൽനിന്ന്, ഏതുസമുദായത്തിന്റെയും അധരോഷ്ഠങ്ങൾക്കിടയിൽക്കൂടി, ഈ ധ്വനി എന്തുകൊണ്ടു പുറപ്പെടുന്നു? ഹിന്ദുക്കൾ അതിനു സമാധാനം പറയുന്നു:- ചുട്ടുവെയിലിൽ നടക്കുന്നവന്, തണുത്തനിഴലെന്നപോലെ രോഗിക്ക്, ഈ ധ്വനി അഭയം നല്കുന്നു. അതുകൊണ്ടാണ് എല്ലാരോഗങ്ങളും സങ്കടം അനുഭവിക്കുന്ന സകല ആളുകളും ഈ സ്വാഭാവികധ്വനിയായ 'ഓം' എന്ന ശബ്ദത്തെ ആശ്രയിക്കുന്നതു്. അല്പം സ്വാസ്ഥ്യം ലഭിക്കുന്നു. എല്ലാ സന്ദർഭങ്ങളിലും അവക്കിതു സ്വാസ്ഥ്യം നല്കുന്നു. ഈ ശബ്ദത്തെ ധ്വനിപ്പിക്കുന്നതിനാൽ രോഗിയും സ്വാസ്ഥ്യനാകുന്നുവെന്നു നമുക്കു മനസ്സിലായി. ആ സ്ഥിതിക്ക് യഥാവിധി ഈ ശബ്ദത്തെ ധ്വനിപ്പിച്ചുവന്നാൽ ശാന്തിയും സമാധാനവും നിന്നിൽ ഉണ്ടാകുമെന്നുള്ളതിനു സംശയമുണ്ടോ? ഇതിനെ പ്രണവം എന്നു പറയുന്നു. പ്രാണങ്ങൾ അല്ലെങ്കിൽ ശ്വാസംവഴി ജീവനെ സംബന്ധിച്ചുള്ള ഏ

തോ ഒന്ന് എന്നു കരുതുന്നു. എല്ലാ പ്രാണികളുടെയും ശ്വാസത്തിൽ ഈ ധ്വനി കലർന്നിരിക്കുന്നു. നീ ശ്വാസത്തെ ബലമായി ശ്വസിച്ചാൽ, ഒരുശബ്ദം വെളിയിൽ മുഴങ്ങുന്നുണ്ട്. അതിന് ഒരു പദം കല്പിക്കണമെങ്കിൽ—നാസികയിൽനിന്നും പുറപ്പെടുന്ന ശബ്ദത്തിന് ഒരുപദം ആവശ്യമാണെങ്കിൽ—അതെന്തായിരിക്കാം? സോഹം (=സ+ഓ+ഹ+മ്) ഇതത്രേ എല്ലാ ശ്വാസങ്ങൾക്കും പൊതുവേയുള്ള ധ്വനി. ഇതിനേ ശ്രദ്ധിക്കുക! സ, ഓ, ഹ, മ് സംസ്കൃതഭാഷയുടെ വ്യാകരണം, ലോകത്തിലുള്ള എല്ലാവ്യാകരണങ്ങളെയും അപേക്ഷിച്ച് ഉൽകൃഷ്ടവും പരിപൂർണ്ണവുമാകുന്നു; സകലധ്വനികളെയും അഖിലപദങ്ങളെയും കൂലങ്കഷമായി പരിശോധിച്ചു വച്ചിരിക്കുന്നതാണ്. മകാരം വ്യഞ്ജനമെന്നു പറയപ്പെടുന്നു. എന്നാൽ അനുനാസികമായ വ്യഞ്ജനം, കേവലമായും പ്രവൎത്തിക്കത്തക്ക സ്വരസമാനമായ വ്യഞ്ജനമാകുന്നു. ഓ, അ ഇവ എല്ലാ വ്യാകരണങ്ങളും സ്വരമാണെന്നുതന്നെ വിധിക്കുന്നു. സ, ഹ ഇവ വെറും വ്യഞ്ജനങ്ങളത്രേ. ഈ വ്യഞ്ജനങ്ങളെ എടുത്തുകളഞ്ഞാൽ, ഓ, അ, മ് ഇത്രയുമാണു നമുക്കു കിട്ടുന്നതു്. അതുതന്നെയാണ് 'ഓം' വ്യഞ്ജനങ്ങളെ തനിയെ ഉച്ചരിക്കാൻ പ്രയാസമാണെന്നുള്ളതു് ഓൎക്കുവിൻ! സ്വരത്തിന്റെ സഹായത്താലല്ലാതെ (കേവല) വ്യഞ്ജനങ്ങൾക്കു ധ്വനിക്കാൻ ശക്തിയില്ല. വ്യഞ്ജനങ്ങൾ ഈ ലോകത്തിൽ നാമരൂപങ്ങളെക്കുറിക്കുന്നു. ലോകത്തിലുള്ള നാമരൂപങ്ങളെല്ലാം വ്യഞ്ജനങ്ങളെപ്പോലെ, തനിയേ പ്രവൎത്തിക്കാൻ ശക്തിയില്ലാത്തവയാണ്. അവയ്ക്കു് ആശ്രയമായിനിൽക്കുന്ന പരമായ പരമാൎത്ഥവസ്തുവിനെക്കൂടാതെ അവ പ്രവൎത്തിക്കുമോ? എല്ലാപ്രവൃത്തികളും നാമരൂപങ്ങളുടെ ചേഷ്ടതന്നെയാണെങ്കിലും അവയ്ക്കു് ആശ്രയമായി നിൽക്കുന്ന സ്ഥിരപ്പൊരുളായ അനശ്വരവസ്തുവില്ലാതെ വിളങ്ങുന്നതല്ല. ഇങ്ങനെ ആശ്രയിച്ചുനിൽക്കുന്ന വസ്തുവത്രേ, സത് ചിത് ആനന്ദ (സച്ചിദാനന്ദ)മായ ബ്രഹ്മം. ഇതിനെ അ, ഉ, മ് എന്ന ധ്വനികളാൽ വെളിപ്പെടുവിക്കുന്നു. ഇപ്രകാരം 'സോഹം' എന്ന പദത്തിലെ, സ, ഹ വ്യഞ്ജനങ്ങൾ പരിവൎത്തനശീലത്തോടുകൂടിയ നാമരൂപങ്ങളെക്കുറിക്കുന്നു. നിസൎഗ്ഗധ്വനിയാകുന്ന 'ഓം'കാരം അവയ്ക്കു് ആശ്രയമായിനിൽക്കുന്ന പരമാൎത്ഥവസ്തുവെക്കുറിക്കുന്നു.

പഞ്ചസാരകൊണ്ടു പലേമാതിരിയിലുള്ള രൂപങ്ങളെ നാം ഉണ്ടാക്കുന്നു; പട്ടികളെ ഉണ്ടാക്കുന്നു; പശുക്കളെ ഉണ്ടാക്കുന്നു; സിംഹത്തെയും മനുഷ്യനെപ്പോലുമുണ്ടാക്കുന്നു. ഈ പ്രതിമകൾക്കുള്ള വ്യത്യാസങ്ങളെല്ലാം രൂപങ്ങളെ സംബന്ധിച്ചവ മാത്രമാണ്, നാമത്തെ സംബന്ധിച്ച വ്യത്യാസമാണ്. എല്ലാം ഒരേവസ്തുവിനാൽ നിൎമ്മിക്കപ്പെട്ടവയല്ലേ? എല്ലാം ഒരേമാതിരി പഞ്ചസാര മാത്രമല്ലേ?

സമുദ്രത്തിൽചെന്നു നോക്കുവിൻ! ഒരിടത്തു തിര, ഒരിടത്തു നുര, വേറൊരിടത്തു ചുഴി, മറെറാരിടത്തു വലിവു്, ഇനിയുമൊരിടത്തു കയററം എന്നുവേണ്ട പലേമാതിരിത്തോററങ്ങൾ നമുക്കുണ്ടാകുന്നു. എന്നാൽ ഇവയെല്ലാം ആധാരമായുള്ള പരമാൎത്ഥമേതാണു്? ഒരൊററസമുദ്രമല്ലാതെ മറെറാന്നുമല്ല. പലരൂപത്തിൽ കാണപ്പെട്ടാലും അവയെല്ലാം ജലം ഒന്നുമാത്രമാണു്. വ്യത്യാസങ്ങളെല്ലാം രൂപത്തിൽ മാത്രമത്രേ. ഇനിയും ഉദാഹരിക്കാം; ഒരു വജ്രത്തെ എടുക്കുക! എത്ര ഉജ്ജ്വലമായ തിളക്കം! എത്ര മനോഹരമായ പ്രകാശം! എത്ര ദൃഢത! ഇരിമ്പുകൊണ്ടുപോലും ലഘുവിൽ മുറിക്കാൻ സാധിക്കുന്നതല്ല. ഒരു കരിക്കട്ടയോ? അതു വളരെ ഘനക്കുറവായിരിക്കുന്നു. കടലാസ്സിൽ വരച്ചു് അടയാളപ്പെടുത്തത്തക്കവണ്ണം അത്രമാർദ്ദവമായിരിക്കുന്നു. പറയത്തക്ക ഉപയോഗമില്ലാത്തതുമാണു്. സാധനശാസ്ത്രപരിചിന്തകന്മാരുടെ അഭിപ്രായപ്രകാരം ഇതു രണ്ടും വാസ്തവത്തിൽ ഒരു വസ്തുതന്നെ. രണ്ടും 'കാർബാൺ' എന്നു പറയപ്പെടുന്ന സാധനമാണു്. രണ്ടും തമ്മിൽ വ്യത്യാസമില്ല, ഒരേസാധനമാണു്. അങ്ങനെയാണെങ്കിൽ വ്യത്യസ്തഭാവമെന്തായിരിക്കാം? രൂപവും സ്ഥിതിയും മാത്രം. അവയിൽ മാത്രമേ വ്യത്യാസമുള്ളൂ. 'കാർബൺ' എന്ന സാധനത്തിൻെറ അണുക്കൾ ഒന്നിൽ ഒരു പ്രകാരത്തിലും മറെറാന്നിൽ മറെറാരുപ്രകാരത്തിലും ഘടിഭൂതമായിരിക്കുന്നു. രൂപവും സ്ഥിതിയും അന്യോന്യവിരുദ്ധങ്ങളായി കാണപ്പെടുന്നു; ഇത്രയേഉള്ളൂ വ്യത്യാസം.

ഇപ്രകാരംതന്നെ ലോകത്തിലുള്ള പ്രത്യേകങ്ങളായ പിരിവുകളെല്ലാംനാമരൂപങ്ങളാൽ ഉണ്ടായിട്ടുള്ളവയാണെന്നു ഹൈന്ദവതത്വം പ്രസ്താവിക്കുന്നു. കടന്നുനോക്കിയാൽ—എല്ലാനാമരൂപങ്ങളിലും അടങ്ങിയിരിക്കുന്ന അവയ്ക്കു് ആധാരമായുള്ള പരമാൎത്ഥവസ്തു യാതൊന്നാണെന്നു കടന്നുനോക്കിയാൽ-എല്ലാററിനും ആശ്രയമായി നിൽക്കുന്ന പരിണാമഭാവമില്ലാത്തതും നിത്യമായതും ചലനമില്ലാത്തതുമായ അദ്വിതീയവസ്തു വിളങ്ങുന്നതുകാണാം. ഈ അദ്വിതീയവസ്തുവിന്നു് ആശ്രയം ആവശ്യമില്ല. ഈ പരമാൎത്ഥവസ്തുവിനെ സ്വരാക്ഷരങ്ങളുടെ ധ്വനിയോടു് ഉപമിക്കാം. നാമരൂപങ്ങളെ വ്യഞ്ജനങ്ങളോടും ആയതിനാൽ സ, ഓ, ഹ, മ് എന്നതിലെ, സ, ഹ ഇവ നാമരൂപങ്ങളെ, മറെറാന്നിൻെറ ആധാരത്തോടുകൂടി നിൽക്കുന്നവയെ, കുറിക്കുന്നു; ഇവയെ തള്ളിക്കളഞ്ഞാൽ സത്യമായതുമാത്രം ശേഷിക്കുന്നു. അ, ഉ, മ് എന്ന അക്ഷരങ്ങൾ അടങ്ങിയതായ 'ഓം" എന്നുള്ളപദത്തിൽ നാം എത്തുന്നു. അപ്രകാരം, നിൻെറ ശ്വാസത്തോടു് ഒന്നിച്ചു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സത്യമാണു് ഓം. അതു ലോകത്തിലുള്ള സകല ജീവനിലും കലൎന്നുനിൽക്കുന്നു. വ്യത്യാസ

ങ്ങളും, പിരിവുകളും, വ്യക്തികളും എന്നിവയ്ക്കു് ആശ്രയമായിനില്ക്കുന്ന ശക്തിക്കു സ്വാഭാവികമായി യോജിക്കുന്ന നാമം ഇതുമാത്രമേയുള്ളൂ. പരമാത്മത്തിന്റെ സ്വതഃസിദ്ധമായ നാമം ഇതുതന്നെ.

സർവ്വകലാശാലാദ്ധ്യാപകനായിരുന്ന (പ്രൊഫസ്സർ) മാക്സ്മുള്ളരും അദ്ദേഹത്തെപ്പോലുള്ള മററാളുകളും, വിചാരങ്ങളും ശബ്ദങ്ങളും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്നു സ്ഥാപിച്ചിരിക്കുന്നു. അന്യോന്യം വേർപെടാത്തവയാണു്. മേശയെ, മേശ എന്ന വിചാരത്തോടുകൂടിയല്ലാതെ നോക്കാൻ കഴിയുമോ? (ഇവിടെ നല്ലവണ്ണം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്) ഉണർവ്വ് എന്ന പദം, മാനസികമായ വിചാരത്തെയും ചേർത്തു കുറിക്കുന്നു. വിചാരവും ശബ്ദവും ഒന്നാണു്. ശബ്ദം അല്ലെങ്കിൽ ധ്വനി ഇല്ലാതെ വിചാരിക്കാൻ കഴിയുന്നില്ല. കേവലം ശിശുവിനു് ഏതൊരു ഭാഷയും ധ്വനിയും പരിചിതങ്ങളല്ല; ശിശുവിനു വിചാരവുമില്ല. ശിശു ഭാഷാജ്ഞാനം സമ്പാദിക്കുവോളം, അതിനു വിചാരിക്കാനും കഴിയുന്നില്ല. മാതാവിൽനിന്നും ശിശു നാമങ്ങളെ കേൾക്കുന്നു. പിന്നീടു നാമങ്ങളാൽ കുറിക്കപ്പെടുന്ന വസ്തുക്കളെ അറിയുന്നു. മാതാവിൽനിന്നും കേൾക്കപ്പെട്ട വാക്കുകളെ കുതിരകളോടും ആ വാക്കുകൾ കുറിക്കുന്ന വസ്തുക്കളെ സവാരിചെയ്യുന്നവനോടും ഉപമിക്കാം. വാക്കാകുന്ന കുതിരയുടെ പുറത്തു് സവാരിചെയ്യുന്നവനാകുന്ന വസ്തു കയറി ശിശുവിന്റെ ഉണർവ്വാകുന്ന സങ്കേതത്തിൽ പായുന്നു (വസ്തു ഗ്രഹിക്കപ്പെടുന്നു എന്നു താല്പര്യം) ഭാഷയില്ലാതെ നമുക്കു വിചാരമില്ല. വിചാരവും ശബ്ദവും ഒന്നാണു്. ലോകവും വിചാരവും ഒന്നാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ നിലയിൽ ശബ്ദവും ലോകവും ബന്ധുക്കളല്ലേ? വിചാരത്തോടുകൂടിയല്ലാതെ ലോകത്തിലുള്ള ഏതൊരുവസ്തുവും വീക്ഷിക്കപ്പെടുന്നില്ല. ഒരു വസ്തുവിനെക്കുറിച്ചുള്ള വിചാരം മനസ്സിൽ കടന്നില്ലെങ്കിൽ അതിനെ കാണാൻ കഴിയുമോ? മനസ്സിൽ പതിഞ്ഞില്ലെങ്കിൽ കാണുക എന്നുള്ളതു കഴിയാത്ത കാര്യമാണു്. ലോകത്തിലുള്ള വസ്തുക്കളെല്ലാം അതതിന്റെപര്യാപ്തമായ വിചാരങ്ങളുടെ പ്രതിബിംബങ്ങളെന്നു പറയാം. ഈ ലോകത്തിൽ ഏതൊന്നും മനസ്സിന്റെ സംബന്ധമില്ലാതെ, വിചാരത്തിന്റെ കലർപ്പില്ലാതെ, അറിയപ്പെടുന്നില്ല. വിചാരവും, ഭാഷ അല്ലെങ്കിൽ ഉച്ചാരണമില്ലാതെ ഉണ്ടാകുന്നില്ല. അതുകൊണ്ടു് ലോകവും ധ്വനിയും ഒരേ വസ്തുവിനു സമാനമാണു്. രണ്ടുവിധം സ്വഭാവങ്ങളാകുന്നു. ഇതു മനസ്സിലാക്കിയാൽ ബൈബിൾവാക്യം സുഗ്രഹമാകും. ആദ്യം ഉണ്ടായിരുന്നതു വാക്കു് (ധ്വനി); വാക്കു ദൈവത്തിലിരുന്നു; വാക്കുതന്നെ ദൈവമായിരുന്നു. ഇപ്പോൾ ദൈവത്തെ ആക്രമാനംകരിക്കുന്നതിനു്, ഒരൊററവാക്കു് അല്ലെങ്കിൽ ധ്വനി നമുക്കു് ആവ

ശ്യമാണു. ജഗദഖിലത്തിനും ആശ്രയമായി നില്ക്കുന്നവസ്തു, മറെറാന്നിൻെറയും ആശ്രയം ആവശ്യമില്ലാതെ നില്ക്കുന്ന വസ്തു, മൂലകാരണവസ്തു അഥവാ അല്ലെങ്കിൽ ശക്തി, ഏതൊന്നോ അതിനെ കുറിക്കാൻ പര്യാപ്തമായ വാക്കുവേണം. ധ്വനി, എല്ലാഭാഷകളിലും ഒരേപ്രകാരത്തിൽതന്നെ. ചിലതു കണ്ഠത്തിൽനിന്നും പുറപ്പെടുന്നു; മററുചിലതു് അധരത്തിൽനിന്നുമുണ്ടാകുന്നു; വേറെ ചിലതു് അണ്ണാക്കിൽനിന്നും വെളിപ്പെടുന്നു. ഏതൊരുഭാഷയിലും ഏതെങ്കിലും ഒരു ധ്വനി കണ്ഠത്തിനു കിഴിൽനിന്നും ഉത്ഭവിക്കുന്നില്ല. ധ്വനി ഉണ്ടാകുന്നതിൻെറ സ്ഥാനങ്ങളിൽ ഒരതിരു കണ്ഠമാണു്. മറെറാരതിരു് അധരങ്ങളുമാകുന്നു. അധരങ്ങളുടെയും വെളിയിൽനിന്നും ഏതൊരുധ്വനിയും ഉണ്ടാകുന്നില്ല. അകാരോകാരമകാരങ്ങളിൽ അകാരം ധ്വനിസ്ഥാനത്തിൻെറ ഒരതിരായ കണ്ഠത്തിൽനിന്നും പുറപ്പെടുന്നു. ഉകാരം മദ്ധ്യത്തു നിന്നും ഉദ്ഭവിക്കുന്നു. അണ്ണാക്കിൻെറ സമീപത്തുനിന്നും ജാതമാകുന്ന മകാരം അധരങ്ങളിൽ നിന്നുമുണ്ടാകുന്ന അനുനാസികമാണു്. ഇതു മററേ അതിത്തിയിൽനിന്നുണ്ടാകുന്നു. 'അ' ആദ്യത്തെ അതിത്തിയിൽനിന്നും പുറപ്പെടുന്ന ധ്വനിയെയും, 'ഉ' മദ്ധ്യത്തിൽനിന്നുമുണ്ടാകുന്ന ധ്വനിയെയും, 'മ' അവസാനത്തെ അതിത്തിയിൽനിന്നും ഉദ്ഭവിക്കുന്നധ്വനിയെയും കുറിച്ചുകൊണ്ടു പൂർത്തിയാകുന്നു. 'ഓം' എന്നതു് സ്വഭാവേന ഉണ്ടാകുന്നധ്വനിയാണു്; സ്വഭാവേന പുറപ്പെടുന്ന വാക്കാണു്. എല്ലാഭാഷയ്ക്കും ലോകത്തിനും പൊതുവായിനില്ക്കുന്നു. അകാരത്തെപ്പോലെ ഏതുധ്വനി വേണമെങ്കിലും കണ്ഠത്തിൽനിന്നും ഉണ്ടാകുന്നതല്ലേ? അപ്രകാരംതന്നെ മററുസ്ഥാനങ്ങളിലുംനിന്നു വേറെ ധ്വനികളും പുറപ്പെടുകയില്ലേ? പിന്നെ എന്തുകൊണ്ടു് ഈ മൂന്നിനെമാത്രം സ്വീകരിക്കണം എന്നൊരു ചോദ്യത്തിനു അവകാശമുണ്ടാവാം. ഈ മൂന്നുധ്വനികളും സ്വഭാവേന ലഘുവിൽ ഉദ്ഭവിക്കത്തക്കവയാണു്; ഏതൊരാളിൽനിന്നും സ്വാഭാവികമായി ഉണ്ടാകാവുന്നവയാണു്. എന്നുമാത്രമല്ല, ഓങ്കാരത്തെപ്പോലെ പൂർണ്ണമായ മറെറാരു ധ്വനി കിട്ടുന്നതുമല്ല. അതു് എല്ലാഭാഷയ്ക്കും പൊതുവായിട്ടുള്ള ധ്വനിയാകുന്നു.

ഹിന്തുക്കളുടെ തത്വങ്ങളെല്ലാം, വേദാന്തം മുഴുവൻ, ഈ ഓംകാരത്തിൻെറ വ്യാഖ്യാനമാണെന്നു പറയാം. സകലവസ്തുക്കളും ജീവികളും സർവ്വവിധമായ സ്ഥിതിത്വവും ഈ ഓങ്കാരധ്വനിയുടെ ലക്ഷ്യത്തിനുള്ളിൽ അടങ്ങും. ധ്വനികൾ വർണ്ണാത്മകമെന്നും ധ്വന്യാത്മകമെന്നും രണ്ടുപ്രകാരത്തിലുണ്ടു്. വർണ്ണാത്മകം എന്ന പദത്തിൻെറ അർത്ഥം, എഴുത്തോടുകൂടിയ ധ്വനി എന്നാണു്. ഇതിൻെറ വിപരീതമാണു ധ്വന്യാത്മകം. സാധാരണയായി ഭാഷകളെ

ല്ലാം വർണ്ണാത്മകശീലത്തോടുകൂടിയവയാകുന്നു. ഉണർവ്വാകുന്ന ഭാഷ ധ്വാനാത്മകശീലത്തോടുകൂടിയതാണ്; അതു വർണ്ണദ്വാരാ വെളിപ്പെടുകയില്ല. വാക്കുകളാൽ രേഖപ്പെടുത്താൻ പ്രയാസമാകുന്നു. ഒരുവൻ ചിരിക്കുന്നു; അതെങ്ങനെ എഴുതാനാണ്? കടലാസ്സലിപിയിൽ അതിനെ അടക്കാൻ സാധിക്കുമോ? കരച്ചിലും ഇതുപോലെതന്നെ. ഇവ ധ്വാനാത്മകശീലത്തോടുകൂടിയവയാണ്. ഈ ധ്വാനാത്മകപ്രവൃത്തികൾക്കും, ധ്വനികൾക്കുംപോലും അർത്ഥമുണ്ട്. എന്നാൽ അവ എഴുത്തുകൾക്കു വെളിപ്പെടുത്താൻ കഴിയുകയില്ല. വിദേശീയനായ ഒരുവൻ നമ്മുടെ നാട്ടിൽ വന്നാൽ, നമ്മുടെ ഭാഷ അവന് അറിഞ്ഞുകൂടായിരിക്കും. അവന് എന്തെങ്കിലും വാങ്ങണമെങ്കിൽ എന്തുചെയ്യാനാണ്? വിശന്നു നിൽക്കുന്നു എന്നു വിചാരിക്കുക; അവൻ എന്തുചെയ്യും? വല്ല ശബ്ദവും പുറപ്പെടുവിച്ചു നിന്നെ അറിയിച്ചാൽ നിനക്കു മനസ്സിലാകും. ഈ ഉണർവ്വാകുന്ന ഭാഷ, എല്ലാ സ്ഥലങ്ങൾക്കും പൊതുവേയുള്ളതാണ്. വർണ്ണാത്മകം ഇപ്രകാരം പൊതുവായിട്ടുള്ളതല്ല. സ്വഭാവേനയുള്ള ഭാഷ എവിടെയും അറിയപ്പെടുന്നു. ചിരിയുണ്ടായാൽ ഉള്ളിൽ സന്തോഷം കുടികൊള്ളുന്നു എന്നറിയുന്നു. സംഗീതം ഏതൊരാളിനും മാധുര്യമാണെന്ന് അറിവാൻ കഴിയും. അതിന് ഐകരൂപ്യമുണ്ട്. സംഗീതം വിചാരത്തെ വെളിപ്പെടുത്തുന്ന ഭാഷയ്ക്കു തുല്യമത്രേ. അതിൽ ആകർഷിക്കാനുള്ള ശക്തി അടങ്ങിയിട്ടുണ്ട്. അപ്രകാരം ഓങ്കാരധ്വനിയിലും, അതിനെ ഉച്ചരിക്കുന്നവർക്കു മനഃസ്ഥൈര്യത്തെ നൽകി ധ്യാനദാർഢ്യത്തിനു വഴി തെളിക്കാനുള്ള ശക്തി അന്തർഭവിച്ചിരിക്കുന്നു.

---

# സ്വാമി രാമതീൎത്ഥൻ.

## പുസ്തകം മൂന്നു്.

---

### പ്രസംഗങ്ങൾ.

### രണ്ടാംഭാഗം.

---

കഴിഞ്ഞ പ്രസംഗങ്ങൾ സ്വാമികളുടെ അദ്വൈതതത്വപരമായ അഭിപ്രായങ്ങളെ സവിശേഷം വെളിപ്പെടുത്തുന്നു. എല്ലായ്പോഴും ആത്മാവിനെ അറിഞ്ഞു്, ജഗത്സമഷ്ടിയെ ദൈവമായി ബോധിച്ചു്, അപ്രകാരമുള്ള ഉൽകൃഷ്ടനിലയിൽ വൎത്തിക്കുകയാണു്, മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യമെന്നുള്ള സ്വാമികളുടെ വിജ്ഞേയമായ അഭിപ്രായത്തെ ആ പ്രസംഗങ്ങളിൽനിന്നും നാം മനസ്സിലാക്കി. ലൌകികബന്ധത്തെ വേർപെടുത്തേണ്ട ആവശ്യമില്ലെന്നും എന്നാൽ ആ ബന്ധത്തിനു കേവലം അടിമപ്പെടരുതെന്നും—അതായതു്, ലൌകികകാൎയ്യങ്ങളിൽ ചേരാതെ ചേൎന്നു നില്ക്കണമെന്നും—സ്വാമികൾ അനുശാസിക്കുന്നു. കുടുംബജീവിതത്തെ വെടിയുന്നതു യഥാൎത്ഥമായ ത്യാഗമല്ലെന്നും പുത്രകളത്രസമ്പത്തുകളുമായുള്ള ശാരീരികമായ ബന്ധത്തെ അകററി ആത്മീയമായ ബന്ധത്തെ ദൃഢവൽക്കരിക്കുകയാണു്, യഥാൎത്ഥമായ ത്യാഗമെന്നും ഉദ്ബോധനം ചെയ്യുന്നു. ലൌകികവസ്തുക്കളിൽ ചെലുത്തുന്ന ആസക്തിയെ അനുക്രമമായി അകററിയകററി പരമാൎത്ഥവസ്തുവിൽ കൊണ്ടുചെന്നു ഘടിപ്പിക്കുന്നതായാൽ, അവസാനത്തിൽ സൎവ്വജഗത്തിനും നാരായവേരായി നില്ക്കുന്ന ആ ശക്തിയത്രേ നാം എന്നുണൎന്നു്, ജഗദഖിലം തന്നിൽ തോന്നിക്കുന്ന സൃഷ്ടിയെന്നു ബോധിക്കാൻകഴിയുമെന്നാണു സ്വാമികൾ പഠിപ്പിക്കുന്നതു്. അതുതന്നെ വേദാന്തം എന്നു് ആ മഹാൻ പ്രഖ്യാപനം ചെയ്യുന്നു. സ്വാമികൾ സഭാൎയ്യനായിരുന്നു എന്നാണു് അറിവു്. എന്നാൽ ദാമ്പത്യജീവിതത്തിൽ ആ മഹാപുരുഷൻ, അടിഞ്ഞുകിടന്നിരുന്നില്ലെന്നുള്ളതു പ്രസ്താവനീയമാണു്. തന്റെ ദിവ്യപ്രഭാവത്താൽ സ്വധൎമ്മപത്നിയെയും ഉൽകൃഷ്ടവും പാവനവുമായ അദ്വൈതനിലയിൽ ഉയൎത്തി ശുദ്ധാന്തഃകരണയാക്കിയതിനുശേഷം യഥാൎത്ഥമായ ജീവിതാനന്ദത്തെ അനുഭവിക്കുകയാണു ചെയ്തതു്. ഏതാദൃശ

മഹാത്മാവിന്റെ മഹാപത്നിപദത്തെ ലഭിക്കാൻ മഹാഭാഗ്യമുണ്ടായ ആ പുണ്യവതി ഈശ്വരൻ തന്റെ ഭർത്താവുതന്നെയാണെന്നും ആ ഭർത്താവു താൻതന്നെയാണെന്നും ദൃഢമായി വിശ്വസിച്ചിരുന്നപ്പോൾ! അതിന്റെ ഫലമായി ലൗകികസുഖം അല്പവും അനിത്യവുമാണെന്നു ബോധിച്ചു. അതിൽ കേവലം വിരക്തയായി ഭവിച്ചു. അങ്ങനെ പാത്രത്തിൽനിന്നും കൊളുത്തിയ ദീപം കണക്കെ തന്റെ ശരിപ്പകുപ്പായിരുന്ന സഹധർമ്മചാരിണിയുമായുള്ള സ്വാമികളുടെ ദാമ്പത്യജീവിതം എത്ര പരമാനന്ദവും പരമോൽകൃഷ്ടവുമായിരുന്നിരിക്കണം! ഏവരും ആ വിധത്തിൽ ജീവിക്കണമെന്നു സ്വാമികൾ ഉദ്ബോധിപ്പിക്കുകയും, യേശുക്രിസ്തുവിന്റെ മാതാപിതാക്കന്മാരെ അതിലേക്കു ഉദാഹരിക്കുകയും ചെയ്തു. അപ്രകാരം ആ വന്ദ്യദമ്പതികളെ ഉദാഹരിച്ചതു് സ്വാനുഭവത്തെ ആസ്പദീകരിച്ചാണെന്നുള്ള പരമാർത്ഥം നാം വിസ്മരിച്ചുകൂടാത്തതാണു്. ആ പൂജനീയദമ്പതികൾക്കു തങ്ങൾ അറിയാതെയെങ്കിലും സന്താനമുണ്ടായി. സ്വാമികൾക്കു് അതുപോലുമില്ല. ഇങ്ങനെ പറഞ്ഞതുകൊണ്ടു്, സ്വാമികളുടെ ദാമ്പത്യജീവിതത്തെ, യേശുക്രിസ്തുവിന്റെ മാതാപിതാക്കന്മാരുടേതിൽനിന്നും പ്രശംസിക്കുന്നു എന്നർത്ഥമാകുന്നതാ. ആ പൂജ്യദമ്പതികളുടെ പവിത്രതയിൽ കരിതേക്കാൻ അസ്മാദൃശന്മാർ ധൈര്യപ്പെടുന്നതല്ല. സനാതനമതത്തിന്റെ ഉൽകൃഷ്ടതരമായ ബ്രഹ്മചര്യത്തെയും സ്വാമികൾ ശരിക്കു് അനുഷ്ഠിച്ചു എന്നുള്ളതിനെ ചൂണ്ടിക്കാണിച്ചതാണു്.

സ്വാമികളുടെ ദേശഭക്തിപരമായ പ്രസംഗങ്ങളെ ഈ മൂന്നാംപുസ്തകത്തിൽ ക്രോഢീകരിക്കുന്നു. ആധ്യാത്മികതത്വം ദേശഭക്തിയിൽ കലർത്തിയിരിക്കുന്നവിധം, അവയിൽനിന്നും ഗ്രഹിക്കാൻ കഴിയുന്നതാണു്. അതിനാൽ, അവയും ജ്ഞാനഭണ്ഡാഗാരങ്ങളാണെന്നു മാത്രം പറഞ്ഞുകൊണ്ടു്, കഴിയുന്നതും സ്വാമികളുടെ വാക്കുകളിൽതന്നെ ആ പ്രസംഗങ്ങളെ ചുവടേ ഉദ്ധരിക്കുന്നു.

---

## ൧. ദേശഭക്തി.

### I

(അമേരിക്കയിൽവച്ചു ചെയ്ത പ്രസംഗം)

അസ്തമിക്കാൻ പോകുന്ന അല്ലയോ ആദിത്യ! നീ ഇന്ത്യയിൽ ഉദയം ചെയ്വാൻ പോകുന്നു. ആ പ്രശസ്തമായ ഭൂഖണ്ഡത്തിനു രാമന്റെ സന്ദേശത്തെ അറിയിക്കുമോ? പ്രേമാധിക്യത്താൽ രാമന്റെ നയനങ്ങളിൽ നിന്നും പൊഴിയുന്ന ബാഷ്പബിന്ദുക്കൾ, പ്രഭാതത്തിൽ ഇന്ത്യയിൽ വർഷിക്കുന്ന ഹിമകണങ്ങളായി ഭവിക്കട്ടെ!

ശൈവൻ ശിവനെയും വൈഷ്ണവൻ വിഷ്ണുവിനെയും ക്രിസ്ത്യാനി ക്രിസ്തുവിനെയും മഹമ്മദീയൻ നബിയെയും, ഹൃദയാന്തർഭാഗത്തുനിന്നു അങ്കുരിക്കുന്ന പ്രേമപ്രവാഹത്തിൽമുഴുകി വണങ്ങുന്നതുപോലെ, ശൈവരിലും വൈഷ്ണവരിലും ക്രിസ്തീയരിലും മഹമ്മദീയരിലും പാരസീകരിലും ആസ്തികന്മാരിലും നാസ്തികന്മാരിലും എന്നല്ല ഭാരതസന്താനങ്ങളായ സകലജാതിമതസ്ഥന്മാരിലും സമദൃഷ്ടിചെലുത്തി ഇതാ, ഭാരതമാതാവിനെ രാമൻ പ്രണമിക്കുന്നു! അല്ലയോ! ഭാരതദേവി! അവിടുത്തെ സവ്വരൂപത്തെയും ആമോദിച്ചുകൊണ്ടു രാമൻ ഇതാ നമസ്കരിക്കുന്നു! അല്ലയോഗംഗാദേവി! ഹേകാളി! രാമന്റെ ഇഷ്ടദൈവതമേ! സാളഗ്രാമമേ! രാമൻഇതാവണങ്ങുന്നു! വണങ്ങേണ്ട രീതിയെപ്പററി പറയുന്നിടത്തു്, ഭാരതവഷത്തിന്റെ മണ്ണുതിന്നുന്നതിനുതന്നെയുംസന്നദ്ധനായ ദൈവം — കൃഷ്ണൻ — ഉദ്ബോധിപ്പിക്കുന്നതു "ലക്ഷ്യത്തിൽ ഊന്നാത്ത നിലയിൽ മനസ്സിനെ ചെലുത്തിയവരുടെ മാർഗ്ഗം കക്ലേശമാകുന്നു; എന്തുകൊണ്ടെന്നാൽ ആ നിലയിലേക്കുള്ള മാർഗ്ഗത്തിൽ കടക്കാൻ ശരീരികൾക്കു പ്രയാസമാണു്" എന്നാകുന്നു. വാസ്തവം; അതേ, വളരെ വാസ്തവം. ആനന്ദദായകനായ കൃഷ്ണ! രാമൻ വണങ്ങുന്നതു്, ഏതൊരു മൂത്തിയെ എന്നാൽ, "ഒതിച്ചു ക്ഷീണിച്ച കാളയും പഴക്കംചെന്ന കുഠാരവും ചാരം, സപ്പം, കപാലം ഇവയും" ഏതൊരു ദേവന്റെ സമ്പത്തെന്നു പറയപ്പെടുന്നുവോ, ആ ദേവനെത്തന്നെയായിരിക്കട്ടെ! അവനെ മഹാദേവനെന്നും വിളിക്കുന്നു. ഇല്ലില്ല, ജീവനോടു ചേന്നിരിക്കുന്ന നാരായണനാണു്; വിശപ്പോടുകൂടി അലഞ്ഞുതിരിയുന്ന സാധുവായ ഇന്ത്യനാണു്; ഹിന്ദു ന്നെയാണു്. ഇതുതന്നെയാണു് രാമന്റെ മതം. ഇന്ത്യയിൽ വസിക്കുന്നവക്കു ധാർമ്മികമായ പൊതുമാർഗ്ഗം ഇതുതന്നെയായിരിക്കണം. ഇതത്രേ അനുഭൂതവേദാന്തം. ഇതാണു ദൈവഭക്തി. പുറമേ മാത്രം ശരിയെന്നു സമ്മതിക്കുവാനും വളരെവളരെ ആദർശങ്ങളെ പ്രസംഗിക്കുവാനും പാടില്ല. ഇപ്രകാരമുള്ള ദേശഭക്തി, ഉയരെററന്നവണ്ണം പെരുകിപ്പുരക്കുന്നതിനു ഭാരതമാതാവിന്റെ ഓരോ സന്താനവും സഹായിക്കട്ടെ!

ഒരു ശിശുവിനു ബാലനാകുന്നതിനുമുമ്പു യുവാവാകാൻ സാധിക്കയില്ല. താൻ, സ്വദേശജനസമൂഹത്തോടു് അഭേദ്യനായി നിൽക്കുന്നവനാണെന്നുള്ള ഉണവ് ഓരോ രക്തത്തുള്ളിയിലും കലന്നാലല്ലാതെ, താൻ സമഷ്ടിയോടു്. ദൈവത്തോടു്, ഐക്യപ്പെട്ടവൻ എന്നു ബോധിക്കാൻ, ഒരുവനു കഴിയുന്നില്ല. ഓരോ ഭാരതീയനും ദേശഭക്തിയിൽ മുമ്പോട്ടു കയറിനിൽക്കട്ടെ! ഭാരതഖണ്ഡം മുഴുവനും ഓരോരുത്തനിലും വിളങ്ങുന്നു എന്നുള്ള ബോധം എല്ലാവരിലും ദൃഢമൂലമാകട്ടെ! ഇന്ത്യയി

ലെ. ഓരോ പട്ടണവും നദിയും മലയും മൃഗങ്ങളും ദൈവങ്ങളായി കരുതപ്പെടുന്നു. ഇപ്പോൾ മാതൃഭൂമി മുഴുവനും ദൈവമായി പോററപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഓരോ അംശവും അഖിലഭൂമിയോടുമുള്ള ഭക്തിയെ നമ്മളിൽ അങ്കുരിപ്പിക്കട്ടെ. ദുർഗ്ഗാദേവി തുടങ്ങിയുള്ള വിഗ്രഹങ്ങളിൽ പ്രാണാരോപണം ചെയ്യുന്നു. അതായതു് മാംസവും രക്തവും ചേർന്ന ദേഹത്തെ കല്പിക്കുന്നു. അങ്ങനെയാണെങ്കിൽ, വിഗ്രഹത്തെക്കാൾ വാസ്തവാധീനഭർഗ്ഗയായ ഭാരതാംബയുടെ നിഗ്രഢമഹത്വത്തെ വെളിപ്പെടുത്തി ശക്തിയും ജീവനും കല്പിക്കുകയല്ലേ ശ്ലാഘനീയം? നമ്മുടെ ഹൃദയങ്ങളെ ഉന്നിക്കാം; ബുദ്ധിയും കരങ്ങളും തനിയെ ഉണ്ടായിക്കൊള്ളും. ഭുവനസംരക്ഷണനിരതനായ കൃഷ്ണൻ പറയുന്നു:—"മനുഷ്യൻ, തന്റെ ശ്രദ്ധ പ്രവർത്തിക്കുന്നിടത്തു വസിക്കുന്നു; ഏതൊന്ന് ഒരുവന്റെ ഭക്തിയെ ആകർഷിക്കുന്നുവോ, അതുതന്നെ അവനാകുന്നു; അവൻ അതാകുന്നു" പ്രിയപ്പെട്ട വൈദികന്മാരായ ഭാരതീയരേ! ശാസ്ത്രങ്ങളെ ശരിക്ക് അനുഷ്ഠിക്കുവിൻ! രാഷ്ട്രീയധർമ്മം നിങ്ങളോടു ചോദിക്കുന്നു:—ജാതി ഇത്ര വിലക്ഷണമാക്കാൻപാടില്ലെന്നും രാഷ്ട്രീയഉണർവിന്റെ അടുത്ത പടിയായിട്ടു മാത്രമേ പ്രസ്തുത ശാഖകളെ കരുതാൻ പാടുള്ളു എന്നും ആവശ്യപ്പെടുന്നു. നോക്കുക! "അഭയം ദേഹി"കളായിവന്നുകയറിയവരെഎല്ലാം ഉദാരഹസ്തത്തോടെസ്വീകരിച്ചു—പല രാജ്യങ്ങളിൽനിന്നുംവന്ന പല ജാതികൾക്കും അഭയസ്ഥാനം നൽകി രക്ഷിച്ചു—ഭാരതമാതാവാകട്ടെ, ഇതാ സ്വന്തം സന്താനങ്ങൾക്കു ഭക്ഷണം കൊടുക്കാൻ ശക്തയല്ലാതെ ഭവിച്ചിരിക്കുന്നു! ഓരോരുത്തനും അവനവന്റെ തക്കനിലയിൽ ഉയരാനുള്ള സ്വാതന്ത്ര്യം കൊടുക്കേണ്ടതാണ്. തല എത്രത്തോളം ഉയരണമോ, അത്രത്തോളം ഉയർത്താം; കാലുകൾ എപ്പോഴും ഭൂമിയിൽത്തന്നെ നിർത്തണം. അന്യന്മാരുടെ തോളിൽ വയ്ക്കാൻ പാടില്ല. അവർ (കാൽ ചുമക്കേണ്ടി വരുന്നവർ) ബലഹീനന്മാരെന്നുവന്നേക്കാം; ഒരുപക്ഷേ, നിങ്ങളുടെ കാൽ ചുമക്കാൻ ആഗ്രഹമുള്ളവരായിരുന്നേക്കാം. എന്നാൽ നിങ്ങൾ അങ്ങനെ ചെയ്യുന്നതു ഉചിതമല്ല.

പരിഷ്കാരപ്രവർത്തകന്മാർ എന്നു പേരെടുക്കാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരേ! ഇന്ത്യയുടെ പുരാതനാദർശങ്ങളെയും ആത്മസംസ്കാരക്രമങ്ങളെയും പുച്ഛിച്ചു തള്ളിക്കളയരുതേ! ഒരു പുതിയ 'വെറുപ്പും'കൊണ്ടുവന്ന് ഇന്ത്യരെ ഇണക്കാൻ സാധിക്കുന്നതല്ല. ഇന്ത്യയുടെ സാമ്പത്തികമായ അധഃപതനത്തിനു കാരണം, അതിനുണ്ടായിരുന്ന മതപഠനവും ആത്മീയപരിശീലനവുമല്ല. മുള്ളുവേലികളും അടച്ചുകെട്ടുകളും പൊയ്പോയതുകൊണ്ടാണു വിളവു മോഷ്ടിക്കപ്പെട്ടതു്. അവയെ പരിഹരിക്കുവിൻ! പരിഷ്കാരമെന്നും അഭിവൃ

ഡിയെന്നും മററുംപറഞ്ഞു്, മദ്ധ്യത്തിലുള്ള വൃക്ഷവിശേഷങ്ങളെയും റോസാച്ചെടികളെയും മണ്ടത്തരമായി നശിപ്പിക്കായ്കിൻ! കാത്തുരക്ഷിച്ചുവന്ന അല്ലയോ മുള്ളുകളേ! ഹേ വേലികളേ! നിങ്ങളത്രേ ഇന്നു് ഇന്ത്യയ്ക്കു് അപേക്ഷണീയങ്ങൾ. ക്ഷുദ്രക്കായിട്ടുള്ള തൊഴിലിന്റെ മഹത്വത്തെപ്പററി ഞാൻ ഗാനംചെയ്യുമ്പോൾ, രജസ്സത്വഗുണങ്ങൾക്കു മേലായി തമോഗുണത്തെ ഉയർത്തുന്നുവെന്നു ധരിക്കണ്ടാ. ഇന്ത്യയിൽ തമസ്സിനെ അഭിലഷിച്ചാൽമാത്രംമതി; തമസ്സിനെക്കൊണ്ടു്, അതൃപ്തിയോടുകൂടി എതിർത്തെതിർത്തു് ആ ഗുണത്തെ അമിതമായി വളർത്തിക്കളഞ്ഞു. നമുക്കു് ഇപ്പോൾ തമസ്സിനെ ഉപയോഗിക്കേണ്ടരീതി മനസ്സിലാക്കാം. ആവിധത്തിൽ അതിനെ ഉൽക്കർഷമാക്കിച്ചെയ്യാം. നിന്ദ്യമാണെന്നു കരുതി നാൽക്കാലികളെ ഉപയോഗിക്കാതെ അകലെത്തള്ളിയാൽ, നിലങ്ങൾ എങ്ങനെ അഭിവൃദ്ധിപ്പെടും? തമസ്സാകുന്ന കരിയിട്ടു്, രജസ്സാകുന്ന അഗ്നിയെയും ധൂമത്തെയും പടർത്തി, സത്വമാകുന്ന ജ്യോതിസ്സിനെ പ്രകാശിപ്പിക്കാം. തമസ്സു് എത്രകണ്ടു് ഉൽകൃഷ്ടഗുണത്തോടു പ്രകാശിക്കുന്നുവോ അത്രകണ്ടു രജസ്സാകുന്ന അഗ്നിക്കു ഘനവും ശക്തിയുമുണ്ടായി സത്വമാകുന്ന ജ്യോതിസ്സിന്റെ പ്രകാശം അധികപ്പെടും. രാഷ്ട്രീയക്ഷോഭമുള്ള നാട്ടിൽ ഇപ്രകാരം സംഭവിക്കും. ആധുനികമനസ്സത്വശാസ്ത്രങ്ങളും അവസാനത്തിൽ ഇങ്ങനെ സമ്മതിക്കുന്നുണ്ടു്. വീരത്വപ്രധാനമായ ശക്തിക്കും, ഗുണമെന്ന ബലത്തിനും ബുദ്ധിക്കൂർമ്മതയും സന്മാർഗ്ഗനിലയും മാത്രംപോരാ; മനുഷ്യനിൽ തമോഗുണശക്തികളാകുന്ന ദേഹബലങ്ങളും അവയ്ക്കു് ആധാരമായി നില്ക്കണം

നാം ഹിന്ദുദേശചരിത്രത്തിലെ ഒരു കഷ്ടകാലദശയിൽ ജനിച്ചിരിക്കയാണോ? നമുക്കു സന്തോഷപ്പെടാം. എന്തുകൊണ്ടെന്നാൽ, സേവനത്തിനു ധാരാളം സന്ദർഭം സിദ്ധിച്ചിരിക്കുന്നു. നമുക്കായിട്ടുള്ള ജോലി, പ്രശസ്തവും വിചിത്രതമവും ഉത്സാഹജനകവും ആണു്. നല്ലവണ്ണം ഉറങ്ങിയവർ ഉണർന്നതിനുശേഷം ശക്തന്മാരായി ഭവിക്കുന്നു. ഭാരതം ദീർഘകാലം ഉറങ്ങിക്കിടന്നു. അതുകൊണ്ടു്, ഉണരുമ്പോൾ ദൃഢശക്തിയോടുകൂടി കാണപ്പെടും. ഹിന്ദുക്കൾ ഏതൊന്നിനേയും കുററപ്പെടുത്തുമാറു തള്ളിക്കയറരുതു്. ശ്ലാഘ്യാംശങ്ങളെ നോക്കിക്കൊണ്ടു്, മാനിക്കത്തക്കവണ്ണം ചെയ്യുകയും സാഹോദര്യമായ ഉണർവിനെ ഉദ്ദീപ്തമാക്കുകയും ഐകമത്യത്തെ വർദ്ധിപ്പിക്കുകയും നാനാവിധജോലികൾക്കു് പര്യാപ്തമായ പരിപാടി നിശ്ചയിക്കുകയും തൊഴിലിനെ അഭിവൃദ്ധിപ്പെടുത്തുകയും മററുമാണു നാം ചെയ്യേണ്ടതായിട്ടുള്ളതു്. മതസംബന്ധമായ വഴക്കുനിമിത്തം നമ്മുടെ രാജ്യത്തിലെ എത്ര മഹത്തായ ശക്തികൾ നിഷ്ഫ

ലങ്ങളാകുന്നു എന്നോൎക്കുക! നാം ചെയ്യേണ്ടതെന്തു? ഐകമത്യത്തിനുള്ള മാൎഗ്ഗങ്ങളെക്കണ്ടുപിടിച്ച്, അവയെ മനസ്സിൽ ഉറപ്പിച്ചു പ്രവൎത്തിക്കുകയാണ്. ചിലൎക്ക് ആൎയ്യസമാജം സഹായിച്ചേക്കാം. സനാതനധൎമ്മം അവൎക്കു ഫലത്തെ ചെയ്യാതിരുന്നേക്കാം. ചിലൎക്കു ബ്രഹ്മസമാജം മാത്രം സത്യമാണെന്നു തോന്നാം. വൈഷ്ണവാദികളുടെ നിലയും അതുതന്നെ. രാമന്റെമതം നൽകുന്ന ഫലത്തെയും ആനന്ദത്തെയും അന്യന്മാർ വകവച്ചില്ലെങ്കിൽ, രാമൻ അവരെ എന്തിനു പഴിക്കണം? അവരും വരട്ടെ; തങ്ങുന്നെങ്കിൽ തങ്ങട്ടെ, അല്ലെങ്കിൽ പോകട്ടെ! വിഷയങ്ങളെ അതതിന്റെഗതി അനുസരിച്ചു വിട്ടേയ്ക്കണം; അത്രതന്നെ. രാമനാകട്ടെ, നീയാകട്ടെ അഭിമാനത്തെ ഒന്നോടെ സ്വന്തമാക്കുന്നതെന്തിന്? രാമന്റെ മുഖ്യമായ സേവനം മാത്രമാണ്; സകല ആളുകളെയും സേവിക്കുകതന്നെ. സ്നേഹിക്കുന്നവരെയും സേവിക്കുക, ദ്വേഷിക്കുന്നവരെയും സേവിക്കുക. മാതാവ് ഏതുകുട്ടിയെ അധികം സ്നേഹിക്കുന്നു? ദുൎബ്ബലവും രോഗബാധിതവുമായികാണപ്പെടുന്നതേതോ അതിനെ മാത്രമാണ്. നിന്റെ അഭിപ്രായത്തെ സമ്മതിക്കാത്തവരെല്ലാം തെററായ ആദൎശത്തോടുകൂടിയവരാണോ? എന്നാൽത്തന്നെയും അവരും രാജ്യത്തിനുവേണ്ടിയവരാണ്. വലതുകാൽകൊണ്ടുമാത്രം നടക്കാൻ കഴിയുമോ? യഥാൎത്ഥവിദ്യാഭ്യാസത്തിന്റെ അൎത്ഥമെന്തു? വിഷയങ്ങളെ ഈശ്വരദൃഷ്ടികൊണ്ടു നോക്കാൻ പരിശീലിക്കുക എന്നാണ്.

"സമഭാവനനായ ദൈവമേ! എന്റെ ദുൎഗ്ഗുണത്തെ നോക്കരുതേ! നീ വിചാരിച്ചാൽ, നൊടിക്കിടയിൽ എന്നെ പരിശുദ്ധനാക്കാൻശക്തനല്ലേ? യമുനാനദിയിൽ ഒരുതുള്ളി വെള്ളംകിടക്കുന്നു; മറെറാരുതുള്ളി വഴിച്ചാലിൽ സംബന്ധിച്ചിരിക്കുന്നു; രണ്ടും ഗംഗാനദിയിൽചേരുമ്പോൾ ഏകമായ പരിശുദ്ധതയെ പ്രാപിക്കുന്നു."

നമ്മുടെ സ്വന്തം ധൎമ്മത്തെ, സങ്കുചിതസ്ഥലത്തെസ്സംബന്ധിച്ച ധൎമ്മത്തെ അപേക്ഷിച്ചു രാഷ്ട്രീയധൎമ്മത്തെ ഉപരിയായി പാലിക്കണം. ഓരോന്നിനെയും ശരിയായ അളവിൽ നിൎത്തിയാൽമാത്രമേ സുഖമുള്ളു. രാജ്യക്കാർ അല്ലെങ്കിൽ രാജ്യസമഷ്ടി, സുഖത്തെ പ്രാപിക്കാനുള്ള മാൎഗ്ഗങ്ങളെ പരിപുഷ്ടമാക്കിയാൽ ദൈവശക്തികളെ സേവിക്കുന്നവരായിഭവിക്കുന്നു. ഇപ്രകാരമുള്ള യാഗത്തെ ഇന്ദ്രൻ എന്ന ദേവതയ്ക്കു നൽകണം. ഇക്കാലത്തു ഗീതപ്രോക്തം ഇത്തരം യാഗത്തിനേ ഉപയോഗപ്പെടുകയുള്ളു. "യാഗാവശിഷ്ടത്തെഭുജിക്കുന്ന പുണ്യപുരുഷന്മാർ പാപങ്ങളിൽനിന്നും വിമുക്തന്മാരായിഭവിക്കുന്നു. ഭക്തിയില്ലാതെ തനിക്കായിട്ടുമാത്രം ഭക്ഷണസാധനങ്ങളെ പാകം ചെയ്യുന്നവർ പാപത്തെ ഭുജിക്കുന്നവരാ

യിത്തീരുന്നു. ദൈവത്തെ പ്രാപിക്കണമെങ്കിൽ സന്ന്യാസശക്തി ലഭിക്കണം; എന്നുവച്ചാൽ സ്വാർത്ഥം നിശ്ശേഷം വിട്ടൊഴിയണം. ഈ ചെറിയ ജീവനെ ഭാരതമാതാവിൻെറ വലിയ ആത്മാവിനോട് സമ്യക്കായി ഏകീകരിക്കണം. ദൈവത്തെ അഥവാ ആനന്ദത്തെ അനുഭവിക്കണമെങ്കിൽ പ്രാണശക്തിയെ സ്വാധീനമാക്കി നിൻെറ ബുദ്ധിമുഴവൻ രാജ്യശ്രേയസ്കരമായ വിചാരങ്ങളിൽ വിനിയോഗിക്കണം. ആനന്ദംവേണമെങ്കിൽ ക്ഷത്രിയധൎമ്മത്തെ മുൻനിൎത്തി ഏതൊരു നിമിഷത്തിലും രാജ്യസേവനത്തിനായി ജീവനെ ബലികഴിക്കാനും സന്നദ്ധനായിരിക്കണം. യഥാർത്ഥമായ വൈശ്യധൎമ്മത്തെ അഭിമുഖീകരിച്ച് നിൻെറ നിശ്ശേഷധനത്തെയും രാജ്യത്തിനായിട്ടുതന്നെ സൂക്ഷിച്ചു പാലിച്ചുകൊള്ളണം. ധർമ്മാദർശത്തിൻെറ പ്രത്യക്ഷരൂപത്തോടുകൂടി മാതൃകയായി വിളങ്ങി ആനന്ദത്തെ അനുഭവിക്കണമെങ്കിൽ ഇപ്രകാരമുള്ള സന്ന്യാസശക്തിയോടുകൂടി പ്രവൎത്തിക്കണം. ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും സ്വന്തം കൈകാലുകളെക്കൊണ്ടു വേലചെയ്ത്, ഒരുകാലത്തു ശൂദ്രക്കായി നീക്കിവയ്ക്കപ്പെട്ട ദേഹാദ്ധ്വാനംമൂലം വീൎയ്യത്തെപ്രകടിക്കണം. സന്ന്യാസധർമ്മവും പറയരുടെ കൈവേലയും സംഘടിപ്പിക്കണം. ഈ ഒരൊററമാർഗ്ഗം മാത്രമേ ഇക്കാലത്തുള്ളു. എഴുന്നേൽക്കുവിൻ! വിദേശങ്ങൾപോലും പ്രസ്തുതധർമ്മത്തെ സ്വപ്രവൃത്തിമൂലം, നമ്മുടെ നാട്ടിനെ ഉദ്ബോധിപ്പിക്കുന്നു. ഒരു ജപ്പാൻ യുവാവിനെ സൈന്യത്തിൽചേരാൻ അനുവദിച്ചില്ല. അവൻ അവൻെറ മാതാവിനു ചെയ്യേണ്ടിയിരുന്ന കൎത്തവ്യം ശേഷിച്ചിരുന്നതാണുപോൽ കാരണം (ഇതു കുടുംബധർമ്മം). ആ മാതാവ് ഉടനേ ആത്മഹത്തിചെയ്തു (അതുവഴി പുത്രനെ സ്വതന്ത്രനാക്കി) പ്രശസ്തമായ രാജ്യസ്നേഹത്തെ പ്രദർശിപ്പിച്ചുവത്രേ. ഔൽകൃഷ്ട്യത്തോടെ വിളങ്ങിയ ആ ഗുരുഗോവിന്ദസിംഗിൻെറ ആദർശത്തെ അപേക്ഷിച്ചു മറെറന്തൊരു മഹത്വമാണുള്ളത്? രാഷ്ട്രീയധർമ്മത്തിനുവേണ്ടി തൻെറയും തൻെറ കുടുംബത്തിൻെറയും സമുദായത്തിൻെറയും ധർമ്മത്തെ ത്യാഗംചെയ്ത ആ പ്രശസ്തിയെക്കാൾ ശ്ലാഘ്യമായി മറെറന്താണുള്ളത്? അധികാരവും പദവിയും വേണമെന്നു ജനങ്ങൾ വ്യാമോഹിക്കുന്നു. നിങ്ങൾ നിങ്ങളുടെ ആത്മാവും സമുദായത്തിൻെറ ആത്മാവും ഒന്നാണെന്നു ബോധിച്ചുകഴിഞ്ഞാൽ നിങ്ങൾക്കു സിദ്ധിക്കുന്നശക്തി എത്ര അപരിമിതമായിരിക്കും! ഇസ്ലാംമതത്തിൽ ലസിച്ച ആ ആദ്യപുരുഷൻെറ വാക്കുകളാൽ ഈ ശക്തിയെ വെളിപ്പെടുത്താം:—'എൻെറ വലത്തും ഇടത്തും സൂൎയ്യനും ചന്ദ്രനും നിന്ന് എന്നെത്തടഞ്ഞാലും ഞാൻ അനുസരിക്കയില്ല.'

## II. ലാഹൂരിലെ വിദ്യാൎത്ഥികളോടു പ്രസംഗിച്ചതു്.

ഐകമത്യം! ഐകമത്യം! ഏവക്കും ആവശ്യമായി നില്ക്കുന്നതു് ഐകമത്യമാണ്. വലിയ ശക്തികളെല്ലാം അന്യോന്യം അടിച്ചുതാഴ്ത്തി സ്വയമേവ നിഷ്പ്രയോജനങ്ങളായി ഭവിക്കുന്നു. കോടാനുകോടി ബുദ്ധിയും കൈയും പ്രവൎത്തിച്ചുകൊണ്ടേ പോകുന്നു. എവിടെപ്പോകുന്നു? എന്തു പ്രവൎത്തിക്കുന്നു? ആൎക്കു പറവാൻകഴിയും? അനേകായിരം മതപ്പിരിവുകളും ജനപ്പിരിവുകളും നിറഞ്ഞിരിക്കുന്നു. ഓരോരുത്തരും അവരവരുടെ മനോഗതിക്കു് അനുസരിച്ചു രുചികരമായിത്തോന്നുന്ന ഓരോരോ ദിക്കിനെ ലക്ഷ്യമാക്കി, രാഷ്ട്രീയകാൎയ്യമാകുന്ന കപ്പലിനെ നയിക്കുന്നു. വഴിയാംവണ്ണം നയിക്കാൻ കഴിയുന്നില്ല. കൈത്തണ്ടുകൾ ശരിക്കു നില്ക്കട്ടെ! നിങ്ങളുടെ നില സുരക്ഷിതമായിരിക്കട്ടെ! ഇളകാതെ നില്ക്കുവിൻ! എന്നിട്ടു് ഒരേ ദിക്കിനെ ലക്ഷ്യമാക്കി നയിക്കുവിൻ! അപ്രകാരമുള്ള ഐക്യം, വ്യഷ്ടികളിൽ സമഷ്ടിത്വം വൎദ്ധിക്കുന്നതിനു മാൎഗ്ഗമായിത്തീരും. ഈ വിധത്തിൽ നിങ്ങൾ സ്വസ്വസ്ഥാനങ്ങളിൽ പ്രവൎത്തിച്ചുകൊണ്ടു്, ഗാനംചെയ്യുവിൻ! രാഷ്ട്രീയനിലയ്ക്കു് ആവശ്യമായിട്ടുള്ളതു് അതാണ്. സമഷ്ടിഗതമായ ക്ഷേമമാണ് വ്യക്തിയുടെയും ക്ഷേമം. ഇങ്ങനെ വാക്കുകൊണ്ടു പറവാനെളുപ്പമുണ്ടു്. എന്നാൽ ഇന്ത്യയിൽ ഐക്യവും രഞ്ജനയും അല്പമാത്രമെങ്കിലും, ഇതേവരെ എന്തുകൊണ്ടു കാണപ്പെട്ടില്ല? അതിന്റെ കാരണങ്ങളെ രണ്ടായിട്ടു ഭാഗിക്കാം. ഒന്നു്, "അനുഭവത്തിനു് ആവശ്യകമായ അറിവിന്റെ തികവില്ലായ്മ"യും രണ്ടു്, "ജനസംഖ്യയുടെ ആധിക്യ"വും ആകുന്നു.

ഈ രണ്ടു ഹേതുക്കളെയും യഥാക്രമം എടുത്തു വിവരിക്കാം. അനുഭവത്തിനു് ആവശ്യകമായ അറിവിന്റെ തികവില്ലായ്മയാണല്ലോ ഒന്നാമത്തെ കാരണം. ഇന്ത്യയിൽ മഹമ്മദീയാധിപത്യം സംഭവിക്കുംമുമ്പു് കുറാസാൻ ദേശീയനായ ആൽബറൂണി എന്ന ആൾ രാജ്യസഞ്ചാരത്തിനു പുറപ്പെട്ടു. അദ്ദേഹം, ഒരു വലിയ തത്വജ്ഞാനിയും ഉൽകൃഷ്ടവിദ്യാസമ്പന്നനുമായിരുന്നു. സംസ്കൃതത്തിൽ പാണ്ഡിത്യം സമ്പാദിച്ചു് നമ്മുടെ ശാസ്ത്രങ്ങളെ കൂലങ്കഷമായി പരിശോധിച്ചിരുന്നു. അദ്ദേഹം, അനുകണ്ട ഇന്ത്യയെപ്പററി, വിശദമായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഹിന്തുക്കളുടെ തത്വശാസ്ത്രം, കവിത്വപ്രവീണത്വം, ജ്യോതശ്ശാസ്ത്രം എന്നിവയെക്കുറിച്ചു വളരെ ഗൌരവമായും സാരമായും അഭിപ്രായപ്പെട്ടിട്ടുണ്ടു്. താൻ പരിചയിച്ച ചില പണ്ഡിതന്മാരുടെ പാണ്ഡിത്യമഹത്വത്തെപ്പററി വളരെ വളരെ പ്രശംസിച്ചിട്ടുമുണ്ടു്.

എന്നാൽ പാമരന്മാരുടെയും സ്ത്രീകളുടെയും സ്ഥിതിയെക്കുറിച്ച് അദ്ദേഹം നല്ല അഭിപ്രായം പറഞ്ഞിട്ടില്ല. ശരീരശക്തിയിലും ബുദ്ധിയിലും അവരുടെ സ്ഥിതി അതിദയനീയമായിരുന്നപോൽ! "സാന്മാർഗ്ഗികനിലയിലും ആത്മപരിശീലനത്തിലും അവർ ഗൌനിക്കപ്പെടാത്തവരും തള്ളപ്പെട്ടവരായിരുന്നു" എന്നു പറഞ്ഞിരിക്കുന്നു. "യാതൊരു പ്രകാരത്തിലും മാനിക്കപ്പെടാത്തവരായിരുന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മനസ്സും ശരീരവും ഏകീകരിക്കപ്പെടാതെ, സമുദായ ജീവിതത്തിലും മതവിഷയങ്ങളിലും രാഷ്ട്രീയനിലയിലും ശരിയായ രൂപവൽകരണമെന്നിയേ—അക്കാരണത്താൽ—അനവധി വർഗ്ഗക്കാർ, വർഷംതോറും ഗസ്സിനിമുഹമ്മദിന്റെ നേതൃത്വത്തിൽ കയറിവന്നു കൊള്ളചെയ്ത മുഹമ്മദീയരെക്കണ്ടു്, ഓടിഒളിച്ചിട്ടുണ്ടു്. പില്ക്കാലത്തു ബേബർചക്രവർത്തിയും, ഇന്ത്യക്കാർക്ക് ഏതൊരംശത്തിലും പ്രഗത്ഭതയോ, 'കണ്ടുപിടിത്തത്തിനുള്ള കഴിവോ, സാമർത്ഥ്യമോ ഇല്ലെന്നു പ്രസ്താവിച്ചിരിക്കുന്നു. "ഐകമത്യം എന്നതിന് അവരിൽ സ്ഥാനമില്ല" എന്ന് ആ ചക്രവർത്തി പറഞ്ഞിരിക്കുന്നു. ഈ അഭിപ്രായങ്ങൾ അന്യന്മാരുടേതാകയാൽ അതിശയോക്തി അടങ്ങിയിട്ടുണ്ടെന്നു വന്നേയ്ക്കാം; സ്വാർത്ഥപ്രേരണയുടെ ഓഹരി അടങ്ങിയിട്ടുണ്ടെന്നു വരാം. അത്രയും ഭാഗം തട്ടിക്കഴിച്ചാലും ശിഷ്ടം പരമാർത്ഥമാണെന്നു തെളിയും. അതിൽനിന്നും സ്പഷ്ടമാകുന്നതെന്തു്? അനുഭവത്തിന് ആവശ്യകമായ അറിവു കുറഞ്ഞിരുന്നു എന്നാണ്. ഈ ഒരൊററക്കുറവുകൊണ്ടാണ് ഇന്ത്യ താണനിലയിൽ എത്തിയതു്. *

അനുഭവത്തിന് ആവശ്യകമായ അറിവിന്റെകുറവാണ്, എല്ലാക്കുറവിനും കാരണം. കൈത്തൊഴിലിൽവെറുപ്പ്, ജാതിയിലും മതാദർശങ്ങളിലും പ്രകൃതിവിരുദ്ധമായപിരിവുകൾ, തട്ടുപ്പിരിവുകൾ, വിദേശയാത്രയെ വിലക്കൽ,ബാല്യവിവാഹം, സ്ത്രീകളുടെ ബുദ്ധിവികാസത്തിനുള്ള സൌകര്യങ്ങളെയും കായബലത്തിനുള്ള മാർഗ്ഗങ്ങളെയും തടഞ്ഞു് അന്ധകാരക്രൂപത്തിൽ താഴ്ത്തിവയ്ക്കൽ ഇത്യാദി സമുദായക്ഷേമത്തിനു ഹാനികരങ്ങളായ ഏർപ്പാടുകൾക്കെല്ലാം കാരണം മുൻചൊന്ന അറിവിന്റെ കുറവല്ലാതെ മറെറാന്നുമല്ല. ഇപ്രകാരമുള്ള സാമുദായികമായ കുഴപ്പങ്ങളെ പരിഹരിക്കാൻ വളരെ പ്രയാസമുണ്ടു്. ആചാരം അല്ലെങ്കിൽ മാമൂൽ എന്ന നങ്കൂരത്തിൽനിന്നുമോചിപ്പിക്കാൻ വാസ്തവത്തിൽ അത്ര എളുപ്പമല്ല. സമുദായം നി

---

* ഇന്ത്യയുടെ പ്രാചീനമാഹാത്മ്യം, സാമുദായികൈക്യവും രഞ്ജനവും കുറഞ്ഞുതുടങ്ങിയ കാലംമുതൽക്കേ തേഞ്ഞുമാഞ്ഞുവരുന്നു എന്നാണ് സ്വാമികളുടെ അഭിപ്രായം "ഭാരതയുദ്ധം മുതല്ക്കേ, കക്ഷിവഴക്കിന്റെ മുഴക്കം മാറെറാലിക്കൊണ്ടുതുടങ്ങി എന്നു സ്വാമിവിവേകാനന്ദൻ വ്യസനപൂർവം പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്.

ശ്ചയമായും ശക്തിപൂർവ്വം പ്രതിഷേധിക്കും; മോചനപ്രവർത്തകന്മാർ സമുദായത്തെപ്പഴിക്കും. ഇങ്ങനെ പരസ്പരം അതൃപ്തിയും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായി ഐകമത്യത്തെ ക്ഷയിപ്പിക്കും. അപ്രകാരമുള്ള ഐകമത്യക്ഷയത്തിൽനിന്നും രക്ഷപ്പെടുന്നതിനായി, വിഷയങ്ങളെ അതതിന്റെ ഗതിക്ക് അനുസരിച്ചു വിട്ടുംവച്ചു, നമുക്കു നമ്മുടെ കാര്യത്തിൽ മാത്രം ശ്രദ്ധിക്കരുതേ? സമുദായത്തെ അവഗണിച്ചുംവച്ചു നിങ്ങൾ സ്വന്തം കാര്യങ്ങളെ കാര്യമായിക്കരുതുമോ? എങ്കിൽ അങ്ങനെയാകട്ടെ! പക്ഷെ, സമുദായം താഴുന്നതു നിങ്ങളെയും കൊണ്ടായിരിക്കും. അതു നിന്നേ മാത്രം വിടുകയില്ല. നീയും അതൊന്നിച്ചു താഴണം. അല്ലെങ്കിൽ നീ അതിനെയുംകൊണ്ടുയരണം. "സമുദായത്തിന് അഭിവൃദ്ധിയുണ്ടായില്ലെങ്കിലും വ്യക്തിക്ക് അഭിവൃദ്ധിയെ പ്രാപിക്കാം" എന്ന വിശ്വാസം ഭീമാബദ്ധമാണ്. ശരീരത്തിൽനിന്നും കൈയിനെ വെട്ടിയെടുത്ത്, അതിനു പ്രത്യേകം ശക്തിനൽകാൻ കഴിയുമോ? ദീർഘകാലമായി വേദാന്തവിരുദ്ധമായ ഈ വിശ്വാസംവളർത്തിക്കൊണ്ടേയിരുന്നു. തന്നിമിത്തം സമുദായത്തിന് അതിഭയനീയമായ ശൈഥില്യം സംഭവിച്ചു. അല്ലയോ യുവജനങ്ങളെ! ഇന്ത്യയുടെ പില്ക്കാലസ്ഥിതി നിങ്ങളുടെ പിൽകാലസ്ഥിതയാണ്. അതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുതന്നെയാണ്. മഹത്തായ മനുഷ്യവർഗ്ഗത്തിൽ, മൂഢഭക്തിയാൽ ഭീതന്മാരായവർ ഭരിക്കപ്പെടും. യഥാർത്ഥമായ ജീവശക്തി സമ്പാദിച്ച മഹാന്മാർ ജനങ്ങളുടെ ഹൃദയങ്ങളെയും അഭിപ്രായങ്ങളെയും ഭരിക്കുന്നു. ബാഹ്യഭരണം ആരെങ്കിലും നടത്തിക്കൊള്ളട്ടെ! നീ സമുദായത്തെ ഭയന്നു നടക്കുന്നുവോ? അതോ, ഭയപ്പെടുന്നില്ലയോ? എന്താണു നീ ആഗ്രഹിക്കുന്നതു? ജീവിതത്തിൽ ഭരണകർത്തൃത്വത്തെയോ, അതല്ല നിന്ദ്യമായ അടിമത്തത്തെയോ? ശക്തിയുക്തവും പവിത്രവുമായ ജീവിതമേ ചരിത്രസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നുള്ളു. ആചാരത്തെയും, അതായതു് മാമൂലിനെയും മൂഢഭക്തിയെയും പിന്തുടരുകയാൽ പല ശതവർഷങ്ങളായി വേണ്ടാവെറുപ്പും അതിനെ അതിശയിച്ചു ഉണർവ്വില്ലായ്മയും നാട്ടിൽ സർവത്ര വ്യാപിച്ചിരിക്കുന്നു. നല്ല പഠിപ്പും ശ്രേഷ്ഠഗുണവുമുള്ള യുവജനങ്ങളേ! നിങ്ങൾതന്നെയാണ് ഇപ്പോൾ ആവശ്യകമായിട്ടുള്ളതു്. നിങ്ങൾ ഇക്കാലത്തിന് ആവശ്യമില്ലാത്ത നിഷ്പ്രയോജനശക്തികളെ അകററിക്കളയത്തക്ക ജീവശക്തികളായി ശോഭിക്കണം. പ്രാചീനതാമോഹത്തെ ജയിക്കുവിൻ! കപ്പലിനെ നയിക്കേണ്ടതു് ഏതൊരുസ്ഥലത്തേക്കെന്നറിഞ്ഞു് അങ്ങോട്ടു തിരിക്കുവിൻ! എവിടെ തിരിപ്പിക്കേണ്ട ആവശ്യം നേരിടുന്നുവോ, അവിടെ അപ്രകാരം ചെയ്യുവിൻ! ആ വിധ-

ത്തിൽവേലചെയ്തു രൂപപ്പെടുത്തുക; ശരിപ്പെടുത്തുക! ഭൂതകാലപ്രയത്നങ്ങളെ ഏതൽകാലാവസ്ഥക്കു് അനുസരിച്ചു രൂപവൽകരിക്കുവിൻ! പരിശുദ്ധവും ശക്തിയുക്തവുമായ നിങ്ങളുടെ വർത്തമാനകാലത്തെ ഭാവികാലത്തേക്കു പ്രയോജകീഭവിക്കുമാറു ധൈര്യപൂർവ്വം, നയിക്കുവിൻ! നമ്മുടെ പൂർവ്വികന്മാരുടെ ഭണ്ഡാഗാരത്തിൻെറ സാഹായ്യമില്ലാതെ നമുക്കു മുമ്പോട്ടുപോകാൻ സാധിക്കുന്നതല്ല. സമുദായം അതിനെ നഷ്ടപ്പെടുത്തിയാൽ പുറമേനിന്നും വരുന്ന ശക്തികൾ നമ്മെ നശിപ്പിക്കും. എന്നാൽ ആ പൂർവ്വികസഹായത്തെയും കണ്ണടച്ചു കവിഞ്ഞു് ആശ്രയിക്കാൻപാടില്ല. ഏതൊരു സമുദായത്തിൽ പൂർവ്വികാദേശങ്ങൾതന്നെ പൊന്തിനില്ക്കുന്നുവോ, ആ സമുദായം അതിൻെറ ആന്തരശക്തി ക്ഷയിച്ച് സ്വയം നശിച്ചുപോകും. നീ സത്യമാർഗ്ഗത്തിൽ ചരിച്ചാൽ സമുദായത്തിൽ പിളർപ്പും ഐകമത്യക്കുറവും സംഭവിക്കുമോ? ഒരു പക്ഷേ, സംഭവിക്കുമെന്നു സംശയിക്കുന്നുണ്ടെങ്കിലും ധൈര്യപൂർവ്വം ഉറച്ചു നില്ക്കുക! പിൻവാങ്ങരുതു്. അതാണു് ആനന്ദം. ശക്തി നിന്നിൽ സ്ഥിതിചെയ്യുന്നു. അഭിവൃദ്ധി നിൻെറ കൈവശമിരിക്കുന്നു. ദേശസമുദായം, ധർമ്മത്തെ മാനിക്കാത്ത സ്വരുമിപ്പിനാൽ പാലിക്കപ്പെടുമോ? അന്ധകാരത്തിൽ തള്ളുന്നതുകൊണ്ടു് ജനങ്ങളെ യോജിപ്പിക്കാൻ സാധിക്കുമോ? തെറ്റുകൾക്കും മൂഢഭക്തിക്കും അടിമപ്പെടുത്തിയിട്ടു് അതുവഴി സമത്വത്തെ സ്ഥാപിക്കാൻ കഴിയുമോ? കപ്പൽക്കാരെല്ലാം ഒന്നിച്ചുചേർന്നു തെറ്റായമാർഗ്ഗത്തിൽക്കൂടി കപ്പലിനെ നയിച്ചാൽ പോക്കു് ആശാസ്യമായിരിക്കുമോ? പാറയിൽമുട്ടി ചിതറിപ്പോകും. അങ്ങിനെഎളുപ്പത്തിൽ കഴിയുന്നതു നല്ലതുതന്നെ. യോജിച്ചു പ്രവർത്തിക്ക എന്നതു് നല്ലകാര്യങ്ങളിൽമാത്രമേ ശോഭിക്കയുള്ളൂ. സത്യനിഷ്ഠയിലും പരിശുദ്ധനിലയിലും മാത്രമാണു യോജിപ്പു് ഏർപ്പെടേണ്ടതു്. ഐക്യകാംക്ഷികളെ! നിങ്ങൾ ആദ്യമായി ചെയ്യേണ്ടതു് ജനങ്ങളിലുള്ള വലിയ വലിയ തെറ്റുകളെ തിരുത്തുകയാണു്. സമഷ്ടിസേവനത്തിനായിട്ടും സത്യത്തിനും അഭിവൃദ്ധിക്കും വേണ്ടിയും, പ്രവർത്തകന്മാർക്കു തിന്മയും പാമരന്മാർക്കു കഷ്ടതയും നേരിടുന്നുവെങ്കിൽ നാട്ടിൽ ആത്മശക്തി ചലിക്കുന്നു എന്നർത്ഥമാകാം. ശ്വാസം നിർബ്ബാധം ഒഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു എന്നു വിശ്വസിക്കാം. ഉൽകൃഷ്ടഗുണം കഷ്ടതകളെ വകവയ്ക്കാതെ പ്രവർത്തിച്ചുകൊണ്ടിരിക്കും. എവിടെയും ശാന്തമായി പ്രേമത്തെയും പ്രകാശത്തെയും ഉദീരണംചെയ്യും. ദേശസമുദായത്തിനു ജ്ഞാനമാകുന്ന പ്രകാശത്തെ നൽകുന്നതു കഷ്ടപ്പാടാണെങ്കിൽ അതിനാൽ ആ സമുദായത്തിൽ ദുഃഖലേശരഹിതമായ ശാന്തിയും വിളങ്ങിക്കൊണ്ടിരിക്കുന്ന ജ്ഞാനവും "ഒന്നിച്ചു വിളങ്ങുന്നതാ

ണോ? ശ്രേഷ്ഠഗുണം പ്രകാശിച്ചില്ലെന്നിരുന്നാലും സത്യനിഷ്ഠയെ എങ്കിലും ആചരിക്കണം. അതാണ് അധികം ആവശ്യം. ഒരു രാജ്യത്തിന് ആവശ്യമായിട്ടുള്ളതു്, ചെറിയ ലക്ഷ്യത്തോടുകൂടിയ വലിയ ആളുകളെയല്ല, വലിയ ലക്ഷ്യത്തോടുകൂടിയ ചെറിയ ആളുകളെയാണ്. സമാധാനമാണ് ശാന്തി; തമോഗുണപ്രധാനമായ നിദ്ര സമാധാനത്തോടുകൂടിയതാണ്; ദുർഗ്ഗന്ധം പരത്തുന്ന ശവങ്ങളും സമാധാനത്തോടുകൂടിയവതന്നെ. നമുക്കു വേണ്ടതു് ഉത്സാഹത്തോടുകൂടിയ സമാധാനമാണ്; തമോഗുണമല്ല. ജനങ്ങൾ അന്ധകാരത്തിൽപെട്ടു നട്ടംതിരിയുമ്പോൾ ദീപത്തെ വിലത്തിനകത്തു മറച്ചുവെച്ചിരുന്നാൽ പ്രയോജനമെന്തു? അതില്ലാഞ്ഞാലത്തെ ഫലംതന്നെ. വേണ്ടപ്പോൾ ഉപകരിക്കേണ്ട മൊഴികൾ, നമ്മുടെ കൈവശത്തിലിരിക്കെ, അവയെ എടുത്തു് ഉപയോഗിക്കുകയാകുന്ന കർത്തവ്യത്തെ നിർവ്വഹിക്കാതിരിക്കുകയാണെങ്കിൽ നാം അപരാധികളായിഭവിക്കുന്നു.

ഇനി "ജനസംഖ്യയുടെ ആധിക്യ"ത്തെ എടുക്കാം. ജനസമൂഹം എന്നതു് വനമദ്ധ്യത്തിലുള്ള വയലിനു സമാനമാകുന്നു എന്നു ഹക്സിലി എന്ന മഹാൻ പറയുന്നു. സമുദായോന്നതിക്കുള്ള ശ്രമം വയൽകൃഷിക്കുതുല്യമാണ്. സ്വാഭാവികമായിട്ടുള്ള കാട്ടുവളർച്ചയല്ല. കാടുകൾ വളരുമ്പോൾ ആ വളർച്ചയ്ക്കു് അനവധി പ്രതിബന്ധങ്ങൾ നേരിടുന്നതാണ്. വയൽകൃഷിയിൽ അങ്ങനെയുള്ള പ്രതിബന്ധങ്ങളില്ല. എന്നാൽ കൃഷിക്കാരൻ വയലിൽ കളപറിക്കുകയും മററും ചെയ്യുന്നതുകൂടാതെ, അധികം ഞെരുങ്ങി വളരാൻ അനുവദിക്കാതിരിക്കുകയും വേണം. ഇല്ലെങ്കിൽ വനത്തിലെപ്പോലുള്ള പ്രതിബന്ധങ്ങൾ വയലിലും നേരിടും. അതുപോലെ ഒരു സമുദായത്തിൽ ജനപ്പെരുപ്പം സംഭവിച്ചാൽ, ആ വലിയ ജനക്കൂട്ടത്തിനു മാർഗ്ഗം കാണിച്ചുകൊടുത്തില്ലെങ്കിൽ, സമുദായജീവിതത്തിൽ അനാശാസ്യമായ മാത്സര്യം ഏർപ്പെട്ടു സമാധാനത്തെ നശിപ്പിക്കും. സന്മാർഗ്ഗികത്തിൽനിന്നും വ്യതിചലിച്ചു് ഈശ്വരകല്പനകളെ നിഷ്ഫലങ്ങളാക്കിച്ചെയ്യും. അങ്ങനെയുള്ള സന്ദർഭങ്ങളിലാണു സമുദായങ്ങൾ അധഃപതിക്കാൻ ആരംഭിക്കുന്നതു്. റോമാരാജ്യത്തിന്റെ സ്ഥിതിയും ഗ്രീസ്സിന്റെ മേന്മയും എന്നല്ല, ഏതൊരു രാജ്യചരിത്രവും ഈ അഭിപ്രായത്തിന്റെ അസ്ഥിഭാരത്തോട് അനുകൂലിക്കുന്നതാണ്. ഇന്ത്യയിൽ ഈ ഘട്ടം വളരെക്കാലത്തിനുമുമ്പേ സംഭവിച്ചു കഴിഞ്ഞു. നാം അതിനെ പരിഹരിക്കാൻ യാതൊരു പ്രകാരത്തിലും ശ്രമിച്ചിട്ടില്ല. ഇന്ത്യയിലെപ്പോലെ അത്ര വളരെ ജനപ്പെരുപ്പവും ദാരിദ്ര്യവും ലോകത്തിൽ മറെറാരു സ്ഥലത്തും ഒന്നിച്ചുപ്രവർത്തിച്ചിട്ടില്ല. ഒരു കുടുംബത്തെ എടുക്കുക! ഭർത്താവ

സമുദായത്തിനും ഉദാഹരണമാകും. വരവു കുറവ്; കൊല്ലംതോറും ജനസംഖ്യ വർദ്ധിച്ചും വരുന്നു; പോരെങ്കിൽ അഭിവൃദ്ധിക്കു സഹായിക്കാത്ത ചില വിദേശപ്പാൽചെലവുകളും. മൃഗങ്ങളായാൽത്തന്നെയും, ഒരു തൊഴുത്തിൽ ഒന്നുമുണ്ടെന്നതിനു മാത്രം തീററിയും, മററുള്ളവയ്ക്കു പട്ടിണിയുമാണെന്നുവന്നാൽ അവ തമ്മിലിടഞ്ഞു മരിക്കുകയേ ഉള്ളു. അസമാധാനത്തിൻെറ കാരണത്തെ പരിഹരിക്കാതെ സമാധാനത്തെ ഉപദേശിക്കുന്നതു പരിഹാസ്യമായ നയമാണ്. രാമൻെറ നാട്ടുകാർ സ്വഭാവേന ശാന്തന്മാരും സമാധാനപ്രിയന്മാരുമാണ്. മനഃപൂർവ്വം സമാധാനത്തെ ആഗ്രഹിക്കുന്നു. എന്നാൽ ശരീരത്തിന് ആവശ്യമായ ആഹാരം ലഭിക്കാത്ത സ്ഥിതിയിൽ നിർബന്ധിച്ചു നിർത്തിയാൽ അക്ഷമയും സ്വാർത്ഥവും എവിടെപ്പോകും? ആവിർഭവിക്കതന്നെ ചെയ്യും. ഇതിലേക്കു പരിഹാരം കണ്ടുപിടിക്കുകതന്നെവേണം. ഇല്ലെങ്കിൽ നാശം സംഭവിക്കും. നമ്മുടെ സ്നേഹിതന്മാരിൽ, ദിനേദിനേ കഷ്ടതയും ദുഃഖവും അനുഭവിച്ചുകൊണ്ടിരിക്കുന്നനിലയിൽ, അനുകമ്പയും നിഃസ്വാർത്ഥതയും ഉണ്ടാകുന്നതല്ല. ഒരാൾ ഭക്ഷണം കഴിച്ചും പത്തുപേർ പട്ടിണികിടന്നും കഴിയേണ്ട അവസ്ഥ നിലനില്ക്കുന്നിടത്തോളം കഷ്ടത അവസാനിക്കുന്നതല്ല. ഈ നിലയെ പരിഹരിക്കാൻ മാർഗ്ഗം തേടണം. ഇല്ലെങ്കിൽ വനത്തിൻെറ വളർച്ചയുടെ പ്രതിബന്ധങ്ങളെല്ലാം നമ്മുടെ സമുദായത്തെയും ബാധിക്കും. നമ്മെപ്പോലുള്ളവരിൽ ഉദ്ഭൂതമാകുന്ന തിന്മയുടെ രൂപങ്ങൾ ഏതെല്ലാമാണെന്നുള്ള ചോദ്യത്തിനു വസിഷ്ഠമുനിയുടെ സമാധാനമിതാണ്:-"വ്യാധിയും ക്ഷാമവും നശീകരണയുദ്ധവും ഭൂകമ്പംമുതലായവയുമാകുന്നു." മതി, മതി; പരിഹാരത്തിനു മാർഗ്ഗമുണ്ടോ? ഉണ്ട്; അനവധി മാർഗ്ഗങ്ങളുണ്ട്-

൧, "രാജ്യത്തിനുവെളിയിൽപോയെന്നുവച്ചു സ്വർഗ്ഗംകിട്ടുമോ?" എന്നു ചോദിക്കുന്ന അന്ധത്വം വിട്ടുമാറണം. നാട്ടിലെ താമസത്തിൽ ബുദ്ധിമുട്ടുതോന്നുന്ന ഭാരതീയർ നാട്ടിനുവെളിയിൽപോകട്ടെ! അയൽനാടുകളിലേക്കു കുടിയേററട്ടെ! കൂപമണ്ഡൂകങ്ങളെപ്പോലെ കഴിഞ്ഞുകൂടേണ്ട. വെളിയിൽചെന്നു ധാരാളമായ കാററ് ഏൽക്കുവിൻ!

൨, പണ്ട് ഒരു കാലമുണ്ടായിരുന്നു; ഇന്ത്യയിൽ കുടിയേറിയ ആര്യന്മാർക്ക്, പ്രജകൾ ധാരാളംധാരാളമുണ്ടാകേണ്ട ആവശ്യമുണ്ടായിരുന്ന ഒരു കാലം. അക്കാലം ഇങ്ങിനിവരാതവണ്ണം പൊയ്ക്കഴിഞ്ഞു. ജനക്കൂട്ടം അധികപ്പെട്ടതിനാൽ, വലിയകുടുംബങ്ങളെ ആവിർഭവിപ്പിക്കുന്നതു് അധർമ്മമായിത്തീർന്നു. "മരണാനന്തരം സ്വർഗ്ഗം കിട്ടുന്നതിന് പുത്രന്മാർ ആവശ്യമാ"ണെന്നുബുദ്ധിഹീനതയാൽ വിശ്വസിച്ചുപോന്നവർ കണ്ണുതുറന്നുനോക്കട്ടെ! മരിക്കുന്നതിനു മുമ്പേതന്നെ ഗൃഹങ്ങളെ നരകമാക്കുകയാണ് ഇപ്പോൾ ചെയ്യുന്നതു്. പ്ര

ജകളെ വർദ്ധിപ്പിച്ചു കഷ്ടതകളെ വലിച്ചുകയററുകയാണു ഇപ്പോൾ ചെയ്യുന്നതു്. "പുത്രന്മാർ സ്വർഗ്ഗലോകത്തിലെത്തിക്കുന്നവ"രാണെന്നു അർജ്ജുനൻ പറഞ്ഞതുകൊണ്ടാണല്ലോ, ഇന്ദ്രിയസുഖലോലമായ സ്വർഗ്ഗേച്ഛയെ ശ്രീകൃഷ്ണൻ ഭഗവൽഗീതകൊണ്ടു ഖണ്ഡിച്ചിരിക്കുന്നതു്. രണ്ടാം അദ്ധ്യായം ൪൨, ൪൩, ൪൪, ൪൫ ഈ ശ്ലോകങ്ങൾ നോക്കുക! ഈ ശ്ലോകങ്ങളെ പഠിച്ചു്, അവയിലടങ്ങിയിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഉന്നതിയെ—ആത്മീയസ്വാതന്ത്ര്യത്തെ—ഗ്രഹിക്കേണ്ടതാവശ്യമാണു്. "വിവാഹം ചെയ്തുകൊൾക; സന്താനാഭിവൃദ്ധിയെ ഉണ്ടാക്കുക; ബന്ധത്തോടുകൂടിത്തന്നെ മരിക്കുക" ഇത്തരം ദുഷ്ടമായ ആദർശങ്ങൾ, ഏതൽകാലപര്യന്തം നമ്മെ പാവകളിപ്പിച്ചുകൊണ്ടിരുന്നു. നമ്മുടെ അധോഗതിക്കു കാരണം, "മുഹമ്മദീയാധിപത്യമാ"ണെന്നും "ബ്രിട്ടീഷ് ഭരണ"മാണെന്നും "നമ്മുടെ മത"ങ്ങളാണെന്നും "വിദ്യാഭ്യാസരീതി"യാണെന്നും മററും നാം പഴി പറഞ്ഞുകൊണ്ടു പോകുന്നു. ഇവയിലൊക്കെ അല്പവാസ്തവമുണ്ടായേക്കാം. എന്നാൽ യഥാർത്ഥമായ കാരണം, വേറെ സ്ഥലത്തിരിക്കുന്നു. ഭാരതീയജനസമുദായത്തെത്തന്നെ ആവിർഭവിപ്പിക്കാൻ കഴിവുള്ള ദാമ്പത്യബന്ധത്തിൽ നിന്നും, അതിന്റെ പരിശുദ്ധഭാവത്തെ ദൂരത്തു ത്യജിച്ചു്, ആ ബന്ധത്തെ ദുഷിപ്പിച്ചതാണു കാരണം. ലോകോത്തരവും പരിശുദ്ധവുമായ പ്രസ്തുതബന്ധത്തെ അവഹേളനീയവും അശാസ്ത്രീയവുമായ രീതിയിൽ ആക്കിച്ചെയ്തിരിക്കുന്നു- ജാതകപരിശോധനനടത്തി, ഗ്രഹങ്ങളെ കണക്കാക്കി, നിമിത്തപ്പൊരുത്തങ്ങൾ കണ്ടു്, വൈദികന്മാരാൽ ആശിർവാദപൂർവ്വകം ഘടിപ്പിക്കപ്പെടുന്ന ഭാരതീയദമ്പതികൾ, കശ്മലവും പാപപൂർണ്ണവുമായ ജീവിതത്തെ നയിക്കുന്നവരായിരിക്കുന്നു. ബാല്യവിവാഹമാകുന്ന കടുംകൈകണ്ടു് ഏതൊരു ഗ്രഹവും നേരിൽ നിൽക്കാൻ ഭയപ്പെടുന്നു. വേദമന്ത്രങ്ങളും സ്വമാഹാത്മ്യത്തെ നഷ്ടപ്പെടുത്തുന്നു. എന്തിന് അധികം?

ചെറുപ്പക്കാരെ! നിൽക്കുക! നിൽക്കുക! ഇന്ത്യയുടെ ഭാവികാലത്തിന് അവകാശികളായ യുവാക്കന്മാരെ! ഈ പതിവിനെത്തടയുവിൻ! സന്മാർഗ്ഗപ്രചരണത്തിനും നിങ്ങളുടെ യശസ്സിനും നിങ്ങളുടെ സന്താനങ്ങളുടെ അഭിവൃദ്ധിക്കുംവേണ്ടി, സാഹസപൂർവ്വകമായ കാലാനുചിതമായ ഈ ഇടുങ്ങിയ വിവാഹത്തെത്തടയുവിൻ അതും തന്നെ, രാജ്യത്തെ അധഃപതനത്തിൽനിന്നും ഉദ്ധരിക്കാനുള്ള ഒരു മാർഗ്ഗമായിരിക്കും. ജനസംഖ്യാധിക്യത്തിനു പരിഹാരമായിരിക്കും. യൂറോപ്യന്മാർ, അവരുടെ സ്ഥിതി കീഴ്പ്പോട്ടുപോകുന്തോറും ബാല്യവിവാഹത്തെ ഊർജ്ജിതത്തിൽ കൊണ്ടുവരുന്നു. എന്നിരുന്നിട്ടും ഇന്ത്യക്കാരെപ്പോലെ, അതിബാല്യത്തിൽ അവർ വിവാഹം

നടത്തുന്നില്ല. ഉയൎന്നസ്ഥിതിയിലുള്ളവർ മുപ്പതുവയസ്സിനുമുമ്പ്, അധികമായി വിവാഹം ചെയ്യുകാണുന്നില്ല. "സന്താനങ്ങൾ കുറഞ്ഞിരിക്കണം; എന്നാൽ ഉള്ളതു ബലിഷ്ഠമായിരിക്കണം." എന്നാണു് ഇംഗ്ലീഷുകാരുടെ ആദൎശം.

നമ്മുടെ ശാസ്ത്രങ്ങൾക്കു്, ബ്രഹ്മചൎയ്യത്തിന്റെ മഹത്വത്തെക്കുറിച്ചു പ്രതിപാദിക്കുന്നതിൽ അലംഭാവം ഉണ്ടാകുന്നില്ല; കായബലവും ആത്മശക്തിയും, ബ്രഹ്മചൎയ്യത്താൽ എന്നപോലെ മറെറാന്നുകൊണ്ടും സിദ്ധിക്കുകയില്ലെന്നു് ഉദ്ബോധിപ്പിക്കുന്നു. സ്ത്രീപുരുഷസംബന്ധമായ വികാരങ്ങളിലും ചെയ്തനകളിലും ചെലവാകുന്ന മനുഷ്യശക്തിയെ അടക്കിയാൽ, അതു് എളുപ്പത്തിൽ ഓജസ്സാകുന്ന അക്ഷയമായ ആത്മശക്തിയായി മാറുന്നു. അതുകൊണ്ടു് അപ്രകാരമുള്ള ഇന്ദ്രിയവികാരങ്ങളെ ബന്ധിക്കേണ്ടതു് ആവശ്യമാണു്. ഈ മൃഗീയമായ കാമത്തെ അടക്കാൻ ശക്തിയില്ലാത്തവണ്ണം, പ്രാകൃതികമായ ഈ മഹത്തായ ബന്ധത്തെ, വെറും നേരംപോക്കായി ഭാവിച്ചുകളയുന്ന മൂഢന്മാരെപ്പററി എന്തുപറയട്ടെ! തന്റെ യഥാൎത്ഥശക്തിയാകുന്ന രക്തത്തെയല്ലേ വാൎത്തുകളയുന്നതു്? ദൈവികശക്തിയെ ഇപ്രകാരം തെററായ മാൎഗ്ഗത്തിൽ കളയുന്നതിൽത്തന്നെ സകല പാപങ്ങളുടെയും ബീജം സ്ഥിതിചെയ്യുന്നു. കാമത്തോടു മൃഗീയത്വത്തെ സംബന്ധിപ്പിച്ചാൽ അതിന്റെ നാശത്തെത്തന്നെ അതു ബലപ്പെടുത്തുന്നു.

ബ്രഹ്മചൎയ്യംവേണം; അതു് ആവശ്യമാണു്. കൃച്ഛ്രസാദ്ധ്യമായ കൎമ്മങ്ങളെക്കൊണ്ടും ബ്രഹ്മചാരിത്വത്തെ പാലിക്കണം. ബ്രഹ്മചൎയ്യം ഇല്ലെങ്കിൽ അഭിവൃദ്ധിക്കായുള്ള സമരത്തിൽ പരാജയം തന്നെ സംഭവിക്കും. തൽക്കാലം നിനക്കു് ആവശ്യമായിട്ടുള്ളതു ബ്രഹ്മചൎയ്യം തന്നെയാണു്. അതിനെ ലഭിക്കാൻ പ്രയാസമാണെന്നു തോന്നിയേക്കാം. പക്ഷെ, അതിനെ സമ്പാദിക്കുകതന്നെവേണം. ഇന്ത്യയുടെ ഉന്നമനത്തിനും നിന്റെ ശരീരസുഖത്തിനും മതത്തിന്റെ അഭിവൃദ്ധിക്കും ബുദ്ധിയുടെ വളൎച്ചക്കും നീ തികച്ചും ബ്രഹ്മചാരിയായിരിക്കണം; ബ്രഹ്മചൎയ്യമില്ലാതെ ധൈൎയ്യം ഉണ്ടാകുന്നതല്ല. ഐകമത്യം സംഭവിക്കുകയില്ല; ശാന്തി അല്ലെങ്കിൽ സമാധാനം സിദ്ധിക്കുന്നതുമല്ല.

വിദ്യാഭ്യാസം:—അമേരിക്കയിലും ഇംഗ്ലണ്ടിലും പള്ളിക്കൂടം കണ്ടിട്ടില്ലാത്തവർപോലും നല്ല അറിവുള്ളരായി കാണപ്പെടുന്നു. നമ്മുടെ സൎവ്വകലാശാലാബിരുദധാരികളെക്കാൾ നാനാവിഷയജ്ഞാനം ഉള്ളവരായിരിക്കുന്നു. അതെന്തുകൊണ്ടു്? അവരെ നല്ല പ്രതിദിനപത്രങ്ങൾവഴി വിഷയങ്ങളെ പഠിപ്പിക്കുന്നു. ഇംഗ്ലണ്ടിലും ജൎമ്മനിയിലും അമേരിക്കയിലും കലാശാലകളെക്കാൾ വ

ത്തമാനക്കടലാസുകൾ വിശാലമായ അറിവിനെപ്പരത്തുന്നു. ഗവമ്മെണ്ടും മററാളുകളും നമ്മുടെ നാട്ടിൽ അല്പവിദ്യാഭ്യാസം പരത്താൻ ശ്രമിക്കുന്നതിനായി നാം കൃതജ്ഞത പ്രദർശിപ്പിക്കണം. അത്രമാത്രം വിദ്യാഭ്യാസപ്രചരണത്തിനു പര്യാപ്തമാകുന്നില്ല. പാമരന്മാർ അജ്ഞതയിൽ മുഴുകിക്കിടക്കുന്നതിനും സ്ത്രീകൾ ഭയങ്കരമായ അന്ധകാരത്തിൽ വർത്തിക്കുന്നതിനും നാം തന്നെയാണു കാരണഭൂതന്മാർ. സ്ത്രീകളെ ഉയർത്തുവിൻ! പാമരന്മാരുടെ ഇടയിൽ വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുവിൻ! നിങ്ങളും ഉയർന്നു ദേശസമുദായത്തെ ഉയർത്തുവിൻ! നാട്ടുഭാഷാപത്രങ്ങളെ പ്രചരിപ്പിക്കുകയാണ് ഇതിനു ശരിയായ കുറുക്കുവഴി. യഥാർത്ഥമായി ഉപയോഗമുള്ള പത്രങ്ങളെമാത്രം പ്രചരിപ്പിക്കുവിൻ! ആദ്യമായി, ഏതെങ്കിലും നാട്ടുഭാഷാപത്രങ്ങളുണ്ടെങ്കിൽ, അവയെ സ്ത്രീകൾക്കും പാമരന്മാർക്കുമായി അഭിവൃദ്ധിയിൽ കൊണ്ടുവരുവിൻ! ഈ വിഷയത്തിൽ ആദ്യംചെയ്ത ഒന്നുരണ്ടു പ്രയത്നങ്ങൾ തെററിപ്പോയിപോൾ! ഉന്നതവിദ്യാഭ്യാസമുള്ള വിദ്യാർത്ഥികൾ നാട്ടുഭാഷകളെ തൊടുന്നതിനുപോലും വെറുപ്പുകാട്ടുന്നതാണുകാരണം. മാതൃഭാഷയുടെ മഹത്വംകൊട്ടുക്കുവാൻ പഠിക്കുവിൻ! ഇന്ത്യായുവജനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഹിന്ദിഭാഷാപത്രം നടപ്പാക്കുവിൻ! പഞ്ചാബിലായാൽ മിടുക്കായി. ലിപി ഹിന്ദിയായിരിക്കട്ടെ! കഴിയുന്നതും സംസ്കൃതപദങ്ങളും പാരസീകവാക്കുകളും ഉപേക്ഷിക്കുവിൻ! നിങ്ങൾക്കുമാത്രം മനസ്സിലാകുന്നരീതിയെ വർജ്ജിക്കുവിൻ! അതു തികച്ചും വിട്ടുകളയുവിൻ! സ്വാഭാവികമായി തോന്നുന്നതുപോലെ എഴുതിവിടുവിൻ! കലാശാലാവിദ്യാർത്ഥികൾ ചെറുലേഖനങ്ങൾ എഴുതിഅയയ്ക്കാം. നീ വായിക്കുമ്പോൾ കിട്ടുന്ന ഉൽകൃഷ്ടമായ വിചാരങ്ങളെയും ശ്രേഷ്ഠമായ ആദർശങ്ങളെയും മാതൃഭാഷയിൽ വെളിപ്പെടുത്താൻ പരിചയിച്ചുകൊൾക! അങ്ങനെ ചെയ്യുന്നതുകൊണ്ടു, വായനക്കാർക്കു സിദ്ധിക്കുന്ന ഫലത്തെക്കാൾ കൂടുതൽഫലം നിനക്കുണ്ടാകും. അന്യന്മാരുടെ ദൃഷ്ടിയിൽ വായിക്കുന്നവർക്കേ ഫലംസിദ്ധിക്കുകയുള്ളു വെന്നു തോന്നിയേക്കാം.

ഭാരതമാതാവു ജീവിച്ചിരിക്കണമെങ്കിൽ, സ്ത്രീകളുടെയിടയിൽധാരാളം വിദ്യാഭ്യാസം പരക്കണം. നിങ്ങളുടെ സംസ്ഥാനത്തിൽ വിദ്യാഭ്യാസമില്ലാത്തവരായി ഒരു സ്ത്രീയും ഒരുദരിദ്രനും ശേഷിക്കരുതു്. ഈ അജ്ഞത നാട്ടിൽനിന്നു പലായനംചെയ്യണം. രാമൻ പത്രത്തിൽ ഹിന്ദിലിപിതന്നെ ഉപയോഗിക്കണമെന്നു പറയുന്നതിന്റെ കാരണം കുടിയക്ഷണത്തിൽ ഹിന്ദിതന്നെ നാട്ടിന്റെ പൊതുഭാഷയായിത്തീരുമെന്നുള്ളതാണു്. സ്ത്രീകളെയും സാധുക്കളെയും വിദ്യാഭ്യാസമുള്ളവരായിത്തീർക്കേണ്ടതു് നിങ്ങളുടെ പ്ര

യാന്മാരായ ചുമതലയാകുന്നു. ആ ചുമതല ശരിവരെ നിർവ്വഹിക്കപ്പെട്ടാൽ നിങ്ങൾക്കും ശ്രേയസ്സുണ്ട്. എന്നാൽ നിങ്ങൾക്കു മറെറാരു ജോലികൂടി—നിങ്ങൾതന്നെ നിർവ്വഹിക്കേണ്ടതായ ഒരു ജോലികൂടി—ഉണ്ടെന്നുള്ളതു സ്മരണീയമാണ്. വ്യാവസായികവിദ്യാഭ്യാസവും തൊഴിലും എവിടെ ലഭിക്കുമോ, അവിടെച്ചെന്ന് അവയെ സമ്പാദിച്ചുകൊണ്ടുവന്ന് ആ പ്രയോജനകരമായ അറിവിനെ ഇന്ത്യയിൽ പരത്തണം.

മതം:— കുടുംബക്കടം, സമുദായക്കടം, രാഷ്ട്രക്കടം ഇവയാണ്, നിങ്ങൾക്കായിട്ടുള്ള കർമ്മകാണ്ഡം. ഏതൊരു കർമ്മവും, ഗുരുതരമായ ഏതൊരു കാര്യവും ഇരുട്ടത്തു ചെയ്വാൻ സാധിക്കയില്ല; അല്പംപോലും മുമ്പോട്ടുപോകാൻ കഴിയുകയില്ല. ദിവസന്തോറും നിങ്ങളുടെ കാതുകളിൽ ഇടിച്ചുകയററുന്ന വിഷയങ്ങൾ നിങ്ങളുടെ ജീവിതമൂർത്തിയായിഭവിക്കും. ആത്മാവില്ലാതെ ശരീരമിരിക്കയില്ല. ഏതൊരാരംഭവും വിജയപൂർണ്ണമാക്കിച്ചെയ്യുന്ന ശക്തി, ഊർജ്ജിതമായ ഭക്തിയും ഉജ്ജ്വലത്തായ ജ്ഞാനവുമത്രേ "ഭക്തി മഹത്തായിട്ടുള്ളതാകുന്നു; ജീവിതത്തെ ബന്ധിച്ചു നിയന്ത്രിക്കാൻ കഴിവുള്ളതാകുന്നു" എന്നു കാർലൈൽ പറയുന്നു. ഒരു രാജ്യത്തിൽ എത്രകാലം ഭക്തി പ്രവർത്തിക്കുന്നുവോ, അത്രയുംകാലം ആ രാജ്യത്തെച്ചരിത്രം ഫലപ്രദമായി ഭവിക്കുന്നു; ആത്മശക്തിയുണ്ടാകുന്നു; അതു വൎദ്ധിക്കുന്നു. അറബികൾ, ഒരു മഹമ്മദുനബി, ആ ഒരു നൂററാണ്ടു; ഇത്ര തന്നെ. ലോകത്തിൽ ഒരുവൻെറ കണ്ണിലും പെടാതെ മറഞ്ഞ മണൽപ്രദേശത്ത് ഒരു തീപ്പൊരിവീണതുപോലെ തോന്നി. അത്രയേയുള്ളൂ. മണലാകട്ടെ വെടിമരുന്നുപോലെ പൊട്ടിച്ചിതറി ആകാശത്തിലെങ്ങും നിറഞ്ഞു ഡൽഹിമുതൽ ഗ്രീണേഡ്വരെ വ്യാപിച്ചുവശമായി. അല്ലാഹുഅക്ബർ, ദൈവമല്ലാതമറെറാന്നുമില്ല. വാസ്തവത്തിൽ മഹാകാര്യങ്ങളെല്ലാം ഉള്ളിലുള്ള വാക്കുകൾക്ക് എത്താത്തതായ അഗാധത്തിൽനിന്നും ആവിർഭവിക്കുന്നു. ഈശ്വരവിചാരത്തിൽ മുഴുകാതെയും അല്പമാത്രം ഈശ്വരവിചാരം ഉണ്ടായിരുന്നാൽ അതിനെ പൂർത്തിയാക്കാൻ യത്നിക്കാതെയും ഇരിക്കുന്നവൻ ഏവനോ അവൻ ജീവിച്ചിരിക്കുന്നവനല്ല; ശവമായവനാണ്.

---

## ൨. ഹിന്ദുമതത്തിൻെറ
## പുരാതനസ്ഥിതിയും ആധുനികസ്ഥിതിയും.

ഇന്ത്യയുടെ സാന്ദ്രമായ അന്ധകാരനിലയ്ക്കു കാരണം—മൂലകാരണം—വ്യക്തിത്വത്തെ അഭിലഷിച്ചതാണെന്ന്, അതിൻെറ

പുരാതനചരിത്രം സൂക്ഷിച്ചു വീക്ഷിച്ചാൽ ബോദ്ധ്യമാകു… രാജ്യത്തിനും ഇതുതന്നെയാണു കാരണം. "ഇന്ത്യയാകു… യ്യുകളിൽ, എത്ര മനോഹരമായി സൂര്യരശ്മി പ്രകാശിക്കുന്നു! … തെൻേറതാണ്; എൻെറ സ്വന്തം പ്രകാശമാണ്; എനിക്കുമാത്ര… അവകാശപ്പെട്ടതാകട്ടെ!" എന്നു പറഞ്ഞുംകൊണ്ട് വാതില്പുകളെയും വാതായനങ്ങളെയും നാം അടച്ചുകളഞ്ഞു. ഇന്ത്യയുടെ പ്രകാശ (ജ്ഞാനദീപ)ത്തെ സ്വായത്തമാക്കാനായിട്ടുള്ള പ്രയത്നദ്വാരാ അന്ധകാരത്തെ ഘനീഭൂതമാക്കിച്ചെയ്തു. ദൈവം ഏതൊരുവനെയും വലിയവനാക്കുന്നില്ല. ധനം ഒരു രാജ്യത്തിൻെറ മാത്രം സ്വന്തമല്ല. 'തത്വമസി' എന്നതിൽ നിന്നു സിദ്ധിക്കുന്ന ഐക്യബോധത്തെ നമ്മുടെ ജീവിതത്തിൽ കലർത്തുന്നതിനു നാം മറന്നുപോയി. നമ്മളിൽ ഭിന്നതകളും ബലഹീനതയും സംഭവിച്ചു. നാട്ടിലെ നേതാക്കന്മാർ എല്ലാവരും ഒരു വലിയ തെറ്റുചെയ്തു. സ്വാർത്ഥപരമായ അവകാശങ്ങളെ പാലിക്കുന്നതിൽ മാത്രം കണ്ണും കരളും പ്രവർത്തിപ്പിച്ച്, തങ്ങളുടെ ശുശ്രൂഷകർക്കു സമന്മാരായ അധഃകൃതരോടുള്ള നിഃസ്വാർത്ഥപരമായ കർത്തവ്യത്തെ വിസ്മരിച്ചുകളഞ്ഞു. എന്തും എങ്ങനെയുമാകട്ടെ! നല്ലപോലെ ഉറങ്ങിയവർ സുഖത്തോടെ ഉണരുന്നു. ഭാരതമാകട്ടെ ദീർഘകാലനിദ്രയെ അവലംബിച്ചിരുന്നു. തമോഗുണം നിശ്ചയമായും ഉദ്ഗളിക്കും, നോക്കുക! സാവധാനത്തിൽ ഉയർന്നുവരുന്നു. എന്നാൽ ഉയരും എന്നുള്ളതു നിശ്ചയം. പഴയസമ്പ്രദായങ്ങളെല്ലാം താൽകാലികമായ പരിവർത്തനസന്ദർഭത്തിനു തികച്ചും അനുയോജ്യമായിവരുന്നു.

അഭിവൃദ്ധിയെ പ്രാപിക്ക എന്നു വച്ചാൽ എന്താണ്? ഏതെല്ലാം അംശങ്ങളാണ് അതിന് ആവശ്യം? രൂപങ്ങളുടേയും കാര്യങ്ങളുടെയും പ്രാഗ്ഭാവവും ശ്രദ്ധയുടെയും ഉണർവിൻെറയും ഏകീഭാവവുമാകുന്നു. ഹിന്തുമതത്തിലെ ജോലിയും ചുമതലയും അനുമോദനീയമായവിധത്തിൽ രൂപവൽകരിച്ച് ഹൃദയവും ആത്മശക്തിയും ഒന്നിച്ചു വിളങ്ങിയ കാലത്തു ജാതി ഏർപ്പെട്ടു. എന്നാൽ, അനന്തരകാലത്തിൽ ആത്മാവിനെക്കാൾ രൂപത്തിനു ശ്രേഷ്ഠ്യം കല്പിച്ചു തുടങ്ങി; രാഷ്ട്രീയരൂപവൽകരണം മാത്രം പാലിക്കപ്പെട്ടുപോന്നു. തന്മൂലം സമ്യക്കായ അഭിവൃദ്ധി ക്ഷയിച്ചു കുഴപ്പം നേരിട്ടു. പ്രേമം അല്ലെങ്കിൽ യോജിപ്പു ശിഥിലമായി. തൊഴിലുകൾക്കു സങ്കലനം സംഭവിച്ചു. ഒരു ജാതിക്കാർ മറ്റൊരു ജാതിക്കാരുടെ തൊഴിലിനെ സ്വീകരിച്ചുകൊള്ളുന്നു. എന്നിരുന്നിട്ടും പണ്ടത്തെ ജാതിയെസ്സംബന്ധിച്ച അഭിമാനം വിട്ടുമാറാതെ പൂർവാധികം ഹൃദയൈക്യത്തെനശിപ്പിച്ചുവരുന്നു. പരമകാഷ്ഠയിൽ എത്തിയിരിക്കുന്ന ആ

നം സീമയെ ലംഘിച്ച്, യഥാൎത്ഥമായ ആത്മീയനിലയെ സംബന്ധമായ നാമരൂപബന്ധങ്ങളാൽ പൊതിഞ്ഞുകളഞ്ഞു. ശ്രുതി, വന്ധ്യയായിട്ടെന്നപോലെ മറഞ്ഞു; സ്മൃതി ചെങ്കോൽ ചെലുത്തിത്തുടങ്ങി; ആത്മാവിനു പകരം ലിഖിതരൂപമായ വിധി തലയെടുത്തു. വിധികളും സമ്പ്രദായങ്ങളും ചേൎന്ന് കൎമ്മകാണ്ഡം ഒരു രാജ്യത്തെ സമുദായശക്തിയെ ധ്വംസിക്കുന്നു. വിത്തിനെ സൂക്ഷിക്കുന്നിടത്തോളം തോലി അതിനെ പൊതിഞ്ഞിരിക്കേണ്ട ആവശ്യമുള്ളതുപോലെ വിധികളും സമ്പ്രദായങ്ങളും അല്പകാലത്തോളം തീൎച്ചയായും സഹായിക്കേണ്ടവതന്നെയാണ്. എന്നാൽ അല്പകാലത്തിനുള്ളിൽ അവ പോകുന്നില്ലെങ്കിൽ, അഭിവൃദ്ധിയെ കെടുത്താനുള്ള ദുഷ്ടാംശത്തോടുകൂടിയവയാണ്. പ്രിയപ്പെട്ട ജനങ്ങളേ! നിങ്ങൾ മറക്കരുതേ! വിധികളും സ്മൃതികളും നിങ്ങൾക്കായിട്ടുള്ളവയാണ്: നിങ്ങൾ അവയ്ക്കായിട്ടുള്ളവരല്ല. ശാശ്വതമായ ശ്രുതിയുടെ ഉപദേശങ്ങളെ ഏതുകാലത്തും ഏതുസ്ഥലത്തും പ്രചരിപ്പിക്കുവിൻ! നിങ്ങളുടെ സ്മൃതികളെ മാത്രം കാലാനുസൃതമായ തോതിൽ ഉപയോഗിക്കുവിൻ! ഭാരതത്തിൽ നദികളുടെ നിലമാറി; കാടുകളെല്ലാം കൃഷിചെയ്യപ്പെടുന്ന നിലങ്ങളായി മാറി; രാജ്യത്തിന്റെ രൂപംതന്നെ മാറി; ഗവൎമ്മെണ്ടു മാറി; ഭാഷമാറി; ജനങ്ങളുടെനിറവുംമാറി. ഇപ്രകാരം പരിവൎത്തനഭാവത്തോടുകൂടിയ ലോകത്തിൽ കഴിഞ്ഞുപോയ കാലത്തുള്ള വിധികളെയും സമ്പ്രദായങ്ങളെയും നിലനിൎത്താൻ ഉദ്യമിക്കുന്നോ! മുമ്പോട്ടുപോകേണ്ടവൻ, എപ്പോഴും പിമ്പോട്ടു ദൃഷ്ടിപതിച്ചുകൊണ്ടു നടന്നാൽ ഖേദിക്കേണ്ടിവരും; അവന്റെ ഓരോ ചുവടുവയ്പിലും മാൎഗ്ഗഭ്രമം സംഭവിക്കും.

ജീവിതത്തിന്റെ അഭിവൃദ്ധിയിൽ പരമ്പരാഭാവവും സന്ദൎഭാനുസൃതമായ നിലയും ഒത്തു പ്രവൎത്തിക്കുന്നു. താഴ്ന്നപടിയിലുള്ളവരിൽ പരമ്പരാഭാവംതന്നെ മികച്ചുനിൽക്കുന്നു. മനുഷ്യനെ മറ്റു പ്രാണികളിലും സ്ഥാവരജീവികളിലും നിന്ന് വേൎപെടുത്തിക്കാട്ടുന്നതെന്ത്? സന്ദൎഭാനുസൃതമായ നിലയ്ക്കുയോജിച്ച സ്ഥിതി—അതായതു വിദ്യാഭ്യാസത്തിന്റെ മുന്നേറ്റം—അല്ലേ? അഴകുള്ള കൈക്കുഞ്ഞും ചെറിയ പട്ടിക്കുട്ടിയും അജ്ഞതയെസ്സംബന്ധിച്ചിടത്തോളം തുല്യതയിൽ വൎത്തിക്കുന്നു. പട്ടിക്കുട്ടി തന്റെ ജനനത്തോടുകൂടി തനിക്കു വേണ്ടുന്നതെല്ലാം ഒന്നിച്ചുകൊണ്ടുപോരുന്നു. ശിശുവിനാകട്ടെ, സന്ദൎഭത്തെ അനുസരിച്ചും വിദ്യാഭ്യാസംമൂലവും ലോകംമുഴുവൻ തന്റെ ഭരണത്തിൻകീഴിലാക്കിച്ചെയ്യാൻ കഴിയും.

നിങ്ങൾ കാലത്തിലും സ്ഥലത്തിലും ജീവിക്കുന്നു, ഇന്ത്യയിലെ പുരാതനഋഷികളുടെ കുലത്തിൽ ജനിച്ചിരിക്കുന്നു. എന്നാൽ, അവരുടെ കാലത്തിലല്ല, നിങ്ങൾ ഇപ്പോൾ ജീവിക്കുന്നത്. ഇക്കാ

ഷത്തു് ആവിയന്ത്രങ്ങളും ആവിക്കപ്പലുകളും വത്ത്മാനക്കമ്പി മുതലായവയും നിങ്ങളെ സൂക്ഷിച്ചുനോക്കുന്നു. ഇരുപതാംനൂററാണ്ടിലെ നവീനശാസ്ത്രങ്ങളെയും തൊഴിലാളികളെയുംസംബന്ധിച്ചു യൂറോപ്യന്മാർ അമേരിക്കക്കാർമുതലായവരോടുള്ള അദ്ധ്യതനയുദ്ധത്തിൽ നിന്നും നിങ്ങൾക്കു വിരമിക്കാൻ കഴിയുകയില്ല. ഈ കാലപരിവത്തനത്തിന് അനുസരിച്ചു ജീവിക്കാൻ നിങ്ങൾ നിങ്ങളെ കഴിവുള്ളവരാക്കിച്ചെയ്യാതെ നിങ്ങൾക്കു രക്ഷപ്പെടാൻ സാധിക്കുന്നതല്ല. നിങ്ങളുടെ നാട്ടിലെ അതിപ്രാചീനമായ ജ്യോതിസ്സിനു സമമായ നവ്യജ്യോതിസ്സിനെ സ്വീകരിച്ചുകൊണ്ടു നശിക്കുന്നതിന് ആഗ്രഹിക്കാതിരിക്കുന്നുവെങ്കിൽ പിതൃലോകത്തിൽ ചെന്നു നിങ്ങളുടെ പൂവ്വികന്മാരോടുകൂടി വസിക്കാം. ഇവിടെ സംശയമെന്തിന്? നിശ്ചയമായും പോകാം; പോകുവിൻ!

നിങ്ങളുടെ സമഷ്ടിനിലയെ കെടുത്തണമെന്നല്ല രാമന്റെ വിചാരം. ഒരു ചെടി പുറമേയുള്ള വായു, ജലം, വളം, മണ്ണു മുതലായവയെ സ്വീകരിച്ചുകൊള്ളുന്നു. എന്നാൽ ആ ചെടി, വായുവായിട്ടോ, മണ്ണായിട്ടോ ഭവിക്കുന്നുണ്ടോ? ഇല്ല, ഒരിക്കലുമില്ല. അപ്രകാരംതന്നെ നിങ്ങളും വെളിയിലുള്ള പദാത്ഥങ്ങളെയെല്ലാം ഗ്രഹിച്ചു ജീണ്ണപ്പെട്ടു് ആദ്യമേ ലഭിക്കപ്പെട്ട ജീവനാകുന്ന ശാന്തി നിങ്ങളുടെ ഹൃദയത്തിൽ എല്ലായ്പോഴും തുടിച്ചുകൊള്ളുമാറു ചെയ്യുവിൻ!

രാജ്യത്തിന്റെ സാമ്പത്തികനിലയെ ശരിക്കു പ്രയോജനപ്പെടുത്തത്തക്കവണ്ണം പരിശീലിക്കുകയാണു്, വിദ്യാഭ്യാസലക്ഷ്യമായിരിക്കേണ്ടതു്. ജനങ്ങൾ, പര്യാപ്തമായ വിദ്യാഭ്യാസത്താൽ നിലത്തെ അധികം ഫലവത്താക്കിച്ചെയ്യണം; ഖനികളിലുള്ള സാധനങ്ങളെ ധാരാളം വെട്ടിയെടുക്കണം; കച്ചവടത്തെ അഭിവൃദ്ധിയിൽകൊണ്ടുവരണം; സ്വശരീരംകൊണ്ടു വളരെ ചൊടിയോടെ വേല ചെയ്യണം; സ്വബുദ്ധികൊണ്ടു തന്റേടത്തോടുകൂടിയും സ്വയമായും പ്രവത്തിക്കണം; ഹൃദയങ്ങളെ പരിശുദ്ധമായിപാലിക്കണം; പലേതരത്തിലുള്ള കൈത്തൊഴിലുകളെ നടപ്പിൽവരുത്തണം; നാട്ടിലെ സമുദായങ്ങൾ തമ്മിലുള്ള ഐക്യത്തെ ബലപ്പെടുത്തണം. ഇത്രയുമായിരിക്കണം വിദ്യാഭ്യാസത്തിന്റെ ഫലം. പരുഷമായ വഴക്കുകളുടെ വളച്ചയ്ക്കുമാത്രം സഹായിക്കുന്ന വലിയവലിയ പ്രമാണവാക്യങ്ങളെ എടുത്തു് ഉച്ചരിക്കുന്നതും വാക്യാർത്ഥത്തെ വ്യഭിചരിപ്പിക്കുമാറു പുരാതനശാസ്ത്രങ്ങൾക്കു കുയുക്ത്യാ അർത്ഥകല്പനചെയ്യുന്നതും, നമ്മുടെ ജീവിതത്തിനു പ്രയോജകീഭവിക്കാത്ത പാഠങ്ങളെ ഉരുവിടുന്നതും വിദ്യാഭ്യാസവുമാകയില്ല. അനുഭവത്തിൽകൊണ്ടുവരാൻ സാധിക്കാത്ത അറിവിനെ സമ്പാദിക്കുന്നതു് ആത്മീയമായ അജീണ്ണരോഗങ്ങളെ വരുത്തിവയ്ക്കുകയാണു്. മനുഷ്യവ്യക്തിയിൽ

യുക്തശക്തി (അറിവിനെ അനുഭവത്തിൽ കൊണ്ടുവരത്തക്കശക്തി) ലേശവും ഇല്ലെന്ന് അർത്ഥമാകുന്നതാണ്.

ബാഹിരേകട്ടകകളിൽനിന്നും ശക്തിപൂർവ്വകങ്ങളായ ആക്ഷേപങ്ങളും പ്രതിബന്ധങ്ങളും നേരിട്ടാലും—തുടരെത്തുടരെ പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടിരിക്കുമ്പോഴും—ഹിന്തുക്കൾ, സന്ദർഭാനുസരണമായ സ്ഥിതിയെ ശരിപ്പെടുത്തത്തക്ക വിദ്യാഭ്യാസത്തെ സമ്പാദിക്കുന്നുണ്ടെന്നുള്ളത് ആശാസ്യമായ ഒന്നാണ്. പുരാതനകാലത്തെ സമുദായവിധികളുടെ കാർക്കശ്യം കുറഞ്ഞുവരുന്നു. ജാതിഭേദസമ്പ്രദായത്തിന് സ്വാഭാവികമായ മാററം സംഭവിച്ചുവരുന്നു. പാശ്ചാത്യനവീനശാസ്ത്രസമ്പ്രദായങ്ങളെക്കണ്ടു ഭയപ്പെടാതെ അവ, ബ്രഹ്മവിദ്യയുടെ സൂഹൃദാത്മകമാണെന്നുതന്നെ കരുതുന്നു. ഹിന്തുക്കളുടെ വിവാഹസമ്പ്രദായത്തിൽ വലിയ വൈദികന്മാരുടെ ആഭിമുഖ്യത്തിൽത്തന്നെ, ദമ്പതികളുടെ വയസ്സിന്റെ സംഖ്യയെ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു.

ഇന്ത്യയിൽ ഇപ്പോൾ, വെള്ളത്തിന്റെ മീതെ പായൽ ഞെരുങ്ങിനില്ക്കുന്നതുപോലെ, അൻപത്തിരണ്ടുലക്ഷത്തിൽ കുറയാതെ സാധുക്കൾ നിറഞ്ഞിട്ടുണ്ട്. അവരിൽ ചിലർ വാസ്തവത്തിൽ, മനോഹരമായ താമരപ്പൂവിനു തുല്യന്മാരാണ്. തടാകത്തിന് അഭിമാനത്തെ നൽകുന്നവരാണ്. എന്നാൽ, അധികംപേരും രോഗത്തെ ഉണ്ടാക്കുന്ന മാലിന്യത്തെപ്പോലെയിരിക്കുന്നു. ജലം പാഞ്ഞൊഴുകട്ടെ; എന്നുവച്ചാൽ സമുദായം സോത്സാഹം ജീവനാഡിയെ പ്രദർശിപ്പിക്കട്ടെ! അതുവഴി മുകളിൽപൊതിഞ്ഞിരിക്കുന്ന അഴുക്കുകളെ അടിച്ച് ഒഴുക്കിക്കൊണ്ടുപോകട്ടെ! ഭാരതചരിത്രത്തിന്റെ പുരാതനസ്ഥിതിക്ക് അനുയോജ്യമായ അഭിവൃദ്ധി അന്നു സാധുക്കൾക്ക് ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ, നവീനപരിഷ്കാരകാരണത്താൽ ധനികന്മാരുടെ സ്ഥിതിഗതികൾക്കു മാററം സംഭവിക്കുന്നതിനാൽ സാധുക്കളും തങ്ങളുടെ നിലയ്ക്കു ഭേദം വരുത്തുന്നു. രാജ്യസമുദായത്തോട് അട്ടയെന്നവണ്ണം ഒട്ടിനില്ക്കുന്നതിനു പകരം, മറെറാന്നും ചെയ്വാൻ സാധിച്ചില്ലെന്നിരുന്നാലും സാധുക്കൾ, രാജ്യസമുദായവൃക്ഷത്തിനു തങ്ങളുടെ മനഃകായങ്ങളെ വളമായിട്ടെങ്കിലും ഉപയോഗപ്പെടുമാറു ചെയ്യുന്നു. പ്രവൃത്തിയെടുക്കൽ ഗുരുതരമായ ഒന്നാണെന്നും നിഃസ്വാർത്ഥമായ സേവനമത്രേ ആത്മപരിശീലനമെന്നും ഗീത പഠിച്ച ലക്ഷോപലക്ഷം വിദ്യാർത്ഥികൾ ഏതാവൽപര്യന്തം വാക്കുകളെക്കൊണ്ടു വെളിപ്പെടുത്തിവന്നു; ഇപ്പോൾ കഴിയുന്നത്ര അനുഭവത്തിൽകൊണ്ടുവരുന്നുണ്ട്. നിന്റെ കർമ്മങ്ങൾതന്നെ, കാര്യങ്ങൾതന്നെ, നീ ചെയ്യുന്ന ഈശ്വരപൂജയായിരിക്കട്ടെ! സ്വാർത്ഥത്തെ വേരോടെ നശിപ്പിക്കുക! ഫലത്തെ അർത്ഥിക്കാതിരിക്കു

ക! നന്മയെയും തിന്മയെയും തുല്യനിലയിൽ വീക്ഷിക്കുക! ഇതത്രേ യോഗം. അഗാധഭക്തിയും തികഞ്ഞ വിവേകവും സാധുക്കളിൽ മാത്രമല്ല ചില പണക്കാരിലും കാണുന്നുണ്ട്. ഇന്ത്യയുടെ പുരാതനസ്ഥിതിയെയും ആധുനികസ്ഥിതിയെയും കുറിച്ചുള്ള സ്ഥൂലമായ അറിവെങ്കിലും വഴിയാംവണ്ണമുള്ള ഏതൊരുവനും ഇന്ത്യക്കാരിൽ പഠിപ്പുള്ളവരുടെ മതം എന്താണെന്നു വെളിപ്പെടുന്നതാണ്.

### കർമ്മം, പ്രേമം അല്ലെങ്കിൽ ഭക്തി, വിരക്തി.

യഥാർത്ഥമായ കർമ്മത്തെ, യഥാർത്ഥമായ പ്രേമത്തിൽനിന്നും യഥാർത്ഥമായ ജ്ഞാനത്തിൽനിന്നും വേർപെടുത്താൻ കഴിന്നതല്ല. ശ്രുതിതത്വം അഥവാ അനുഭൂതവേദാന്തം എന്തുപറയുന്നു? നിന്റെ ജീവിതത്തിൽ ഓരോ പ്രവൃത്തിയും ഉണർവും വിചാരവും യജ്ഞം എന്നു കരുതപ്പെടണം; ദേവന്മാർക്കായിട്ടു പ്രേമപൂർവ്വം ഒഴിഞ്ഞുവിടണം. വേദാന്തഭാഷയിൽ 'ദേവൻ' എന്ന വാക്കിന്റെ അർത്ഥം "പലപ്രകാരത്തിലുള്ള ചലനങ്ങളും ജീവനുംജ്യോതിസ്സും നല്കുന്നശക്തി" എന്നാകുന്നു. ഓരോ ചലനങ്ങൾക്കും കാരണങ്ങളായ ഇന്ദ്രിയങ്ങളുടെ ദേവതയെന്നതു്, ജഗത്തിലുള്ള ഇന്ദ്രിയസമഷ്ടി എന്നുപറയാം. ആദ്ധ്യാത്മികം, ആധിദൈവികം, എന്നുള്ളതു നോക്കുക! ചക്ഷുർദ്ദേവതയെന്നതു് സമഷ്ടിയുടെ വീക്ഷണം; അതിന് ആദിത്യൻ എന്നുപേരാകുന്നു; അതിന്റെ ബാഹ്യചിഹ്നമായിട്ടുമാത്രമാകുന്നു സൂര്യൻ പ്രകാശിക്കുന്നതു്; ലോകത്തിന്റെ നയനമത്രേ സൂര്യൻ; കരങ്ങളുടെ (കൈത്തൊഴിലിന്റെ) ദേവത ഇന്ദ്രനാണു്; ഈ വിധത്തിലാണു് ഇതരദേവതകളുടെയും അവസ്ഥ. ദേവതകൾക്കായുള്ള യഥാർത്ഥമായ യജ്ഞം എന്തെന്നാൽ മനുഷ്യവ്യക്തിയുടെ ഇന്ദ്രിയകാര്യങ്ങളെ സമഷ്ടീന്ദ്രിയകാര്യങ്ങൾക്കു സമർപ്പണംചെയ്യുകയാകുന്നു. ഇന്ദ്രനെ പ്രീതിപ്പെടുത്തുകയെന്നാൽ, ലോകത്തിലുള്ള കൈകളെയെല്ലാം സല്ക്കരിക്കുകയാകുന്നു. ആദിത്യദേവന്നു് അർപ്പണംചെയ്യുകയെന്നാൽ, സർവ്വദൃഷ്ടിയിലും ദൈവത്തെക്കാണുന്നു എന്നറിയുകയാകുന്നു; ഏതൊരുവന്റെ ദൃഷ്ടിയെയും അവമതിക്കാതിരിക്കുകയാകുന്നു. നിങ്ങളുടെ ദൃഷ്ടിയെ ആദിത്യദൃഷ്ടിക്കു് അർപ്പണംചെയ്തിട്ടു സ്വാർത്ഥങ്ങളെയെല്ലാം ദൂരത്തകററി, സമഷ്ടിയാകുന്ന ആദിത്യനെത്തന്നെ നിങ്ങളുടെ നയനങ്ങൾവഴി പ്രകാശിപ്പിക്കുകയാകുന്നു. ബൃഹസ്പതിയെ സേവിക്കുകയെന്നാൽ, തന്റെ അറിവിനെ രാജ്യത്തിന്റെ പൊതുക്കാര്യത്തിനായി സമർപ്പിക്കുക, അതായതു്, താൻ സമുദായത്തിൽനിന്നും വിഭിന്നനല്ലെന്നുള്ള ബോധത്തെ സ്ഥിരീകരിക്കുകയാകുന്നു; തനിക്കായിട്ടു പ്രത്യേകം നന്മയെ കരുതാതെ സമുദായനന്മയോടു കലന്നു് ആനന്ദത്തിൽ മുഴുകുകയാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, യജ്ഞമെന്നതു്, അന്യനെ താനെന്നു് അനുഭവ

ത്തിൽ തികച്ചും കരുതുകയാണെന്ന് അർത്ഥമാകുന്നു; തന്റെ ചെറിയ 'അഹ'ത്തെ സമഷ്ടിയിൽ ഏകീകരിക്കുകയാകുന്നു. സ്വാർത്ഥാത്മകമായ 'അഹ'ത്തെ നശിപ്പിച്ചുംവച്ച് സമഷ്ടിജീവനാകുന്ന ആത്മാവിനെ അനുഭവത്തിലേക്ക് ഉയർത്തിക്കൊണ്ടുവരികയാണ്. ആ വിഷയത്തിൽ ഒരു ഭാഗത്തെ ഭക്തിയെന്നും മറ്റൊരുഭാഗത്തെ ജ്ഞാനമെന്നും സാധാരണയായി വ്യവഹരിക്കുന്നു. ആ അനുഭവം പൂർണ്ണമാകുമ്പോൾ "തത്വമസി"യുടെ ആനന്ദനിലയെഅറിയുന്നു.

നീ ഒരു രാജ്യഭക്തനാകാൻ ആഗ്രഹിക്കുന്നുവോ? നിന്റെ രാജ്യത്തോടും രാജ്യക്കാരോടും ഐക്യപ്പെട്ടുകൊൾക! അവശ്യമായി ഐക്യതയെ അനുഭവത്തിൽകൊണ്ടുവരിക! നിന്നെയും നിന്റെ സമുദായത്തെയും പൃഥക്കരിച്ചുകൊണ്ട്, നീയാകുന്നവ്യക്തി ഒരു നേരിയ കുന്നാടിയെപ്പോലെതന്നെയും കുറുക്കിടാതിരിക്കട്ടെ! ഉൽകൃഷ്ടഗുണസമ്പന്നനായി ആത്മധൈര്യത്തോടുകൂടിയവനായി നിന്ന്, നിന്റെ രാജ്യത്തിനുവേണ്ടി ജീവനെ ബലികഴിക്കാൻ സന്നദ്ധനായാലും! സങ്കുചിതമായ ഹൃദയത്തെ വെടിഞ്ഞു് രാജ്യസമഷ്ടിയോടുകലർന്ന്, ഏതൊന്നിനെ ഗ്രഹിച്ചാലും നിന്റെ രാജ്യവും കൂടെ ഗ്രഹിക്കും. നീ മുന്നോട്ടുപോയാൽ നിന്റെ രാജ്യം പിന്നാലെ എത്തും. നീ ദൃഢതയോടുകൂടി വർത്തിച്ചാൽ നിന്റെ രാജ്യക്കാരും അപ്രകാരംതന്നെ വർത്തിക്കും. നിന്റെ ശക്തി അവരിൽ വ്യാപിക്കും. "ഞാൻ ഭാരതസമുദായം" എന്നുള്ള ബോധം ജനിക്കട്ടെ! "കന്യാകുമാരി എന്റെ പാദം; ഹിമാചലം എന്റെ ശിരസ്സ്; ഗംഗ എന്റെ ഉത്തമാംഗത്തിൽനിന്നും ഉത്ഭവിക്കുന്നു; ബ്രഹ്മപുത്രയും സിന്ധുവും എന്റെ ശിരസ്സിൽനിന്നും പ്രവഹിക്കുന്നു; വിന്ധ്യൻ പർവതങ്ങൾ എന്റെ അരയെച്ചുററിപ്പിണഞ്ഞിരിക്കുന്നു; കോറമാൻറൽകോസ്റ്റ് എന്ന കരിമണൽ കടൽത്തീരം എന്റെ വലതുകാൽ; മലയാളക്കര എന്റെ വാമപാദം; ഞാൻതന്നെ അഖിലേന്ത്യ; കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ എന്റെ ഇരുകരങ്ങൾ; മനുഷ്യവർഗ്ഗത്തെ ഞാൻ ഇരുകൈകളുംകൊണ്ടു ചേർത്തണയ്ക്കുന്നു; എന്റെ പ്രേമം ലോകമെങ്ങും വ്യാപിക്കുന്നു; എന്റെ ശരീരത്തിന്റെ കെട്ടുപാട് ഈ വിധത്തിലാകുന്നു; നിന്നുകൊണ്ടു കഴിയുന്നിടത്തോളം ദൂരത്തു നോക്കുന്നു; എന്നാൽ എന്റെ ആത്മാവുതന്നെയാണു സകലത്തിനും ആത്മാവ്; ഞാൻ ഉണരുമ്പോഴും നടക്കുമ്പോഴും സംസാരിക്കുമ്പോഴും ഇന്ത്യതന്നെ ആ വിധംചെയ്യുന്നു എന്നു തോന്നുന്നു; നടക്കുമ്പോഴും ഞാനാണ് ഇന്ത്യൻ. ഞാനാണു ശങ്കരൻ. ഞാൻതന്നെ ശിവൻ. ഇതത്രേ ദേശാഭിമാനത്തിന്റെ തികഞ്ഞ അനുഭവം. ഇതത്രേ അനുഭൂതവേദാന്തം. ശാന്തിഃ ശാന്തിഃ ശാന്തിഃ

# ൩൨. യജ്ഞരഹസ്യം.

"പ്രാചീനയജ്ഞസമ്പ്രദായത്തെ ഉദ്ധരിച്ച്, സാമുദായികൈക്യത്തെ സ്ഥാപിച്ചാലെന്താ"ണെന്നു ചിലർ രാമനോടു ചോദിച്ചു. അപ്പോൾ രാമന്റെ വാസസ്ഥലം ബ്രഹ്മാവിന്റെ മഹായജ്ഞഭൂവായ ഭാരതഖണ്ഡമായിരുന്നു. ഏതോ ഒരവസരത്തിൽ മേൽപ്രകാരം ചോദിച്ചതിനു രാമന്റെ സമാധാനം ഇതാണ്:--ആദിത്യൻ ബാംബയിലുള്ള വൃക്ഷങ്ങളോട്, "ഹിമാലയത്തിൽ കരുത്തോടുകൂടി ഉയർന്നുവളരുന്ന വൃക്ഷങ്ങൾക്ക് എന്റെ ഉഷ്ണത്തെയും ജ്യോതിസ്സിനെയും കൊടുത്തുപോയി; അതിനെക്കൊണ്ടുതന്നെ സംതൃപ്തിയോടുകൂടി നിങ്ങളും വരണം; നിങ്ങൾക്ക് ഇനി അങ്ങനെതരാൻസാധിക്കയുമില്ല." എന്നു പറഞ്ഞാൽ ആ വൃക്ഷങ്ങൾ ശരിക്കു വളരുകയില്ല. തോട്ടത്തിൽ നിൽക്കുന്ന 'ആപ്പിൾ' വൃക്ഷങ്ങൾക്കു ലഭിക്കുന്ന സൂര്യപ്രകാശംകൊണ്ട്, തടാകത്തിൽ നിൽക്കുന്ന താമരകൾ പുഷ്പിക്കുമോ? അതുപോലെതന്നെ, ബുദ്ധഭഗവാൻ, യേശുക്രിസ്തു, മഹമ്മദുനബി മുതലായവരിൽ, സ്ഫുടീകൃതമായ ജ്ഞാനത്താൽ, ഷേക്സ്പീയർ, ന്യൂട്ടൺ, സ്പെൻസർ തുടങ്ങിയുള്ളവർക്കു വർത്തിക്കാൻ കഴിയുന്നതല്ല- അതുകൊണ്ട് നമ്മളും നമ്മെസ്സംബന്ധിച്ച വിഷയങ്ങളെ എല്ലാം നമ്മുടെപ്രയത്നത്താൽതന്നെ രൂപവൽകരിക്കേണ്ടതാണ്. നമ്മുടെ അതീവബഹുമാനാദരങ്ങളെ സവിശേഷം അർഹിക്കുന്നവരായ പുരാതനമഹർഷിമാരുടെയും മററും കണ്ണുകൾകൊണ്ടു നാം നോക്കിയാൽ കാഴ്ച കിട്ടുകയില്ല. സ്മൃതിനിയമങ്ങളെല്ലാം വിധിക്കുന്നതിതാണ്.—"ഇന്നലെ അതുമിതുമെല്ലാം സമ്മതിച്ചു; ഇന്ന് ആ വിധിയെങ്ങനെ തോന്നുന്നു? അനുഭവത്തിൽ എങ്ങനെ ഗ്രഹിക്കുന്നു? ഓരോ പ്രസ്ഥാനവും ഓരോ കാലത്തു നടപ്പിലിരിക്കുന്ന നാണയങ്ങളെപ്പോലെയാണ്. നമ്മുടെ ഛായയെ അതിൽ പ്രതിഫലിപ്പിക്കുന്നു. അതിവേഗത്തിൽ അതു തേഞ്ഞുമാഞ്ഞുപോകുന്നു. എളുപ്പത്തിൽ നാണയനിർമ്മാണശാലയിലേക്കു തിരികെ അയയ്ക്കേണ്ടിവരും. വസ്തുസ്ഥിതികൾ, ഉണ്ടാക്കിയും അഴിച്ചും വീണ്ടും തോന്നിപ്പിച്ചും എന്നീ ക്രമത്തിൽ സോത്സാഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെ, ആശ്രയിച്ചിരിക്കുന്നു. ജീവനാഡി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനു ലക്ഷ്യം നിരന്തരപരിവർത്തനമാവതന്നെ.

ഏതൊരുവർ തങ്ങളുടെ പിൽകാലജീവിതത്തെ, പിന്നിൽ തള്ളിക്കളയുന്നുവോ അവർ തുലോം ദയനീയന്മാരാണ്. അവർ പ്രവൃത്തികളൊക്കെ മുമ്പിലിരിക്കേ, പിന്നിൽ തിരിഞ്ഞുനോക്കുന്നതെന്തിനു? പറയാം; രാമൻ പറവാൻപോകുന്ന സംഗതികളൊക്കെ

ല്ലാം ഗീതയിലും മനുസ്മൃതിയിലും നിന്നു് തെളിവുകൾ കാണിക്കാൻ കഴിയും. എന്നാൽ കാരണത്തോടുകൂടിയും മനഃപൂർവ്വമായും അപ്രകാരമുള്ള തെളിവു കാണിക്കലിൽ വൈമുഖ്യം പ്രദർശിപ്പിച്ചുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ എതിരഭിപ്രായക്കാരും, തെളിവുകാട്ടാൻ മുന്നിട്ടു് വഴിതെററിച്ചരിച്ച ശുഷ്കാസ്ഥികളെ കടിച്ചൂട്ടുക്കാൻ ശ്രമിക്കുന്നതാണു്. തന്നിമിത്തം, വഴിതെററിയ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സ്ഥിരീകരണത്തിനു പര്യാപ്തമായ ആ ഉദ്യമത്തിനു സഹായിച്ച പാപത്തെ അനുഭവിക്കേണ്ടിവരും. തെററായമാർഗ്ഗം എന്തെന്നാൽ, വിഷയവിചിന്തനം അതേപ്രകാരത്തിൽ നിർവ്വഹിക്കുന്നതിനുപകരം, പുസ്തകജ്ഞാനത്തിനു പ്രാധാന്യം കല്പിക്കുകയാണു്. മഹാപുരുഷനായ ശങ്കരാചാര്യർ ചെയ്ത വലിയതെററിതാണു്; അദ്ദേഹം തന്റെ ജ്യോതിസ്സിനെ തിരശ്ശീലയിട്ടു മറച്ചുകളഞ്ഞു. സ്വാനുഭവംതന്നെ ഉൽകൃഷ്ടപ്രമാണമെന്നിരിക്കെ അദ്ദേഹം തന്റെ അനുഭവസിദ്ധമായ പരമാർത്ഥങ്ങൾക്കു് തെളിവു കിട്ടാൻ പഴയ ഗ്രന്ഥങ്ങളെ എന്തിനു മർദ്ദിക്കണം? അതിലേക്കു സമയത്തെ പാഴിൽകളഞ്ഞതെന്തിനു്? പിൻഗാമികളായ മററുള്ളവരും, അതേവാക്കുകളെത്തന്നെ മുറുകെപ്പിടിച്ചുകൊണ്ടു് അതേഗ്രന്ഥങ്ങളിൽ നിന്നുതന്നെ തങ്ങൾക്കും ആവശ്യമുള്ളവയെ ഗ്രഹിച്ചുവന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ സദുദ്ദേശ്യത്തോടുകൂടി ചെയ്യപ്പെടുന്നവയായാലും പരമാർത്ഥത്തിന്റെ ഗതിയെത്തടയുകയല്ലാതെ അതിനെ ത്വരിപ്പിക്കാൻ സാധിക്കുന്നതല്ല. ഇന്ത്യയുടെ അദ്ധ്യാത്മകഷ്ടതകൾക്കു കാരണം, സ്വാഭാവികമായ കെട്ടുപാടിനെ ഭേദപ്പെടുത്തിയതാണു്; പുരാതനഗ്രന്ഥങ്ങളാകുന്ന നിഴലുകളിൽ അടിഞ്ഞുകിടന്നുംകൊണ്ടു് ജീവനെത്തന്നെ രൂപവൽകരിച്ചതാണു്. ശ്രുതിയാകുന്ന വന്ധ്യമാതാവിന്റെ സ്ഥിതി നോക്കുക! ഒരു പുത്രൻ മനോഹരമായ ചികുരത്തെപ്പററിപ്പിടിച്ചു് ഒരു ഭാഗത്തേക്കു വലിക്കുന്നു; മററൊരുപുത്രൻ മറെറാരുഭാഗത്തെ വലിക്കുന്നു; വേറെ ഒരു മകൻ വേറെയൊരിടത്തേക്കു ശക്തിയോടെ പിടിക്കുന്നു; ഇങ്ങനെ ഓരോരുത്തരും ഓരോരോ ദിക്കിലേക്കു വലിക്കുന്നു. ഈ വിധത്തിലാണു് എല്ലാവരും അവരവരുടെ ഭാഗത്തേക്കു ശ്രുതിയെ തെളിവുതരുന്നതു്. അനുഭവദൃഢമായ ഉൽകൃഷ്ടഗുണത്തിൽ സത്യനിഷ്ഠയെ ക്ഷയിപ്പിക്കുന്നു. പുരാതനഭാരതത്തിൽ വിലസിയ അല്ലയോ മുനിപുംഗവന്മാരേ! മഹർഷികളേ! കാലത്തിന്റെ മാററം ഈ വിധത്തിലോ? നിങ്ങളുടെ വംശത്തിൽ ജനിച്ച സന്താനങ്ങൾ, തങ്ങളുടെ ഉദ്ദേശ്യസാദ്ധ്യത്തിനു പ്രാചീനവിധികളെയോ ചികഞ്ഞുനോക്കേണ്ടതു? കൈകാര്യമില്ലാത്ത ഭാഷയുടെ വ്യാകരണത്തെയോ അനുഷ്ഠിക്കേണ്ടതു്?

ആപ്തമിത്രങ്ങളേ! വിധികളും സ്ഥാപനങ്ങളും മനുഷ്യൎക്കുവേണ്ടി ഏൎപ്പെട്ടവയാണ്; മനുഷ്യർ അവയ്ക്കുവേണ്ടി ഏൎപ്പെട്ടിട്ടില്ല. "ശരിയായ ഭാഷ്യങ്ങളാൽ പിൽക്കാലത്തെയും മുൽക്കാലത്തെയും ചേൎത്തു കോൎക്കാ"മെന്നു ചിലർ അഭിപ്രായപ്പെടുന്നു. എത്ര വിശേഷമായ ആലോചന! എത്ര നയത്തിൽ പറഞ്ഞുകളയുന്നു! പഴയ കുപ്പായങ്ങളിൽ പണ്ടേതന്നെ വേണ്ട തുന്നലുകളും ചേൎപ്പുകളുമില്ലേ? സത്യം, അല്ലെങ്കിൽ പരമാൎത്ഥം വിളങ്ങുന്നതിന് തെളിവും സഹായവും വേണോ? ലോകം മുഴുവനും സൂൎയ്യനെ വലംവച്ചുചെല്ലട്ടെ! സൂൎയ്യൻ ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നു. നൂതനമായി കണ്ടുപിടിക്കപ്പെട്ട പ്രകൃതിരഹസ്യങ്ങളെയെല്ലാം, ക്രിസ്തുവേദങ്ങളിലെപ്പോലെയുള്ള മതഗ്രന്ഥങ്ങളുടെ ഭാഷ്യമാണെന്നു പറയാമോ? ആവിധംചെയ്തു മുൽക്കാലത്തെയും പിൽക്കാലത്തെയും പരസ്പരം ഘടിപ്പിക്കാൻ കഴിയുമോ? ഈശ്വരായത്തമായ പുരാതനഗ്രന്ഥങ്ങൾ, യഥാസ്ഥിതം സ്വാഭാവികമായി വിളങ്ങട്ടെ! ഈശ്വരനെ വേണ്ടപോലെ വിശ്വസിക്കാം; രണ്ടൎത്ഥമുള്ള വാക്കുകളെ രേഖപ്പെടുത്തിയിട്ട് ലോകം ഓരോരോ തെററിലേക്കു മാറിമാറി സഞ്ചരിച്ചുകൊണ്ടുതന്നെ അനേകായിരംവൎഷം കാത്തിരിക്കുമാറു ചെയ്യുന്നതല്ല. അദ്ദേഹത്തിന്റെ അൎത്ഥത്തെ വെളിപ്പെടുത്തുന്നതിനായി ഭാഷ്യകാരന്മാരും, തങ്ങളത്രേ നിഷ്പക്ഷനീതിമാന്മാർ എന്നു ഘോഷിക്കുന്ന മതാചാൎയ്യന്മാരും ജനിക്കുവോളം ലോകം കാത്തിരിക്കാൻ ഇടയാക്കുകയില്ല. ഇതിലേക്കു ന്യായവിരുദ്ധമായ പ്രവൃത്തിയെടുക്കുന്ന വക്കീലന്മാരുടെ ആവശ്യമില്ല. അധികാരബലത്താൽ പരമാൎത്ഥത്തെ നിലനിൎത്തിക്കൊള്ളാൻ സാധിക്കുമോ? സൂൎയ്യനെക്കണ്ടു പിടിക്കാൻ വിളക്കുവേണോ? യേശുക്രിസ്തു, മഹമ്മദുനബി, ബുദ്ധൻ മുതലായവരും വേദങ്ങളും പ്രമാണങ്ങളാണെന്നുവച്ച് ഒന്നിന്റെ വാസ്തവത്തിനു കൂടുതൽ ശക്തി സിദ്ധിക്കുമോ? ഭൌതികമായ രസതന്ത്രവാസ്തവങ്ങളെ, കുലങ്കഷമായ അന്വേഷണത്തിന്റെ ശക്തിയാൽ നാം അറിയുന്നു. (അപ്രകാരം അന്വേഷിച്ചറിയാതെ) 'അവയിൽ വിശ്വാസത്തെ ഉറപ്പിച്ചുകൊൾക' എന്നു തലക്കുച്ചാറിനോടു ശഠിക്കുന്നതു പാപമല്ലേ? സത്യത്തിന്റെ തത്വം ഇന്നലെയും ഇന്നും എന്നും ഒന്നുതന്നെയാണെന്നു പറയപ്പെടുന്നു. അപ്രകാരമുള്ള സത്യത്തെ, കാലത്തെസ്സംബന്ധിച്ച വിഷയത്തിൽ കലൎത്തിക്കളയരുതു്. സത്യം, അല്ലെങ്കിൽ പരമാൎത്ഥം സ്വയം പ്രകാശിക്കണം. എന്നാൽ ഒരുകാലത്തെ സംബന്ധിച്ച വിശേഷത്തെ തെളിവുകൊണ്ടു വിശ്വസിക്കാം. വേദാന്തത്തിനു സാക്ഷ്യവും ന്യായവാദവും ആവശ്യമുണ്ടോ? അതിനെ ശരി-

കൾ പറയുന്നതുതന്നെ മതിയായ സാക്ഷ്യമാണ്. സൌന്ദൎയ്യത്തിന്റെ പുറമേനിന്നുമാണോ ആകൎഷണശക്തി ലഭിക്കപ്പെടുന്നത്?

ആഗ്രഹത്തെ ഉണൎത്തി വശീകരിക്കത്തക്ക ഗാനങ്ങളെ പാടുക, തമോഗുണനിദ്രയെ വൎദ്ധിപ്പിക്കുന്ന മധുരമായ താരാട്ടുകളെ ഗാനംചെയ്യുക, പാമരന്മാർ തെളിവു യാതൊന്നാണെന്നറിഞ്ഞു് അതിനെ പ്രകാശിപ്പിക്കുക, അന്ധകാരനിലയെ ഉൽകൃഷ്ടമെന്നു പുകഴ്ത്തുക മുതലായവയാൽ ജനക്കൂട്ടത്തെ ഉണ്ടാക്കി നമ്മെ അനുഗമിപ്പിക്കാൻ അത്രവലിയ പ്രയാസമൊന്നുമില്ല. എന്നാൽ സത്യം ഒന്നേ യഥാൎത്ഥമായിട്ടുള്ളു. നേരേമറിച്ചു്, ചലിക്കുന്നതും ചലിക്കാത്തതുമായ വസ്തുക്കൾ ഒന്നും യഥാൎത്ഥമല്ല; അപ്രകാരമുള്ള (അയഥാൎത്ഥങ്ങളായ) തോന്നലുകൾക്കുവേണ്ടി സത്യത്തെ ബലികഴിക്കുന്നതു കഷ്ടമാണ്. ഏതുവിധത്തിലും സത്യം മികച്ചുനിൽക്കട്ടെ! സത്യമാകുന്ന ആദിത്യൻ ഉദിക്കേണ്ടതെങ്ങനെയെന്നറിയാം. അതു സ്വാഭാവികമായി ചലിച്ചും ഇടിച്ചും കുലുക്കിയുംകൊണ്ടു ചെല്ലട്ടേ! ഗീതങ്ങളാകുന്ന വെടിയുണ്ടകൾ ദീൎഘകാലനിദ്രയെ ഭഞ്ജിക്കട്ടെ! ഞാൻതന്നെ സത്യവസ്തു; രൂപമാകുന്ന ശരീരത്തെ ഉദ്ധരിക്കാനായി എന്നെ (ആത്മാവിനെ) ഞാൻ വധിക്കുന്നതാണോ?

ഇനി യജ്ഞത്തെപ്പററി പ്രസ്താവിക്കാം. പല നിലയിൽനിന്നുംകൊണ്ടു പ്രത്യേകംപ്രത്യേകമായും നിഷ്പക്ഷമായും വാദരൂപേണ ചൎച്ചചെയ്യാം. ആഹുതിചെയ്യുക, വളരെ പ്രാധാന്യമുള്ള ഒന്നാണെന്നുള്ളതു സൎവ്വവിദിതമാണ്. ഇക്കാലത്തു് യാഗത്തെ അനുകൂലിക്കുന്ന സാമാന്യകക്ഷി, "ആഹുതിചെയ്താൽ ആകാശം പവിത്രമാകുന്നു"വെന്നും "മനസ്സിനു സൌഖ്യം നൽകുന്നു"വെന്നും പറയുന്നു; ഇതു സ്വീകാൎയ്യമല്ല. നാസികയെ സുഖിപ്പിക്കുന്ന സുഗന്ധങ്ങളും മററുള്ള ഹരിസാധനങ്ങളെപ്പോലുള്ളവതന്നെ; ദേഹശക്തിയെ കെടുത്തുന്ന അംശങ്ങളാണ്. തല്ക്കാലത്തേക്കു ശക്തിയെ നല്കി പിന്നീടു പ്രവൎത്തിക്കാനുള്ള ശക്തിയെ ക്ഷയിപ്പിക്കും. ഉന്മേഷത്തെ നൽകുന്ന ഭക്ഷണങ്ങളെല്ലാം, പിന്നീടു നമുക്കു ഉപയോഗമായി നിൽക്കുന്ന ശക്തികളെ പലിശയ്ക്കു പലിശകണക്കാക്കി സ്വീകരിച്ചുകൊണ്ടു്, ആ കടത്തെ വീട്ടാതിരിക്കാം.

പ്രാചീനകാലത്തു്, ഇന്ത്യയിൽ വനങ്ങൾ വൎദ്ധിച്ചും ജനങ്ങൾ കുറഞ്ഞുമിരുന്നു. അന്നു് ഘൃതത്തെ ആഹുതിചെയ്തു പുകച്ചാൽ ഇംഗാലാമ്ലവായുക്കൾ ആവിൎഭവിച്ചു് വൃക്ഷലതാദികൾക്കു ഭക്ഷണമായി ഭവിക്കും. ആധുനികകാലങ്ങളിൽ സ്ഥിതി തലകീഴായി മറിക്കപ്പെട്ടിരിക്കുന്നു. കാടുകൾ ഇല്ലെന്നുതന്നെ പറയാം. ജനക്കൂട്ടം അത്യന്തം വൎദ്ധിച്ചിട്ടുണ്ടു്. തന്മൂലം വായുമണ്ഡലത്തിൽ ഇംഗാലാമ്ലവായു സീമാതീതം തിങ്ങിവശമായിരിക്കുന്നു. അക്കാരണത്താൽ

ജനങ്ങൾ അശക്തന്മാരായി ഭവിച്ചിരിക്കുന്നു. ഇന്ത്യയ്ക്ക് ഇപ്പോൾ ആവശ്യമായിട്ടുള്ളതു പ്രാണവായുവല്ലാതെ ഇംഗാലാമ്ലവായുവല്ല. ആഹുതിക്രിയയാൽ വായുമണ്ഡലത്തിനുണ്ടാകുന്ന അവസ്ഥാന്തരം, ഭക്ഷണസാധനങ്ങളാൽ ജനങ്ങൾക്കുണ്ടാകുന്ന മാററംപോലെയാണ്. വിലകൂടിയ നെയ്യിനെ, കത്തിജ്വലിപ്പിച്ച അഗ്നിയിൽ (നിക്ഷേപിച്ചു) നിഷ്പ്രയോജനമാക്കുന്നതിനു പകരം ഭാരതത്തിൽജനിച്ച ലക്ഷോപലക്ഷം ജനങ്ങളുടെ ശരീരങ്ങളെത്തന്നെ ഭക്ഷിച്ചുവരുന്ന ജഠരാഗ്നിയിൽ, ഉണങ്ങിയ അപ്പക്കഷണങ്ങളെയെങ്കിലും, എന്തുകൊണ്ട് ആഹുതിചെയ്തുകൂടാ? ഇവർ വിശപ്പുകൊണ്ടു സങ്കടപ്പെടുന്ന ജീവനോടുകൂടിയ നാരായണന്മാരല്ലേ? ആ വിധത്തിലുള്ള ആഹുതിയാണ് ഭാരതത്തിന് ആവശ്യമായിരിക്കുന്നതു്. എന്നാൽ ഒരു സംഗതി ശ്രദ്ധേയമാണ്. ഒരുദിവസത്തിൽ അനേകായിരം ജനങ്ങൾക്കു ഭക്ഷണം കൊടുക്കുന്നതുകൊണ്ട് എന്തുഫലം? ബുദ്ധിഹീനമായ ആ ധർമ്മം ദരിദ്രന്മാരെ വളർത്തുന്നു. ബുദ്ധിപൂർവ്വകമല്ലാത്ത ധർമ്മമാണ്, ഇന്ത്യയിൽ ഇത്ര കഷ്ടതയെ വർദ്ധിപ്പിച്ചതു്. ഒരു ഫ്രഞ്ചുഭാഷാഗ്രന്ഥകാരൻ ഇങ്ങനെ പറയുന്നു:—"ധർമ്മം എത്രകണ്ടു ദുഃഖത്തെ അകററുന്നുവോ, അതിൽ പകുതി പുതിയ ദുഃഖത്തെ അതു സൃഷ്ടിക്കുന്നു; അപ്രകാരം സൃഷ്ടിക്കപ്പെടുന്ന ദുഃഖത്തിൽ പകുതിപോലും ധർമ്മത്തിനു മാററാൻ കഴിയുന്നതല്ല." ഏതൊരു ഉദ്ദേശ്യത്തോടുകൂടി ധർമ്മത്തെ അനുഷ്ഠിച്ചാലും അതിൻെറ ഫലത്തെക്കൂടെ ഗൌനിക്കേണ്ടതാണ്. മുക്കുമുഷ്ടിയോടെ അലട്ടിക്കൊണ്ടിരിക്കുന്ന യാചകന് ഒരു ചെറിയ നാണയത്തെ എറിഞ്ഞുകൊടുക്കുന്ന ബലഹീനമായ ഹൃദയത്തോടുകൂടിയവനും, ആത്മാവിന് അടുത്ത ലോകത്തിലേക്ക് ഒരു ചെറിയ പുണ്യത്തെ സമ്പാദിച്ചു എന്നു വിശ്വസിച്ചുകൊണ്ടു തന്നെത്താൻ പുകഴ്ത്തുന്നു. അതെങ്ങനെയോ പോകട്ടെ; ഈ ലോകത്തിൽ സമുദായധർമ്മത്തിനു ദോഷമായ ഒരു പ്രവൃത്തിച്ചെയ്തു എന്നുള്ളതിനു സംശയമില്ല.

ശരിയായ യജ്ഞം എന്താണെന്നറിഞ്ഞു അതിനെച്ചെയ്യേണ്ടതാണു നമ്മുടെ കടമ. സാധുസേവനം ആണ് ഉചിതമായയജ്ഞം. ആ സേവനം തന്നെസ്സംബന്ധിച്ച കാര്യങ്ങൾക്കു പ്രതിബന്ധകമാകാതെ സൂക്ഷിച്ചുകൊള്ളണം. ഒരു മനുഷ്യനുവേണ്ടി നീ ചെയ്യേണ്ടതായ വലിയസഹായം അവന് അറിവിനെ നൽകുകയാണ്. ഇന്ന് ഒരുനേരം ഭക്ഷണം കൊടുക്കുന്നു. നാളെ അവനു വീണ്ടുംവിശപ്പുണ്ടാവും. അവന് ഒരു തൊഴിലിനെപ്പഠിപ്പിച്ചു കൊടുക്കുക; ഒരുവനു തൻെറ ജീവിതകാലം മുഴുവൻ സ്വയം സമ്പാദിച്ചു കാലയാപനംചെയ്യാൻ സംഗതിയാകുന്നു. കൊടുക്കപ്പെടുന്ന അറിവും ജ്ഞാ

വിത്തിൽ ആനന്ദത്തെ നൽകണം. സൽഫലത്തെ നൽകണം. ഓരോ ഭാരതീയനും, അന്തസ്സുകൊണ്ടും ധനംകൊണ്ടും അറിവുകൊണ്ടും പദവികൊണ്ടും തന്നെക്കാൾ താണനിലയിലുള്ളവരെ തന്റെ സന്താനങ്ങളെപ്പോലെ കരുതട്ടെ! ഫലേച്ഛകൂടാതെ അവരെ സഹായിക്കട്ടെ! സഹായിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു എന്ന മാത്രസാധാരണമായ ഉൽകൃഷ്ടചാരിതാൎത്ഥ്യം തന്നെ പ്രതിഫലമായിരിക്കട്ടെ! ആത്മാവിനു വേണ്ട ഭക്ഷണങ്ങളെ—ധൈൎയ്യം, അറിവു, പ്രേമം എന്നിവയെ-കൊടുത്തു സഹായിക്കാനുള്ള ഭാഗ്യം ലഭിക്കട്ടെ! ഇതത്രേ മഹത്തായ നിഷ്കാമയജ്ഞം.

ഭാരതഭൂമിയുടെ കൎമ്മകാണ്ഡത്തെക്കുറിച്ചു പിന്നീടു സംസാരിച്ചുകൊള്ളാം. സമുദായം പൂൎവ്വകാലങ്ങളിൽ, ഇത്രത്തോളം ആഹാൎയ്യസൗന്ദൎയ്യത്തെ ഭേസിക്കൊണ്ടു വിളങ്ങിയിട്ടില്ല. ആഹാരം, വസ്ത്രധാരണം, വാസഗൃഹം, ആചാരസമ്പ്രദായങ്ങൾ എന്നിവ ഭാരതീയരുടെ ശ്രദ്ധയെക്കവൎന്നിട്ടില്ല. ഇന്നും കാശ്മീരത്തിൽകാണുന്നതുപോലെയുള്ള ധാരാളം വൃക്ഷങ്ങൾ നിബിഡമായി വളൎന്നിരുന്നു. അക്കാലത്തു ജനങ്ങൾ വസ്ത്രമില്ലാതെ ജീവിച്ചുപോന്നു. തിങ്ങിവളൎന്ന വൃക്ഷങ്ങളും ഗുഹകളും അവരുടെ വാസസ്ഥലങ്ങളായിരുന്നു. അപ്രകാരമുള്ള അക്കാലത്തു ശരീരശക്തികൾക്കും മനശ്ശക്തികൾക്കും മററു മാൎഗ്ഗങ്ങളിൽ വ്യയം നേരിടായ്കയാൽ അവ ദൈവങ്ങളിൽ സംബന്ധിക്കപ്പെട്ടിരുന്നു. പല മാതിരി യാഗങ്ങൾ അനുഷ്ഠിക്കപ്പെട്ടുവന്നു. ഈ യാഗങ്ങൾ ആളും, ദൈവങ്ങളുമായിട്ടുള്ള ന്യായമായ ഒരു കച്ചവടത്തൊഴിൽ മാത്രമായിരുന്നു; ശരിക്കു നടത്തപ്പെട്ടുവന്ന ഒരു തൊഴിൽമാത്രമായിരുന്നു. ഇതിൽ അലഞ്ഞുതിരിയുക, അടിമപ്പെടുക, സ്വയം അപമാനത്തെ സമ്പാദിക്കുക, ഗൎഹണീയമായ നടത്ത, ഭിക്ഷയാചിക്കുക ഇവയൊന്നും ഉണ്ടായിരുന്നില്ല. പൂൎവ്വന്മാർ ഗ്രഹിച്ചിരുന്നവിധം, പ്രകൃതിതത്വങ്ങളുടെ ദേവതകളോടു് സമത്വനിലയിൽ, ശരിക്കു വൎത്തിച്ചിരുന്നു. രൂപത്തോടുകൂടിയ ദേവതകളുമായി കച്ചവടം നടത്തിവന്നു എന്നുതന്നെ പറയാം. എന്നാൽ ഇക്കാലത്തെ 'തൊഴിൽനടി'പ്പാകുന്ന ശക്തി ഉണ്ടായിരുന്നില്ല. പ്രതിഫലവും കച്ചവടസ്സാധാരണമായ ചിഹ്നങ്ങളും ഉണ്ടായിരുന്നു. കൊടുക്കലും വാങ്ങലുമുണ്ടായിരുന്നു. ഈ യാഗങ്ങളെല്ലാം, "ഇതു വേണമെങ്കിൽ, അതു വേണമെങ്കിൽ" എന്നിങ്ങനെ 'എങ്കി'ലിനെ ആശ്രയിച്ചു അനുഷ്ഠിക്കപ്പെട്ടിരുന്നു. "മഴപെയ്യണമെങ്കിൽ ഈ യാഗം ചെയ്യുക, സന്താനംവേണമെങ്കിൽ ആ യാഗം ചെയ്യുക, ജയം വേണമെങ്കിൽ മറേറയാഗം ചെയ്യുക, "ധനം വേണമെങ്കിൽ അടുത്ത യാഗം ചെയ്യുക" എന്നിങ്ങനെ പൊയ്ക്കൊണ്ടിരിക്കും; ആരംഭത്തിൽ, യാഗം അനുഷ്ഠിക്കപ്പെട്ടുവ

ന്നു എന്നല്ലാതെ അനുഷ്ഠിക്കണം എന്നു നിർബന്ധമുണ്ടായിരുന്നില്ല; അനുഷ്ഠിച്ചേ തീരൂ എന്നു ശാഠ്യമുണ്ടായിരുന്നില്ല. എന്നാൽ,. കാലാന്തരത്തിൽ ആചാരങ്ങളായും മാമൂലുകളായും പരിണമിച്ച്, നിർബന്ധാനുഷ്ഠാനങ്ങളായി ഭവിച്ചു.

ഭാരതചരിത്രത്തിൽ മുൻചൊന്ന ഘട്ടത്തിനു ശേഷമുള്ള കാലങ്ങളിൽ, പൌരാണികമായ കർമ്മകാണ്ഡങ്ങൾ ഏർപ്പെട്ടു. മഹാഭാരതയുദ്ധത്തിനുശേഷം, പൂർണ്ണമായ മാററം സംഭവിച്ചു. രാജ്യത്തെ സമുദായ നിലയ്ക്കു, മതസംബന്ധമായും രാഷ്ട്രീയമായും ഉൽഭൂതമായ ഉണർവിൻെറ വ്യാപാരത്താൽ, ഗണ്യമായ മാററം സംഭവിച്ചു. പ്രാചീനകാലത്തു ദേവതകളോടു പ്രദർശിപ്പിച്ചുവന്ന ഉണർവുകൾക്കും മാററമുണ്ടായി. ശാരീരമായ ദേവതകൾ വർദ്ധിച്ചു. ജനങ്ങൾക്ക്, ഒരു യാഗത്തിനായി മാസങ്ങളും വർഷങ്ങളും കാത്തിരിക്കാൻ ക്ഷമയില്ലെന്നായി. തന്നിമിത്തം പഴയ യാഗങ്ങൾക്കു പകരം പൌരാണികകർമ്മകാണ്ഡം നടപ്പായി. ഇതുതന്നെയാണ്, ധർമ്മത്തിനു ഹാനിതട്ടാതെ, നമ്മുടെ കർമ്മകാണ്ഡത്തെ പ്രയോഗയോഗ്യമായ വിധത്തിൽ ഭേദപ്പെടുത്താമെന്നുള്ളതിനുമതിയായ തെളിവ്. ഇനിയും ഒരു സംഗതി കൂടി ശ്രദ്ധേയമാണ്. സ്മൃതി, ആചാരസമ്പ്രദായങ്ങൾ, ഹോമകർമ്മങ്ങൾ, ഇതരകാണ്ഡസംബന്ധമായ കാര്യങ്ങൾ മുതലായവ കാലത്തിന് അനുസരിച്ചു മാറുന്നു എന്നു മാത്രമല്ല, ഒരു ദേശത്തുതന്നെ പല പല സ്ഥലങ്ങളിൽ വേറേവേറെ രൂപത്തിൽ മാറുകയുംചെയ്യുന്നു. സമുദായ ഉദ്ധാരത്തിനാവശ്യമാണെങ്കിൽ അനുസ്യൂതമായി സംഭവിച്ചുകൊണ്ടിരിക്കുന്ന മാററങ്ങളോട് അനുകൂലിച്ചുകൊള്ളേണ്ടതാണ് പരിവർത്തനം ഉണ്ടാകണം, അല്ലെങ്കിൽ അഴിയണം, ഇതത്രേ ഗംഭീരമായ പ്രകൃതിരഹസ്യം. സന്ദർഭത്തെ അനുസരിച്ചുള്ള രൂപവൽകരണത്തിനുശേഷവും സന്ദർഭങ്ങൾ മാറിക്കൊണ്ടേയിരിക്കുന്നതിനാൽ, സമുദായവും അതിനെ പിന്തുടരുകതന്നെവേണം. മനുഷ്യനെയും ലോകത്തെയും സംബന്ധിച്ചു നാം അറിഞ്ഞിട്ടുള്ളിടത്തോളം എല്ലാവരും വ്യവസ്ഥിതവും സന്തോഷപ്രദവുമായ ജീവിതത്തോടും പ്രക്ഷോഭങ്ങളും പരിവർത്തനങ്ങളും ആവശ്യപ്പെടാതെയും വസിക്കാൻ കഴിയുന്നകാലം—ശാശ്വതവും യോഗ്യവുമായ കാലം—സ്വപ്നത്തിൽപോലുമില്ലതന്നെ.

അതിനാൽ നമ്മുടെ കർമ്മകാണ്ഡത്തെ സന്ദർഭത്തിനുയോജിച്ചവിധത്തിൽ ഭേദപ്പെടുത്താം. വൈദികന്മാരായ ഋഷികളുടെ കാലത്തെ ആവശ്യങ്ങൾ ഒരു പ്രകാരത്തിലായിരുന്നു ഇക്കാലത്തെ നമ്മുടെ ആവശ്യങ്ങൾ വേറൊന്നാണ്. കർമ്മകാണ്ഡം, ഏതു ചില "എങ്കിൽ"കളെ ആശ്രയിച്ചുനിന്നുവോ, അവയൊക്കെ പൊയ്പ്പോയി

ങ്ങൾ. ‘മഴ വേണമെങ്കിൽ ഇന്ദ്രന്നു യാഗം ചെയ്യുവി”നെന്നും “സന്തതി വേണമെങ്കിൽ പ്രജാപതിയെ തൃപ്തിപ്പെടുത്തുവി”നെന്നും മറ്റുമുള്ള ശാസനകൾ ഇക്കാലത്ത് ആവശ്യമില്ല. ഇക്കാലത്തെ കർമ്മകാണ്ഡം സംബന്ധിച്ച ശാസനകൾ താഴെ പറയും പ്രകാരത്തിൽ ഭേദപ്പെട്ടിരിക്കുന്നു. കൈത്തൊഴിലുകളും കലാജ്ഞാനങ്ങളും ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്ന ഈ ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്നതിന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അല്പാല്പമായി ശോഷിക്കാതെയും രാഷ്ട്രീയനിലയിൽ അജീർണ്ണരോഗം ബാധിക്കാതെയും ജീവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ വൈദ്യുതശക്തിയെ അപേക്ഷിക്കണം; നീരാവിയാകുന്ന വരുണനെ അടിമപ്പെടുത്തണം; വ്യവസായശാസ്ത്രമാകുന്ന കുബേരനുമായി സഖ്യം സമ്പാദിക്കണം. ഈ ദൈവങ്ങളുമായി നിന്നെ സ്നേഹിപ്പിക്കുന്ന പുരോഹിതന്മാർ നവീനശാസ്ത്രങ്ങളെ അംഗീകരിക്കുന്നവരും കലാഭിജ്ഞന്മാരുമാണ്.

വൈദികവിരുദ്ധമായ വാക്യങ്ങളെ ഉച്ചരിക്കുന്നു എന്നു രാമനെ കുറ്റപ്പെടുത്തരുത്. ഈ ലോകത്തിലുള്ള ഏതൊന്നും പരിവർത്തനശീലത്തോടുകൂടിയതാണ്. രാജ്യത്തിന്റെ ആകൃതി തന്നെ നിശ്ശേഷം മാറിപ്പോയി; രാജകോയ്മ മാറിപ്പോയി; ഭാഷകൾ മറയത്തായി; ജനങ്ങളും വർണ്ണഭേദം സംഭവിച്ചവരായിരിക്കുന്നു. വൈദികകാലത്തിലെ ദൈവങ്ങൾ മാത്രം എന്തിന്നായിട്ടു മുകളിലെവിടെയോ ഊഞ്ഞാലാടിക്കൊണ്ടിരിക്കണം? മഴയൊന്നിച്ച് ആ ദൈവങ്ങൾക്കു താഴത്തുവന്ന്, നമ്മളുമായി ധാരാളം ഇടപെട്ടു മനുഷ്യദൃഷ്ടിക്കു വിഷയീഭവിച്ചുകൂടാത്തതെന്തുകൊണ്ടു? പ്രേമവും അനുഗ്രഹവും സിദ്ധിച്ച ഭാരതീയരേ! ഏകസത്യരൂപനായ ഈശ്വരനെ വീക്ഷിക്കുന്നതിൽ കുറുക്കിടാൻ രാമൻ ഒരിക്കലും സമ്മതിക്കുന്നതല്ല. പൂർവ്വകാലത്തെ പൂജ്യന്മാരായ മുനികളെപ്പോലെ ഇടി, മിന്നൽ, കാററ്, സൂര്യൻ, ചന്ദ്രൻ, അഗ്നി, വരുണൻ, ഭൂമി മുതലായവയിൽ ഈശ്വരനെ കാണുവിൻ! പ്രകൃതിയിൽ ദൈവത്തെ കാണുവിൻ! പ്രകൃതി ദൈവമാണെന്നറിഞ്ഞു ധന്യനാകുവിൻ! രാമൻ ഇനിയും കുറെ ഏറെ ആവശ്യപ്പെടുന്നു. ഭൗതികശാസ്ത്രപരിശീലനാലയത്തിലും തൽകലാഭിജ്ഞന്മാരുടെ മുറികളിലും ഈശ്വരനെ ദർശിക്കുവിൻ! യാഗാഗ്നി എത്രകണ്ടു ഈശ്വരത്വം അടങ്ങിയതെന്നു വിശ്വസിക്കുന്നുവോ, അത്രകണ്ടു മാഹാത്മ്യം രസതന്ത്രശാലയ്ക്കും കല്പിക്കുവിൻ! പണ്ടത്തെ യാഗാഗ്നിയെയും ഹോമാഗ്നിയെയും ഇക്കാലത്ത് ആവിർഭവിപ്പിക്കാൻ നിങ്ങളെക്കൊണ്ടു കഴിയുന്നതല്ല. എന്നാൽ അക്കാലത്തെ പ്രേമം, മര്യാദ, ശ്രദ്ധ, ഭക്തി എന്നിവയെ ഇക്കാലത്തു വരുത്താൻ കഴിയും. അവയെ അങ്കുരിപ്പിക്കണം. ഇക്കാലത്തെ ക

മ്മങ്ങളിൽ അവയെ നിങ്ങൾ അങ്കുരിപ്പിക്കേണ്ടതു് അവശ്യം ആവശ്യമാണു്. "പ്രകൃതിയെ പഠിക്കുന്നതു ദൈവവിചാരങ്ങളെ വീണ്ടും വീണ്ടും മനനം ചെയ്യുകയല്ലേ?" എന്നു് അകാസിസ് ചോദിക്കുന്നു. നിങ്ങളുടെ പ്രവൃത്തികളിലെല്ലാം ഈശ്വരതത്വവും പരിശുദ്ധഗുണവും ജീവനായി നില്ക്കട്ടേ! ദേവതകളെ ആരാധിക്കുന്ന അഗ്നിയെ വളർത്താൻ എനിക്കു കഴിയുകയില്ല. കൊല്ലന്റെ ആലയെ (തീയിനെ) അതുകൊണ്ടു് ഈശ്വരതത്വത്തെ അടക്കി രാമൻ പ്രോജ്വലിപ്പിക്കും. രാമന്റെ ദൃഷ്ടിയെസംബന്ധിച്ച അനുഭവങ്ങളാണു് സകല വിഷയങ്ങളും. കർഷകന്റെ കളപറിക്കുന്ന ആയുധമാണു് ഇന്ത്യയെ നടത്തുന്ന രഥമെന്നു രാമൻ കരുതും. ഇപ്രകാരം ഈശ്വരതത്വത്തെ പാലിക്കുകയാണു യഥാർത്ഥമായ യജ്ഞരഹസ്യം.

വൎത്തമാനരാഷ്ട്രീയനിലയെ അറിയാത്ത നിങ്ങൾ, നിങ്ങളുടെ പുനർജ്ജന്മത്തിലെ ജീവനെ അറിയാത്തവരാണു്. ജീവാത്മസ്വരൂപത്തെ അറിയാത്തവണ്ണം അത്രത്തോളം നാസ്തികന്മാരാകായ്വിൻ! ജീവിതബദ്ധന്മാരായ നിങ്ങളുടെ ഒന്നാമത്തേതായ പ്രമതല, നിങ്ങളുടെ ജീവന്റെ അനന്തരജീവിതത്തിനു സഹായിക്കുകയാകുന്നു. നിങ്ങളുടെ ജീവനെ ധരിക്കുന്ന അനന്തരകാലമനുഷ്യനു വേണ്ടതായ നിലയ്ക്കു്, ഇപ്പോൾ (ഈ ജന്മത്തിൽ) നിങ്ങൾ വൎത്തിക്കേണ്ടതു് ഏതുപ്രകാരത്തിലാണെന്നറിഞ്ഞു് അപ്രകാരം ചെയ്വിൻ! അന്നു് ആ മനുഷ്യന്റെ നില ഉൽകൃഷ്ടതമമാകുമാറു ജീവിതത്തെ നയിക്കുവിൻ! അമ്പതു വൎഷങ്ങൾക്കു ശേഷം ഉണ്ടാകാനിരിക്കുന്ന നില, നിങ്ങളുടെ ഇന്നത്തെ ജീവിതത്തെക്കൊണ്ടു ലജ്ജിക്കാതിരിക്കട്ടെ! ഭാരതത്തിലെ അനന്തരസന്തതികളിൽ പ്രകാശിക്കാനിരിക്കുന്ന നിങ്ങളുടെ ജീവൻ അധഃപതിക്കാനിടയാക്കാതെ ജീവിക്കുവിൻ! വൈദികധൎമ്മത്തെ പ്പാലിക്കുന്ന ഹിന്ദുക്കളെ! നിങ്ങൾ മനഃസാക്ഷിയെ നിഷ്കന്മഷമാക്കിച്ചെയ്യുവിൻ! നിങ്ങൾക്കു് രണ്ടുപ്രകാരത്തിലുള്ള കൎമ്മങ്ങൾ യജമാനസ്ഥാനത്തു വൎത്തിക്കണമെന്നില്ല. നിങ്ങൾക്കു് ആവശ്യമായിരിക്കുന്ന കുപ്പായങ്ങളിൽ, പ്രായത്തിനു് യോജിക്കാത്ത നിരുപയോഗമായിട്ടുള്ളവയെ—നിങ്ങളുടെ പൂൎവന്മാർ തന്നിട്ടുള്ള കുപ്പായങ്ങളെ—പഴയകാലത്തെ ഓൎമ്മയ്ക്കു വേണ്ടിമാത്രം, അക്ഷയനിധിപോലെ വച്ചു സൂക്ഷിക്കേണ്ട ആവശ്യമില്ല. ഒരുവൻ തന്റെ പ്രധാന കൎത്തവ്യത്തെ കൈവിട്ടുംവെച്ചു്, തന്മാൎഗ്ഗത്തിൽ നിന്നും വിദൂരസ്ഥമായ ഒരു നിൎദ്ദിഷ്ടജോലിയെ നിൎവ്വഹിക്കാൻ സന്നദ്ധനാകുക എന്ന അപരാധം നിമിത്തം, മനുഷ്യവ്യക്തിയും സമുദായങ്ങളും ദാരിദ്ര

ബാധയാൽ പീഡിപ്പിക്കപ്പെടുന്നു. കാര്യമാത്രവാദിയായ ഒരുവൻ ചെറിയ കടമകളെ ദൂരതഃ ത്യജിക്കുന്നു.

യജ്ഞം എന്നതു് ദേവന്മാരുടെ പ്രീതിക്കായി ചെയ്യപ്പെടുന്ന ക്രിയയാകുന്നു. ദേവൻ എന്ന പദത്തിന്റെ വേദാന്തപരമായ അർത്ഥമെന്തു്? വൈദികാർത്ഥവും ഓരോ മതങ്ങളിൽ എങ്ങനെ? പ്രകാശവും ജീവഭാവവും നൽകുന്നശക്തിതന്നെ. ദേവന്മാർ എന്ന ബഹുത്വത്താൽ അറിയപ്പെടുന്നു. ഏവ എന്നാൽ, ദൈവശക്തിയുടെ പലവിധമായ ആവിർഭാവങ്ങളാകുന്നു. ബാഹ്യലോകത്തിൽ കാണപ്പെടുന്ന ശക്തികളായോ അഥവാ തന്നിൽ കാണപ്പെടുന്ന ഇന്ദ്രിയസാധനങ്ങളായോ തോന്നിക്കുന്നു. ദേവത എന്ന പദം ഒരു ശക്തിയുടെ സമഷ്ടിയെ കുറിക്കുന്നു. ആദ്ധ്യാത്മികം എന്ന പദത്തിന് എതിരായി ആധിദൈവികം എന്ന പദം വർത്തിക്കുന്നതുനോക്കുക! ചക്ഷുസ്സ് എന്നതു് മനുഷ്യവ്യക്തിയുടെ നയനത്തെക്കുറിക്കുന്നു. നയനേന്ദ്രിയത്തിന്റെ ദേവത, മനുഷ്യസമഷ്ടിയുടെ നയനം അഥവാ, ആദിത്യനാകുന്നു. ഇതാണ്, സൂര്യനെക്കൊണ്ടുസൂക്ഷ്മമായി വെളിപ്പെടുന്നതു്. സൂര്യൻ ലോകത്തിന്റെ ലോചനമായി വിളങ്ങുന്നില്ലേ? സ്പർശേന്ദ്രിയം എന്നതു് മനുഷ്യവ്യക്തിയുടെ കൈയിൽ അടങ്ങിയിരിക്കുന്ന ശക്തിയാണെന്നു പറയാം. എന്നാൽ അതിന്റെ ദേവതയോ, സമഷ്ടിയുടെ കരങ്ങളെ ചലിപ്പിക്കുന്നു. ഈ സമഷ്ടിശക്തിയെ ഇന്ദ്രൻ എന്നു വ്യവഹരിക്കുന്നു. ഇപ്രകാരം തന്നെയാണു് സകലതും. ഇന്ദ്രിയദേവതകളെപ്പററി പറയുമ്പോൾ ആ പറച്ചിലിന് അർത്ഥമുണ്ടെങ്കിൽ അതു മേല്പറഞ്ഞ മാതിരിയിൽനിന്നും വേറെ പ്രകാരത്തിലായിരിക്കയില്ല. ഇനി ആലോചിക്കാം; യജ്ഞകർമ്മത്തിൽ ദേവതകൾക്കു് ആഹുതി ചെയ്ക എന്നുള്ളതിന്റെ അർത്ഥം എന്തായിരിക്കുമെന്നുംതാക്കാം. വിശേഷബുദ്ധിയിൽ എത്തുന്നിടത്തോളം എന്തൊരർത്ഥമാണുള്ളതു്? എന്റെ വ്യക്തിപരമായ ഇന്ദ്രിയസാധനങ്ങളെ തത്തൽ സമഷ്ടിശക്തികൾക്കായി അർപ്പണം ചെയ്യുകയാവാം. എന്റെ ചെറിയ ജീവൻ, സമഷ്ടിജീവനിൽനിന്നും ഭിന്നമല്ലെന്നുള്ള കരുതൽ; പരന്മാരെയും തന്നെപ്പോലെ കരുതുക; എന്റെ മനസ്സിന്റെ നിലയെ ദൈവത്തിന്റെ മനസ്സിനോട്ട് ഐക്യപ്പെടുത്തിച്ചെയ്യുക. ആദിത്യദേവതയ്ക്കു് ആഹുതിചെയ്കയെന്നതു് ഏതൊരു കണ്ണിനും ഗൌരവഹീനമായ പേക്കമാററത്താൽ, അപരാധിയാകാതിരിക്ക എന്ന് നിശ്ചയത്തെ ദൃഢിഭൂതമാക്കുകമാത്രമാണു്. നിന്നെ നോക്കുന്ന ഏതൊരു കണ്ണിനും പ്രേമവും പുഞ്ചിരിയും ആശീർവ്വാദബുദ്ധിയും ജനിപ്പിക്കുകയാണു്. സർവ്വനയനങ്ങളിലും ഈശ്വരനെ കാണുക; ഇതത്രേ ആദിത്യദേവതയ്ക്കു പ്രിയംകരം. ഇന്ദ്രന് ആ

ഹുതിചെയ്യുകയെന്നുവച്ചാൽ, ലോകത്തിലുള്ള സകലകൈകൾക്കും ദാസ്യം ചെയ്യുക എന്നാണ്. ഓരോ കൈയും ഭക്ഷണത്തെ ശരിയായി ഉൾക്കൊള്ളുന്നതിനാൽ ജീവിക്കുന്നു. കൈയിലെ മാംസം, വ്യായാമം ഹേതുവാൽ—വേലചെയ്യുന്നതിനാൽ—ആഹാരത്തെ സാധിച്ചുകൊണ്ടു വളരുന്നു; ദൃഢതയെ പ്രാപിക്കുന്നു. ആയതുകൊണ്ട്, ഇന്ദ്രനു ഭക്ഷണം കൊടുക്കുകയെന്നുവച്ചാൽ, അനേകായിരം കൈകൾക്ക്, തൊഴിലിനെ കൊടുക്കുകയാകുന്നു. നാട്ടിൽ തൊഴിൽ അന്വേഷിക്കുന്ന സാധുക്കൾക്ക് തൊഴിൽ ഉണ്ടാക്കുകയാകുന്നു. ഇന്ദ്രൻ പ്രസാദിച്ചാൽ ഭൂമി പുഷ്ടമായി ഫലസമൃദ്ധിയുണ്ടാകും; വാസ്തവം തന്നെ. എല്ലാകൈകളും തൊഴിലിൽ ഏർപ്പെട്ടാൽ, ക്ഷാമത്തിന് എവിടെ സ്ഥാനമുണ്ടായിരിക്കും? ഇംഗ്ലണ്ടിൽ കൃഷിയേ ഇല്ല. എന്നിരുന്നിട്ടും രാജ്യം ധനസമൃദ്ധമായിരിക്കുന്നു. എന്തുകൊണ്ട്? കൈകളുടെ ദേവതയായ ഇന്ദ്രൻ ആശാതീതമായ നിലയിൽ—അജീർണ്ണരോഗം ബാധിക്കുമാറു—കലകളെയും കൈത്തൊഴിലുകളെയും ഭക്ഷിച്ചിരിക്കുന്നു. നമ്മുടെ കൈകളെയെല്ലാം സമഷ്ട്യഭ്യുന്നതിക്കായി സംയോജിപ്പിച്ചാൽ—നമ്മുടെ ഹൃദയങ്ങളെ യോജിപ്പിച്ചാൽ—ബൃഹസ്പതിക്കു പ്രിയംകരമായ ആഹുതിസാധിക്കപ്പെടുന്നു- ഹൃദയസ്ഥാനദേവതയാകുന്ന ചന്ദ്രൻ സംതൃപ്തനാകുന്നു. ഇതുതന്നെയാണു മററു ദേവതകളുടേയും സ്ഥിതി. ചുരുക്കിപ്പറഞ്ഞാൽ ദേവതകളെ പ്രീതിപ്പെടുത്തുകയെന്നതു് എൻെറ കരത്തെ രാജ്യത്തിലെ സമുദായത്തിൻെറ സകല കൈകൾക്കും സഹായികമാക്കിച്ചെയ്യുകയാകുന്നു; എൻെറ നയനങ്ങളെ സമുദായത്തിൻെറ സമഷ്ടിനയനങ്ങൾക്കു സഹായമാക്കിച്ചെയ്യുകയാകുന്നു; എൻെറ അഭ്യുദയത്തെ നാട്ടിൻെറ അഭ്യുദയത്തോടു സംഘടിപ്പിക്കുകയാകുന്നു; സകലരേയും എന്നെപ്പോലെ ഭാവിക്കുകയാകുന്നു; 'തത്വമസി' എന്ന വാക്യത്തെ അനുഭവത്തിൽകൊണ്ടുവരികയാകുന്നു. അതു നീയായി ഭവിക്കുന്നു. ഇതത്രേ വേദാന്തം.

ഈ യജ്ഞത്തെ ഓരോരുത്തരും ചെയ്യേണ്ടതാകുന്നു. ഇതുതന്നെ സകലആളുകൾക്കും പൊതുമതമായി ഭവിക്കണം. ഭാരതഖണ്ഡമേ! ഇതിനെ അനുസരിക്കുകയാണെങ്കിൽ ശുഭമുണ്ടാകും. ഇല്ലെങ്കിൽ നിനക്ക് അഴിവുണ്ടാകും. മാർഗ്ഗാന്തരം ഇല്ലതന്നെ. യാഗം ചെയ്യുമ്പോൾ ദേവതകൾ പ്രത്യക്ഷത്തിൽ കാണപ്പെടുന്നു എന്നു നിങ്ങളുടെ ശാസ്ത്രം ഘോഷിക്കുന്നതിൽ തികച്ചും വാസ്തവമുണ്ടെന്നുതന്നെ രാമൻപറയുന്നു. അതെങ്ങനെസംഭവിക്കുന്നുവെന്നാൽ, അഭേദ്യമായി മനസ്സിനെ സംഘടിപ്പിക്കുന്നതിൻെറ ശക്തിവിളങ്ങുന്നു. ഏകഭാവത്തിൽ മനസ്സിനെനിർത്താൻ കഴിയുന്നവരുടെ സംഖ്യ ഏതെന്നോ, അതിനെ ആ സംഖ്യകൊണ്ടുഗുണിച്ചാൽ കിട്ടുന്ന തുക

യ്ക്കാത്ത ധ്യാനശക്തി വിളങ്ങുമെന്ന മനസ്തത്വശാസ്ത്രപരിശീലനത്തിന്റെ ആധുനികപരിണാമം വെളിപ്പെടുത്തുന്നു (എന്നുവെച്ചാൽ, അഞ്ചുപേരുടെ മനസ്സ് ഒന്നിച്ചുചേരുമ്പോൾ അയ്യഞ്ച് ഇരുപത്തഞ്ചുപേരുടെ മനശ്ശക്തി സിദ്ധിക്കുന്നു; എട്ടുമനസ്സ് ഒന്നിച്ചാൽ എട്ടിന്റെ എട്ടുഗുണം മനശ്ശക്തിലഭിക്കുന്നു എന്നുതാല്പര്യം.) അതത്രേ സന്തസംഗത്താൽ സിദ്ധിക്കുന്നഫലം. രാമൻ ഒററയ്ക്ക് ഏതൊരു വിചാരത്തിനും രൂപത്തെ കല്പിക്കുന്നതിനു കഴിവുള്ളവനാകുന്നു. ആ സ്ഥിതിക്ക് നൂറും ആയിരവും ജനങ്ങൾ ഒന്നിച്ചുചേന്നാൽ, ഒരേ മനസ്സോടുകൂടി ചിന്തയെ ചെലുത്താൻ കഴിഞ്ഞാൽ, ഒരേ ശ്ലോകത്തെ ഗാനം ചെയ്യുന്നവരായി ഭവിച്ചാൽ, ഒരേ രൂപത്തെനിനയ്ക്കാൻ കഴിവുള്ളവരായാൽ എത്ര ദൃഢമായ രൂപത്തെ കല്പിക്കാം.

ഇവയിൽ നിന്നൊക്കെ മനസ്സിലാകുന്നതെന്തു്? വാസ്തവാത്മാവായ നീ, സമഷ്ടിശക്തിയായ നീ, എല്ലാ ദൈവങ്ങളെയും ദേവതകളെയും സൃഷ്ടിക്കുന്ന പിതാവായി ഭവിക്കുന്നു. ഈ ദൈവങ്ങളും ദേവതകളും—നിന്റെ സ്വന്തം മനോഭാവനകളുടെ രൂപങ്ങൾ—പ്രതീതി മാത്രമായുള്ള (മായാസംബന്ധമായ) നിങ്ങളുടെ ബന്ധിക്കപ്പെട്ട അയഥാത്ഥമായ 'അഹം' എന്നതിനെ നടത്തിബ്ഭരിക്കുന്നു. നിങ്ങളുടെഗതിയെ, അഥവാ സ്ഥിതിയെ, സൃഷ്ടിക്കുന്നകത്താവു നിങ്ങൾ തന്നെയാകുന്നു. ഭീതിയിലും അസംതൃപ്തിയിലും തന്നെ മുഴുകി, ഉപയോഗമില്ലാത്ത അടിമയായിക്കഴിയുക; അതല്ല, ജന്മനാ നിനക്ക് അവകാശപ്പെട്ടതായ മഹത്വമാകുന്ന കിരീടത്തെ ധരിക്കാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ അപ്രകാരംചെയ്യുക! നിന്റെ മനസ്സുപോലെ പ്രവത്തിക്കുക! യുക്തമെന്നു നിനക്കുതോന്നുന്നതുപോലെ പ്രവത്തിച്ചുവസിക്കുക! ഒരു സംഗതികൂടി; മനസ്തത്വനിലയിൽ, ഒരാദശ്ശത്തെ അഥവാവിചാരത്തെ യഥാസ്ഥിതം രൂഢീകൃതമാക്കുന്നതിനു യോജിച്ചരൂപങ്ങളും അടയാളങ്ങളും അപൂവ്വമായി സഹായിക്കുമെന്നു രാമന്നു് അറിയാം. തന്നെ യോഗനിലയിൽ സമപ്പിച്ചുനിൽക്കുന്ന മനുഷ്യൻ, തന്റെകൈകളെ സമഷ്ടികരങ്ങളിൽ സംഘടിപ്പിച്ചുനിൽക്കുന്ന മനുഷ്യൻ, മനസ്സുമുഴുവൻ ഭക്തിനിറഞ്ഞു് പരിശുദ്ധവിചാരത്താൽ തരളിതനായി നിൽക്കുന്നമനുഷ്യൻ, തന്റെചെറിയജീവനെ സമഷ്ടിശക്തിക്കു് അപ്പണം ചെയ്തുനിൽക്കുന്നമനുഷ്യൻ, തന്റെ അന്തഃകരണത്തിലുള്ള അടയാളരൂപത്തെ രൂഢീകൃതമാക്കുന്നതിനു മന്ത്രങ്ങളെ ഉച്ചരിച്ചുകൊണ്ടു്, ഉച്ചസ്വരത്തിൽ 'സ്വാഹാ' എന്നവസാനിപ്പിക്കുന്നതായാൽ, അഹോ! പരിശുദ്ധഗുണാത്മകമായ പ്രമാണത്തിൽ എത്രഭക്തിപൂണ്ണമായ മുദ്രയായിവിളങ്ങുകയില്ല! ദൈവികചിഹ്നങ്ങൾ സ്പഷ്ടമുദ്രിതങ്ങളായി വിളങ്ങുംതന്നെ. എന്നാൽ സാധു എന്തുചെയ്യാനാണു്?

പ്രമാണം എഴുതാതെ തന്നെ, എല്ലാംമുദ്രമയമായിഭവിച്ചാൽ അത പരിഹാസ്യമായ നിലയിൽനിന്നും എന്തൊന്നുപ്രതീക്ഷിക്കാൻ? വിവിചാരം അല്ലെങ്കിൽ മനോഭാവനയില്ലാതെ, വസ്തുവില്ലാത്തരൂപമായ അടയാളത്തെമാത്രം മുറുകെപ്പിടിച്ചാൽ ജീവൻപോയ ശരീരത്തിന്റെ അവസ്ഥയായിരിക്കും. അപ്രകാരമുള്ള ശരീരത്തെ— ശവത്തെ—ഉടനടിദഹിപ്പിക്കുക!· അതിനെ സൂക്ഷിക്കേണ്ട. അതു് അത്യുപത്തിനെയുണ്ടാക്കി നാശത്തെച്ചെയ്യും. ജീവന്റെ പുതിയരൂപങ്ങളെ ശ്രദ്ധിക്കുവിൻ! നദി പഴയമാർഗ്ഗത്തിൽ കൂടി പ്രവഹിക്കുന്നതു സുഗമമാണെന്നും അതിനാൽ പഴയസ്ഥാപനങ്ങളെ പുതിയ ജീവൻകൊടുത്തു് ഉദ്ധരിക്കണമെന്നും ചിലർ പറയുന്നു. ഇതു ശരിയായമാർഗ്ഗമല്ലെന്നു രാമനുതോന്നുന്നു. ത്യജിക്കപ്പെട്ട മാർഗ്ഗത്തിൽ കൂടി ഏതൊരുനദി രണ്ടാമതു പ്രവഹിച്ചിട്ടുണ്ടെന്നുപറയുക! അല്ലെങ്കിൽ ഒരു ജീവൻ ഉപേക്ഷിച്ച ജഡത്തിൽ മറെറാരുജീവൻ പ്രവേശിച്ചതായി പ്രമാണമുണ്ടോ? കരിമ്പിൽനിന്നും നീരിനെ പിഴിഞ്ഞെടുത്തതിൽപിന്നെ അക്കോത്തിൽ വീണ്ടും നീരിനെക്കയററാൻ കഴിയുമോ? സാധനങ്ങൾ അവയുടെ രൂപത്തെ ഭേദപ്പെടുത്തുന്നു. ഒരിക്കൽ മാററിയരൂപത്തെ വീണ്ടും അവ സ്വീകരിക്കുന്നില്ല. നമുക്കു ജ്ഞാനാഗ്നിയിൽ ആഹുതിചെയ്യാം. ഈക്കാലത്തിനുയോജിച്ചരൂപത്തിൽ യജ്ഞശക്തിയെ ഉളവാക്കാം. ദേശാഭിമാനത്തിനു ചിലർ കല്പിക്കുന്ന അർത്ഥം, കഴിഞ്ഞകാലങ്ങളിലെ നശിക്കപ്പെട്ട മഹാത്മ്യത്തെ ധ്യാനിക്കുകയെന്നാണു്. അങ്ങനെ ചെയ്യുന്നതു്, 'നത്'കർ തങ്ങൾ വസിച്ചിരുന്ന കൂടിനെ പുതിയസ്ഥലത്തേക്കു കൊണ്ടുപോകുന്നതുപോലെയാണു്. ക്ഷയിച്ചുപോയ ധനികന്മാർ തങ്ങളുടെ പഴയപേരേടുകണക്കുകൾ മറിച്ചും തിരിച്ചും നോക്കി കാലഹരണം സംഭവിച്ചകടത്തെ പരിശോധിക്കുന്നതു പോലെയാണു്. ഇന്ത്യ 'അസ്ഥിതിയിൽ കഴിഞ്ഞു' എന്നും മററും മനോരാജ്യംകണ്ടു സമയത്തെപാഴിൽ കളയായ്വിൻ! നിങ്ങളുടെ ശക്തികഴ് അളവില്ല, അതിനെ ഉയർത്തുവിൻ! ഉണർവിനെ പ്രാപിക്കുവിൻ! ഉണരുവിൻ! ഭാരതം ഭാരതമായിത്തീരും ഉൽക്കർഷത്തെ പ്രാപിക്കും.

ചരിത്രസാക്ഷ്യങ്ങളും പ്രത്യക്ഷലക്ഷ്യങ്ങളും വെളിപ്പെടുത്തുന്നു; ജനങ്ങൾ സംയോജിച്ച് നയനങ്ങളും കരങ്ങളും ഒന്നിച്ചുചേന്നാൽ ആ നിമിഷത്തിൽ ഹൃദയം ഒന്നിക്കുന്നതിനുള്ള സന്ദർഭം—മഹത്തായ സന്ദർഭം—താനേ ജാതമാകുന്നു. അറിഞ്ഞോ അറിയാതെയോ ഉണർവുകളും വിചാരങ്ങളും സംയോജിക്കുന്നു. ജനങ്ങൾ ഒരേപ്രകാരത്തിലുള്ള ഉണർവോടുകൂടിയവരായും ഒരേവിധവിചാരങ്ങളോടുകൂടിയവരായും ആത്മീയശക്തിയെ പ്രാപിക്കാൻ തുല്യയോഗ്യന്മാരായും ഭവിക്കുന്നു. പരസ്പരസാഹോദര്യബുദ്ധിയും ഐക്യവും

ഉദ്ഭൂതമാകുന്നു. നിരക്ഷരകുക്ഷികളും മുരടന്മാരുമായ അറബികളെ പ്രതിദിനം അഞ്ചുപ്രാവശ്യത്തിൽകുറയാതെ ദൈവത്തോട് ഐക്യം പ്രാപിക്കുമാറാക്കിച്ചെയ്തതിലാണു മഹമ്മദുനബിയുടെ ജ്ഞാനം തിളങ്ങുന്നതു്. കുഴഞ്ഞുമറിഞ്ഞുകിടന്ന ഒരു ജനസമുദായത്തിൽനിന്നും, ആ വിധത്തിൽ ദൃഢമായി അടുത്തടുത്ത ഒരു സമഷ്ടിയെ അദ്ദേഹം ജാതമാക്കി. പുണ്യതീർത്ഥങ്ങൾ മന്ത്രോച്ചാരണസ്ഥലങ്ങൾ, നീതിന്യായസ്ഥാപനങ്ങൾ, അടിയന്തിരം, മരണം മുതലായ സംഭവങ്ങൾ, പൊതുയോഗങ്ങൾ, കാൺഗ്രസ്സ് എന്നിവയാണു് ഇന്ത്യയിൽ പൊതുക്കൂട്ടത്തെ ഉണ്ടാക്കുന്നതു്. പാശ്ചാത്യദേശങ്ങളിൽ പള്ളികളും ഹോട്ടലുകളും പ്രദർശനങ്ങളും സർവ്വകലാലയങ്ങളും പൊതുപ്രസംഗശാലകളുംമററും ജനക്കൂട്ടത്തെ ഉണ്ടാക്കുന്നു. ഇവയിൽവച്ചു പ്രധാനമായി ശാന്തമായ ആദ്ധ്യാത്മികം ഏതൊരു സംഘത്തിൽ വിളങ്ങുന്നുവോ ആ സംഘത്തിൽ പ്രേമം എന്ന പുണ്യതീർത്ഥം പ്രവഹിച്ചു ശ്രേഷ്ഠമായ ഐക്യത്തെദൃഢീകൃതമാക്കുന്നു. ശാശ്വതമായ ഐക്യം ഹൃദയങ്ങൾ കൂടുന്നിടത്താണു് ഉത്ഭവിക്കുന്നതു്. ശരീരങ്ങൾ കൂടുന്നതായാൽ ഉൽകൃഷ്ടഫലം ലേശം ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും അക്ഷമത്വം തുടങ്ങിയുള്ള ദുർഗ്ഗുണങ്ങളും ഉദ്ഭവിക്കുന്നു. പുറമേമാത്രം ഐക്യത്തെ ബലപ്പെടുത്തേണ്ടതായ ആവശ്യമേഇല്ല. ഹൃദയത്തെ സ്പർശിക്കാത്തസ്നേഹം തിന്മയെത്തന്നെ വിളയിക്കുന്നു. കാൽകൊണ്ടു നമ്മൾ ഞെരുങ്ങുന്നതുകൊണ്ടു്, രണ്ടുഹൃദയങ്ങൾതമ്മിൽ ഞെരുങ്ങുന്നില്ല. വററാത്തഉറവുകൾ അല്ലെങ്കിൽ, ജീവനിലയ്ക്കു് ആധാരമായുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്താൽ മാത്രമേ നമുക്കു യഥാർത്ഥമായ സ്നേഹിതന്മാരെ കിട്ടുകയുള്ളു. ജലത്തിനു സമീപം നിൽക്കുന്ന വൃക്ഷം ജലമുള്ള ഭാഗത്തേക്കു വേരുവിടുന്നു. അനശ്വരാസ്ഥിഭാരമായ ജീവസ്ഥാനത്തുനിന്നും നമുക്കു വരാം. അനേകമരങ്ങൾ നമ്മേലക്ഷ്യമാക്കി വേരുവിടുന്നതുകാണാം. സത്യം എന്ന ഉറവു നയനങ്ങൾക്കു മുമ്പിൽ നിൽക്കണം. സൂര്യന്റെ ചുററും പലേഗ്രഹങ്ങൾ പലേദൂരത്തിൽ നിൽക്കുന്നതുകൊണ്ടാണു്, ഒരുയന്ത്രത്തെപ്പോലെ ചലിക്കുന്നതായി കാണപ്പെടുന്നതു്. ചില സ്നേഹിതന്മാരെ അതിൽ കടത്തി അടുപ്പിക്കയോ അഥവാ അകററി നിർത്തുകയോ ചെയ്താൽ അവരുമായി യോജിച്ചുപ്രവർത്തിക്കാൻ നമുക്കു സാധിക്കുകയില്ല. ആദ്ധ്യാത്മികനിലയ്ക്കു് അനുഗുണങ്ങളായ സ്ഥാനങ്ങൾ നിശ്ചയിച്ചാൽ മാത്രമേ സ്നേഹിതന്മാരുമായി ശാശ്വതപ്രേമത്തോടുകൂടിയ ഐക്യത്തിനു് ഇടയാവുകയുള്ളു. പലപ്പോഴും ജനങ്ങൾ ഏററവും അടുക്കുന്നതുകൊണ്ടോ അഥവാ അകലുന്നതുകൊണ്ടോ സ്വാപരാധത്താൽ കഷ്ടത അനുഭവിച്ചു് ഏതൊരാളിലും അവിശ്വാസവും അതൃപ്തിയുമുള്ളവരായി ഭവിക്കുന്നു. ശരിയാ

യ സ്ഥാനത്തുനിന്നാൽ സ്നേഹം, സമാധാനം, ഐക്യം എന്നിവയെ നശിപ്പിക്കാതെ പാലിക്കാൻ കഴിയും.

എല്ലാസമുദായക്കാൎക്കും ഒന്നിച്ചുകൂടാൻ സൌകൎയ്യമുള്ള ദേശീയ മഹാങ്ങൾ ഏൎപ്പെടുത്തണം. ജനഹൃദയങ്ങളിൽ ആത്മീയമായ ഐക്യം അങ്കുരിക്കുന്നതിനു പൎയ്യാപ്തമായ താമസസ്ഥലങ്ങൾ ആവശ്യമാണ്. എത്രവളരെ ജനങ്ങൾ കൂടുന്നുവോ, അത്രയുംപേൎക്കു സൌകൎയ്യമായി നില്ക്കുന്നതിനുവേണ്ട ഏൎപ്പാടുകൾ ഉണ്ടാകണം. വൎഷകാലത്ത് ദക്ഷിണഭാരതത്തിൽ ശീതോഷ്ണാവസ്ഥ അനുകൂലമായിരിക്കാനിടയുള്ളതിനാൽ, ഉത്സവം അവിടെ നടത്താം. വേനൽക്കാലത്ത് വടക്കുള്ള മലംപ്രദേശങ്ങളിലെ മനോഹരമായ സ്ഥലങ്ങളിൽ സമ്മേളിക്കാം. വസന്തകാലത്തു ബംഗാളത്തിലും മറുകാലങ്ങളിൽ പശ്ചിമഭാഗങ്ങളിലും നടത്താം. ഈ മഹാസമ്മേളനങ്ങളിൽ ജാതിപ്പിരിവുകളെയും മതഭേദങ്ങളെയും അവഗണിച്ചുള്ള ദേശീയഉണൎവു നടമാടണം. എല്ലാവകുപ്പിലുമുള്ള പ്രതിനിധികൾ പ്രവൎത്തകന്മാരായിരിക്കണം. ജന്തുപ്രദൎശനങ്ങൾ, തൊഴിൽസംബന്ധമായ പ്രദൎശനങ്ങൾ, ഗ്രന്ഥശാലകൾ, ഭൌതികശാസ്ത്രസംബന്ധമായ ശാലകൾ, പലേതരത്തിലുള്ള വിനോദങ്ങൾ, സമുദായാഭിവൃദ്ധികരങ്ങളായ പലേ പ്രസംഗമ്മേളനങ്ങൾ, പല വിഷയങ്ങളെ അധികരിച്ചുള്ള പ്രസംഗങ്ങൾ, രാജ്യതന്ത്രികയോഗങ്ങൾ, ദേശീയനാടകങ്ങൾ എന്നിവയായിരിക്കണം ഉത്സവച്ചടങ്ങുകൾ. ജാതിമതഭേദമെന്നിയെ, നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾ കൂട്ടംകൂട്ടമായി വന്നുചേരുന്നതിനു വേണ്ടഏൎപ്പാടുകൾ മുൻകൂട്ടിച്ചെയ്തിരിക്കണം. ഉത്സാഹപ്രദങ്ങളും അഭിലഷണീയങ്ങളുമായ ചടങ്ങുകൾ അവിടെ സംഭവിക്കണം. പഴയകാലത്തെപ്പോലെ സഹോദരീസഹോദരന്മാരും ഭാൎയ്യാഭൎത്താക്കന്മാരും സോത്സാഹം അതിൽ സംബന്ധിക്കട്ടെ! അമ്മമാരെ പുത്രന്മാർ കൂട്ടിക്കൊണ്ടു ചെല്ലട്ടെ! പണ്ടേക്കാലങ്ങളിൽ ബൊംബേസംസ്ഥാനത്ത് ഇങ്ങനെ സംഭവിക്കാറുണ്ടായിരുന്നു. എല്ലാവകുപ്പിലുമുള്ളവൎക്കു പ്രസംഗിക്കാൻതക്ക പ്രസംഗപീഠം ആവശ്യമാണ്. പ്രേമം എന്ന മഹത്തായ ഗുണത്തോടുകൂടി സകലജാതിമതസ്ഥന്മാൎക്കും വൎത്തിക്കാനുള്ള സ്ഥലസൌകൎയ്യം വേണ്ടതാണ്.

ദേശീയഗ്രന്ഥങ്ങളെ വൎദ്ധിപ്പിക്കുകയും പ്രചരിപ്പിക്കുകയുംചെയ്യണം. ഉപയോഗത്തിലിരിക്കുന്ന നാട്ടുഭാഷകൾക്കു ഐകരൂപ്യം വരുത്തുന്നതും രാഷ്ട്രീയശക്തിയുടെ ശുദ്ധീകരണത്തിനു ഒഴിച്ചുവയ്ക്കാൻപാടില്ലാത്ത ഒന്നാണ്. പലേ സ്ഥലങ്ങളിലും ഓംമന്ദിരങ്ങൾ സ്ഥാപിച്ചു പലമതക്കാർ ഒന്നിച്ചു കൂടത്തക്ക ഏൎപ്പാടുകൾ ചെയ്യണം. അവരെ ക്ഷണിച്ചുവരുത്തി പാരായണം, ധ്യാനം, പ്രാൎത്ഥന മുതലായവ നടത്തണം. എല്ലാ മതക്കാരും പരസ്പരം സഹഭാ

വവും സൌഹാർദ്ദവും പ്രേമവും പ്രദർശിപ്പിക്കണം. ചെറുപ്പക്കാർ രാമൻ കാണിച്ചവണ്ണം വെളിസ്ഥലങ്ങളിൽ കായികാഭ്യസം നടത്തണം. ശരീരത്തിൻെറ ഓരോ ചലനങ്ങളും ആത്മീയചിഹ്നത്തെ വെളിപ്പെടുത്താം. ആഹുതിചെയ്യുന്നതുകൊണ്ട് മനോമയകോശത്തിൽ ദൈവികമുദ്രപതിക്കപ്പെട്ടതായി അഭിമാനിക്കുന്നതിനുപകരം ശരീരചലനത്തെത്തന്നെ അപ്രകാരം അഭിമാനിക്കാം. സ്നാനം ചെയ്യുമ്പോൾ പരിശുദ്ധിയെ ഉണ്ടാക്കുന്ന സ്തോത്രങ്ങളെ വ്യക്തമായി ഉച്ചരിക്കാം. ചെറുപ്പക്കാർ നദീതീരങ്ങളിലോ പുൽപ്രദേശങ്ങളിലോ സമനിരത്തിലോ ഒന്നിച്ചുചേർന്ന് ആഹാരം കഴിക്കട്ടെ! ഓങ്കാരത്തെ ധ്വനിപ്പിച്ചുകൊണ്ടും ധ്യാനിച്ചുകൊണ്ടും ഓരോ ഭക്ഷ്യത്തെയും ഉള്ളിൽ കടത്തട്ടെ! തീവ്രശക്തിയാകുന്ന അഗ്നിയെ ഉജ്ജ്വലിപ്പിക്കുന്ന വാക്കുകളും ശ്വാസത്തിൽകലർന്നു പ്രകാശിക്കുന്ന മനോഭാവനകളും അവിച്ഛിന്നമായി കലർന്നഗീതങ്ങൾ ഏകകണ്ഠമായി ഗാനം ചെയ്യുകയാണെങ്കിൽ അവ ഐക്യത്തെ ബലപ്പെടുത്തുന്ന ആയുധങ്ങളായിഭവിക്കുന്നു. യജനം ചെയ്യുന്നതിനായി കൃത്രിമാഗ്നിയെ ആവിർഭവിപ്പിക്കുന്നതിനു പകരം ഭക്തിനിറഞ്ഞ ചെറുപ്പക്കാർ പ്രഭാതസൂര്യനെയും അസ്തമയസൂര്യനെയും നോക്കി അവയുടെ അപരിമിതമായ മഹത്വത്തെ ഹോമാഗ്നിയായികരുതി തങ്ങളുടെ ഇടുങ്ങിയ അഹങ്കാരങ്ങളെ ആഹുതിചെയ്യട്ടെ! ആ മഹത്വമാകുന്ന സമുദ്രത്തിൽ മുങ്ങി, അവിടുന്നു തേജോമയന്മാരായിപ്പൊങ്ങി ലോകം മുഴുവൻ തങ്ങളുടെ സുവർണ്ണദീപ്തിയാൽ പ്രകാശവത്താക്കിച്ചെയ്യാൻ തയ്യാറുണ്ടോ? അതാണു നിങ്ങൾ ചെയ്യേണ്ട ആഹുതി. കീർത്തനങ്ങൾ പാടിക്കൊണ്ട് നിർഭയം സത്യനിഷ്ഠയെപെരുമ്പറമുഴക്കി തെരുവുകൾതോറും ഭജനസംഘമായി സഞ്ചരിക്കാമെങ്കിൽ, അതുവഴി പാമരന്മാരിലും പ്രത്യേകിച്ചു സ്ത്രീകളിലും പ്രേമവും ഐക്യവും പ്രചരിപ്പിക്കാൻ കഴിയുന്നതാണ്.

നാട്ടിൽ ഐക്യത്തെ ആവിർഭവിപ്പിക്കാനുള്ള സർവോൽകൃഷ്ടമായശക്തി, സത്യത്തിനു വേണ്ടി സമുദായനേതാക്കന്മാർ ജീവനെ ബലികഴിക്കുന്നതിലും കഠിനശിക്ഷയെ വരിക്കുന്നതിലും അന്തർഭവിച്ചിരിക്കുന്നു. എന്നാൽ ഏകരാജൈക്യത്തിനപ്പുറമേ, സർവരാജൈക്യത്തിനുമുള്ളശക്തി അന്തർല്ലീനമായിരിക്കുന്നതു്, ജീവനോടുകൂടിമരണത്തെ വരിക്കുന്നതിൽ—അല്ലല്ല, സമഷ്ടിജീവിതത്തെ നശിപ്പിക്കുന്ന സ്വാർത്ഥത്തെ ഹനിക്കുന്നതിൽ—അത്രേ. ഒരുവൻ, ദൈവത്തിൽ സംഘടിച്ചുനിൽക്കട്ടെ; രാഷ്ട്രസമുദായം അവനാൽ ഐക്യതയെ പ്രാപിക്കും. തീയും ചോരയും ചിന്തുന്ന പരിശുദ്ധസ്വഭാവത്തോടുകൂടിയതായ സൈനികപരിശീലനംവഴി ചെറുപ്പക്കാരെ സജ്ജീകരിച്ചാൽ ധൈര്യം, വീര്യം, നിസ്സ്വാർത്ഥശക്തി മുതലായ ഗുണ

ങ്ങളും ധമ്മവും അവരിൽ കളിയാടുന്നതാണ്. സ്ത്രീകഠം, കുട്ടികഠം, തൊഴിലാളികഠ എന്നിവരുടെ വിദ്യാഭ്യാസത്തിൽ നാം ഉദാസീനരായതുകൊണ്ട്, നമ്മെ സഹായിച്ച ശാഖകളെ ഛേദിച്ചവരായി ഭവിച്ചിരിക്കുന്നു. ദേശീയവൃക്ഷം നശിക്കുമാറു വേരുകളെത്തന്നെ വെട്ടിക്കണ്ടിച്ചിരിക്കുന്നു.

ഇരുപതാംനൂററാണ്ടിൽ വസിക്കുന്ന ഋഷിസന്തതികളെ! നിങ്ങഠം നിങ്ങളുടെ ശ്രുതിശാസനത്തെ അറിയുന്നുവെങ്കിൽ, സ്മൃതികളെക്കൊണ്ട്, നിങ്ങളിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്ന പിരിവുകളെ സംബന്ധിച്ച ബന്ധങ്ങളെയും ആചാരത്തെ സംബന്ധിച്ച ബന്ധങ്ങളെയുംപൊട്ടിച്ചു വെളിയിൽ ചാടുവിൻ! വാസ്തവാത്മാവിനെ ബോധിക്കാത്തവരായാലും ശ്രുതിയെശ്രദ്ധിക്കാത്തവരായാലും ശരി, ദീർഘകാലത്തിനുമുമ്പ് ശീതത്താൽ പീഡിപ്പിക്കപ്പെട്ടപ്പോഠം ധരിച്ചുവന്ന കുപ്പായങ്ങളെ ഈ അത്യുഷ്ണകാലത്തു് ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നുവോ? നിങ്ങളുടെ പൂർവ്വികന്മാരുടെ ജ്ഞാനത്തെ അനുസ്മരിച്ചെങ്കിലും നിങ്ങളുടെ നിലയെ മനസ്സിലാക്കിക്കൊള്ളുവിൻ! മനുഷ്യനായി അവതരിക്കുന്നവൻ കാലത്തെസ്സംബന്ധിച്ചു മാത്രം ജീവിക്കുന്നില്ല; ഒരു രാജ്യമാകുന്ന സ്ഥാനത്തെയും സംബന്ധിച്ചു ജീവിക്കുന്നു. കാലത്തെക്കുറിച്ചു ചിന്തിക്കുന്നതായാൽ, നിങ്ങഠം ഹിമാലയത്തെ അധിവസിച്ച മഹർഷികളുടെ വംശത്തിൽ ജനിച്ചവരാണ്; ദേശത്തെപ്പററി നോക്കുന്നതായാലോ, കലകളെയും ഭൌതികശാസ്ത്രങ്ങളെയും മുറുകെപ്പിടിച്ചു യതിക്കുന്ന അമേരിക്കക്കാരോടും യൂറോപ്യന്മാരോടും കലന്നു ജീവിക്കുന്നു. പുരാതനോപനിഷത്തുകളിലെ ജ്ഞാനത്തെ ഉഠംക്കൊള്ളുവിൻ! എന്നാൽ ലൌകികവിഷയങ്ങളിൽ ജപ്പാനും അമേരിക്കയും സ്വീകരിക്കുന്ന അനുഭവനയത്തെ പിൻപററിയാൽ മാത്രമേ നിങ്ങഠംക്കു ജീവിക്കാൻ കഴിയുകയുള്ളൂ. ഒരു വൃക്ഷം അതിൻെറ ബീജമഹത്വത്തിൽ അഭിമാനിച്ചുകൊണ്ട്, ചുററുപാടുമുള്ള ജലം, വായു, പ്രകാശം എന്നി ആഹാരസാധനങ്ങളെ വെറുക്കുകയാണെങ്കിൽ എളുപ്പത്തിൽ നശിച്ചുപോകും. നിങ്ങളുടെ രാജ്യഗൌരവത്തെ അവഗണിക്കണമെന്നു രാമൻ പറയുന്നില്ല. നിങ്ങഠംവളന്നു വരേണ്ടതാവശ്യംആണ്. പരിതസ്ഥിതികളെയും പൂർവ്വമാഹാത്മ്യത്തെയും കലത്തിഗ്രഹിച്ചു സാരാംശത്തെ ഉഠംക്കൊണ്ടു വളച്ച്യെ പ്രാപിക്കണം. അന്യന്മാർ നമ്മുടെ പുരാതനമായ ദൈവികജ്ഞാനത്തെ അംഗീകരിച്ചുഫലത്തെ ആസ്വദിക്കുന്നതുപോലെ, നാമും അവരുടെ ഭൌതികശാസ്ത്രസമ്പ്രദായങ്ങളെ സ്വീകരിക്കേണ്ടതാണ്.

രാജ്യമീമാംസയും ചരിത്രവും നമ്മെ പഠിപ്പിക്കുന്നതെന്തു? രാജ്യസമുദായവളച്ച് വൃക്ഷത്തിൻെറ വളച്ച്യുക്കു തുല്യമാകുന്നു. കാ

ലത്തെ അനുസരിച്ചു കണ്ടിച്ചുവിടണം—കുടിയേററി അയയ്ക്കണം. തൊഴിലില്ലാതെ പട്ടിണികിടന്നു കഷ്ടപ്പെടുന്ന സാധുക്കളായ ഇന്ത്യക്കാരെ, കുടികളില്ലാതെ ബുദ്ധിമുട്ടുന്ന നാടുകളിൽ അയച്ചു്, അവിടെ പ്രവൎത്തിപ്പിക്കണം. അവൎക്കു ജീവിക്കാൻ കഴിയുന്നതിനുംപുറമേ, അതുവഴി വിദൂരദേശങ്ങളിൽ ഇന്ത്യക്കാൎക്കു വേരൂന്നാൻ സാധിക്കുകയും ചെയ്യും. ഭാരതീയരുടെ ചിരസ്ഥായിയായ തമോഗുണത്തെയും അകററിക്കളയാം; ഇന്ത്യയിൽ ക്ഷാമപീഡയ്ക്കും കുറവുണ്ടാകും; വായുമണ്ഡലത്തിൽ ദുഷിച്ചവായു പരക്കുകയുമില്ല. നിങ്ങൾ അപ്രകാരം പ്രവൎത്തിക്കാമെങ്കിൽ ദേവതകളെ നിങ്ങളുടെരഥത്തോടുകൂടി വലിച്ചുകൊണ്ടുപോകാൻ നിങ്ങൾക്കു കഴിയും. ഇല്ലെങ്കിൽ ദേവതകളുടെ രഥചക്രത്തിൽ കുടുങ്ങി രക്ഷാമാൎഗ്ഗമെന്യേ ദയനീയമാംവണ്ണം കഷ്ടപ്പെട്ടുകൊണ്ടിരിക്കാം. നിബിഡതയിൽനിന്നും ഒഴിഞ്ഞുമാറാൻ നിങ്ങൾക്കു സമ്മതമില്ലെങ്കിൽ—നിങ്ങൾ എന്തും വിചാരിച്ചുകൊൾക—ദയാനിധിയായ ദൈവം കളപറിക്കുന്നതൊഴിലിനെ അംഗീകരിക്കും. ക്ഷാമവും 'പ്ലേഗു'മായിരിക്കും അദ്ദേഹം അതിലേക്കു് ഉപയോഗിക്കുന്ന ആയുധങ്ങൾ. "മനുഷ്യൻ തന്റെ അറിവിനെ വിധിയെത്തുടൎന്നു പ്രവൎത്തിക്കാൻ ഉപയോഗിക്കുകയാണെങ്കിൽ, അവൻ പൂൎണ്ണതയെ പ്രാപിക്കുന്നു. അറിവോടുകൂടിയ പ്രവൃത്തി അവനെ സംബന്ധിച്ചിടത്തോളം വിജയപൂൎണ്ണമായി ഭവിക്കുന്നു. അതുവഴി കലഹംമാറി സൌഖ്യമുണ്ടാകുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നു." ഇപ്രകാരമുള്ള മനുഷ്യനാണു സുലഭമായി വെളിനാടുകളെ പ്രാപിക്കുന്നതു്. "നമ്മുടെ നാട്ടിൽ തൊഴിലില്ലാതെ ബുദ്ധിമുട്ടുന്ന സന്താനങ്ങളെ വീട്ടിനുവെളിയിൽ തുരത്തുന്നതെന്തിനു്?" എന്നു ചിലർ ചോദിച്ചേക്കാം. ഈ ചോദ്യത്തിൽനിന്നും മനസ്സിലാകുന്നതെന്തു്? ഗൃഹത്തെസ്സംബന്ധിച്ച സങ്കുചിതമായ ബുദ്ധി വെളിപ്പെടുന്നു. ശരീരം ജനിച്ച സ്ഥലത്തിനു ചുററുമുള്ള നാലു ഭിത്തികളെയും കടന്നു പുറത്തിറങ്ങുന്നതെന്തിനു്? എന്തിനായിട്ടു വിട്ടുവിട്ടു വെളിയിലിറങ്ങണം? നിങ്ങൾ ഈ മണ്ണിനും ചവററിനും അവകാശികളാണോ? സ്വൎഗ്ഗത്തിന്റെ അവകാശികളല്ലേ? നിങ്ങൾ സ്വൎഗ്ഗസുഖത്തെ അനുഭവിക്കുന്നവരല്ലേ? നിങ്ങൾ ഏതൊരുസ്ഥലത്തുപോകുന്നുവോ ആ സ്ഥലം നിങ്ങളുടെ വീടുതന്നെ. ഒരുസ്ഥലം മാത്രം നിങ്ങളുടേതാണെന്നു ഭാവിക്കരുതു്. ഇന്ത്യയ്ക്കു് ഇതര രാജ്യങ്ങളോടു സംബന്ധിക്കാതെ, ഇന്നു ലോകത്തിൽ തനിയേ മാറിനില്ക്കാൻ കഴിയുന്നതല്ല. പണ്ടു ഭാരതവൎഷംവേറേ, പെൎഷ്യവേറേ, ഈജിപ്തു്വേറേ, എന്നിങ്ങനെ ഓരോന്നും പ്രത്യേകംപ്രത്യേകം രാജ്യങ്ങളായി വൎത്തിച്ചുവന്നു. ഇന്നു് ആവിയും വിദ്യുച്ഛക്തിയും ആവിർഭവിച്ചു കാലവിളംബത്തെയും ദേശഭേദത്തെയും ആട്ടിപ്പായി

ച്ചിരിക്കുന്നു. മഹാസമുദ്രങ്ങൾ, പ്രതിരോധകങ്ങളായിരുന്ന കാലം പോയി അവ, മാർഗ്ഗങ്ങളായി പരിണമിച്ചിരിക്കുന്നു. പണ്ടത്തെ നഗരങ്ങൾ തെരുവുകളായും രാജ്യങ്ങൾ നഗരങ്ങളായും കരുതപ്പെട്ടുന്നു. ലോകം ഒരു ചെറിയ രാജ്യമാണെന്നു ഭാവിക്കപ്പെട്ടുന്നു. അതിനാൽ നിങ്ങളുടെ ഗൃഹത്തെ സംബന്ധിച്ച ബോധവും വിസ്തൃതമാക്കപ്പെടേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഏതുദേശത്തും നിങ്ങൾക്കു തുല്യാവകാശമുണ്ട്. അല്ലയോ പ്രകൃതിയുടെ സന്തതിയേ! ഹേ ദൈവത്തിൻെറ പുത്ര! മനുഷ്യവർഗ്ഗം മുഴുവൻ നിങ്ങളുടെ സഹോദരന്മാരും സഹോദരികളുമത്രേ. എവിടെ ഉപജീവനാർത്ഥം പ്രവർത്തിക്കാൻ കഴിയുമോ അവിടെച്ചെന്നു സ്ഥിരവാസം ചെയ്യുക! ഭാരതീയജനസമുദായത്തിൽ കുന്നുകൂത്തോൺകിടക്കുന്ന ലക്ഷോപലക്ഷം ദരിദ്രന്മാരോടു കലന്ന് അത്തുകയെ വർദ്ധിപ്പിക്കണ്ടാ. പുറത്തുപോകുവിൻ! ദൈവത്തിൻെറ മഹത്വത്തെ ഓർത്തും മനുഷ്യവർഗ്ഗത്തോടു ദയകാണിച്ചും പൊയ്ക്കൊൾക! ഇന്ത്യയുടെ ദുഃഖത്തെ പരിഹരിക്കുന്നതു ചിലക്കു സ്വദേശകാര്യമായിത്തോന്നിയേക്കാം; രാമൻെറ ദൃഷ്ടിയിൽ അതു സർവ്വരാജ്യത്തെ സംബന്ധിച്ചതാകുന്നു. ചിലക്ക് ഇതു ദേശഭക്തിയെ സംബന്ധിച്ചതായിരിക്കും; രാമൻെറ നോട്ടത്തിൽ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ചതാണു്. എൻെറ കുട്ടികൾ ദൂരദേശങ്ങളിൽ പോയിട്ടെങ്കിലും ജീവിച്ചു വിളങ്ങട്ടെ; എൻെറ കൺമുമ്പിൽ കിടന്നു മരിക്കേണ്ടാ. നിങ്ങൾ പോകുവിനെന്നു പ്രേമബാഷ്പം ചൊരിഞ്ഞുംകൊണ്ടു രാമൻ ആവശ്യപ്പെടുന്നു. പോവുക!

വിദേശങ്ങളിൽ, നിങ്ങൾക്കു നിങ്ങളെപ്പുലത്താനുള്ള ശക്തി ലഭിച്ചുകഴിഞ്ഞാൽ മടങ്ങിപ്പോരുവിൻ! എന്നിട്ടു് ആ ദേശങ്ങളിൽനിന്നും സിദ്ധിക്കുന്ന അറിവുകൊണ്ടു നിങ്ങൾ, സ്വദേശത്തെ സേവിക്കുവിൻ! ജപ്പാനിലെ യുവജനങ്ങൾ, പാശ്ചാത്യരാജ്യങ്ങളിൽനിന്നു ലഭിക്കുന്ന അറിവിനെ തങ്ങളുടെ നാട്ടിൽ കൊണ്ടുപോയി പരത്തുന്നു. എന്നാൽ നിങ്ങളുടെ ആഹാരത്തിനു വേണ്ടതിൽ ക്രുടുതലായി നിങ്ങൾക്കു യാതൊന്നും സമ്പാദിക്കാൻകഴിഞ്ഞില്ലെങ്കിൽ അവിടെത്തന്നെ തങ്ങിക്കൊൾവിൻ! ഭാരതമാതാവിൻെറ ശോഷിച്ച ശരീരത്തിൽ പററിപ്പിടിച്ചു ശേഷിച്ചുള്ള രക്തത്തെയും ഊററി എടുക്കുകയേ കഴിവുള്ളു എന്നു വന്നാൽ അറബിക്കടലിൽ ചാടി അക്കടലിൻെറ സൽക്കാരത്തെ അനുഭവിക്കുവിൻ; വീണ്ടും ഭാരതഭൂമിയിൽ കാലൂന്നരുതു്. ഗൃഹത്തോടു കരുണയും രാജ്യത്തോടു യഥാർത്ഥമായ ഭക്തിയുമുണ്ടെങ്കിൽ, നീ ചെയ്യേണ്ട സഹായം അതൊന്നുമാത്രമാണു്. രാമനു് എല്ലാ പ്രാണികളിലും കല്ലുകളിലും മനുഷ്യരിലും അഭേദമായ സ്നേഹമുണ്ടു്. കുബേരന്മാരും ദൈവത്തോടൊപ്പം

ലെ മാഹാത്മ്യമുള്ള ജീവികളാണു്. എന്നാൽ വസ്തുസ്ഥിതിയെ മറക്കാൻപാടില്ല. അങ്ങനെ ചെയ്യുന്നവൻ ഖേദിക്കേണ്ടിവരും.

ഇപ്രകാരം അഭിപ്രായപ്പെടുന്നതുകൊണ്ടു്, അമേരിക്കയെയാകട്ടെ, ഇതരരാജ്യങ്ങളെയാകട്ടെ, മന്ദന്മാരായ ഭാരതീയരെക്കൊണ്ടു നിറയ്ക്കാൻ രാമൻ അഭിലഷിക്കുന്നുവെന്നു അൎത്ഥമാക്കണ്ട. വാസ്തവത്തിൽ നിങ്ങൾ അന്യനാടുകളിൽ ചെല്ലുന്നതുകൊണ്ടു ആ നാട്ടുകാൎക്കും നന്മയേ ഉണ്ടാവുകയുള്ളു. വൃക്ഷം തൈ തിങ്ങി വളൎന്നാൽ എല്ലാം ബലഹീനങ്ങളായിരിക്കും. ഒന്നിനെ അക്കൂട്ടത്തിൽനിന്നും പിഴുതെടുത്തു് ഒരു പ്രത്യേകസ്ഥലത്തു നടുവിൻ! അതു രാജവൃക്ഷമായി ശോഭിക്കും. നീ അന്യനാട്ടിൽ പോയാൽ ആ നാട്ടുകാൎക്കു മേന്മയും നിനക്കു സൌഖ്യവും സിദ്ധിക്കുന്നതാണു്. ഇന്നു് അമേരിക്കർ എന്നു കീൎത്തിക്കപ്പെടുന്നവരെല്ലാവരും അപ്രകാരം കുടിയേറിയവരാണു്. അവരിൽ അധികംപേരും യൂറോപ്പിലെ സാധുക്കളാണു്. സ്വദേശത്തെവിട്ടു വെളിയിൽപോയവരാകുന്നു. ഏതുരാജ്യത്തെചരിത്രം പരിശോധിച്ചാലും വിദേശങ്ങളിൽ കുടിയേറിപ്പോയവൎക്കു കാലാന്തരത്തിൽ ഗുണകരമായ മാററങ്ങൾ സംഭവിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെടും.

യജ്ഞത്തെപ്പററി ഇനിയും ചിലതു പറയേണ്ടിയിരിക്കുന്നു. യജ്ഞത്തിനു ത്യാഗം എന്നു് അൎത്ഥംകല്പിക്കുന്നു. ഗംഭീരാൎത്ഥത്തോടുകൂടിയ ത്യാഗം എന്നപദത്തിനു്, യാതൊന്നും പ്രവൎത്തിക്കായ്കയെന്ന ഉപേക്ഷണീയമായ ബലഹീനത എന്നു് അൎത്ഥകല്പനചെയ്യരുതു്. അഹംഭാവത്തോടുകൂടിയ സന്ന്യാസമെന്നും അൎത്ഥമാക്കരുതു്. ഈശ്വരന്റെ പരിശുദ്ധനിലയനമായ നിന്റെ ശരീരത്തെ മാംസഭുക്കുകളായ കഴുകന്മാൎക്കു് ഇരയാക്കുന്നതു്—സുലഭഭക്ഷ്യമായി വിട്ടുകൊടുക്കുന്നതു്—ത്യാഗമല്ല. അനീതിക്കും ക്രൂരതയ്ക്കും വശപ്പെടാൻ നിനക്കു് എന്തവകാശമുണ്ടു്? ഒരു സ്ത്രീ ധൎമ്മസാധനമായ ഈശരീരത്തെ ദുരാശാബദ്ധന്മാൎക്കായി വിട്ടുകൊടുക്കുന്നുവെങ്കിൽ അതു് ഒരിക്കലും പുണ്യപ്രദമായ ത്യാഗമാകയില്ല. ത്യാഗം എന്നാൽ സൎവ്വവും സത്യത്തിനായി വിട്ടുകൊടുക്കുക എന്നൎത്ഥമാണു്. ഈ ശരീരവും ധനവും ഈശ്വരന്റെ സ്വന്തമാകുന്നു. നീ കാവൽക്കാരന്റെ നിലയിൽ വൎത്തിക്കുക! നിന്റെ ദൈവികകാൎയ്യത്തിൽ അനീതിയും അക്രമവും സംഗമിക്കാതിരിക്കട്ടെ! നിന്നെ സത്യപ്പൊരുളിൽനിന്നും വിഭിന്നനായിഭാവിച്ചിട്ടു്, പിന്നീടു മതത്തിനുവേണ്ടി ത്യാഗംചെയ്യുകയെന്നാൽ നിനക്കു സ്വന്തമല്ലാത്തതിനെ സ്വന്തമായി ഭാവിച്ചു എന്നൎത്ഥമാണു്. സ്വന്തമല്ലാത്തതിനെ സ്വന്തമാക്കിച്ചെയ്യുന്നതു് അധൎമ്മമാകുന്നു. നിനക്കു സ്വന്തമല്ലാത്ത വസ്തുവിനെ ധൎമ്മത്തിലേക്കു ചെലവുചെയ്യുന്നതു പാപമല്ലേ? നീ പരമാൎത്ഥ വ

സ്ഥായി സത്യമാകുന്ന പ്രകാശത്തെ പരത്തിനിൽക്കുക. ഇതത്രേ ഉത്തമമായ ത്യാഗം. അല്പം ക്ഷമിക്കുക; ഇതിനു ത്യാഗം എന്നു പേർ വിളിക്കാമോ? ഇതു് ഈശ്വരാത്മകമായ ഗംഭീരതത്വമല്ലേ? ഈശ്വരസ്വരൂപവും ത്യാഗവും ഒന്നാണു്. പരിശീലനവും ഗുണവും ബാഹ്യപ്രതീതികളാകുന്നു.

വൈദികകാലങ്ങളിൽപ്പോലും സങ്കുചിതമായ 'അഹ'ത്തിൽ ഉൾപ്പെട്ട ഏതു കർമ്മകാണ്ഡവും നിശ്ശേഷവിമോചനമായ മുക്തി നൽകാൻ പര്യാപ്തമായിരുന്നില്ല. വിമോചനം എല്ലായ്പോഴും ജ്ഞാനത്താൽമാത്രം സിദ്ധിക്കുന്ന ഒന്നാണു്. ഇക്കാലത്തുതന്നെയും സ്വാർത്ഥം എന്ന ഗുണത്തിൽ കർത്തവ്യമെന്ന ഭാരം ദുർവ്വഹമായി ഭവിക്കയാൽ, ത്വരിതമായി തത്തിക്കളിച്ചുകയറുന്ന പരിഷ്കാരപ്രധാനമായ അടിമയുടെ കർമ്മകാണ്ഡവും ഒരുവൻെറ പാപത്തെപ്പോക്കി ദുഃഖത്തെ നിവർത്തിക്കുന്നില്ല. ലോകത്തിലെ സകലസൌഭാഗ്യങ്ങളും സമ്പാദിക്കാം. എന്നാൽ താനും സമഷ്ടിയും ഒന്നെന്നു് അറിഞ്ഞാലല്ലാതെ ശാന്തി ഉണ്ടാകുന്നതല്ല. ലോകത്തിലുള്ള പരിവർത്തനങ്ങളിലെല്ലാം, സന്ദർഭങ്ങളിലെല്ലാം, പൊതുവെ ആധാരമായി അഭേദ്യമായി നിൽക്കുന്ന സർവ്വപ്രധാനമായ കർമ്മം ഒന്നുണ്ടു്. അതത്രേ സ്വരൂപാനുഭവം. മനുഷ്യജീവിതത്തിൻെറ വേരു് കൃത്രിമത്തിലും മേൽനിരപ്പിലും തോറ്റത്തിലും മാത്രം ഉറച്ചുനിൽക്കുന്നിടത്തോളം ഓരോ മാററങ്ങളും പരിഷ്കാരങ്ങളും ദുരവസ്ഥയെ നവീകരിച്ചുകൊണ്ടിരിക്കും. 'തങ്ങളും സമഷ്ടിയും ഒന്നാണെന്നുള്ള ഉണർവ്വ് ഉണ്ടാകുന്നതുവരെ നിങ്ങളുടെ പരിഷ്കാരങ്ങളെല്ലാം ഏതൊന്നിനു പ്രയോജനപ്പെടുന്നു? ജീവാത്മാവു് ഉണർവ്വ് എന്ന ബീജത്തെപ്പൊതിഞ്ഞിരിക്കുന്ന തൊലിമാത്രമാണു്. വേദങ്ങളുടെ ജ്ഞാനഭാഗമാണു യഥാർത്ഥമായ വേദം. അതിനത്രേ ശ്രുതി എന്നു പേർ. ഹൈന്ദവതത്വശാസ്ത്രജ്ഞന്മാരിൽ വൈദികാദർശകന്മാരായ ഷഡ്വിധശാഖാവലംബികളും ജൈനന്മാരും ബൌദ്ധന്മാരും ഇപ്രകാരംതന്നെ അഭിപ്രായപ്പെടുന്നു. ഹിന്ദുക്കളേ! ഈ ശ്രുതിയെ കൈവിടായ്വിൻ! കാലത്തെ അനുസരിച്ചു് കർമ്മകാണ്ഡത്തെയും സ്മൃതിയെയും ഭേദപ്പെടുത്തുവിൻ! അങ്ങനെ പ്രവർത്തിക്കുന്നു എങ്കിൽ, ഹിന്ദുക്കൾ എന്ന പ്രത്യേകസമുദായനില നശിക്കാതെ മേൽക്കുമേൽ ഹൈന്ദവാഭിവൃദ്ധിയെ പ്രാപിച്ചു വാസ്തവത്തിൽ ലോകത്തെ ഉദ്ബോധിപ്പിക്കുന്ന ആചാര്യന്മാരായി (നിങ്ങൾ) ഭവിക്കുന്നതാണു്. വ്യക്തിപരമായ ശൈഥില്യം സംഭവിച്ചു നിഷ്പ്രയോജകത്വത്തെ പ്രാപിക്കാതെ, സമഷ്ടിയിൽ ലയിച്ചു് നവജീവനോടെ വിളങ്ങുന്നതാണു്. ആത്മനിലയെ ബോധിക്കാത്ത പ്രവൃത്തിനിരതൻ, ഇരുട്ടറയിൽ കുടുങ്ങി നട്ടം തിരിയുന്നവനെപ്പോലെയാകു

ന്നു. ഭിത്തികളിൽ മുട്ടിയും മേശയിൽ മുട്ടുതല്ലിയും കസേരകളിൽ തലകുത്തിവീണും ബുദ്ധിമുട്ടുവനെപ്പോലെയത്രേ. വെളിച്ചത്തു വേലചെയ്യുന്നവനു പ്രതിബന്ധം നേരിടുകയില്ല. ജ്ഞാനപ്രകാശമില്ലാതെ വലയുന്നവൻ, കുതിരവാലിൽ പാടിച്ചോടുന്നവനെപ്പോലെ ചവിട്ടേൽക്കുന്നു. അറിവുസമ്പാദിച്ചവൻ സ്വതന്ത്രനായി, പരമാനന്ദമായി യാത്രചെയ്യുന്നു. ആത്മജ്ഞാനിക്കു താൻചെയ്യുന്ന പ്രവൃത്തി, പ്രവൃത്തിയല്ല. ആത്മദർശനം സിദ്ധിച്ചവനു, മഹാകാൎയ്യങ്ങളെ എല്ലാം, വസന്തകാലത്തിലെ കാററു പുഷ്പങ്ങളുടെ സൌരഭ്യത്തെ വഹിച്ചുകൊണ്ടുപോകുന്നതുപോലെ, വളരെ ലഘുവിൽ നിൎവ്വഹിക്കാൻ കഴിയും. ശങ്കരാചാൎയ്യർ, ആത്മജ്ഞാനി പ്രവൎത്തിക്കുന്നതേ ഇല്ലെന്നുപറയുന്നു. അതേ, വാസ്തവംതന്നെ. ആത്മജ്ഞാനിയുടെ ദൃഷ്ടിയിൽ പ്രവൎത്തിക്കയില്ല. എന്തുകൊണ്ടെന്നാൽ അവനു കഠിനമായ പ്രവൃത്തി യാതൊന്നുമില്ല. അവന് എല്ലാപ്രവൃത്തികളും വിനോദമായിഭവിക്കുന്നു. സകലതും ആനന്ദത്തെ നൽകുന്നു. നിൎബന്ധമായ ചുമതല എന്നുള്ളതു് അവനില്ല. അവൻ എല്ലായ്പോഴും യജമാനൻ. കഷ്ടതയെന്നുള്ളതു് ഒരിക്കലുമില്ല. ബദ്ധപ്പാടുമില്ല. അവൻെറ കാൎയ്യങ്ങളെല്ലാം കഴിഞ്ഞുപോയി. അവൻ തലയിൽതല്ലിക്കൊണ്ടു വിഷമിക്കുകയില്ല; സങ്കടപ്പെടുകയേയില്ല; ഏതുസമയത്തും ചൊടിയോടും ഉറപ്പോടും വൎത്തിക്കുന്നു. 'പ്രവൃത്തി'എന്ന രോഗം അവനെ തളൎത്തുന്നതേയില്ല. ഇപ്രകാരമുള്ള ഒരുവനു മടിപൂണ്ടുനടക്കാൻ കഴിയുമോ? പ്രകൃതി യാതൊന്നും പ്രവൎത്തിക്കുന്നില്ലെന്നും സൂൎയ്യഭഗവാൻ ഉദാസീനനായി ചലിക്കുന്നതേയുള്ളുവെന്നും പറവാൻ പാടുണ്ടോ? ആത്മജ്ഞാനിക്കു പ്രവൃത്തിയേ ഇല്ലെന്നു് അഭിപ്രായപ്പെടുന്ന ശങ്കരാചാൎയ്യരെത്തന്നെ ശ്രദ്ധിക്കുക! വളരെ ചുരുങ്ങിയകാലത്തിനിടയിൽ ഇത്രവലിയ ശക്തിയെ വെളിപ്പെടുത്തിയ വേറൊരാളിനെ ചൂണ്ടിക്കാണിക്കാവിൻ! അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്; ഒട്ടുവളരെസ്ഥാപനങ്ങൾ ഏൎപ്പെടുത്തിയിട്ടുണ്ടു്; രാജാക്കന്മാരെ വശപ്പെടുത്തിയിട്ടുണ്ടു്; ഭാരതത്തിലെങ്ങും ശ്രേഷ്ഠമായ സമാജങ്ങൾവിളിച്ചുകൂട്ടിയിട്ടുണ്ടു്; നക്ഷത്രത്തിൽനിന്നു ജ്യോതിസ്സ് പ്രകാശിക്കുന്നതുപോലെയും പുഷ്പത്തിൽനിന്നു സൌരഭ്യം പുറപ്പെടുന്നതുപോലെയും ശങ്കരാചാൎയ്യരിൽനിന്നു പ്രവൃത്തികൾ താനേ ആവിൎഭവിച്ചു.

മനുസ്മൃതിയിൽ പറഞ്ഞിട്ടുള്ളതുപോലെ ആത്മാവാകുന്ന ഹോത്രിയെ ഉള്ളിലുള്ള ജ്യോതിൎമ്മയമായ ആസനത്തിലിരുത്തിച്ചെയ്യുന്നതും സ്വാരാജ്യപ്രാപ്തിക്കു് ഏകമാൎഗ്ഗമായിരിക്കുന്നതുമായ മഹാബ്രഹ്മയജ്ഞത്തെക്കുറിച്ചു് അല്പമെങ്കിലും പ്രസ്താവിക്കാതെ രാമൻ വിരമിക്കുന്നില്ല. ജ്ഞാനാഗ്നിയിൽ നിൻെറ അഭിമാനങ്ങളെ

നിശ്ശേഷം ആഹുതിചെയ്യുക! നിന്റെ ബന്ധങ്ങളും ഏർപ്പാടുകളും എന്റേതെന്നും നിന്റേതെന്നുമുള്ള ഭാവനകളും രാഗദ്വേഷാദികളും തൃപ്തി; അതൃപ്തി, ദംഭാ മുതലായവയും കായികവും മാനസികവുമായ അഭിനിവേശങ്ങളും നാമരൂപാദ്യുപാധികളും ത്യാഗംചെയ്യുക! അവയിൽ നിന്നും ഒഴിഞ്ഞുമാറിനിൽക്കുക! അവയെ ജ്ഞാനാഗ്നിൽ ആഹുതിചെയ്തു നിൽക്കുക! അവയെ ദഹിപ്പിച്ചു സൌരഭ്യത്തെ ഉളവാക്കി മണത്തു് അനുഭവിക്കുക! 'തത്ത്വമസി'യാകുന്ന ചൂളയിൽ കത്തിദ്ദഹിക്കുമ്പോൾ അതിൽനിന്നും നിർഗ്ഗമിക്കുന്ന സുഗന്ധത്തെ അനുഭവിക്കുക! തത്ത്വമസി=തത്+ത്വം+അസി=അതു നീയാകുന്നു.

നിന്റെ ഈശ്വരഭാവത്തെ മുറുകെപ്പിടിച്ചുകൊണ്ടു് കാമക്രോധാദികളിലും ബലഹീനതയിലും നിന്നു് ഉയരുക! ആ ഉറപ്പുള്ള ഏതൊരുവനും ലോകം, സ്ഥാനംകൊടുത്തു് ഒതുങ്ങിനിൽക്കണം. നിങ്ങൾ പ്രകൃതിയെ ഭരിക്കുന്ന ഈശ്വരന്മാരായി നിൽക്കുവിൻ! അല്ലെങ്കിൽ അതു നിങ്ങളിൽപാഞ്ഞു് നിങ്ങളെ സ്വാധീനത്തിലാക്കിക്കൊള്ളും- സംശയങ്ങളും മൂഢഭക്തികളും വച്ചുപുലർത്തുന്നവർക്കു യാതൊരു വിശ്വാസവുമുണ്ടാകുന്നതല്ല. നീ ഈശ്വരഭാവത്തോടുകൂടിയ ആത്മാവാണെന്നുള്ളതിൽ നിനക്കു സംശയമുണ്ടോ? നിന്റെ ഹൃദയത്തിൽ സംശയം പായുന്നതിനുപകരം ഒരു ഉണ്ടപായട്ടേ! നിന്റെ ഹൃദയംതന്നെ നിനക്കു് ഉറപ്പുതരുന്നില്ലേ? അതിനെപ്പറിച്ചെറിയുക! സന്തോഷത്തോടെ ചിരിച്ചുംകൊണ്ടു്, സത്യനിലയിൽ എത്തിക്കൊൾക!

നീ ഭയപ്പെടുന്നുവോ?
എന്തിനെക്കണ്ടു ഭയപ്പെടുന്നു?
ദൈവത്തെക്കണ്ടോ?—മൂഢ!
മനുഷ്യനെക്കണ്ടോ?—ഭീരു!
ഭൂതേന്ദ്രിയങ്ങളെക്കണ്ടോ?—അവയെ ജയിക്കുക!
നിന്നെക്കണ്ടോ?—നിന്നെ നീ അറിയുക!
"ഞാനത്രേ ദൈവം" എന്നു പ്രഖ്യാപനംചെയ്യുക!

സത്യപുരുഷനായ രാമൻ.

---

## ൮. വേദാന്തവും ധനസമ്പാദനവും.

ധനത്തെസ്സംബന്ധിച്ചുള്ള അവകാശം എന്നു പറയുന്നതിൽ ഭേദം, ധനത്തിൽ സംബന്ധിച്ചിരിക്കുന്ന കൊടുമ എന്നു പറയുന്നതാണ്. അപ്രകാരം മാററിയതിനു മാപ്പു ചോദിച്ചുകൊള്ളുന്നു. പ്രാപ്പർ (Proper) എന്നു വച്ചാൽ 'തക്കതായ' എന്നാണ്. ഒരുവനു തക്കതായ, അല്ലെങ്കിൽ സ്വന്തമായതു് എന്താണ്? ഒരുവസ്തുവിനു സ്വന്തം അല്ലെങ്കിൽ ഗുണം എന്തു്? പ്രോപ്പെർട്ടി (Property) എന്ന ആംഗ്ലപദത്തിനു സ്വന്തം എന്നും ഗുണം എന്നും രണ്ടർത്ഥം ഉണ്ടു്. ലാഘവം പെട്ടെന്നു കത്തിയെരിയുക മുതലായ ഗുണങ്ങൾ അബ്ജനകത്തിന് (Hydrogen) ഉണ്ടു്. ആ വായുവിശേഷത്തെ അടച്ചുവച്ചിരിക്കുന്ന കണ്ണാടിക്കുഴൽ അതിനു സ്വന്തമല്ല. എന്നതുപോലെ പൌരുഷം, അഥവാ ഈശ്വരഭാവം മാത്രമാണു നിങ്ങൾക്കു സ്വന്തമായിട്ടുള്ളതു്. നിങ്ങൾ താമസിക്കുന്ന വീടും ആഭരണാദിയും നിങ്ങൾക്കു സ്വന്തമല്ല. ഒരിക്കലും അവ നിങ്ങൾക്ക് അവകാശപ്പെട്ടതല്ല. ജനനത്തിലേ തന്നെ അവകാശപ്പെട്ടതായ, നിസർഗ്ഗസിദ്ധമായ, ഈശ്വരഭാവത്തെ നഷ്ടപ്പെടാൻ ജനങ്ങൾ സന്നദ്ധന്മാരായി കാണപ്പെടുന്നു. നേരേമറിച്ചു ഗൃഹം ധനം മുതലായവയെ കെട്ടിപ്പിടിച്ചുംകൊണ്ടു് ഇവയത്രെ ഞങ്ങളുടെ സ്വന്തമെന്നും പറഞ്ഞു സർവ്വദാ പരിഹാസ്യമായ നിലയിൽ വർത്തിക്കുന്നു. എന്തൊരാശ്ചര്യമാണിതു! സ്വത്തിൻെറ അവകാശത്തെസംബന്ധിച്ചു ഭേദഭാവനകളും അഭിമാനാദികളും എത്ര അനാശാസ്യമായ കാര്യമാണെന്നോക്കുക! വേഷഭൂഷാദികളെക്കൊണ്ടു മനുഷ്യവർഗ്ഗത്തെ വേർതിരിക്കുന്നതുപോലെ അനുചിതമായ ഒന്നാണിതു്. ഇത്രയും കൊണ്ടു് ആത്മാനുഭൂതിക്കു മുഖ്യപ്രതിബന്ധകമായിരിക്കുന്നതു ധനവിഷയകമായ മമതയാണെന്നു രാമൻ നിങ്ങളെ മനസ്സിലാക്കുന്നതു്. കെട്ടുകളും ചുമടുകളും എല്ലാം തനിക്കു സ്വന്തമാണെന്നുള്ള ധാരണതന്നെ. ഒരു വസ്തുവിനെ സ്വായത്തമാക്കണമെന്നു് ഏതൊരു നിമിഷത്തിൽ നാം വിചാരിക്കുന്നുവോ ആ നിമിഷത്തിൽ മായയാകുന്ന ഭൂതത്താൽ ബാധിക്കപ്പെട്ടവരായി ഭവിക്കുന്നു. പാരമാർത്ഥികസത്തയിൽനിന്നും താൻ ഭിന്നനല്ലെന്നുള്ള അറിവത്രെ—ത്യാഗമായാലും ശരി സമഷ്ട്യനുഭവമായാലും ശരി—വേദാന്തം എന്നു പറയപ്പെടുന്നതു്. പരിശുദ്ധഗുണത്തോടുകൂടിയ നിർമ്മലമായ വേദാന്താനുഭൂതി ഇതുതന്നെ. പരിപൂർണ്ണമായ ജന്മാവകാശസ്ഥാപനം, സമഭാവന, പ്രാപഞ്ചികഭാരത്തെ വിട്ടൊഴിയുക, തങ്ങൾക്കായിട്ടുള്ള പദവികളെയെല്ലാം കൈവെടിയുക, താൻ ഉയർന്നവനെന്നുള്ള ഗർവ്വത്തെ നശിപ്പിക്കുക, താഴ്ന്നവനാണെന്നുള്ള ധാരണയോടെ കഷ്ട

ത്കളെ വരിക്കാതിരിക്കുക എന്നിവയാണു പ്രാപഞ്ചികമായ വേദാന്തജീവിതചര്യകൾ. ഈതത്വത്തെയാണു വേദാന്തം, മനോമയലോകത്തിലും ആത്മീയലോകത്തിലും കൊണ്ടെത്തിക്കുന്നത്. യാതൊന്നിലും യാതൊരുവസ്തുവിലും എന്റേതെന്നുള്ള അഭിമാനമുണ്ടാകാതിരിക്കുക—ശരീരം, മനസ്സ്, ബുദ്ധി, (സ്വപ്രണീതമായ) ഗ്രന്ഥങ്ങൾ, വാക്ക്, ഗൃഹം, കുടുംബം, ഖ്യാതി, ശ്രേഷ്ഠത ആദിയായ ഏതൊന്നിനെയും അപേക്ഷിക്കാതിരിക്കുക—ആത്മയത്തു, സകലഭിത്തികളെയും ബന്ധങ്ങളെയും ഭേദിച്ചിട്ട് അന്യരെത്തേടുക എന്നു ചെയ്യുന്നയാൽ നിങ്ങളെത്തന്നെ ബന്ധനപ്പെടുത്താതിരിക്കുക—ഈശ്വരഭാവത്തെ പ്രാപിച്ച്, എല്ലാശക്തികളുടെയും പരമാണുമുതൽ നക്ഷത്രം, വൃക്ഷം, ജഗത്തു മുതലായവവരെയുള്ള സകല വസ്തുക്കളുടെയും അധിനായകത്വമാകുന്നനിലയിൽ വീണ്ടും ഉയരുക—ഇതത്രേ വേദാന്തം. പലപ്പോഴും ലോകവാസികളുടെ, അവർ അറിയാതെയുള്ള, പലേ വലിയ പ്രവൃത്തികളാൽ, വേദാന്താനുഭൂതികളുടെമാർഗ്ഗം സുസ്പഷ്ടം രൂപവൽകരിക്കപ്പെടുന്നു. സന്യാസത്തോടുകൂടിത്തന്നെ ഒടുവിൽ ലോകത്തിലെങ്ങും പരപ്പിക്കേണ്ടതാണ്. ചില വേദാന്തികൾ കാലേക്കൂട്ടി, പൂർണ്ണപ്രേമമാകുന്ന തെങ്കോൽ ചെലുത്തുന്നു. ചില രാജ്യങ്ങളിൽ ഈ (പ്രേമമാകുന്ന) ജ്വാലയെ ദീർഘകാലംകൊണ്ടു വളർത്തിപ്പുലർത്തിവരുന്നു. അല്പം ശ്രദ്ധിക്കുക! ഗംഗാനദിയുടെ തീരത്തു് ഒരു മഹർഷി വസിക്കുന്നു. പശു, പട്ടി, പക്ഷി മത്സ്യം എന്നിവ അദ്ദേഹത്തിന്റെ പ്രേമത്തിൽ വിശ്വാസസ്ഥിരതയോടുകൂടി നിർഭയം അദ്ദേഹത്തിന്റെ കൈകളിൽനിന്നും ഭക്ഷ്യങ്ങളെ സ്വീകരിക്കുന്നു. ഒരു മഹത്തായ വസ്തുത നിങ്ങളെ ധരിപ്പിക്കാം. എനിക്കു് ഒരു മുനിയെ പരിചയമുണ്ടു്; അദ്ദേഹത്തിന്റെ ദേഹത്തിൽ ഒരു വ്രണമുണ്ടു്. അതിലെ മാംസം പുഴുക്കൾ ഭക്ഷിച്ചുവന്നു. അവയെ അദ്ദേഹം നശിപ്പിക്കുകയില്ല. മാംസത്തിന്നിടയിൽനിന്നു് താഴത്തു വീഴുമ്പോൾ കരുണയോടുകൂടി അദ്ദേഹം അവയെ പെറുക്കിയെടുത്തു വ്രണത്തിൽ പററിച്ചുകൊള്ളും. ഇങ്ങനെ പുഴുക്കളെപ്പോലും അദ്ദേഹം സഹായിക്കും ഈ ചെറിയ ശരീരം ലോകത്തിലുള്ള പുഴുക്കളുടെ സ്വന്തമാണു്. ഈ വലിയ ലോകമാണു് എന്റെ സ്വന്തം. പ്രപഞ്ചമാണു് എന്റെ ശരീരം. വായുവും മണ്ണും, എന്റെ വസ്ത്രവും പാദുകയുമാകുന്നു. 'സ്വാമി' എന്നപദത്തിനു് 'ഇടവിടാതെ കൊടുക്കുന്നവൻ' എന്ന അർത്ഥമാണു്. പരമാർത്ഥവസ്തുവിൽ നിൽക്കുക; മററൊക്കെപ്പോകട്ടെ. ആരാണു സന്യാസി? ഏതൊരുവൻ, താൻ യാചിച്ചുണ്ടാക്കിയ ഭക്ഷണത്തെ വിശന്നുതളർന്നവനു ദാനംചെയ്തിട്ടു വീണ്ടും കൊടുക്കാനില്ലാതെ പശ്ചാത്തപിക്കയും സ്വശരീരത്തെത്തന്നെ ഈച്ചയ്ക്കും പുഴുവിനും ആ

ഹാരമായി വിട്ടുകൊടുക്കുകയും ചെയ്യുന്നുവോ, ഏതൊരുവൻ താൻ സമഷ്ടിജീവനാണെന്ന് അനുഭവത്തിൽ ബോധിക്കുന്നുവോ. അവനത്രേ യഥാർത്ഥസന്യാസി. ഈച്ചകളും പുഴുക്കളും മാംസത്തെ ഭക്ഷിച്ച് ആനന്ദം അനുഭവിക്കുമ്പോൾ ആ ആനന്ദാനുഭൂതി തന്റേതാണെന്ന് അവൻ കരുതുന്നു. അസ്ഥികളെ ഉണക്കി വ്യാപിക്കുന്ന ഉഷ്ണവും വായുവും തന്റെ സ്വരൂപമെന്നു കരുതുന്നു.

ധർമ്മം—സ്വത്ത് എന്ന ബോധം ഏതുവിധത്തിലായിരുന്നു എന്നു നോക്കുക! ധർമ്മം എന്ന വിചാരം ഏതുപ്രകാരത്തിലായിരുന്നു എന്നു ശ്രദ്ധിക്കുക! മനുഷ്യവർഗ്ഗത്തിൽ ഒരു വിഭാഗത്തെ ചവുട്ടിത്താഴ്ത്തി ദരിദ്രന്മാരാക്കി അധഃപതിപ്പിച്ചിട്ടു കൈയടക്കിവച്ചിരിക്കുന്ന ധനത്തിൽനിന്നും അതിന്റെ അംശാംശം തിരിച്ചുകൊടുക്കുന്നതു വലിയ ധർമ്മമായിക്കരുതുന്നു. മരിക്കാൻപോകുന്നവന്റെ വായിൽ, അല്പനേരത്തേക്കുകൂടി മരണവേദന അനുഭവിക്കുന്നതിനായിട്ടുമാത്രം ഉതകുന്ന വെള്ളം ഒഴിപ്പിനുതുല്യമായ ഈ കൊടുപ്പുകൊണ്ട് എന്തൊരു പുണ്യമാണ്? 'വ്യാജം' എന്ന പദത്തിന്, സംസ്കൃതത്തിൽ ആദ്യം വഞ്ചന—ചതി—എന്നർത്ഥമായിരുന്നു. ഇപ്പോൾ 'പലിശ' എന്നർത്ഥമാണ്. ഏതിനും പലിശ ആവശ്യപ്പെടുന്ന ഇക്കാലത്ത്, അതു ചോദിക്കാതിരിക്കുന്നതു ഒരു വലിയ ഗൌരവമായും സഹായിച്ചതായും വിശ്വസിച്ചുപോരുന്നു. യൂറോപ്പിലെയും അമേരിക്കയിലെയും ധർമ്മം ഇതു മാത്രമാണ്. ഇന്ത്യയിലെ ധർമ്മമാണു വിശേഷം! പട്ടിണികിടന്നു കഷ്ടപ്പെടുന്ന ശൂദ്രരിൽ അനുകമ്പയില്ല. അതു് (ഇന്ത്യയിലെ ധർമ്മം) ധർമ്മകർത്താക്കളെ നേരേ സ്വർഗ്ഗത്തിലെത്തിക്കുന്നതെങ്ങനെയെന്നാൽ, ജീർണ്ണിച്ചു നിരുപയോഗമായിഭവിച്ച മതത്തിന്റെ അനുയോജ്യപ്രതിനിധികളായി, തിന്നുകൊഴുത്തു കാശിനുകൊള്ളരുതാത്ത മടിയന്മാരായി, ദൈവത്തിന്റെ ഭോജനശാലകളിൽ വസിക്കുന്ന ഒരു കൂട്ടർക്ക് അന്നദാനംചെയ്തിട്ടത്രേ.

നയംതന്നെ കാലത്തിനു യോജിച്ച പ്രധാന മാർഗ്ഗമായി ഭവിക്കട്ടെയെന്നാണു രാമൻ പറയുന്നത്. നിന്നെ ആകർഷകനാക്കിച്ചെയ്യുന്നതെന്ത്? നീ ധരിച്ചിരിക്കുന്ന, നീ പുതച്ചിരിക്കുന്ന വസ്ത്രങ്ങളോ അതോ, നിന്റെ പരമാർത്ഥഭാവത്തെ വെളിപ്പെടുത്തുന്ന ആകർഷണമോ? വസ്ത്രങ്ങളിൽനിന്നാകട്ടെ, മറെറാന്നിൽനിന്നാകട്ടെ, സൌന്ദര്യത്തെ സമ്പാദിക്കേണ്ട. സ്വാഭാവികമായ ഉന്മേഷവും സുഖവും പുഞ്ചിരിയും വിളങ്ങട്ടെ! ആർക്ക് വേണമെങ്കിലും മോഷ്ടിച്ചുകൊണ്ടുപോകട്ടെ! ഗവൺമെണ്ടു ധനതൃഷ്ണയാൽ ബുദ്ധിശൂന്യമായി ഭവിക്കട്ടെ! ആവ മൂലം നിനക്ക് എന്തു കുറവുണ്ടാകാനാണ്? നീ നിന്റെ കർത്തവ്യത്തെ കൈവിടേണ്ട. നിന്റെ കർത്തവ്യം സത്യ-

നിഷ്ഠയത്രേ. മിഥ്യാസ്വപ്നങ്ങളാകുന്ന ജഡവസ്തുക്കൾ നിന്റേതല്ല. സത്യത്തിനായിട്ടുമാത്രം ഉയർന്നു നിൽക്കുക! സർവ്വകലാശാലയിലെ ബിരുദങ്ങളെ ആഗ്രഹിക്കുന്നുവോ? അതു വെറും മൌഢ്യം. അവസാനബിരുദം തന്നെത്താൻ സമ്പാദിക്കേണ്ട പദവിയാണ്.

സ്വപ്നത്തിൽ കണ്ട പുലിയെ കൊല്ലാൻ സ്വപ്നത്തിലെ ഖഡ്ഗം വേണമെന്നുള്ളതു പരമാർത്ഥമാണ്. ഉണർന്നുനോക്കുമ്പോൾ പുലിയും വാളും, രണ്ടും അഭാവങ്ങളത്രേ. അതുപോലെയാണ് അനുഭവത്തിന് ഉതകുന്ന ശാസ്ത്രങ്ങളുടെയും കലകളുടെയും സ്ഥിതിയും. ലൌകികവിജ്ഞാനത്തിന് അവ തികച്ചും ആവശ്യങ്ങളായാലും, ഈശ്വരഭാവത്തിലെത്തിയ ജാഗ്രൽപ്പടിയിലേക്ക് ഉപയോഗയോഗ്യമല്ല. സർവ്വകലാശാലാബിരുദങ്ങൾ, സമ്മതപത്രങ്ങൾ, ബഹുമാനപദവികൾ, സ്ഥാനമാനങ്ങൾ ഇങ്ങനെയുള്ള മനോമയസമ്പത്തുകൾക്ക് —ബുദ്ധിയെസ്സംബന്ധിച്ച ആദ്യ സമ്പാദ്യങ്ങൾക്ക്— അതിരററ വിനയം പ്രകാശിപ്പിക്ക, ആശ്രയിച്ചുനിൽക്ക എന്ന അവസ്ഥ ആത്മാനുഭൂതിക്കു വലുതായ പ്രതിബന്ധകമായി നിൽക്കും. ആത്മീയാനുഭവം സിദ്ധിച്ചു ലസിക്കുന്നവന്റെ ദൃഷ്ടിയിൽ ലോകം മനുഷ്യന്റെ മയക്കത്താൽ ഉദ്ഭൂതമായതെന്നു തന്നെ കരുതപ്പെടുന്നു. തങ്ങളുടെ മയക്കത്താൽ ആവിർഭവിക്കപ്പെട്ട ലോകത്തിൽ, മനുഷ്യർ പരസ്പരം ജാലപ്രയോഗം ചെയ്തു വസിക്കുന്നു. ലോകം ഒരൊററ ഭ്രാന്തസമൂഹത്താൽ നിറയപ്പെട്ടിരിക്കുന്നു. ലോകത്തിൽ കാണുന്ന വസ്തുക്കൾ, വെറും നിലത്തു് ഇന്ദ്രജാലക്കാരൻ കാട്ടുന്ന കളംപോലെയാണ്. അപ്രകാരമുള്ള വസ്തുക്കളെ തങ്ങൾ മനസ്സിലാക്കിക്കളഞ്ഞു എന്നു ഡാക്ടരന്മാരും പ്രൊഫസ്സരന്മാരും അഭിമാനിക്കാൻ കാരണമായ ഭൌതികവിജ്ഞാനങ്ങളെല്ലാം ജാലത്താലുണ്ടാകുന്ന തോന്നലുകളല്ലാതെ മറെറന്താണ്? ലോകം സൂക്ഷ്മവസ്തുമയമാകുന്നു; ഇവരുടെ മനസ്സിലാക്കലും അപ്രകാരം തന്നെയാണ്. ആത്മബോധം സിദ്ധിച്ചവന്, പ്രാപഞ്ചികത്തോററങ്ങളുടെ അസ്ഥിഭാരം കണ്ട മഹാന്, വിശാലമായ ആകാശവും നദി, പർവ്വതം, സൂര്യചന്ദ്രന്മാർ ഇവയും ആശ്ചര്യത്തെച്ചെയ്യുന്നില്ല. ഈ തോന്നലുകളെസ്സംബന്ധിച്ച അറിവും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ, ഭൌതികശാസ്ത്രന്മാർ മുതലായവർ സമ്പാദിച്ചിട്ടുള്ള അറിവുകളും എല്ലാം ഫലോദയങ്ങളായിത്തോന്നുകയില്ല; വെറും വിനോദം, പരിഹാസജനകങ്ങൾ. ഭൌതികധനത്തിന്റെ മുതലാളിമാരും തദ്വിജ്ഞന്മാരും അതിന്റെ തുല്യനിലയിൽ വർത്തിക്കുന്നവർതന്നെയാണ്. എന്നു വച്ചാൽ അസ്ഥിരമായ മായയോടു സംബന്ധിച്ചവരാണ്. ഡാക്ടരന്മാർ, തത്വശാസ്ത്രജ്ഞന്മാർ, പ്രൊഫസ്സരന്മാർ തുടങ്ങിയുള്ളവർ കോപിക്കുകയോ, സന്തോഷിക്കുകയോ,

കുററപ്പെടുത്തുകയോ, ബോധിപ്പിക്കുകയോ എന്തുതന്നെ ചെയ്താലും ദൈവികാനുഭവം പൂർണ്ണമായി സിദ്ധിച്ചവർക്ക് യാതൊരു ഫലവും അതുകൊണ്ടുണ്ടാകാനില്ല. അവരവയെ വകവയ്ക്കുകയില്ല. സർവ്വകലാശാലകൾ, പ്രദർശനശാലകൾ, ചിത്രസ്ഥലങ്ങൾ മുതലായവ സാധാരണയായി മായികമായ നിലയെ സ്ഥിരീകരിക്കുന്ന സ്ഥാപനങ്ങളാണ്. ജീവന്മുക്തന് ഏതൊന്നും ആശ്ചര്യത്തെ ജനിപ്പിക്കുന്നില്ല. സൂര്യൻ അതിശീതളനായിഭവിക്കട്ടെ, ചന്ദ്രൻ അത്യുഷ്ണത്തെ വഹിക്കട്ടെ, അഗ്നിജ്വാല കീഴ്പോട്ടു ജ്വലിക്കട്ടെ, ഭൂമി പായ്പോൽ ചുരുളട്ടെ; ഇവയിലൊന്നും ആശ്ചര്യജനകമായി യാതൊന്നും അവൻ കാണുന്നില്ല.

ബ്രാഹ്മണ്യം—ആചാര്യത്വം —ഒരുകാലത്തു ലോകത്തെ ഭരിച്ചിരുന്നു. ഒരു കാലത്ത് ക്ഷത്രിയധർമ്മം മൂർദ്ധന്യകോടിയിൽ അഭിലസിച്ചിരുന്നു. ഇക്കാലത്തു വൈശ്യന്മാരാകുന്നമുതലാളികൾ ഭരണം നടത്തുന്നു. അടുത്ത പടി തെളിഞ്ഞുകാണാറായിരിക്കുന്നു. ശൂദ്രധർമ്മം പ്രവർത്തിക്കാനുള്ളകാലം അടുത്തുവരുന്നു. എന്നാൽ, ആ ധർമ്മം സന്ന്യാസശക്തിയോടുകലർന്ന് അനുഗൃഹീതമായിവിളങ്ങുന്നതാണ്. അമേരിക്കയിലും യൂറോപ്പിലും തൊഴിലാളികളാകുന്ന ശൂദ്രശാഖക്കാരെ ജനനസംബന്ധമായ നിബന്ധനകളെക്കൊണ്ടും മതസംബന്ധമായ പ്രതിബന്ധങ്ങളെക്കൊണ്ടും ആണിതറച്ചതുപോലെ, തടഞ്ഞുനിർത്തുന്നില്ല; കടപ്പുമുള്ള വസ്തുക്കളാക്കിച്ചെയ്യുന്നില്ല. എന്നിരുന്നിട്ടും കാര്യങ്ങൾ തൃപ്തികരങ്ങളായിരിക്കുന്നില്ല. അത്യന്തം അതൃപ്തിക്കു കാരണമായിരിക്കുന്നു. ഇന്ത്യയിലാണെങ്കിൽ, അനീതിയും തിന്മയും രണ്ടുഭാഗത്തായി വളർന്നുനിൽക്കുന്നു. സ്വയമേനിൽക്കുന്ന മായയാകുന്ന അജ്ഞാനത്തോടെ ജാതിവിഭാഗക്രമവും സഹായിക്കുന്നു. തന്മൂലം പണിമുടക്കങ്ങൾ സംഭവിക്കാതിരിക്കുന്നു. എല്ലാ സമുദായത്തിലെയും ജനങ്ങൾ ബലഹീനരായും ആത്മീകരെക്കാൾ ഭീരുക്കളായും ഭവിച്ചിരിക്കുന്നു.

വേദാന്തം, ഇതേവരെ ഒരു ഭാഗക്കാരുടെ പ്രത്യേക സ്വത്തായിരുന്നു. തികച്ചും ജ്ഞാനനിധിയിൽ ഉൾപ്പെട്ടിരുന്നു. ദീർഘകാലമായി ഇപ്രകാരം സമ്മതിക്കപ്പെട്ടിരുന്ന ഈ ശിശു, ഭൂമിദേവിയുടെ ഗർഭത്തിൽ, ഹിമാലയത്തിൽതന്നെ തങ്ങിനിന്നു. ഒടുവിൽ പരിശുദ്ധഗംഗാനദീരൂപേണ സമനിലത്തിലേക്കൊഴുകിപ്രവഹിച്ച് ബ്രാഹ്മണനെയും ശൂദ്രനെയും ഒന്നുപോലെ പരിശുദ്ധന്മാരാക്കി, മനുഷ്യത്വത്തെ ഉൽകൃഷ്ടമാക്കി, ഈശ്വരൻ പരിശുദ്ധപരമാത്മാവാണെന്നുദ്ഘോഷിച്ച്, അനുചിതമായ വ്യത്യാസങ്ങളെ നശിപ്പിക്കുന്നു. മനുഷ്യവർഗ്ഗം പല അവയവങ്ങളോടുകൂടിയ ഒരു ശരീരത്തെപ്പോലെ വർത്തിക്കണം; ഈ ബോധം സാധാരണജനങ്ങൾക്ക്

ഉണ്ടാകാറില്ല. യഥാസമയം ഭക്ഷണംകഴിക്കുന്നതു്, നാം ഓൎമ്മയോടുകൂടി നിൎവ്വഹിക്കുന്ന സംഗതിയാകുന്നെങ്കിലും ഭക്ഷണസാധനങ്ങൾ ശരീരത്തിൽ പല അവയവങ്ങളായും സന്ധികളായും പരിണമിക്കുന്നതു് നാം അറിയാതെതന്നെ സംഭവിക്കുന്നതല്ലേ? എന്നതുപോലെ രഞ്ജനയിലും ഐകൃതയിലും നിന്റെ ശ്രദ്ധമുഴുവൻ ചെലുത്തിയാൽ, നിന്റെ മനസ്സിനെ സമഷ്ട്യൈക്യത്തിൽ നിൎത്തിയാൽ, (പ്രേമത്തിലും ഈശ്വരസത്തയിലുമെന്നോണം) പലപ്രകാരത്തിലുമുള്ള നിലകൾ ഏതേതുമട്ടിലായിരിക്കണമോ, അതതുമട്ടിൽ താനേ ആയിക്കൊള്ളും. അല്ലയോ ഭാരതീയരാജാക്കന്മാരേ! വൈദികാചാൎയ്യന്മാരേ! ശൂദ്രരേ! ഭരണകൎത്താക്കളേ! അല്പകാലത്തിനുള്ളിൽ സംഭവിക്കാനിരിക്കുന്ന മാററം എന്താണെന്നു നിങ്ങൾ അറിയുന്നുണ്ടോ? രാമൻ പറയുന്നതു നേരമ്പോക്കായി വിചാരിച്ചുകൊൾവിൻ! ഇതുകൊണ്ടൊരു നഷ്ടവുമില്ല. സന്ന്യാസികളെക്കൊണ്ടു നിറഞ്ഞ ഭാവിലോകം ഇതാ രാമന്റെ മുമ്പിൽ കാണപ്പെടുന്നു. ലോകരക്ഷാൎത്ഥം എങ്ങും ചുററിസ്സഞ്ചരിക്കുന്ന ഈശ്വരന്മാരെക്കൊണ്ടാറാകും. ജഡീയമായ വ്യത്യാസങ്ങൾ നശിച്ചുകഴിഞ്ഞു. ഇന്ത്യയിലെയും ചൈനയിലെയും അമേരിക്കയിലെയും ഇംഗ്ലണ്ടുമുതലായ സ്ഥലങ്ങളിലെയും ഭിന്നഭാവങ്ങൾ ഒന്നിച്ചുകലരും. നവീനമായ വിഭാഗങ്ങൾ ഏപ്പെട്ടു വീണ്ടും നശിച്ചുപോകുന്നു. സ്വപ്നംകാണുന്ന സ്നേഹിതന്മാരേ! നിങ്ങളുടെ കണ്ണുകളെ മറച്ചിരിക്കുന്ന തിരശ്ശീലയെ മാററിനോക്കുവിൻ! ഉയൎന്നനിലയിൽ വൎത്തിക്കുന്ന സന്ന്യാസികളും താഴ്ന്നനിലയിലുള്ള ശൂദ്രന്മാരും തമ്മിൽ കലരുന്നതു നോക്കുക! എന്തൊരുവിചിത്രം! അതാ, ഭിക്ഷാപാത്രം മൺവെട്ടിയായും കളപറിക്കുന്ന ആയുധമായും മാറുന്നു! സന്ന്യാസിമാരിൽനിന്നും അലസത മാറിക്കഴിഞ്ഞു. ശൂദ്രരുടെ തൊഴിലിനു സന്ന്യാസമാഹാത്മ്യം സിദ്ധിച്ചുകഴിഞ്ഞു. ത്യാഗം എന്ന ശക്തി ഏതൊന്നിലും വ്യാപിച്ചുകഴിഞ്ഞു. വേശ്യകളുടെ വ്യഭിചാരവും രാമന്റെ പരിശുദ്ധബ്രഹ്മചൎയ്യവും ഒന്നുചേരാൻപോകുന്നു. ആട്ടിൻകുട്ടിയുടെ ശാന്തതയും സിംഹത്തിന്റെ പരാക്രമവും ഒന്നിച്ചുചേരുന്നു. അന്യോന്യവിരുദ്ധങ്ങളായ ഗുണങ്ങൾ തമ്മിൽചേരുന്നു. പ്രകൃതിവിരുദ്ധമായ വ്യത്യാസങ്ങൾ ഉന്മൂലനംചെയ്യപ്പെടുന്നു. ലോകം മുഴുവൻ ഏകകുടുംബമായിവിളങ്ങുന്നു. ഈ വ്യത്യാസങ്ങളെ കണ്ണുതുറന്നു നോക്കുവിൻ!

വാളും വെടിമരുന്നും നമുക്കാവശ്യമുണ്ടോ? ഇല്ലതന്നെ. പോലീസിന്റെ സഹായംവേണമോ? വേണ്ട. ഇതെന്തു്? സ്വപ്നംകാണുകയോ? അല്ല, അയഥാൎത്ഥമായ തോന്നലുകളല്ല. ഇതിനെ സോഷ്യലിസം (Socialism) എന്നോ സാമുദായികസമത്വബോ

ധമെന്നോ വ്യവഹരിക്കുമോ? അങ്ങനെ വരാം. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ഈ സ്വദേശാഭിവൃദ്ധിയോടുകൂടിയ തത്വമത്രേ. (വിദേശത്തുനിന്നും സ്വീകരിക്കപ്പെട്ട ആദർശമല്ല). വേദാന്തത്തെ തികച്ചും സ്വാഭാവികമായി അനുകരിക്കുന്ന തത്വമാണ്. അല്ലയോ ഭാരതീയരേ! നിങ്ങൾ നിങ്ങളെത്തന്നെ മനസ്സിലാക്കുന്നുവെങ്കിൽ, ഈശ്വരാത്മമായ ത്യാഗത്തെ അഭ്യസിക്കുന്നുവെങ്കിൽ, രോഗങ്ങൾ ഓടിയൊളിക്കുകയില്ലേ? മനസ്സിനെ പീഡിപ്പിക്കുന്ന രോഗം വിട്ടുമാറിയാൽ ശരീരത്തെ സംബന്ധിച്ച വ്യാധി പമ്പ കടക്കും. രഹസ്യമായ പ്രവൃത്തി ആവശ്യമില്ല; ഭയവും സംശയവും വേണ്ട. ആശങ്കകളെയെല്ലാം. ഭീരുക്കളായി ദൈവഭാവഭ്രഷ്ടന്മാരായുള്ള ഈശ്വരഹന്താക്കൾ കിറിക്കട്ടെ!

ഞാൻ രാമചക്രവർത്തി; എന്റെ സിംഹാസനം നിങ്ങളുടെ ഹൃദയസ്ഥാനങ്ങളാണ്; ഞാൻ വേദങ്ങൾവഴി വെളിപ്പെട്ടപ്പോഴും കുരുക്ഷേത്രത്തിൽ ഗീതയെ ഉപദേശിച്ചപ്പോഴും (ക്രിസ്തുവായി) ജറുസലത്തിലും (മഹമ്മദുനബിയായി) മെക്കായിലും നിന്നു ഞാൻ ഉപദേശം ചെയ്ത സന്ദർഭങ്ങളിലും എന്നെ ജനങ്ങൾ തെററിദ്ധരിച്ചു; വീണ്ടും എന്റെ ധ്വനിയെ മുഴക്കുന്നു. എന്റെ ധ്വനിയും നിന്റെ ധ്വനിയും ഒന്നുതന്നെ; തത്വമസി. നിന്നാൽകാണപ്പെടുന്ന വസ്തുക്കളെല്ലാം നീ തന്നെയാകുന്നു. നിങ്ങളിൽ ചിലർ അതൃപ്തിസൂചകമായ മുഖത്തെ വെളിപ്പെടുത്തുന്നു. ചിലർ മുഖത്തെ ചുളുക്കുന്നതു ഞാൻ കാണുന്നു. നിങ്ങൾ എന്തുകാട്ടിയാലും ശരി, കല്പന നിറവേറുമെന്നുള്ളതു വാസ്തവം. അതിനെ തടുക്കാൻ ഏതൊരു ശക്തിക്കും ശക്തിയില്ല; ഏതൊരു രാജാവിനും ദൈവങ്ങൾക്കും ഭൂതങ്ങൾക്കും ശക്തിയില്ല. സത്യത്തിന്റെ കല്പന നിറവേറുകതന്നെ വേണം. ക്ഷീണം വേണ്ട. എന്റെ ശിരസ്സു നിങ്ങളുടെ ശിരസ്സുതന്നെ. വേണമെങ്കിൽ അതിനെ വെട്ടിക്കളയുവിൻ! ആ സ്ഥാനത്തു് ആയിരം തലയുണ്ടാകും.

പഴയവാസ്തവം എപ്പോഴും പുതിയവാസ്തവംതന്നെ. നീ നിന്നെത്തന്നെ അനുഭവിക്കുമ്പോൾ മാത്രമാണു നിന്റെ മതം ആരംഭിക്കുന്നതു്, നിന്റെ പരമാർത്ഥസ്വരൂപത്തിൽ, ഈശ്വരഭാവമാകുന്ന സത്യത്തിൽ, നീ എഴുന്നേററുനില്ക്കുന്ന മാത്രയിൽ എല്ലാമഹർഷിമാരും മതസ്ഥാപകന്മാരും നിന്റെ മായയാൽ ഉണ്ടായ വീരന്മാരും ധീരന്മാരും എല്ലാവരും നിന്റെ സ്വരൂപത്തിൽ ലയിച്ചുപോകും.

## ൩ പരിഷ്കരണോത്സുക്കളേ!

അല്ലയോ പരമാത്മവസ്തോ! എനിക്കു നിന്നിൽ പ്രേമമുണ്ട്. അല്ലയോ പ്രേമമേ! ഞാൻ നിന്നിൽ വാസ്തവമായി നില്ക്കുന്നു. വേലചെയ്യാൻ ആഗ്രഹിക്കുന്നവർ 'എന്തെങ്കിലും ചെയ്തുതീർക്കുക' എന്നുള്ളതിൽമാത്രം ദൃഷ്ടി ചെലുത്തുന്നതാണു മഹാവിരുദ്ധമായ ശക്തിയായിരിക്കുന്നത്. പ്രത്യക്ഷത്തിൽ കാണത്തക്ക ഫലത്തെ ഇച്ഛിക്കുന്നു. അനുഗാമികളുടെ സംഖ്യയെ വർദ്ധിപ്പിച്ചു കാട്ടണം; വിഷയങ്ങളും എണ്ണങ്ങളും വർദ്ധിപ്പിക്കണമെന്നുള്ള ആശയാണ് അനർത്ഥങ്ങളെ മുളപ്പിക്കുന്നത്. ഒരു ശവത്തിൽ സർവ്വത്ര വ്യാപിക്കത്തക്ക വിഷം അടങ്ങിയിട്ടുണ്ടെന്നുവരാം; എന്നുവച്ചു ശവത്തിനു മഹത്വം കല്പിക്കാമോ? പലപ്പോഴും അപ്രകാരമുള്ള പ്രവൃത്തികളാൽ ചില ആദർശങ്ങൾ തൊട്ടു തൊട്ടു പരക്കുന്നു. അത്രയ്ക്കുമാത്രമേ ഉപയോഗപ്പെടുന്നുള്ളു. ജനങ്ങൾക്കു സീമാതീതമായ ക്ഷമയില്ലായ്മയുണ്ടാകുന്നു. താൻ നട്ടുമുളപ്പിച്ച വൃക്ഷം ഉടനടി ഫലത്തെ ഉദീരണം ചെയ്യണമെന്നും ആ ഫലത്തെ താൻതന്നെ ഭക്ഷിക്കണമെന്നും മോഹിക്കുന്നു. ആലോചനക്കുറവും സ്വാർത്ഥവുമാണ് ഇതിൽനിന്നും വെളിപ്പെടുന്നത്. യേശുക്രിസ്തു, ഗുരുനാനാക്കു തുടങ്ങിയുള്ളവർ എന്താണു പ്രവർത്തിച്ചത്? അവർ തങ്ങളെ വൃക്ഷങ്ങൾക്കു വളമാക്കിച്ചെയ്തു. അവരുടെ കാലത്തിനുശേഷം, പല തലമുറകൾ കഴിഞ്ഞു ഫലം സിദ്ധിച്ചു. ചില വാചാലന്മാർ ആഗ്രഹിക്കുന്നത്, തങ്ങളെ ധൂമകേതുക്കളെപ്പോലെ പിന്തുടർന്നു വരത്തക്ക വലിയ വാലിനെ (ജനക്കൂട്ടത്തെ)യാണ്. പുകപോലുള്ള ഈ വലിയ കൂട്ടത്തിന് അസീമമായ നീളവും വണ്ണവുമുണ്ടെന്നിരുന്നാലും, ശരിയായ മതിപ്പ് അതിനുണ്ടായിരിക്കയില്ല.

കരിമരുന്നുവിനോദംകാണാൻ ആളുകൾ കൂടുന്നു. എന്നാൽ വിനോദാനന്തരം യാതൊരടയാളവും അവിടെ ശേഷിക്കുന്നില്ല. ആ കരിമരുന്നു പ്രയോഗത്തിന്റെ വെളിച്ചത്തെ വിശ്വസിച്ച് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? മങ്ങിയ വെളിച്ചത്തെത്തരുന്ന സാധാരണ മെഴുകുതിരിയുടേതായാലും, ഇടവിടാതെ പ്രകാശിച്ചുകൊണ്ടിരിക്കുന്ന വെളിച്ചമേ ആവശ്യത്തിന് ഉപകരിക്കൂ. അതുമാത്രമേ പ്രയോജകീഭവിക്കയുള്ളു. നിങ്ങളുടെ നില തെറ്റാതിരിക്കട്ടെ! മറ്റൊന്നിനെയും ആശ്രയിക്കാതെ ആത്മാവിൽത്തന്നെ നിലയുറപ്പിക്കുവിൻ! പരിശുദ്ധമായ പ്രേമവും സ്വാർത്ഥരാഹിത്യവും മാത്രമാണു നിലതെറ്റാതിരിക്കാൻ സഹായിക്കുന്നവ. അന്യന്മാർക്കു നന്മയെ ചെയ്യുക എന്നുള്ളത് ഇവയെ സംബന്ധിച്ചു നില്ക്കേണ്ടകാര്യവുമാണ്.

ഇന്ത്യയിൽ ഒരു ചീത്തസ്വഭാവമുണ്ട്. (പൊതു) സേവനം ചെയ്യുന്നവരിൽ, ഒരു വിഷയത്തിൽ ന്യൂനതയുണ്ടെന്ന കാരണത്താൽ ഇതരാംശങ്ങളെ സ്വീകരിക്കാതിരിക്കുകയാണത്. ഒരാളിന്റെ സ്വകാര്യപ്രവൃത്തികൾ ആശാസ്യങ്ങളല്ലെന്നുള്ള കാരണത്താൽ, അയാളുടെ ഉപദേശങ്ങളെ നിരാകരിക്കുന്നു. തന്നിമിത്തം, സമുദായബന്ധത്തിനു ശൈഥില്യം സംഭവിച്ചിരിക്കുന്നു. പശു സവാരിചെയ്യാൻ ഉപയോഗപ്പെടുകയില്ലെന്നുവെച്ച് അതിന്റെ പാൽ വേണ്ടെന്നു വയ്ക്കുമോ? കുതിര പാൽതരുന്നില്ലെന്ന കാരണത്താൽ അതിൽ കയറി സവാരി ചെയ്യാതിരിക്കുന്നുണ്ടോ? ത്വരിതഗമനശീലന്മാർ പന്തയത്തിൽ ജയിക്കുമെന്നോ, ബലിഷ്ഠന്മാർ മാത്രമേ യുദ്ധത്തിൽ ജയിക്കയുള്ളുവെന്നോ തീർത്തുപറയാവുന്നതല്ല. ഒത്തു പ്രവർത്തിക്കുന്നവർ മാത്രമേ ജയം സമ്പാദിക്കുന്നുള്ളു. എതിർപ്പിനുമമ്പു ഐകമത്യം ആവശ്യമാണ്. മനുഷ്യരെ യോജിപ്പിക്കുന്നതെങ്ങനെ? യോജിപ്പ് ആവശ്യമാണെന്നുള്ളതു് ഒരു കാര്യത്തെ ആശ്രയിച്ചുനിന്നാൽ മാത്രമേ ശോഭിക്കുകയുള്ളു. കാര്യമില്ലാത്ത യോജിപ്പുനിലനില്ക്കുകയില്ല. സ്വാഭാവികമായി ഉണ്ടാകുന്ന രീതികൾ—നമ്മുടെ ശരീരംപോലെ— നാമറിയാതെ നമ്മളിൽ രൂപപ്പെടുന്ന പല അംശങ്ങളോടുകൂടിയവയായിരിക്കും. അപ്രകാരം പ്രകൃതിസംബന്ധമായ കലകൾ എല്ലാം, കലാവിദഗ്ദ്ധന്മാർ, അവർ അറിയാതെതന്നെ പ്രകൃത്യാ ഐകരൂപ്യത്തോടുകൂടിയ ഐകമത്യം വരുത്തിയതുകൊണ്ട് ഏർപ്പെട്ടിട്ടുള്ളതാണ്. ഒരേവാസ്തവത്തെ പിൻപറ്റി നടക്കുകയെന്നുള്ളതാണ് കലാഭിജ്ഞന്മാരുടെ ശരിയായമുറ. ലോകത്തിലെവിടെയും എല്ലാശിശുക്കളും ഒരേ പ്രകാരത്തിലുള്ള അനുഭവത്തോടുകൂടിയ മതത്തെ പ്രാപിച്ചിരിക്കുന്നു. പ്രേമം വിനോദം അജ്ഞത എന്ന ഗുണപൂർണ്ണതയാണ് അവയ്ക്കുസാധാരണം. ഈ ഐക്യബോധം എല്ലാശിശുക്കൾക്കും എങ്ങനെ സിദ്ധിച്ചു? ഓരോ ശിശുവും അതതിന്റെ സ്വാഭാവികസ്വാതന്ത്ര്യത്തിൽ ദൃഢമായി ഉറന്നുനിൽക്കുന്നതിനാൽ ഉണ്ടായതാണ്. നമ്മെ അന്യന്മാർ ബഹുമാനിക്കണമെന്നുള്ള വിചാരം ധീരതയുടെ ശക്തിയെ ക്ഷയിപ്പിച്ചുകളയുന്നു. ഈ സ്വഭാവം സ്ഥിരീകൃതമാകുന്തോറും ശ്രദ്ധാലേശരഹിതന്മാരായ ജനങ്ങൾ സമുദായത്തിൽ വർദ്ധിക്കുന്നു. തന്റേതിൽനിന്നു ഭിന്നമായ ആശയത്തോടുകൂടിയ ആളുകളെ തൃപ്തിപ്പെടുത്തണമെന്നുള്ള ഭാരത്തെ ഒരുവൻ വഹിക്കുന്നതായാൽ സ്വഭാവേന പ്രിയപ്പെടാത്ത കാര്യങ്ങൾക്കു തന്നെയും അവൻ വശപ്പെടേണ്ടതായിവരും. മദ്യപാനികളെ സ്നേഹിക്കയും അവരിൽ സഹഭാവം കാട്ടുകയും ചെയ്യാൽ മദ്യപാനശീലത്തെ വശപ്പെടുത്തുകയായിരിക്കും. സത്യാന്വിഷ്യയത്ര ഉത്തമമമായ പരമാർത്ഥം. അതിനെ അനുകരി

ക്കയാകുന്ന വലുതായ നന്മ. അതുതന്നെ നിങ്ങളെ ശക്തന്മാരാക്കും. അതു നിങ്ങളെ സ്വതന്ത്രന്മാരാക്കും. ബാഹ്യപ്രപഞ്ചവും വിധികളും ആത്മീയനിലയിൽ നിൽക്കുന്നവനെ ബന്ധിക്കുകയില്ല. ഇതത്രേ ഉൽകൃഷ്ടം. ശക്തിയെന്നതു വാസ്തവമല്ല. ഏതൊന്നു വാസ്തവമോ അതു വിട്ടുമാറാതെ ക്രമേണ ദൃഢീഭൂതമായിക്കൊള്ളും. ഈ ദൃഢത ശക്തിയായി പരിണമിക്കും. ബലഹീനമായിട്ടുള്ളവ നശിച്ചുപോകുന്നു. ഈശ്വരൻെറ ഉദ്ദേശ്യം എങ്ങനെ വിളങ്ങുന്നു? ഏതൊന്നു ശാശ്വതമായി നിൽക്കുന്നുവോ അതത്രേ ഈശ്വരൻെറ ഉദ്ദേശ്യമാകുന്നതു്. പ്രകൃതിയാകുന്ന ഗ്രന്ഥത്തിൽ ദൈവത്തിൻെറ എഴുത്തുകൾ അത്ര സ്പഷ്ടമായി കാണപ്പെടുന്നു. യാതൊരുമതറവും സംഭവിക്കുന്നതല്ല. ബലഹീനതയൊഴിച്ചു മറെറാരു കുററവും സംഭവിക്കാനില്ല. ആ ബലഹീനതതന്നെയും അജ്ഞതയാൽ സംഭവിക്കുന്നു. ഏതൊന്നു് അനുസ്യൂതമായി വളർന്നുവരുന്നുവോ, അതത്രേ ഈശ്വരനെസ്സംബന്ധിച്ച പ്രമേയം. വിധിയെന്നുപറയപ്പെടുന്നതെല്ലാം നാം കാണുന്നവയെ സംബന്ധിച്ചു പൊതുവേ കല്പിക്കപ്പെടുന്നവയാണു്. സത്യത്തെ എങ്ങനെയെല്ലാം നിഗ്രഹിച്ചാലും അതു മരിക്കാതെ ചംക്രമണംചെയ്തുകൊണ്ടേപോകുന്നു. അത്ര ഉറപ്പോടുകൂടിയതാണതു്. ഈശ്വരൻതന്നെ പ്രപഞ്ചത്തെ ഭരിക്കുന്നു. സർവ്വവല്ലഭത്വമുള്ള പരമാത്മവസ്തുതന്നെ ജയിക്കുന്നു. സത്യമാർഗ്ഗത്തിൽ ചരിക്കാൻ ഭയംവേണ്ട. നിൻെറ ഹൃദയത്തിൽനിന്നും "ഞാൻതന്നെ ദൈവം" എന്ന ശബ്ദം മുഴങ്ങട്ടെ! സത്യത്തെ ആശ്രയിച്ചു നിൽക്കുന്നകക്ഷി ഏതോ, അതുതന്നെ ഒടുവിൽ വിജയപതാക നാട്ടും. സത്യബോധമത്രേ ബലത്തെയും ജയത്തെയും നൽകുന്നതു്. ദേഹാഭിമാനം എന്നതു്, ബ്രാഹ്മണാഭിമാനമായാലും ശരി, സന്യാസ്യഭിമാനമായാലും ശരി നിങ്ങളെ ഹീനന്മാരാക്കിച്ചെയ്യും. അപ്രകാരമുള്ള ഹീനവൃത്തിയാകുന്ന ചണ്ഡാളത്വത്തിൽനിന്നും നിങ്ങളെ അടിക്കടി ഉണർത്തി രക്ഷിക്കുന്നതു് ശ്രുതിയല്ലാതെ മറെറാന്നുമല്ല. സത്യത്തെ പിൻപററി സ്വാത്ഥംവിട്ടുനിൽക്കുന്ന മനുഷ്യൻ ഉൽകൃഷ്ടമായ സന്യാസധമ്മത്തെ ചണ്ഡാലവൃത്തിയിലേക്കു കൊണ്ടുവരികയും ചെയ്യും. ഏതൊരുവൃത്തിയും സ്വഭാവേന നിങ്ങളെ ശൂദ്രരാക്കിച്ചെയ്യുന്നില്ല.

ദേശീയവൃക്ഷത്തിൻെറ വേരുകൾ സ്ത്രീകളും കുട്ടികളും ശൂദ്രരുമാകുന്നു. ഇന്ത്യയിൽ ഇവക്കു് ന്യായമായ ഉണർവും വിദ്യാഭ്യാസവും നൽകുന്നില്ല. ഉയന്നജാതിക്കാരെല്ലാം വൃക്ഷത്തിൻെറ ഫലങ്ങൾക്കു തുല്യന്മാരാണു്. വൃക്ഷത്തിൻെറ ഫലം കായ്ക്കണമെന്നുള്ള പ്രയത്നത്തിൽ തന്നെ നമ്മുടെ ജീവിതകാലത്തെ മുഴുവൻ പാഴിൽ കളയണ്ട. വേരിനെ ഗൗനിക്കുവിൻ; അതിനു വളമിട്ടു വെള്ളമൊഴി

ക്കുവിൻ! എന്റെ പ്രിയപ്പെട്ട പരിഷ്കരണോച്ഛുക്കളേ! പണക്കാരെ പ്രീതിപ്പെടുത്തുന്നതുകൊണ്ട്—അവരുടെ ഇഷ്ടത്തെ അനുസരിക്കുന്നതുകൊണ്ട്—തൽക്കാലത്തേക്കു നിങ്ങളുടെ സ്ഥിതി ഒന്നുയന്നേയ്ക്കാം. എന്നാൽ സത്യം എല്ലായ്പോഴും സാധുക്കളിൽ കൂടിമാത്രമേ—കുട്ടികളിലും സ്ത്രീകളിലുംകൂടിമാത്രമേ—ശോഭിക്കുകയുള്ളു. ചരിത്രവും ഇപ്രകാരംതന്നെ പറയുന്നു. പ്രാസംഗികന്മാരിലും ഒരു സ്വഭാവം കാണുന്നുണ്ട്. തങ്ങളുടെ പ്രസംഗം കേൾക്കാൻ ഉദ്യോഗസ്ഥന്മാർ കൂടിയാൽ തങ്ങൾ വലിയവരാണെന്നു ഭാവിച്ചുകൊള്ളുന്നു. ഇക്കാലത്തു ഗവൺമെന്റുദ്യോഗസ്ഥന്മാർ മററുള്ളവരേ അപേക്ഷിച്ചു ബുദ്ധിമാന്മാരായി കാണപ്പെടുന്നു. അവരെക്കൊണ്ടു പ്രയോജനമുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ രാജ്യാഭിവൃദ്ധി അവരിൽനിന്നും ഉണ്ടാവുകയില്ലെന്നു തീർത്തു പറയാം. തങ്ങളുടെ സ്വാതന്ത്ര്യത്തെ ശമ്പളത്തിനായിട്ടു വിററുകളഞ്ഞവർ, മാമൂലനുസരിച്ച് ഉദ്യോഗവിഷയത്തിൽ പൌരുഷത്തെ നിശ്ശേഷം ബലികഴിച്ചവർ, ശക്തിമുഴുവൻ അതിപ്രവൃത്തിയിൽ നശിപ്പിച്ചവർ, ഈ വിധത്തിലുള്ള ഗൌരവം സമ്പാദിച്ചു കല്ലുകളേപ്പോലുള്ള വലിപ്പത്തോടുകൂടിയവർ, അന്യന്മാർ നമിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ സ്വയം അത്യുന്നതസ്ഥാനത്തു കയറിനിൽക്കുന്നവർ, ഉയർന്നതരത്തിലുള്ള സഹായമില്ലാത്ത ദയനീയന്മാർ, ആഗ്രഹിക്കുന്ന യശസ്സിനെയും സ്തുതിപാഠങ്ങളെയും സേവകന്മാരുടെ ആദരത്തെയും അനുഭവിക്കട്ടെ! യഥാർത്ഥമായ പരിഷ്കാരം ചുവട്ടിലുള്ള വേരിൽത്തന്നെ സ്ഥിതിചെയ്യുന്നു. അതിനെ മാത്രം ഗൌനിക്കുകയാണു വേണ്ടതു്.

ഇന്ത്യയിൽ ആവിർഭവിച്ച പല പ്രസ്ഥാനങ്ങളും ലക്ഷ്യത്തെ പ്രാപിക്കാതെ പോകാനുള്ള പ്രധാനകാരണം, വേലചെയ്യുന്നവർ—രാജ്യസേവനം ചെയ്യുന്നവർ—തങ്ങളുടെ നിശ്ശേഷശക്തിയെയും, ഫലം ഇല ഇവയെ നനയ്ക്കാൻ വ്യയംചെയ്തതാണ്. എന്നുവച്ചാൽ വലിയവർക്കുവേണ്ടി പ്രവർത്തിച്ചതാകുന്നു. സാധുക്കളായ ശൂദ്രർക്ക് ഓജസ്സും ആയുസ്സും ആവശ്യമാണ്. മേൽജാതികളെന്നു പറയപ്പെടുന്നവരെ പൂജ്യന്മാരായി കരുതുന്നു. ഈ പൂജ്യതയെ സേവിച്ചാൽ ജനങ്ങൾ നിങ്ങളെ നിന്ദിക്കും. എന്നാൽ ഈ പൂജ്യതയും, തികച്ചും വലത്തുഭാഗത്തു നിൽക്കുന്നുവെങ്കിൽ ഒന്നിനു പത്തുഗുണം മതിപ്പുണ്ടാകും. ചിലരുടെ അഭിപ്രായത്തിൽ സ്ത്രീകളും കുട്ടികളും ശൂദ്രരും ബ്രഹ്മവിദ്യയ്ക്ക് അധികാരികളല്ലപോലും! ഈ അഭിപ്രായമാണ് വേദാന്തത്തെ ഇത്രനാളും "ഏട്ടിൽച്ചുരയ്ക്ക"യാക്കിക്കളഞ്ഞതു്; നിഷ്ഫലമാക്കിച്ചെയ്തതു്. സൂര്യപ്രകാശവും വായുവും എല്ലാ ശിശുക്കൾക്കും ആവശ്യകമായിരിക്കുന്നതുപോലെ ആത്മീയപ്രകാശവും അന്തരീക്ഷവും എന്തുകൊണ്ട് അവകാശപ്പെട്ടുകൂടാ? ബ്രഹ്മവിദ്യയെ ഒരാ

ളിൽനിന്നും എന്തിനായിട്ട് ഒളിച്ചുവയ്ക്കണം? അടച്ചുമൂറി തുറക്കുക! അജ്ഞതയും ബലഹീനതയും തിങ്ങിയ അഗാധഗുഹകളിൽനിന്നും കരേറുക! സകലരെയും ദൈവികപ്രകാശവും ആകാശവും അഭിവൃദ്ധിയിൽ എത്തിക്കട്ടെ!

ആജ്ഞാരൂപേണ ജനങ്ങളോടു സന്മാർഗ്ഗബോധനംചെയ്ക നിമിത്തം, ആത്മീയപരിശീലനത്തിൽ ദാരിദ്ര്യം സംഭവിക്കുന്നു. ഉദാത്തബുദ്ധികളായ സന്മാർഗ്ഗപ്രബോധകന്മാർ പുണ്യത്തിന് ആകാരംതന്നെ പ്രധാനമായി കല്പിച്ചു തങ്ങളെയും പരന്മാരെയും പരമാർത്ഥബോധപ്രകാശത്തിൽ കൊണ്ടുവരാതെ സ്വോദ്ദേശ്യത്തെ വ്യഭിചരിപ്പിക്കുന്നു. ഓരോ മനുഷ്യനും അറിവുള്ളിടത്തോളം ശരിക്കേ നടക്കുകയുള്ളൂ. മുമ്പിൽ കുഴിയുണ്ടെന്ന് അറിഞ്ഞുംകൊണ്ട് ഒരുത്തനും അതിൽ ചെന്നുചാടുകയില്ല. “ഇങ്ങനെചെയ്യണം, അങ്ങനെ ചെയ്യരുത്” എന്നുംമറ്റും ആജ്ഞാപിക്കുന്നതു ജനസമുദായത്തിൽ മൃഗീയതാപത്തെ അംകുരിപ്പിക്കുകയാണ്. ഒരു യുവാവിനെയോ യുവതിയെയോ നോക്കി, ‘ഇതുചെയ്യുക’യെന്നും ‘അതുചെയ്യുക’യെന്നും മറ്റും പറഞ്ഞാൽ ആ ചെറുപ്പക്കാരിലുള്ള അറിവു കോപിച്ചു കലഹത്തെ ഉണ്ടാക്കുന്നു. അതിനെ അലക്ഷ്യമാക്കിയതുകൊണ്ടു കോപം ജനിക്കുന്നു. നാം നൽകുന്ന ആജ്ഞകൾ, സവാരിചെയ്യുന്നവനായ ബുദ്ധിയെക്കൊണ്ടു മൃഗീയതാപമാകുന്ന കുതിരയെ വിരട്ടുകയാകുന്നു. കുട്ടികളെ ഭരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അവരെ കലഹശീലന്മാരാക്കിച്ചെയ്യുന്നു. അവർക്കുള്ള അറിവിന്മേൽ എന്തധികാരവും ചെലുത്താമെന്നാശിക്കണ്ട. നിർബന്ധിച്ചു ഭരിക്കൽ കലഹത്തെ ആവിർഭവിപ്പിക്കാത്തപ്പോൾ, അതു നാശത്തെയും മരണത്തെയും ഉണ്ടാക്കുന്നു. എന്താണ് മനസ്തത്വശാസ്ത്രം വിധിക്കുന്നത്? മനുഷ്യൻ തന്റെ സാധാരണനിലയിൽ എത്രകണ്ടു സൂക്ഷ്മമായി ഒരു യുക്തിയെ ബോധിക്കുന്നുവോ അത്രകണ്ടു താഴ്ചയിൽ അതിന്റെ ഫലം വേരൂന്നും. നിർബന്ധിച്ചുള്ള സന്മാർഗ്ഗബോധനംമൂലം സാധാരണന്മാർ സ്വാഭാവികമായി വിപരീതമായ യുക്തിയെ ആശ്രയിക്കുന്നു. ഒരുനിലയെ അയുക്തമെന്നു തടുക്കുമ്പോൾ അതിനോടു കൂടുതലായ പ്രതിപത്തിയാണുണ്ടാവുക *. നന്മയെ ആശിക്കുന്ന ഉപദേഷ്ടാക്കൾ അസത്യത്തെയും പാപശീലങ്ങളെയും അടിക്കടി ഖണ്ഡിച്ച് അവയെ അനുസ്മരിപ്പിക്കാതിരുന്നുവെങ്കിൽ, അവ എത്രയോ കാലത്തിനുമുമ്പുതന്നെ ഒഴിഞ്ഞുമാറുമായിരുന്നു. പണ്ട് ആദാം എന്ന മനുഷ്യൻ, ആ തോ

* “ചൊല്ലൊല്ലായെന്നു വേദം പറയുകിലതിലാണാഗ്രഹം മിക്കപേർക്കും” എന്നു താല്പര്യം.

ട്ടത്തിന്റെ ഒരു കോണിലുണ്ടായിരുന്ന വൃക്ഷഫലത്തെ ഭക്ഷിക്കണമെന്നു് ആശിക്കുകയേ ഇല്ലായിരുന്നു; “വേദപുസ്തക”ത്തിലെ ദൈവം “ഭക്ഷിക്കരുതു്”എന്നു കുറിച്ചെഴുതി അതിൽ ഘടിപ്പിച്ചതുകൊണ്ടു് അനർത്ഥം നേരിട്ടു.

പരിഷ്കാരത്തിന്റെ പേരുംപറഞ്ഞു നമ്മുടെ അധികാരകാഹളത്തെ അതിദൂരത്തിൽ പ്രതിധ്വനിപ്പിക്കുന്നു. വിധികളുടെയും ആജ്ഞകളുടെയും ദുർവ്വഹമായ ഭാരത്താൽ, ജനങ്ങൾ തങ്ങളുടെ വാസ്തവാത്മാവിനെ മറന്നുകളഞ്ഞു. തങ്ങളെ നാമരൂപങ്ങളായിട്ടുമാത്രം കരുതുന്നു. വേദാന്താനുഭവത്തെ ഇന്ത്യയിൽ ഗ്രന്ഥമാർഗ്ഗേണ പ്രാപിക്കണമെന്നില്ല. തദധികം പ്രയോജനം ആരോഗ്യംതന്നെയാണു്. ശരീരസുഖം മനസ്സുഖം ആത്മസുഖം എന്നിവയാണു വേദാന്തം. ചുമ പനി തുടങ്ങിയുള്ള വ്യാധികളെ മാത്രമല്ല, അസൂയ,മന്ദത ദുർബ്ബുദ്ധി, ദുർവിചാരങ്ങൾ, ബലഹീനത മുതലായ മനോമാലിന്യങ്ങളെയും ആരോഗ്യം ആട്ടിപ്പായിക്കട്ടേ! ആവശ്യമേതാണെന്നു സൂക്ഷ്മമായി അറിയുകയാണു യഥാർത്ഥ സ്വാതന്ത്ര്യം. ആ ആവശ്യം ‘ഞാ’നാണു്. അതിനാൽ (ആ ‘ഞാനാ’ൽ) സ്വതന്ത്രനായി ഭവിക്കുന്നു. തന്നെത്താൻ അറിയുന്നതിൽ തന്നെയാണു വാസ്തവമായ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നതു്. ചെയ്ത കൃത്യത്തെ അറിയുന്നതു സുഖം. നിന്റെ പക്കൽ ഉള്ളതിനെപ്പറയുക; ഇന്നതു പറയണമെന്നു് ആലോചിക്കേണ്ട. വൃക്ഷങ്ങളെയും നദികളെയും സധൈര്യം സമദൃഷ്ട്യാ വീക്ഷിക്കുന്നതുപോലെതന്നെ എല്ലാവരെയും വീക്ഷിച്ചുകൊൾക.

പൊതുജനസേവനംചെയ്യുന്ന ചിലർ, തങ്ങളുടെസംസാരത്തിൽ വളരെ കരുതലുള്ളവരായി കാണപ്പെടുന്നു. കരുതൽ ലജ്ജയെ വെളിപ്പെടുത്തുന്നു. കണ്ടുപിടിച്ചേയ്ക്കുമോ എന്നു ഭയപ്പെടുന്നു. ഇപ്രകാരമുള്ള പരിഷ്കാരകന്മാർ വലിയ കള്ളന്മാരാണെന്നു ഞാൻ പറയും! കണ്ടുപിടിത്തത്തിൽ സമർത്ഥന്മാരേ! ദയനീയന്മാരായ ലജ്ജാലുക്കളേ! എനിക്കു നിങ്ങളെക്കൊണ്ടു കാര്യമുണ്ടു്. നിങ്ങളുടെ ശമ്പളത്തെക്കാൾ കൂടുതൽ പ്രതിഫലം തരാം. എന്നെ (ആത്മാവിനെ) കാണുവിൻ! കണ്ടുപിടിക്കുവിൻ! എന്റെ രഹസ്യങ്ങളിൽ കലരുവിൻ! എന്റെപക്കൽ ഉള്ളതെല്ലാം—നിങ്ങൾക്കു് ആവശ്യമുള്ളതൊക്കെയും—ഞാൻ തരാം. ഓരോ ദൃഢഗാത്രനും സുഖത്തിനായിട്ടു് എന്തെങ്കിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശിശുവിനു യാതൊരു് ഉദ്ദേശ്യവുമില്ല. എന്നാൽ അതിനെപ്പോലെ ചൊടിയുള്ളവരുണ്ടോ? നീ കഠിനമായി വേലചെയ്യണമെന്നും നിന്റെ വേലപൌരുഷത്തെ ആശ്രയിച്ചു നിൽക്കണമെന്നും ഫലേച്ഛയിൽ ആനന്ദത്തെ ഘടിപ്പിക്കരുതെന്നും വേദാന്തം വിധിക്കുന്നു.

ഈശ്വരൻതന്നെ നിന്നിൽക്കൂടി വേലചെയ്യട്ടേ! അപ്പോൾ ചുമതല നിനക്കുണ്ടായിരിക്കയില്ല. ഈശ്വരൻ പ്രകാശിക്കട്ടെ! ഉണ്ണുമ്പോഴും വെള്ളംകുടിക്കുമ്പോഴും ശ്വാസിക്കുമ്പോഴും ദൈവത്തിൽതന്നെ വസിക്കുക! സത്യത്തെ അറിഞ്ഞുനടക്കുക! മററൊക്കെ താനേ ഭവിച്ചുകൊള്ളും.

---

## ൯ ജാതിതത്വം.

(ഇന്ത്യയിലെ ജാതിതത്വത്തെ പുരസ്കരിച്ച് അമേരിക്കയിൽ വച്ചു ചെയ്ത പ്രസംഗം)

ദേശീയസാമ്പത്തികനില, ധർമ്മം വിധിക്കുന്നതനുസരിച്ച്, തൊഴിലിലും കൈകടത്തിയിട്ടുണ്ട്. ഒരു തൊഴിൽശാലയിലുള്ള പ്രവൃത്തികൾ ശരിക്കു നിർവ്വഹിക്കപ്പെടണമെങ്കിൽ അവയെ തരംതിരിച്ചു ഭാഗിക്കണം. നിന്റെ ശരീരത്തിലും തൊഴിൽവിഭജനം ഏർപ്പെട്ടിരിക്കുന്നു. കണ്ണുകൾ നോക്കുകയല്ലാതെ കേൾക്കുകയില്ല. കാതുകൾ കേൾക്കുകയെ ചെയ്യുന്നുള്ളു. കൈയും കാലും അതിന്റെ പ്രവൃത്തിയെ ചെയ്യും. കണ്ണുകൾ കേൾക്കുകയും മൂക്കുകൾ നടക്കുകയും കൈകൾ മണക്കുകയും കാതുകൾ ഭക്ഷിക്കുകയും ചെയ്യുന്നുണ്ടോ? ഇപ്രകാരം ഒരുകാലത്തു തൊഴിൽ വിഭാഗമനുസരിച്ച് ഇന്ത്യയിൽ ജാതിക്രമം രൂപവൽകരിക്കപ്പെട്ടു. തൊഴിൽവിഭാഗമല്ലാതെ കാരണം മററൊന്നുമില്ല. ഒരുവൻ മതസംബന്ധമായ കാര്യങ്ങളെ നിർവ്വഹിച്ചു; മററൊരുവൻ വീരോചിതകാര്യങ്ങളെ അംഗീകരിച്ചു; എന്തുകൊണ്ടെന്നാൽ യുദ്ധത്തിലായിരിക്കും അവന്ന് അധികം വാസന. ശരീരദാർഢ്യവും ശക്തിയും അവന്നു കൂട്ടുതലായിട്ടുണ്ട്. ആയുധംധരിച്ചുയുദ്ധം ചെയ്തു പ്രതിപക്ഷിയെ നിലംപററിക്കാൻ മാത്രമേ അവന്നു സാമർത്ഥ്യമുള്ളു; ആചാര്യകർമ്മങ്ങൾക്ക് അവൻ പര്യാപ്തനല്ല. ചിലർ ഇരുന്നു നിർവ്വഹിക്കേണ്ടതായ കച്ചവടത്തൊഴിലിനു സമർത്ഥന്മാരായി ഭവിച്ചു. അത്ര സ്വാർത്ഥമായി മതകാര്യങ്ങളെ നിർവ്വഹിക്കാൻ അവക്കു കഴിയുന്നതല്ല. മററുചിലർ മിക്കവാറും പൂർവ്വനിവാസികളാണു്. അവക്കു ലേശം വിദ്യാഭ്യാസമില്ല. ബാല്യപ്രായത്തെയും യൌവനപ്രായത്തെയും പാഴിൽ കളഞ്ഞവരാണു്. വീരോചിതമായ പരിശീലനവും അവക്കില്ല; യുദ്ധസമ്പ്രദായത്തെ അഭ്യസിച്ചിട്ടില്ല; കച്ചവടത്തിനും കൊള്ളരുതാത്തവരാണു്. കച്ചവടത്തിന്നു സാമർത്ഥ്യവും കുറച്ച് അറിവുംവേണം. ഇക്കാരണത്താൽ സാധാരണ ജോലികളെമാത്രം അവർ സ്വീകരിച്ചു. ഈ വിധത്തിൽ പ്രവൃത്തിനിർവ്വഹണാർത്ഥം നാലുതൊഴിൽശാഖക്കാർ ഇന്ത്യയിൽ ആവിർഭവിച്ചു. ഏതവിഷ

യങ്ങളിൽ പ്രവൎത്തിച്ചവൎക്കു 'ബ്രാഹ്മണ'രെന്നും, വീരോചിതകൎമ്മങ്ങളെ സ്വീകരിച്ചവൎക്കു 'ക്ഷത്രിയ'രെന്നും കച്ചവടത്തൊഴിലിൽ പ്രവേശിച്ചവൎക്കു 'വൈശ്യ'രെന്നും സാധാരണതൊഴിലുകളിൽ ഏൎപ്പെട്ടവൎക്കു 'ശൂദ്ര' രെന്നും പേരുകൾ ഉണ്ടായി. ഒരുവൻ ഇന്ന തൊഴിലേ സ്വീകരിക്കാവൂ എന്നു നിയമവും മറ്റുമില്ല. ഇപ്രകാരമുള്ള തൊഴിൽപ്പിരിവ് ഏതുരാജ്യത്താണ് ഇല്ലാത്തതു്? അമേരിക്കയിലില്ലേ? ഇംഗ്ലണ്ടിലില്ലേ? ജാതിഭേദം അമേരിക്കയിലില്ലേ? ആഭിജാത്യമുള്ളവരെന്നും അതില്ലാത്ത സാധാരണക്കാരെന്നും ഭാഗിക്കപ്പെട്ടിട്ടില്ലേ? എവിടെ നോക്കിയാലും ഈ പിരിവു സ്വഭാവേന ഏൎപ്പെട്ടിട്ടുള്ളതായി കാണാം. ആ സ്ഥിതിക്കു് ഇന്ത്യയിലെ ജാതിപ്പിരിവിൽ എന്താണൊരുകുററം?

ഇന്ത്യയിൽ ഹൈന്ദവധൎമ്മത്തെ പുരസ്കരിച്ച് മനുസ്മൃതി എന്നൊരു ഗ്രന്ഥമുണ്ടു്. അക്കാലത്തു് എല്ലാവിഭാഗക്കാൎക്കും അതു സഹായമായിരുന്നു. ഓരോ ഭാഗക്കാൎക്കും അവരവരുടെ ധൎമ്മത്തിനു് അനുസരിച്ചുള്ള തൊഴിലുകളെ നിൎവ്വഹിക്കുന്നതിനു പലേ യുക്തികളും മാൎഗ്ഗങ്ങളും വിധികളും ഏൎപ്പെടുത്തി സ്സഹായിച്ചു. ബ്രാഹ്മണൎക്കു് അവശ്യം വേണ്ടതായ മാൎഗ്ഗങ്ങളെയും വിധികളെയും ഉദ്ബോധിപ്പിച്ചു; ക്ഷത്രിയന്മാർ തങ്ങളുടെ കൎത്തവ്യങ്ങളെ ഏതു പ്രകാരത്തിൽ അനുഷ്ഠിക്കണമെന്നു പ്രസ്താവിച്ചു; അപ്രകാരം തന്നെ അന്നത്തെ ഓരോ വൎണ്ണക്കാരെയും ആ ഗ്രന്ഥം സഹായിച്ചു. കാലാന്തരത്തിൽ ഈപ്പുസ്തകത്തെ തെററിച്ചു വായിക്കുകയും അബദ്ധമായി അൎത്ഥം മനസ്സിലാക്കുകയും ചെയ്തു. എങ്ങനെയോ ഓരോന്നും തലകീഴായി പരിണമിച്ചു. ജാതിക്രമങ്ങളെയും തൊഴിൽപ്പിരിവുകളെയും വ്യഭിചരിപ്പിച്ചു; നിരുപയോഗങ്ങളാക്കി ക്ഷീണീഭവിപ്പിച്ചുകളഞ്ഞു. ആ പരിവൎത്തനത്തെ ജനങ്ങൾ സ്ഥിരീകരിച്ചു. ആദ്യരൂപത്തെ അഴിച്ചു കളഞ്ഞു. അതു നിമിത്തം ജനസമുദായത്തിനു ജീവിതനാശം സംഭവിച്ചു. ഓരോന്നും അവയുടെ അകൃത്രിമനിലയിൽനിന്നു് യന്ത്രസാധാരണമായ കൃത്രിമതയിൽ എത്തി വശമായി. മനുസ്മൃതി ജനങ്ങളെ സഹായിക്കേണ്ടതിനുപകരം ഭയപ്പെടുത്തി ഭരിക്കാൻതുടങ്ങി.

ഒരു സൎവ്വകലാശാലയിൽ സാധാരണയായി നാലു വകുപ്പുകളുണ്ടു്. ഈ വകുപ്പുകൾ നാലും ആവശ്യവുമാണു്. എന്നാൽ അദ്ധ്യാപകന്മാർ ഈവകുപ്പുകളെ യഥാപൂൎവ്വം ഉറപ്പിച്ചുവയ്ക്കുന്നില്ല; താഴത്തെ വകുപ്പിലുള്ള വിദ്യാൎത്ഥികൾ മുകളിലത്തെവകുപ്പിൽ കയറാൻപാടില്ലെന്നു ശഠിക്കുന്നില്ല; ആ രണ്ടാമത്തെ വകുപ്പിലുള്ളവരെ അതിന്റെ മുകളിലുള്ള വകുപ്പിൽ കടക്കരുതെന്നും തടയുന്നില്ല. മൂന്നാമത്തേതിൽനിന്നു് നാലാമത്തേതിൽപോകാൻ അനുവദിക്കു

ന്നുമുണ്ട്. ഉ കല്പനകൾ എല്ലാം ആവശ്യമാണ്. ആ വിഭാഗം വേണ്ടതുതന്നെ. എന്നാൽ ഇന്ത്യയിൽ ചെയ്തതെററ്—ആ ഭയങ്കരമായ കുററം—ഈ വിഭാഗത്തെ നിഷ്ഫലവും ശിഥിലവുമാക്കിച്ചെയ്തതാണ്. അതുകൊണ്ടാണ് ഇന്ന് ഇന്ത്യയ്ക്കു ന്യൂനത സംഭവിച്ചതു്. അതുവഴി ഇന്നത്തെ നിഷ്ഠുരമായ ജാതിക്രമം ഇന്ത്യയിൽ ഏപ്പെട്ടു. നശ്വരഭാവത്തോടുകൂടിയ മനുസ്മൃതിയിലെ വിധികളും വഴികളും അന്നത്തെ നിലയെ അനുസരിച്ചു രൂപപ്പെടുത്തിയതായിരുന്നു. അനന്തരകാലത്തു വേദാന്തവും ഉപനിഷത്തുകളും ഉദ്ബോധിപ്പിക്കുന്ന പരമാർത്ഥമായ ശ്രുതിക്കു് അവകാശപ്പെട്ടതായ മര്യാദയും ഗൌരവവും അവ (ആവിധികളും വഴികളും) സ്വായത്തമാക്കിക്കൊണ്ടു. തങ്ങൾക്കായിട്ട്—തങ്ങളുടെ അഭിവൃദ്ധിമാർഗ്ഗമായിട്ട്—വിധികളും നിയമങ്ങളും ഏപ്പെട്ടതാണെന്നുള്ളതു വിസ്മരിച്ച്, അവയെ ലംഘിക്കാൻ പാടില്ലെന്നുള്ള ധാരണയോടുകൂടി, ജനങ്ങൾ അവയ്ക്കുവേണ്ടി ജീവിക്കുന്നവരായിഭവിച്ചു. അന്തരീശ്വരനായ ആത്മദേവനെക്കാൾ—ആത്മാവിൽ വിളങ്ങുന്ന ഉപദേശങ്ങളെക്കാൾ—അത്യുൽകൃഷ്ടമായി, മരിച്ചുകാലമായ കഴിഞ്ഞകാലത്തെ പ്രമാണങ്ങളെ കരുതിപ്പോരുന്ന ബ്രാഹ്മണനാകട്ടെ, ക്ഷത്രിയനാകട്ടെ—മനുഷ്യനെന്നുപറയപ്പെടുന്ന ഏതൊരുവനും—മാംസവും രക്തവും കലന്നുള്ളവനാണ്. വാസ്തവാത്മാവ് അല്ലെങ്കിൽ നിത്യമായ പരമാർത്ഥവസ്തു ഏതൊരുവിഷയത്തിലും വിസ്മരിക്കപ്പെട്ടുപോയി. ജാതിവിധികളുടെ ഭയപ്പെടുത്തലും മാമൂലല്ലെങ്കിൽ സമ്പ്രദായമെന്ന ഭയങ്കരപിശാചിയും, ഒരുവൻ താനും പരന്മാരും ഒന്നാണെന്നു ബോധിക്കാതിരിക്കുമാറു് ഇടയിൽകയറി പ്രതിബന്ധകങ്ങളായി നിൽക്കുന്നു. എല്ലായ്പോഴും ബ്രാഹ്മണത്വവും ക്ഷത്രിയത്വവും ഒന്നാണെന്നു വിശ്വസിച്ചു സധൈര്യം പ്രഖ്യാപനം ചെയ്യേണ്ടതിലേക്കു പൌരുഷബോധം ഹൃദയത്തിൽ കടക്കാൻ മാർഗ്ഗമില്ലതന്നെ.

മനുവിൻെറകാലം എന്നോകഴിഞ്ഞു! (അതിനുശേഷം) ലോകത്തിന് എത്ര പരിവർത്തനങ്ങളുണ്ടായി! നദികൾ മുമ്പു പ്രവഹിച്ചുകൊണ്ടിരുന്ന മാർഗ്ഗങ്ങളെനിശ്ശേഷം ഉപേക്ഷിച്ചു. കൊടുംകാടുകൾ ശൂന്യമൈതാനങ്ങളായിഭവിച്ചു. പുഷ്പങ്ങൾക്കും മൃഗങ്ങൾക്കും മാററങ്ങൾ സംഭവിച്ചു. ക്ഷത്രിയജാതിയെ ഒരുപ്രകാരത്തിൽ അസ്തമിപ്പിച്ചു. ദേശഭാഷയും ദേശത്തിൽനിന്നും ചമ്പകടന്നു. ഹിന്തുക്കൾക്കു് അതു് (ദേശഭാഷ) ലാററിൻ, ഗ്രീക്ക് എന്നീഭാഷകളെപ്പോലെ വിഭാഷയായിത്തീന്നു. ഇപ്രകാരമെല്ലാം സംഭവിച്ചിട്ടും, ആത്മീയമാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചവർ, ഇന്ത്യയിൽ ഇന്നും, മനുവിനാൽ സമകാലീനന്മാർക്കായി രചിക്കപ്പെട്ട വിധികൾക്കും കർമ്മ (ശാസന)ങ്ങൾക്കും ജാതിക്രമങ്ങൾക്കും തികച്ചും അടിമകളായ്... വിക്കുന്നു.

സ്വതന്ത്രമായ സ്വാതന്ത്ര്യചിന്തനങ്ങൾ കുററകരമായി ഗണിക്കപ്പെടുന്നു. അപരിചിതമായ ഭാഷയിൽനിന്നു കിട്ടുന്നതൊക്കെ ദൈവികമാണുപോൽ! മരിച്ചുപോയവരുടെ (പൂർവ്വന്മാരുടെ) ലക്ഷ്യത്തോടും ഭാവങ്ങളെയും അനുസരിച്ചു നിങ്ങളുടെ വിശേഷബുദ്ധി പ്രയോജകീഭവിക്കാതെപോയാൽ നിങ്ങൾ അധഃകരിക്കപ്പെടും. നിങ്ങൾക്ക് എതിരായിട്ടുതന്നെ ഏവരും തിരിഞ്ഞുകളയും. പുതിയ ശക്തിയെ പഴയരൂപത്തിനകത്തു കടത്തണംപോൽ! കഷ്ടം! എല്ലാത്തൊഴിലും ഉൽകൃഷ്ടങ്ങളല്ലേ? തൊഴിലുകൾ ഓരോന്നും മഹനീയങ്ങളാണുതന്നെ. ജാതിശക്തിയുടെ വൈപരീത്യംഹേതുവാൽ, ബാഹ്യത്തോററങ്ങളെ അധികരിച്ച് ഉൽകൃഷ്ടതയും അപകൃഷ്ടതയും ഘടിക്കപ്പെട്ടു. ബാല്യപ്രായത്തെ വിദ്യാഭ്യാസത്തിൽ ചെലവു ചെയ്യാത്തവർ, ആ ഔദാസീന്യത്തിനു ശിക്ഷയെന്നോണം, യൌവ്വനദശയിൽ കൈകൊണ്ടു കഷ്ടപ്പെട്ടു വേലചെയ്യേണ്ടിവരുന്നതു സ്വാഭാവികമാണ്. അന്നു മടിപൂണ്ടിരുന്നതിനു ശിക്ഷയായി വിയർപ്പു ഭൂമിയിൽവീഴത്തക്കവണ്ണം ഇന്ന് അദ്ധ്വാനംചെയ്യേണ്ടിവരുന്നു. അവരുടെ തൊഴിലിനെ അപലപിക്കാൻ—ശൂദ്രവൃത്തിയെ അധിക്ഷേപിക്കാൻ—നീയാര്? ഞാനാര്? മതാചാര്യന്മാരെയും വിദ്വാന്മാരെയും വ്യാപാരികളെയുംപോലെ ഇവരെയും നമുക്ക് ആവശ്യമില്ലേ? എത്ര നിന്ദ്യമായനിലയിൽ നാം എത്തിയിരിക്കുന്നുഎന്നു നോക്കുക! ശൂദ്രജാതിയിലുള്ള ഒരുവൻ, മേൽജാതിക്കാരായ ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർ സഞ്ചരിക്കുന്ന വഴിയിൽക്കൂടി നടക്കാൻ പാടില്ലപോൽ! മേൽജാതിക്കാർ താമസിക്കുന്ന ശ്രേഷ്ഠമായ ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും വെളിയിൽ പാർക്കണമത്രേ! ഇങ്ങനെയെന്തെല്ലാം ശൊല്ലുകളാണു? അവരാകട്ടെ, നിർദ്ധനന്മാരായ സാധുക്കൾ; അവർക്കു ധനികന്മാരാകാൻ പാടില്ലപോലും! അവരുടെ നിലയോർക്കുന്നമാത്രയിൽ രാമന്റെ ഹൃദയം ദുഃഖപരവശമാകുന്നു. ഉയർന്നജാതിക്കുട്ടികൾ പഠിക്കുന്ന പള്ളിക്കൂടങ്ങളിൽ താണജാതിക്കുട്ടികൾക്കു പഠിക്കാൻപാടില്ല! ഈവിധത്തിൽ ചവിട്ടിത്താഴ്ത്തപ്പെട്ട സമുദായം എങ്ങനെ വിദ്യാഭ്യാസം സമ്പാദിക്കും? അവർവായും കൈയുമായി കഴിഞ്ഞുകൂടുന്നു. ദിനംതോറും അവരുടെ സംഖ്യ മരണത്താൽ കുറഞ്ഞുവരുന്നു- ഇന്ത്യയാകട്ടെ, ഏതെല്ലാം തരത്തിലുള്ള പ്ലേഗിനും ഇതരരോഗങ്ങൾക്കും നിദാനമായിഭവിച്ചിരിക്കുന്നു. ഈ എളിയ ജാതിക്കാർ സൌകര്യലേശമില്ലാത്ത കുടിലുകളിൽ താമസിക്കുന്നതിനാൽ പലവിധ രോഗങ്ങൾക്കും, അവർ, വിളനിലങ്ങളായിത്തീർന്നിരിക്കുന്നു. കാളറ, പ്ലേഗ്, ക്ഷാമം എന്നിവയെ സുലഭമായി സ്വാഗതം ചെയ്യേണ്ടവരായി ഭവിച്ചിരിക്കുന്നു. തങ്ങളുടെ ശരീരങ്ങളെത്തന്നെ അവയ്ക്ക് ആതിഥ്യമായി നൽകേ.

ണ്ടവരായിരിക്കുന്നു. സാധുക്കളും താണവരും സർവ്വദാ ജനസമുദായത്തിന്റെ അസ്ഥിഭാരമായി നിൽക്കുന്നവരാണ്; ജനസമുദായ (ദേഹ)ത്തിന്റെ പാദങ്ങളാണ്. താണജാതിക്കാർ ഉയർന്നുവരാൻ സമ്മതിക്കാതെ തടഞ്ഞുനിൽക്കുന്ന ഗർവിഷ്ഠമായ സമുദായം—സാധുജനങ്ങളുടെ വിദ്യാഭ്യാസത്തെത്തടഞ്ഞു് അവരെ കഷ്ടപ്പെടുത്തുന്ന സമുദായം—സ്വന്തം കാലുകളെ വെട്ടിവീഴ്ത്തുകയായിരിക്കും. അപ്രകാരമുള്ള സമുദായം നിപതിക്കേണ്ടതുമാണ്. ഹിന്ദുക്കളായ ആര്യന്മാർ ഭാരതഭൂമിയിൽ ചെയ്ത കർമ്മദോഷത്തിന്റെ ഫലം ഇപ്പോൾ അന്യരിൽനിന്നും അനുഭവിക്കുന്നു.

ഈ രോഗം മാറാൻ എന്തൊരു മാർഗ്ഗമാണ്? സ്വാതന്ത്ര്യപാലനവും പ്രേമപ്രകടനവും തന്നെ. ഏതു സമുദായത്തിലും ബോധിക്കപ്പെടാതെ—ഇന്ത്യയിൽമാത്രം പൂർണ്ണമായി ബോധിക്കപ്പെട്ട്—ജീവിതതത്വമായി നിൽക്കുന്നതു് അനുഭൂതവേദാന്തമത്രേ. സ്വാതന്ത്ര്യം, നീതി, കരുണ, എന്നീ ശക്തികൾ ഭാരതത്തിന്റെ ഈ ആന്തരഭാവത്തെ ശക്തിപൂർണ്ണമാക്കണം. എല്ലാ രാജ്യത്തിലെയും സമുദായം, സമുദായമേന്മയും രാഷ്ട്രീയാഭിവൃദ്ധിയും ആത്മപരിശീലനവും സമ്പാദിക്കണമെങ്കിൽ വേദാന്താനുഭവത്തെ സ്ഥാപിക്കേണ്ടതാണ്. ഇന്ത്യയ്ക്കുമാത്രം ഒരു വിനോദമായ സ്വഭാവമുണ്ട്. ഹിന്ദുക്കൾ മതപരിശീലനത്തിൽ അത്ര തികഞ്ഞ നോട്ടമുള്ളവരല്ലെങ്കിലും, അവരിൽ സാമുദായികമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും ഒരു പ്രക്ഷോഭണം നടത്തണമെങ്കിൽ, അതിനെ മതസംബന്ധത്തിൽനിന്നും അടർത്തിയെടുത്തു നിർവഹിക്കാൻ സാധിക്കുന്നതല്ല. സാമുദായികപരിഷ്കരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പ്രസ്ഥാനങ്ങൾക്കും രാഷ്ട്രീയപരിഷ്കരണത്തിനായിട്ടുള്ള ഭാരതമഹാജനസഭതുടങ്ങിയ സ്ഥാപനങ്ങൾക്കും പാമരജനങ്ങളുടെ ഹൃദയത്തെക്കവരാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട്? അവ, മതസംബന്ധത്തോടുകൂടി ആവിർഭവിച്ചില്ല. ഇന്ത്യയിൽ ഏതൊരു പരിഷ്കരണവും ലഘുവിൽ സാധിക്കുന്നതിലേക്കുള്ള ഏകമാർഗ്ഗം, വേദാന്താനുഭൂതിയെ ഉദ്ബോധനം ചെയ്യുക മാത്രമാണ്. അതിൽനിന്നും രാഷ്ട്രീയസ്വാതന്ത്ര്യം, സാമുദായികസ്വാതന്ത്ര്യം, കുടുംബത്തെസംബന്ധിച്ച സ്വാതന്ത്ര്യം, വ്യക്തിയെസംബന്ധിച്ച സ്വാതന്ത്ര്യം, പ്രേമം എന്നിവ അഭിവൃദ്ധിയെ പ്രാപിക്കും. ദുഷ്ടങ്ങളെല്ലാം അസ്തമിക്കും. സ്വാതന്ത്ര്യം, ശാന്തി എന്നിവയും ശക്തി, സമാധാനം എന്നിവയും ധൈര്യം, പ്രേമം എന്നിവയും വേറെയും പല ഗുണങ്ങളും മതത്താൽ സംഘടിപ്പിക്കപ്പെടും. ഇവയെല്ലാം ഹിന്ദുക്കൾ പൊതുവേ മതിക്കപ്പെടുന്ന ശ്രുതിയാൽ—സർവോപരിഷ്ഠമായി ബഹുമാനിക്കപ്പെടുന്ന വേദങ്ങളാൽ—സാധിക്കപ്പെടണം. [illegible]ങ്ങനെ

വന്നാൽ ഓരോഹിന്ദുവും, തന്റെതന്റെ ജീവനെ ഉപേക്ഷിക്കാൻ സന്നദ്ധന്മാരാകുന്നതാണ്. ഈ പ്രേമവും സ്വാതന്ത്ര്യബോധവും ഹിന്ദുക്കളുടെ ബൈബിളാകുന്ന ഉപനിഷത്തുകളിലേ പദങ്ങളെ ഭേദിച്ചു സമ്പാദിക്കുന്നില്ല. ആ ഗ്രന്ഥങ്ങളിൽ വേദാന്തം വിളങ്ങുന്നു. വേദാന്തം സർവ്വജനാഹ്ലാദകമാകുന്നു. എന്തുകൊണ്ടെന്നാൽ അതുതന്നെയാണ് അവരുടെ വേദപുസ്തകം. പഠിപ്പുള്ള ഹിന്ദുക്കളാലും വേദാന്തം സമ്മതിക്കപ്പെടാൻ യോഗ്യമാകുന്നു. ലോകത്തിലുള്ള ഏതു തത്വശാസ്ത്രവും വേദാന്താദ്വൈതദൈവത്തെ സമ്മതിക്കാതിരുന്നിട്ടില്ല. ഏതൊരു കലയും വേദാന്തവാസ്തവത്തെ വിളംബരംചെയ്യുന്നു.

---

# സ്വാമി രാമതീർത്ഥൻ.

## പുസ്തകം ൪.

---

## ചെറുകഥകൾ.

---

വേദാന്തതത്വങ്ങളെ വെളിപ്പെടുത്തുന്ന സ്വാമികളുടെ ചെറുകഥകൾ, പ്രത്യേകം ശ്രദ്ധേയങ്ങളാണ്. അവയിൽ രണ്ടു കഥ ഈ നാലാംപുസ്തകത്തിൽ ചേർക്കുന്നു.

### ൧. യമനെ കബളിപ്പിക്കാനൊരുമ്പെട്ടതു്.

ഒരിക്കൽ പ്രതിമാനിർമ്മാണത്തിൽ അതിവിദഗ്ദ്ധനായ ഒരു ശില്പകാരനുണ്ടായിരുന്നു. അയാൾ ഏതെങ്കിലും ഒന്നിന്റെ, അഥവാ ഒരാളിന്റെ രൂപമുണ്ടാക്കിയാൽ, ആ രൂപത്തെയും അതിനു വിഷയീഭവിച്ച വസ്തുവിനെയും അല്ലെങ്കിൽ ആളിനെയും ഒരു പ്രകാരത്തിലും തിരിച്ചറിയാൻ സാധിക്കുന്നതല്ല. അത്ര സാമർത്ഥ്യം അയാൾക്കു് ആ വിഷയത്തിലുണ്ടു്. അയാളുടെ മരണഘട്ടം അടുത്തു. ആ വിവരം അയാൾ മുൻകൂട്ടി അറിഞ്ഞിരുന്നു. യമനെ ഒന്നു പററിക്കണമെന്നു തീർച്ചപ്പെടുത്തി. തന്നെപ്പോലെ പന്ത്രണ്ടു പ്രതിമകളെ അയാൾ നിർമ്മിച്ചു. യഥാകാലം യമദ്ദ തൻ[illegible]ുറപ്പാടായി. നമ്മുടെ ശില്പകാരൻ മുൻചൊന്ന പന്ത്ര

ണ്ടു പ്രതിമകളെയും നിരത്തിനിർത്തി, ഇടയ്ക്കു താനും കയറിനിന്നു. യമദൂതനെത്തി; താൻ ഏതൊരുവനെ അന്വേഷിച്ചുവന്നുവോ അവന്റെ മാതിരിയിൽ പതിമൂന്നാളുകൾ നിൽക്കുന്നതുകണ്ടു. യഥാൎത്ഥ മനുഷ്യൻ ആരാണെന്നു മനസ്സിലാകുന്നില്ല. വളരെയെല്ലാം പണിപ്പെട്ടിട്ടും ഫലമുണ്ടായില്ല. ഗത്യന്തരമില്ലാതെ മടങ്ങിപ്പോയി, യമനെ വിവരം അറിയിച്ചു. യമൻ വളരെനേരം ആലോചിച്ചതിന്റെ ഫലമായി ദൂതന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു രണ്ടാമതും പറഞ്ഞയച്ചു. യമദൂതൻ ആദ്യം മടങ്ങിപ്പോയതുകണ്ടു നമ്മുടെ വിദ്വാൻ നമുക്കിനി മരണമേ ഇല്ലെന്നു മനപ്പായസം കുടിച്ചിരിക്കയായിരുന്നു. ദൂതൻ രണ്ടാമതും വരുന്നുണ്ടെന്നറിഞ്ഞു ബദ്ധപ്പെട്ടു പ്രതിമകളുടെ ഇടയ്ക്കു പഴയപോലെ സ്ഥലംപിടിച്ചു. ദൂതൻ ആ പതിമൂന്നാളിന്റെയും മുമ്പിൽ ചെന്നുനിന്നുംകൊണ്ടു് 'ബലേ! നീ സമൎത്ഥൻതന്നെ. ഈ വിഷയത്തിൽ നിന്നോളം സമൎത്ഥനായിട്ടു് ആരുംതന്നെയില്ല. ഹ! നിന്റെ കരകൌശലം എത്ര സ്തുത്യൎഹമായിരിക്കുന്നു! ലേശവും വ്യത്യാസമില്ലാതെ നിന്റെ ഛായ കൽപ്പിച്ചു് ഈ പന്ത്രണ്ടു പ്രതിമകളെയും നിൎമ്മിച്ച നിന്നെ ആരു താൻ സമ്മതിക്കയില്ല! പക്ഷേ, എന്തുവേണ്ടു? ഒരബദ്ധംപററി. ഒരു നിസ്സാരമായ തെററു്. അതു നിന്റെ ആലോചനക്കുറവുകൊണ്ടു സംഭവിച്ചതാണു്. എങ്കിലും അതത്ര സാരമുള്ള തെററല്ല. അല്പമേതെററിയിട്ടുള്ളു" എന്നിങ്ങനെ പ്രസംഗിച്ചുതുടങ്ങിയപ്പോൾ "എവിടെ, എവിടെ? എന്താണതു്?" എന്നു ചോദിച്ചുംകൊണ്ടു വിദ്വാൻ മുമ്പോട്ടുചാടി. "ഇല്ല മറെറാന്നുമില്ല; പററിയതെററിതുതന്നെ" എന്നുപറഞ്ഞു യമദൂതൻ പിടിയും കൂടി. എന്താണ് അവന്റെ തെററു്? ആത്മവിശ്വാസമില്ലായ്മ. "ഞാൻ ശരിക്കു ചെയ്തൊപ്പിച്ചില്ലേ?" എന്നുള്ള സംശയം. എന്തിനു സംശയിക്കണം? ഈ ചെറിയ കൎത്താവായ 'അഹ'മേ യമദൂതന്റെ പിടിയിൽ കുടുങ്ങുകയുള്ളൂ.

---

## ൨. എന്റെ കാശ്ശ്.

ക്ഷാമകാലത്തു ഒരു സാധുസ്ത്രീ മരിച്ചുപോയി. യമധൎമ്മൻ പതിവുപോലെ, ആ സ്ത്രീയുടെ പാപപുണ്യങ്ങളെപ്പററി വിചാരണനടത്തി. പുണ്യകൎമ്മം യാതൊന്നും ആ സ്ത്രീ തന്റെ ആയുഷ്കാലത്തു ചെയ്തിരുന്നില്ല. എന്നാൽ ഒരിക്കൽ വിശന്നു പരവശനായി വന്ന ഒരു ഭിക്ഷക്കാരനു് ഒരു കാശ്ശുമാന്നം ചെയ്തിട്ടുണ്ടായിരു

ന്നു. വിചാരണയിൽ ആ വസ്തുത വെളിപ്പെട്ടു. ഉടനേ അന്നത്തെ ആ കാശ്രു് അവളെ സ്വർഗ്ഗത്തിലേക്കു നയിക്കണമെന്നു വിധി പ്രസ്താവിച്ചു. അപ്പോൾതന്നെ കാശ്രു് അവിടെ ഹാജരാക്കപ്പെട്ടു. യമധർമ്മൻെറ കല്പനപ്രകാരം കാശ്രു് അവളെ സ്വൎഗ്ഗത്തിലേക്കുകൊണ്ടുപോകാൻ തയ്യാറായി. അവൾ കാശിൽ പിടിക്കയും അതു മേല്പോട്ടു് ഉയരുകയും ചെയ്തു. ഈ സന്ദർഭത്തിൽ അന്നത്തെ ഭിക്ഷക്കാരനും അവിടെയെത്തി. കാശിൽ പിടിച്ചു മേല്പോട്ടുയരുന്ന സ്ത്രീയെക്കണ്ടു്, അവൻ അവളുടെ കീറിയ വസ്ത്രത്തിൽപററിപ്പിടിച്ചു. അപ്പോഴും കാശ്രു മേല്പോട്ടുയരുന്നതുകണ്ടു് അവിടെ നിന്നിരുന്ന മറെറാരുവൻ ഭിക്ഷക്കാരൻെറ കാലിൽ കടന്നു പിടിച്ചു. വേറൊരുത്തൻ അവൻെറ കാലിൽ പിടിച്ചു. ഇങ്ങനെ ഒട്ടുവളരെയാളുകൾ ഒരുരുത്തൻെറ കാലിൽ ഒരുത്തൻ എന്നീക്രമത്തിനു പിടിച്ചു പിടിച്ചു വളരെ നീളത്തിൽ കീഴ്പോട്ടു തൂങ്ങിക്കിടന്നു. ഇക്കഥയൊന്നും ആ സ്ത്രീ അറിഞ്ഞതേയില്ല. ഇങ്ങനെയൊരു വലിയ ഭാരം താൻ വഹിക്കുന്നുണ്ടെന്നുള്ള ബോധം അവൾക്കില്ല. അവളുടെ മനസ്സുമുഴുവൻ സ്വർഗ്ഗത്തിൽ പ്രവൎത്തിക്കുന്നു. ഈ മാതിരി സംഭവങ്ങൾ ചിലപ്പോൾ സ്വപ്നത്തിൽ നാം അനുഭവിക്കുന്നുണ്ടല്ലോ. സ്ത്രീയും കൂട്ടരും സ്വർഗ്ഗത്തിൽ എത്താറായി; പടിവാതുക്കലെത്തി. എന്തുദ്ദേശ്യത്താലാണെന്നറിഞ്ഞില്ല, സ്ത്രീ പെട്ടെന്നു കീഴ്പോട്ടുനോക്കി. ഒട്ടുവളരെ ആളുകൾ തൻെറ വസ്ത്രത്തിൽ പിടിച്ചു തുടലുപോലെ തൂങ്ങിക്കിടക്കുന്നതു് അപ്പോഴാണു് അവൾ കണ്ടതു്. കണ്ടുതുടന്നെ താമസം "ഇതു് എൻെറ കാശ്രു്; പൊയ്ക്കൊള്ളുവിൻ!" എന്നു പറഞ്ഞു കൈയെടുത്തു വിലക്കിയതും കാശിലെ പിടിവിട്ടു കൂട്ടരുമൊന്നിച്ചു താഴത്തുപററിയതും ഒന്നിച്ചുകഴിഞ്ഞു. ഇതിൻെറ അൎത്ഥം നിങ്ങൾക്കു മനസ്സിലാകട്ടെ!

ഓം! തത്! സത്!